L
M32

തിരുചരിത്രമഞ്ജരി

ദ്വാദശകുസുമം

——o——

ഇത

ക: ഭി: മൂ: സ:

മഞ്ഞുമ്മൽ

അമലൊത്ഭവമാതാവിന്റെ

ആശ്രമവാസികളിൽ ഒരുവനാൽ

സമാഹരിക്കപ്പെട്ടു.

ക്രുനമ്മാവു

അ: മാ: നാ: സ്ഥാ: മെത്രാപ്പോലീ

ത്തായുടെ അച്ചുക്കൂടത്തിൽ

അച്ചടിക്കപ്പെട്ടത.


൧൮൭൯

1879

Superiorum permissu.

DOCTRINAL TRACTORY T.P.C.D. No..... LIBRARY.
PHARMACY COLLEGE LIBRARY MANGALORE

DHARMARAM COLLEGE LIBRARY
Ac. No 51904
Call No L / M32
AR.


DOMUS STUDENTATUS
T.O.C.D. MANGALORE.

അവതാരിക.

റോമ്മാകത്തോലിക്കതിരുസ്സഭയുടെ ദൈവീകസ്ഥാപനവും, പുണ്യത്വവും ഏവക്കും ബൊധപ്പെട്ടുന്നതിന്നും, ഒരും സത്യതിരുസ്സഭയുടെ അവയവങ്ങളായ സകലരെയും ഒരും ദിവ്യ വെന്തായത്തിന്ന തക്കതായ പുണ്യപൂർണ്ണതയെപ്രാപിക്കുന്നതിന്നുള്ള സന്മാർഗ്ഗത്തിൽ എപ്പൊഴും ഉത്സാഹിപ്പിക്കുന്നതിന്നും, ഒരും കത്തോലിക്കതിരുസ്സഭയിൽ അത്ഭുതജ്യോതിസ്സുള്ള നക്ഷത്രങ്ങളെപൊലെ ശൊഭിക്കുന്ന മഹാത്മാക്കളുടെ പുത്താന്തങ്ങളെ പ്രസ്ഥാപിക്കുന്നതു ബഹു പ്രയൊജനവും, ആവശ്യവുമുള്ളതായിരിക്കുന്നു എന്നതിന്ന സന്ദെഹമില്ല. ദിവ്യരക്ഷനാഥന്റെ മനുഷ്യാവതാരത്തെ ഒരു നൂതന നക്ഷത്രംവഴിയായി മൂന്നു കാവ്യരാജാക്കളും, അവരൊടുചെർന്നമറനെകരും അറിഞ്ഞു വിശ്വസിച്ച സന്മാർഗ്ഗത്തിലെരുന്നതിന്നു ഇടയായതുപൊലെ പുണ്യവാന്മാർ എന്ന നക്ഷത്രശൊഭകൊണ്ടും അനെകർ സത്യമാർഗ്ഗംകാണ്മാൻ ഇടയാകും. എന്തുകൊണ്ടെന്നാൽ സത്യതിരുസ്സഭയിൽ അന്യൂനപ്രഭയൊ

ടെ ശൊഭിക്കുന്ന നക്ഷത്രങ്ങളായ പുണ്യ
വാന്മാർ സ്വഭാവികവശത്തിന്നുമെല്ലൊട്ട ജീ
വിതംകഴിച്ചു എന്നും, സ്വഭാവികശക്തിയാ
ൽ നടത്തുവാൻ പാടില്ലാത്ത അനേക അത്ഭുത
ങ്ങളെ ചെയ്തുയെന്നും, അനേക പീഡകളെ അ
ത്ഭുതമാംവണ്ണം സഹിച്ചു, ഒരുദൈവത്തെയും സ
ത്യത്തെയുംകുറിച്ചു പ്രാണനെയും ഉപേക്ഷി
ച്ചു എന്നും ജഗൽപ്രസിദ്ധമായിരിക്കയിൽ
സത്യതിരുസ്സഭയുടെ അവയവങ്ങളായ ഒരു
പുണ്യവാന്മാർ സംശയമെന്നിയെ പൂർണ്ണ
ദൈവഭക്തരും ദൈവൈക്യരുമായിരുന്നു എ
ന്നും, ഒരു ദൈവശക്തിയും വരപ്രസാ
ദവും മുഖാന്തരം ഇപ്രകാരമുള്ള അത്ഭുതശ
ക്തിയെ ലഭിച്ചു എന്നും സ്പഷ്ടമായിരിക്കുന്നു.
ഒരുപ്പെണ്ണും ദൈവൈക്യരാകയും, സ്വഭാവത്തി
ന്നുമേലുള്ള വരങ്ങളെ ലഭിക്കയും ചെയ്യുവർ
കത്തോലിക്ക സത്യതിരുസ്സഭയിലല്ലാതെ മ
റ്റെയാതൊരുമതത്തിലും ഉണ്ടായിട്ടില്ല. എ
ന്നിരിക്കയിൽ ഇത്ത ഒരു തിരുസ്സഭയുടെ ദൈ
വീക സ്ഥാപനത്തെയും, പുണ്യതപത്തെയും
സ്ഥിരമായി പ്രത്യക്ഷീകരിക്കുന്ന നിസ്സംശയ
സാക്ഷിരൂപമായിരിക്കുന്നു.

സത്യരിരുസ്സഭയുടെ അവയവങ്ങളായിരിക്കുന്ന സകലക്കും ഒരും ലിവ്യമെലത്തിന്നുതക്കവണ്ണമുള്ള പുണ്യപൂർണ്ണതയും, സ്ഥിരഭക്തിയും പ്രാപിക്കേണമെന്നുള്ള ശ്രേഷ്ഠാന്തിയും ധൈര്യവും ജനിക്കയും, അതു ഹൃദയത്തിൽ ഉറപ്പായി നിശ്ചയംചെയ്യുന്നതിന്നും പുണ്യവാന്മാരുടെ ചരിത്രങ്ങളെ അറിയുന്നതു മുഖ്യ സഹായമായിരിക്കുന്നു. പരിശുദ്ധ ഇഞ്ഞാസിയുസിന്റെ മനസ്സുതിരിവിന്നു ഒരു ചരിത്രവായന കാരണമായി എന്നും, പരിശുദ്ധ ഔഗുസ്തീനുസ വനവാസിയായ ശ്രീ: അന്തൊനീയുസിന്റെ ചരിത്രം വായിച്ചതിനാൽ സൽവഴിക്കുതിരിയുന്നതിന്നു വളരെ സഹായമായെന്നും, മറനെകക്കും ഇങ്ങനെയുള്ളഭാഗ്യം ചരിത്രവായനയാൽ സിദ്ധിച്ചു എന്നും പുസ്തകങ്ങളിൽ കാണ്മാനുണ്ടു. പരിശുദ്ധ ഒരാനീമ്മൂസ, ഒരുസ്യാ, തൊമ്മിനീക്രൂസ, തൊമ്മാസ അകിനാസ മുതലായ അനെക ശ്രേഷ്ഠമാകപ്പെട്ടവക്കു ചരിത്രവായനയാൽ ഏറ്റുമാത്രം പുണ്യവർദ്ധനയും, ധൈര്യവും, ശ്രേഷ്ഠാന്തിയും സിദ്ധിച്ചു എന്നു അവരുടെ ചരിത്രങ്ങളിൽ തെളിവായിരിക്കുന്നു.

ഇപ്രകാരമായിരിക്കയിൽ പുണ്യവാന്മാ
രുടെ ചരിത്രവായന ഉമ്മാഗ്രത്തിൽനിന്ന സ
ന്മാഗ്രത്തിലൊട്ട തിരിയുന്നതിന്നും, പുണ്യവഴി
യിൽ ശ്രേഷ്ഠാന്തിയും, മനൊധൈര്യവും സ്ഥി
രതയും പ്രാപിക്കുന്നതിന്നും വളരെ ഉപക
രിക്കുന്ന എന്നതു നിസ്സംശയമായിരിക്കുന്നു.
എന്നാൽ ഇങ്ങനെയുള്ള ഉത്തമസഹായം ന
മ്മുടെ ഒരും നാട്ടിൽ ഇതുവരെ തുലൊം ഒല്പ
ഭമായിരുന്നതുകൊണ്ടു രണ്ടാലം പാടാകുന്ന
വിധത്തിൽ ഒരും പൊരായ്മയെ തീക്കുന്നതി
ന്നവെണ്ടി ഒരും തിരു ചരിത്ര മഞ്ജരിയെ
ആദ്യം വർത്തമാനപത്രത്തിൽ പ്രസ്ഥാപിച്ചു.
പിന്നീട ഇതിന്റെ ഫലം ഏവക്കും ഏറെ
പൂർണ്ണമായി സിദ്ധിക്കെണ്ടതിന്ന ചെറിയ പു
സ്തകമായും, ഏറവും ശിക്ഷയായും മറുചി
ലതുകൂടെചെർത്തു വിസ്തീർണ്ണമാക്കിയും പ്രസി
ദ്ധമാക്കുന്നു. ഇവകളെ വായിച്ചറിവാനിരി
ക്കുന്ന കെരള നിവാസികൾ ഒരും പുണ്യവാ
ന്മാരെ സ്തുതിക്കയും ഇവരുടെ കൃത്യങ്ങളെ
യും സാംഗൊപാംഗജീവിതത്തെയുംകണ്ടു പി
ന്തുടയിക്കയും ചെയ്യുമെന്നതുപൊലെ തങ്ങളു
ടെ മുഖത്തിന്നതക്കവണ്ണം ഒരും പുണ്യചിത്രാ

ക്കന്മാരെയും, സത്യദൂതന്മാരെയും മനോ
ധൈര്യത്തോടും, വിശ്വസ്ഥതയോടുംകൂടെ
അനുകരിച്ചു ഇപ്പോൾ ഒരു ജീവിതത്തിൽവെ
ച്ചു സൂക്ഷിക്കുന്നവരോടു പരലോകത്തിൽ
വെച്ചു നിത്യമായി ഒന്നിച്ചു സുഖിപ്പാൻ ശ്ര
മിക്കേണമെന്നിതു ഒരു പുണ്യവാന്മാരുടെ
ആഗ്രഹവും അഭിലക്ഷയുമായിരിക്കുന്നു എ
ന്നു വിജ്ഞാപിക്കുന്നു.

തിരുചരിത്രമഞ്ജരി :
ഒന്നാംകുസുമം
വനവാസിയായ ശ്രുദ്ധ: ഇലാഫ്ഫോൻ പുണ്യവാളന്റെ ചരിത്രസംക്ഷേപം

സുഗന്ധമുള്ള റൊസപുക്കുങ്ങൾ മുള്ളുകളുടെ ഇടയിൽ ജനിക്കുന്നതുപൊലെ ശ്രുദ്ധ: ഇലാഫ്ഫോൻ കാവ്യരായ കാരണവന്മാരിൽ നിന്ന പിറന്ന. മാതാപിതാക്കന്മാർ അജ്ഞാനമുള്ളുകളായിരുന്നെങ്കിലും അവരിൽ നിന്നുണ്ടായ ഇലാഫ്ഫോൻ സുഗന്ധപുക്കുമായിട്ടാണ വികസിച്ചതു. പൈരത്പ്രായത്തിൽതന്നെ സത്യ അറിവുകളെ തിരക്കി അറിഞ്ഞ ഒരംശൊമിശിഹായെ വിശ്വസിച്ച ഉത്തമക്രീസുവനായി വ്യാപരിപ്പാൻ തുടങ്ങി. ആ നാളുകളിൽ കീർത്തപെട്ട വനവാസിയായിരുന്ന അന്തൊനീസ പുണ്യവാളന്റെ ശ്രുതികെട്ട സ്വന്ത ദെശമായ അലെക്സാന്ത്രിയ പട്ടണത്തെയും കുടുംബത്തെയും കാരണവന്മാരെയും സകലത്തെയും വിട്ടു ശ്രുദ്ധ: അന്തൊനീസ ബാവായൊടു ചെന്ന തപസ്സുജീ

വിതം കഴിച്ചുതുടങ്ങി. കാരണവന്മാർ മരിച്ച തിൻെറശേഷം വസ്തുക്കൾ സകലവും വിറ ധർമ്മംകൊടുത്ത ഏകനായിട്ട എജിപ്തിലെ വലിയ ഒരു വനത്തിൽ പ്രവെശിച്ചു. അ പ്പൊൾ പതിനഞ്ചു വയസ്സുമാത്രമെ ഉണ്ടായി രുന്നുള്ളു. സ്നെഹിതന്മാരുടെയും സംബന്ധക്കാ രുടെയും കണ്ണുനീരും പ്രയത്നങ്ങളുമൊന്നും രും ബാലകൻെറ സുകൃത പ്രതിജ്ഞയിൽനിന്ന മാറുവാൻ മതിയായില്ല. അതുവരെ സുഖ സന്തൊഷങ്ങളുടെ മദ്ധ്യെ വളർത്തപ്പെട്ട രും പൈതൽ യാതൊരു കണ്ടുകാഴ്ചയും കിടപ്പാ ൻസ്ഥലവുംകൂടെ ഇല്ലാതെ കാട്ടിൻെറ മദ്ധ്യെ തനിയെ ആയിരിക്കയിൽ ദൈവം എന്നീ ഏകാശ്രയമല്ലാതെ മറെറാന്നുമില്ലാഞ്ഞു. അ വിടെ രാവും പകലും ജപധ്യാനമായി ക ഴിച്ചിരുന്നു. വസ്ത്രം ഒരു കഠിന സാക്കും, യാ വന പതിനഞ്ചുകാരക്കായും, ഇരുള്ളാരെയും ശ രീരത്തെ ഏറെറം ദണ്ഡിപ്പിക്കുന്നതിന്നായി ഭാ രമുള്ള ചുമടു ചുമക്കയും, പൃഥാ ഭ്രമിയെ കി ളെക്കയും ചെയ്തിരുന്നു. വെയിലും കുളിരും കാലാവസ്ഥപൊലെ ഉണ്ടാകാവുന്നതൊക്കെ യും അനുഭവിച്ചിരുന്നു. ഇങ്ങനെയിരിക്കയി

ൽ ഒരു രാത്രി കാട്ടുകള്ളന്മാർവന്നു: നീ കള്ളന്മാരെ ഭയപ്പെട്ടുന്നില്ലെ? അവർ നിന്നെ കൊല്ലുമല്ലൊ? എന്നു ചൊദിച്ചപ്പൊൾ പുണ്യവാളൻ പൂർണ്ണ ശാന്തതയൊടെ നഗ്നനായിരിക്കുന്നവന്നു യാതൊന്നും പൊയ്പൊകുവാനില്ലാത്തതുകൊണ്ടു കള്ളന്മാരെ ഭയപ്പെടുന്നില്ല. മരിപ്പാൻ എപ്പൊഴും ആയത്തമായി ആഗ്രഹിച്ചിരിക്കയിൽ മരണത്തെയും പെടിക്കുന്നില്ല എന്നുത്തരിച്ചു. ഇതുകെട്ട ദുഷ്ടന്മാരായി വന്നവർ വനവാസ തപസ്സികളായി പിന്തിരിഞ്ഞു. പിശാചുക്കൾ ഭയങ്കര രൂപമായി പലപ്പൊഴും കാണപ്പെട്ടുകയും ആടിക്കയും ചെയിതിരുന്നു. ഒരു രാത്രിയിൽ ഘടുതിയായി സിംഹങ്ങളുടെ അലച്ചയും കാളകളുടെ മുക്കുറയും, ആടുകളുടെ കരച്ചിലും, സ്ത്രീകളുടെ പ്രലാപവും, കുട്ടികളുടെ നിലവിളിയും, പട്ടാളത്തിന്റെ സ്വരവും മറ്റനെക ഭയങ്കര ശബ്ദങ്ങളും ഒന്നിച്ചുകെൾക്കുതന്നെയല്ല നൊക്കിയപ്പൊൾ ഇവയൊക്കയുംകൂടെ തീവണ്ടി വരുംവണ്ണം പുണ്യവാളന്റെനെരെ പാഞ്ഞുവരുന്നതു കണ്ടു, ഉടനെ ഭയങ്കര കാഴ്ചയാൽ ഗംഭീരംശൊയെ,,

എന്നു വിളിച്ചു. ആ ക്ഷണത്തിൽ ഭൂമി പിളർന്നു സമസ്തവും കീഴോട്ടു പൊകയും ചെയ്തു. ഒരുദിവസത്തിൽ സാഷ്ടാംഗമായി കിടന്നു നമസ്കരിക്കയിൽ ഒരു പിശാചു വന്നു പുറത്തുകേറി ചമ്മട്ടികൊണ്ടു അടിക്കയും കാൽകൊണ്ടു ചവിട്ടുകയും ആക്ഷേപിച്ചു ചിരിക്കയും ചെയ്തു. മുട്ടിന്മേൽനിന്നു നമസ്കരിക്കുമ്പൊൾ പിശാചുക്കൾ ചെന്നായ്ക്കളുടെയും നരികളുടെയും വെഷം ധരിച്ചു ചുറും ഓടിനിലവിളിക്കയും മുമ്പാകെ നിന്നുകൊണ്ടു തമ്മിൽ യുദ്ധംചെയ്കയും ചത്തതുപൊലെ വീണുകിടക്കയും ചെയിതിരുന്നു. ഇങ്ങനെയുള്ള പിശാചുക്കളുടെ ഉപദ്രവങ്ങളെ ജപധ്യാനവും നിത്യനൊയമ്പുംകൊണ്ടു ജയിച്ചിരുന്നു. പ്രായാവസ്ഥപൊലെ അല്പമായി യാവനക്രുടുകയും ഭെദപ്പെട്ടുത്തുകയും ചെയിതുവെകിലും ദിവസത്തിൽ ഒരുനെരം മാത്രമല്ലാതെ രണ്ടുനെരം ഒരിക്കലും നിന്നിട്ടില്ല. ഇതുകാരണത്താൽ ശരീരത്തിൽ അസ്ഥിയും തൊലിയുമല്ലാതെ മാംസം ഇല്ലായെന്നതൊന്നിയിരുന്നു. ഒരു വിധ പുണ്യജീവിതംകണ്ടു കുറെ കാലത്തിന്നകത്തു രണ്ടായിരത്തി

ലധികം ആളുകൾ സന്യാസികളായി ശ്രേഷ്ഠ: ഇലാപ്പുവനെ അനുകരിപ്പാൻ തുടങ്ങി. ദിവസംതൊറും അനെക അത്ഭുതങ്ങളെ ചെയ്യുവന്നതുകാരണത്താൽ യാതൊരു ആൾസഞ്ചാരമില്ലാത്തതായിരുന്ന വനം ജനപ്പെരുപ്പുള്ള പട്ടണംപൊലെയായി. പുണ്യവാളൻ ആശീർവ്വദിച്ച വെള്ളം കുടിക്കയൊ മറ്റു വാഴ്ത്തും തിന്നുകയൊ ചെയ്യാൽ അതുകൊണ്ടു അനെക ദീനങ്ങൾ നീങ്ങിപൊകുമായിരുന്നു. പിശാചിനാൽ ബാധിക്കപ്പെട്ട അനെകംപെക്കു ബഹു ആപത്തു വരുത്തുകയും പാറാവിലിട്ടാലും ഇരിമ്പു ചങ്ങലകൊണ്ടു ബന്ധിച്ചാലും ഒക്കയും തകൎക്കയും ചെയ്തിരുന്ന ഒരുത്തനെ പുണ്യവാളൻ തലമുടിമെൽ പിടിച്ചു കുനിച്ചു ആ പിശാചിനെ ഒടിച്ചു അവനെ രക്ഷിച്ചു. ഒരു തള്ളയുടെ മൂന്നു മകൾ വൈദ്യന്മാരാൽ കൈവിടപ്പെട്ടു മരിക്കാറായിരിക്കയിൽ പുണ്യവാളൻ വന്നു അവരുടെ അടുക്കൽ മുട്ടുകുത്തി അപെക്ഷിച്ചു, ഉടനെ സുഖമായി എഴുന്നെറ്റ പുണ്യവാളന്റെ തുകൈ മുത്തി വണക്കംചെയ്തു. അനെകകാലം പുരുഷനില്ലാതിരുന്ന ഒരുത്തി

പുണ്യവാളനൊടു അപേക്ഷിച്ചാറെ പി
റെറ ആണ്ടിൽ അവൾക്കു ഒരു കുട്ടിയുണ്ടാ
കുമെന്നു പുണ്യവാളൻ കല്പിച്ചയച്ചു അപ്ര
കാരം സംഭവിക്കയുംചെയ്തു. ദിവ്യദർശിപൊ
ലെ വരും കാൎയ്യങ്ങളെ അറിഞ്ഞിരുന്നതു
ക്രൂടാതെ ഒരൊരുത്തൻ തൊട്ട വസ്തുക്ക
ടെ മണംകൊണ്ടു അവർ എന്തു തിന്മയിൽ
ഉൾപ്പെട്ടവരെന്നു അറിഞ്ഞിരുന്നു. ലുബ്ധനാ
യ ഒരുത്തൻ കൊണ്ടുവന്നിരുന്ന ഒരുകെട്ടു
പച്ചപയർ കണ്ടപ്പോൾ അരിൽനിന്നു പുറ
പ്പെട്ടിരുന്ന ലുബ്ധിന്റെ ദുൎഗ്ഗന്ധം സഹിപ്പാൻ
മെലാതെ ആയതു കാളകൾക്കു കൊടുപ്പാ
ൻ കല്പിച്ചു. കാളകളും ഒരു ദുൎഗ്ഗന്ധം സഹി
ക്കാതെ ബന്ധിച്ചിരുന്ന കയറും പൊട്ടിച്ചു ഓ
ടിപ്പോയി. ഇങ്ങനെയുള്ള അത്ഭുതങ്ങളുടെ
ശ്രുതിയാൽ മെത്രാന്മാരും, പട്ടക്കാരരും, പുരു
ഷന്മാരും, സ്ത്രീകളും, ക്രിസ്തുവരും, അജ്ഞാ
നികളും വലിയവരും, ചെറിയവരും സക
ല തരക്കാരരും രാവും പകലും നിത്യവും പു
ണ്യവാളൻ പൊകുന്ന സ്ഥലങ്ങളൊക്കയി
ലും ഉണ്ടായിരുന്നു. യാതൊരുത്തരും അറി
യാതിരിപ്പാൻവെണ്ടി എവിടെ ചെന്നാലും

അത്ഭുത സംഭവങ്ങൾകൊണ്ടു പ്രസിദ്ധമായി
വന്നിരുന്ന. മലകളിലും ദ്വീപുകളിലും ക
ടലിലും കാടുകളിലും ഗ്രഹകളിലും വീടുക
ളിലും ഒളിച്ചു മാറിപ്പോയിരുന്ന. എങ്കിലും
ഒരിടത്തും മറവാൻ മെലാതെ സൂര്യനെപ്പോ
ലെ ശൊഭിച്ചിരുന്ന. കടശി ഒരു തുരുത്തിൽ
ഒളിച്ചുതാമസിക്കയിൽ അവിടെയും ബഹു
ജനക്കൂട്ടം പുണ്യവാളനെ കാണ്മാൻ ചെന്നു
തുടങ്ങി ഇങ്ങനെയിരിക്കയിൽ അനുദിവസം
വന്ന എന്നറിഞ്ഞ വെറും ഭൂമിമെൽ കിടന്നു
മെല്ലൊട്ടുനൊക്കി പരലൊകഭാഗ്യത്തെ ആ
ഗ്രഹിച്ചുകൊണ്ടിരുന്നെങ്കിലും മരണനെരമാ
യപ്പൊൾ ഉള്ളിൽ കൊണ്ട മരണഭീതിയുടെ
ആധിക്യത്താൽ തന്നെത്താൻ ധൈര്യപ്പെടുത്തി
കൊണ്ട "എന്റെ ആത്മാവെ എന്തൊഭയപ്പെ
ടുന്ന! പുറപ്പെട്ടുക,, ഏകദെശം എഴുപത്തുവൎഷ
ത്തൊളം നിന്റെകൎത്താവിന്ന നീ ശുശ്രൂഷചെ
യ്യുവല്ലൊ? എന്നുപറഞ്ഞുകൊണ്ടു എണ്പത്തുവ
യസ്സുനടക്കയിൽ മരണംപ്രാപിക്കയുംചെയ്തു.
മരിച്ചതിന്റെശെഷം ഉണ്ടായ അത്ഭുതങ്ങൾ
ഇരുയെന്നുകണക്കിലു.

ഒരൊ പുണ്യവാളന്റെ ഭക്തിക്കാൎക്കു നിത

ഴും പലനന്മകൾ സിദ്ധിച്ചും വരുന്നു.

തിരുചരിത്രമഞ്ജരി
രണ്ടാംകുസുമം
വനവാസിയായ ശൂദ്ധ: അ
ന്തൊനീസിന്റ ചരിത്രം.

ശൂദ്ധ: അന്തൊനീസ ബാവാ ക്രീസ്താ
ബ്ദം ഇരുന്നൂറാമ്പത്തൊന്നിൽപിറന്നു. ഒരു പു
ണ്യവാളന്റെ ജന്മനാടു ഏജീപ്തും കാരണ
വന്മാർ ബഹു കുലശ്രേഷ്ഠരുള്ളവരുമായി
രുന്നു. പൈതൽപ്രായം മുതല്ക്കു സഹജഭാവ
നത്തെയും അറിവുള്ളവരെയും മാതൃമല്ലാതെ
യാതൊന്നും അറിയാതെയും യാതൊരു ത
ണ്യ സംസർഗ്ഗത്തിന്നും അറിവിന്നും സംഗതിവ
രാതെയും സ്വടികൊള്ളത്തിന്നുള്ളിൽ കാക്ക
പ്പെട്ടന്ന ദീപംപൊലെ കുറെമറവനായി
രൊഭിച്ചുവന്നു. കാരണവന്മാർ ബഹു ദൈ
വ ഭക്തിയുള്ളവരായിരുന്നതുകൊണ്ടു തങ്ങ
ളൊടുകൂടെ ഒരു മകനെയും ദെവാലയത്തി
ൽ കൂട്ടികൊണ്ടുപൊകയും ഗുരുക്കളുടെ സ

ൽഗ്രണ്ടൊക്ഷങ്ങൾക്കും സത്യവെദ പാനങ്ങ
ൾക്കുംതക്കവണ്ണം സൂക്ഷ്മമായി പഠിപ്പിച്ച വ
ളർത്തുകയുംചെയ്തുവന്നു. ഏകദേശം പതിനെ
ട്ടുവയസ്സു കഴിഞ്ഞിരിക്കയിൽ കാരണവന്മാർ
മരിച്ച ശ്ര: അന്തൊനീസും ഒരു സഹൊദരി
യുമ്മാത്രമായി. ഇങ്ങനെ ആറെഴു മാസ
ത്തൊളം ചെന്നപ്പൊൾ, ംരം ലൊക സുഖഭാ
ഗ്യങ്ങളൊന്നും നിലയുള്ളതല്ല സ്വൎഗ്ഗശാര
നെപ്രതി സൎവ്വത്തും ഉപെക്ഷിച്ച കൂറമില്ലാ
ത്തജീവിതംകഴിച്ചാൽഅത്രമാത്രമെനിലയുള്ള
ഭാഗ്യമായിരിക്കയുള്ളു എന്നു ഹൃദയത്തിലുറ
ച്ച പെങ്ങളുടെ കഴിച്ചിലിന്നുവെണ്ടിയവ വെ
ച്ചെച്ചവിടിന്നുചുറുപാടുണ്ടായിരുന്നപറമ്പും
നിലങ്ങളും അയല്ക്കാൎക്കു വൃഥാ ഒഴിഞ്ഞുകൊ
ടുത്തു. ശെഷമുണ്ടായിരുന്നവ വിറ്റ ധൎമ്മവും
കൊടുത്ത ഭിക്ഷക്കാരനായി തപസ്സികളുടെ
ജീവിതം ആരംഭിച്ചു, ആ നാൽവരെ ക്രീ
സുവരിൽ വനവാസികളുടെ ജീവിതം കഴി
ക്കയെന്നീ മുറ ഇപ്പൊഴുള്ളു. വനവാസിക
ളിൽ ഒന്നാമത്തെവൻ ശ്ര: പൌലൊസു ബാ
വായും രണ്ടാമത്തെത്ത അന്തൊനീസു ബാവാ
യുമാണെന്നു ശ്ര:ംരംാ നിമ്മൊസു സാക്ഷിച്ചി

രിക്കുന്നു. ഇവരിരുവരും ഒരു കാലത്തിൽ ജീവിച്ചിരുന്നവരാകയാൽ ഇരുവരും മുനിജീവിതത്തിന്റെ കാരണക്കാരെന്നു പറയാമെന്നതിനു സന്ദേഹമില്ല. ശ്ര: അന്തോനീസ വനവാസജീവിതത്തിന്റെ ആരംഭമായിട്ട, പല പല പുഷ്പങ്ങളിൽനിന്നു മധുവെടുത്തു തെന്നുണ്ടാക്കുന്ന തെനീച്ചകളെപ്പോലെ, ആ നാളുകളിൽ സുകൃത ജീവിതംകഴിക്കുന്നവരായിട്ടുണ്ടായിരുന്നവരിൽ ഓരോരുത്തരോടുക്രൂടെ കുറെനാൾപാർത്ത ഒരുത്തനോടു എളിമ, ഒരുത്തനോടു സാധുത്വം, ഇങ്ങനെ ഓരോരുത്തരോടു ഓരോ പുണ്യങ്ങളെ കണ്ടുപഠിച്ചു കടശി അവക്കുള്ളതൊക്കയും തനിക്കുള്ളതാക്കുവാൻ ശ്രമിച്ചുതുടങ്ങി.

ശ്രേഷ്ഠ: അന്തോനീസ ഇപ്രകാരം വിശിഷ്ടായുടെ ധീരപടയാളിയായി പുറപ്പെട്ടതിനൊടെ ഒരു പുണ്യവാളനെ വീഴിപ്പാൻവെണ്ടി നരകശത്രുക്കൾ അവരുടെ ശക്തിയൊക്കയും പ്രയോഗിച്ചുതുടങ്ങി. അശ്രേഷ്ഠ അരുപികളുടെ എല്ലായിലും മുഖ്യ ആയുധമായ മാംസത്തിന്നടുത്ത ഒരാഗ്രഹംകൊണ്ടു രാവും പകലും ഒരു പുണ്യവാളനെ എരിയിപ്പാൻ

തുടങ്ങി. ഓരോമഹാരോഗവും കഠിനതപസ്സുകളും നൊയമ്പും, നിത്യനമസ്കാരവും എന്നീവഴിയായി നരകശത്രുക്കളെയൊക്കെയും ജയിച്ചിരുന്നു. ശരീരത്തിൽ മുറിവുകളും, ബോധത്തിൽ രണ്ട്യ നിരൂപണകളും, കൺമുമ്പാകെ പല അക്രതവൈക്ഷങ്ങളും പിശാചുക്കൾ തന്നെ രൂപംധരിച്ച കാണിച്ചുകൊണ്ടു ഏറിയനാൾ പ്രയാസപ്പെട്ടാറെ അവയൊന്നുംഫലിക്കയില്ലെന്നുകണ്ടതിൻെറശേഷം ഒരുദിവസം ഒരു പിശാചുകറുത്തമെലിഞ്ഞ മുഷ്ടുംവീശുന്ന വിരൂപമായഒരുകൊച്ചിൻെറ ഭാഷയിൽ പുണ്യവാളൻെറ മുമ്പാകെ കിടന്നുകൊണ്ടു "അയ്യോ ആ! ഞാൻ അനേകം ആളുകളെ ചതിച്ചജയിച്ചു; നീഎന്നെ തൊല്പിച്ചു!!! "എന്നു നിലവിളിച്ച പല്ലുകടിച്ച പറയുന്നതുകണ്ടു. "നീ ആർ" എന്നു പുണ്യവാളൻ ചൊതിച്ചപ്പോൾ "ശുദ്ധതയെ കെടുത്തുന്ന ആത്മാവു ഞാനാണു. പരിശുദ്ധരായി ജീവിപ്പാൻതുടങ്ങിയ എത്ര ബാലകരെ ഞാൻ എൻെറ കണിയിൽ വീഴിച്ചിരിക്കുന്നു! എന്നാൽ നീ എന്നെ വളരെ ലജ്ജിപ്പിക്കുന്നു" എന്നു ഉത്തരംചൊല്ലി. ഇതുകേട്ട പുണ്യവാളൻ ഓരോ ആവ

ലക്ഷ്മണ ഭ്രതത്തെ നിന്ദിച്ചാട്ടി ഇവനിൽനി
ന്നു തന്നെക്കാത്തു രക്ഷിച്ച ഒരുശൊമിശിഹാ
യെ വാഴ്ത്തി സ്തുതിക്കയുംചെയ്തു. എന്നാൽ ഇ
തിൽവച്ച നരകശത്രുവിന്റെ ഉഗ്രതയെക്ക
ണ്ടു ബൊധിച്ചതുകൊണ്ടു സ്വന്ത ആത്മശക്തി
യായ ജപതപങ്ങളെ ഇരട്ടിച്ചുതുടങ്ങി. സാ
മാന്യം രാവുമുഴുവനും ധ്യാനമായിക്കഴിക്കയും
ഏറിയക്കുറും ദിവസത്തിൽ ഒരിക്കൽമാത്രം
അല്ല യാവന അനുഭവിക്കയും, പലപ്പൊഴും
രണ്ടും മൂന്നും ദിവസം യാതൊന്നും അനുഭ
വിക്കാതിരിക്കയുംചെയ്തുവന്നു. ഒരു തപക്രി
യകൾകൊണ്ടും തൃപ്തിയാകാതെ ഏറെറം അ
കന്ന ഒരു വനത്തിൽചെന്നു ഒരു ഗുഹയിൽ
പ്രവെശിച്ച മറെറാരുത്തനെക്കൊണ്ടു വാതി
ലും അടെപ്പിച്ചു ചിലപ്പൊൾഅല്ലയാവനകൊ
ണ്ടുവന്ന കൊടുക്കുന്നതിനെല്പിച്ചു രാപകൽ
അതിൽതന്നെ ഇരിപ്പാൻതുടങ്ങി. ഇതാ ഉട
നെ പിശാചുക്കൾ ഒരു പട്ടാളംപൊലെവ
ന്നു പിടിച്ചു നിലത്തുവീഴിച്ചു അടിച്ചും ഇടി
ച്ചും കുത്തിയും ദെഹംമുഴുവനും മുറിച്ചു ചതെ
ച്ചു അനങ്ങുവാനും മിണ്ടുവാനും വഹിയാ
താക്കിയിട്ടെച്ചുപൊയി. പിറെറ ദിവസം ഒ

രുത്തൻ യാവനയുംകൊണ്ടുവന്നപ്പോൾ ഗൃ
ഹ തകൻ പുണ്യവാളൻ പ്രേതംപൊലെ
കിടക്കുന്നതുകണ്ടു എടുത്തുകൊണ്ടുപൊയി ഒ
രുവീട്ടിൽകിടത്തി, പിറെരാത്രി ബൊധം വീ
ണപ്പോൾ വീണ്ടും മുമ്പിലത്തെ ഗൃഹയിൽത
ന്നെ കൊണ്ടുപൊയാക്കെണമെന്നപെക്ഷി
ച്ചു. അപ്രകാരം കൊണ്ടുചെന്നാക്കിക്കൊണ്ടു
പൊന്നപ്പോൾ വീണ്ടും പിശാചുക്കൾ സിം
ഹം, പുലി, കരടി, ചെന്നാ പലതര വിക്ഷ
സത്തുങ്ങൾ എന്നിവകളുടെ ഭാക്ഷയിലായി
അലറിക്കൊണ്ടു ചുറ്റും വന്നു വീഴുവാൻ ഭാ
വിക്കുന്ന ഭാക്ഷയിൽ കാട്ടിയപ്പോൾ പുണ്യ
വാളൻ "ആ! ഭൊക്ഷന്മാരെഎത്ര ൊരം കൊ
ലംകെട്ടുന്നു! എന്നൊടു വാശ്ശ്രുംചെയ്വാൻ
എന്റെ തമ്പുരാൻ നിങ്ങൾക്കനുവദിക്കുന്നെ
കിൽ നിങ്ങളിൽ ഒന്നുമതി, അനുവദിക്കുന്നി
ല്ലെകിൽ ആരെല്ലാംക്രൂടിയാലും യാതൊ
ന്നും സാധിക്കയുമില്ല" എന്നു പറഞ്ഞുകൊണ്ടു
തൈവത്തെ സൂതിക്കയിൽ അന്ധകാരത്തിൽ
ഉദിക്കുന്ന സൂയ്യനെപൊലെ ൊരംശൊമിശി
ഹാകാണപ്പെട്ടു; ആ ക്ഷണത്തിൽ ൊരം ഭ്രത
ങ്ങളൊക്കയും പുകപൊലെ മാഞ്ഞുപൊയി

അപ്പോൾ പുണ്യവാളൻ "നല്ല ംരംശൊയെ നീ എവിടെയായിരുന്നു? ഏതൊരു ആരംഭത്തിൽതന്നെ നീ എന്നൊടുകൂടെയില്ലാഞ്ഞു?" എന്നു ചൊദിച്ചപ്പോൾ "അന്തൊനീ ഞാൻ നിന്നൊടുകൂടെ ഉണ്ടായിരുന്നു, നിൻെറ ധൈര്യമുള്ള യുദ്ധംകണ്ടു സന്തൊഷിച്ചിരുന്നു, നീ പരാക്രമത്തൊടെ യുദ്ധംചെയ്തുകൊണ്ടു ഭ്രമിയൊക്കയിലും നിൻെറനാമം ഞാൻ കെൎപ്പിക്കും" എന്നു കൎത്താവു അരുളിചെയ്തു. ഇതൊടെ മുറിവുകളൊക്കയും പൊറുത്തു പൂൎണ്ണ ആരൊഗ്യവും പ്രാപിച്ചു.

കുറെക്കാലം ഇങ്ങനെ കഴിച്ചശെഷം അവിടെനിന്നും ഏറെറ അകന്ന വനത്തിലൊട്ടു തനിയെ പൊകയിൽ ഒരിടത്തിൽ ഒരു വെള്ളിത്തട്ടവും മറ്റിടത്തിൽ സ്വൎണ്ണകട്ടകളും കിടന്നുമിന്നുന്നതുകണ്ടു. ഉടനെ ഇതു പിശാചിൻെറ തന്ത്രമെന്നറിഞ്ഞു അമെദ്ധ്യമെന്നപൊലെ ഇവകളെ വെറുത്തു നിന്ദിച്ചു കുരുതി പുറപ്പെട്ടപൊലെ ഒരു ഗ്രഹയിൽ പ്രവെശിച്ചു വസിച്ചു. അവിടെയും ഉണ്ടായ പിശാചുക്കളുടെ അലച്ചുകളും ഉപദ്രവങ്ങളും ഇരുവെന്നു കണക്കില്ല. ഇരുപതിൽചിലപ്പൊ

നം വക്കും ഇപ്രകാരം ഏകാന്തനായി വന
ത്തിൽ സഞ്ചരിച്ചെങ്കിലും ചെല്ലുന്നിടങ്ങളി
ലൊക്കയും അനെകർ സന്ന്യാസികളായിക്രൂ
ട്ടുകയും എല്ലാവക ദീനക്കാരും പിശാചിനാ
ൽ ബാധിക്കപ്പെട്ടവരും പുണ്യവാളന്റെ
അടുക്കൽച്ചെന്നു സൌഖ്യംപ്രാപിക്കയുംചെ
യ്യുവന്നു. അനുഗാമികളും ശിഷ്യരുമായിച്ചെ
ല്ലുന്നവരുടെയും നാനാവിധ രൊഗികളുടെ
യും പെരുപ്പവും മുട്ടിപ്പുംകൊണ്ടു തനിയെഇരി
പ്പാൻ വഹിയാതെ ഗ്രഹവിട്ടിറങ്ങെണ്ടിവന്നു.

പുണ്യവാളന്റെ ശിഷ്യരായിക്രൂടിയവർ
അനെകായിരമായിരിക്കുന്നു. അവരെല്ലാ
വരും ഒരൊ ഗുരുവിനെ അനുകരിച്ച ഗ്രഹകൾ
ളിലും വനത്തിൽത്തന്നെ തനിക്കൂടിലുകളി
ലും ജൂപധ്യാനം കഴിച്ചുവന്നിരുന്നു. ശ്ലൂ: അ
ന്തൊനീസിന്റെ പുണ്യശ്രുതി എല്ലായിടത്തും
പ്രബലപ്പെട്ടിരുന്നതുകൊണ്ടു ശ്ലൂ: അത്തനാ
സ്യൂസ ശ്ലൂ: സെരാഫിയൊൻ മുതലായ മഹാ
മെത്രാന്മാർ ഒരൊപുണ്യവാളനെവണങ്ങിഗ്രന്ഥ
മൊക്കംചൊദിക്കയും, കൊൻസ്തന്തീനൊസ ച
ക്രവർത്തിയുടെയും പല എഴുത്തുകളെ അയ
ച്ചു അയാളുടെ പിതാവിനെപൊലെ അ

യാൽക്കു സൽബുദ്ധി ചൊല്ലിക്കൊടുക്കയും പ്രാർത്ഥിക്കയും ചെയ്യണമെന്നപെക്ഷിച്ചിരുന്നു. ഇപ്രകാരം ബഹുമാനിച്ചു വണങ്ങിവന്നതു ക്രീസ്തുവർമാത്രമല്ല അജ്ഞാനികൾക്കുടെയും ദൈവത്തിന്റെ മാനുഷൻ എന്നു വിളിച്ചുവന്നതുകൂടാതെ ഒരു പുണ്യവാളനെ കാണ്മാനൊ വസ്ത്രംതൊടുവാനൊ ഇടയാകുന്നതു മഹാ ഭാഗ്യമെന്നു വിചാരിച്ചിരുന്നു. വസ്ത്രങ്ങളെ തൊടുന്നതുകൊണ്ടുമാത്രമല്ല ശ്ര: അന്തൊനീസിന്റെ പെരുമാത്രം വിളിച്ചാൽ പിശാചുക്കൾ ഓടിപ്പൊകയും പല രൊഗങ്ങൾക്കു സ്വസ്ഥതപ്രാപിക്കുകയുംചെയ്തിരുന്നു.

പിശാചുക്കളൊടുണ്ടായ യുദ്ധവും ജയവും അസാമാന്യംതന്നെയായിരിക്കുന്നു. പലപ്പൊഴും പിശാചദൈവമായിട്ടുകാണപ്പെട്ടു അന്തൊനിയെ നിന്നക്കു എന്തുവെണം? എന്നു ചൊദിക്കയും, വനവാസിയുടെ ഭാക്ഷയായി യാവനകൊണ്ടുവന്നുകൊടുക്കയും വാതുക്കൽ വന്നു കൊട്ടിവിളിച്ച രാക്ഷസനെപൊലെ നിന്നു ശാസിക്കയും, ആവലാധിപറകയും മറ്റും ചെയ്തിരുന്നെങ്കിലും പുണ്യവാളൻ എപ്പൊഴും ആട്ടി ഓടിക്കയും ചിലപ്പൊൾ മുഖത്തിൽതുപ്പു

കയും ചെയ്തിരുന്നു. ഒരിക്കൽ ഒമ്പതുമണി സമയത്തിൽ മാലാഖമാർ പുണ്യവാളനെ ആകാശത്തിലൊട്ടയത്തികൊണ്ടുപൊകയിൽ പിശാചുക്കൾവന്നു തടഞ്ഞു, അപ്പൊൾ "യാതൊരു കുറവുമില്ലാതെ നിങ്ങൾ തടവാനെന്തു?" എന്നു ചൊദിച്ചതിന്നു അവർ പുണ്യവാളന്റെ ചെറുപ്രായം മുതലുള്ള കുറവുകളെ എണ്ണിത്തുടങ്ങി. അപ്പൊൾ ദൈവദൂതന്മാർ "ചെറുപ്പം മുതലുണ്ടായതൊക്കയും സന്യാസിയായപ്പൊൾ ദൈവം പൊറുത്തു. സന്യാസജീവിതം തുടങ്ങിയതിൽപ്പിന്നെ ഏതാനും തുണ്ടെങ്കിൽ നിങ്ങൾ കാണിപ്പിൻ" എന്നു പറഞ്ഞപ്പൊൾ ദുഷ്ടാത്മാക്കൾ ഓടിപ്പൊയകയും ചെയ്തു. ഒരുദിവസം ധ്യാനിച്ചിരിക്കയിൽ മെഘംവരെ പൊക്കമുള്ള ഒരു ഭീമമനുഷ്യൻ നില്ക്കുന്നതും അനെകർ ചിറകുധരിച്ച സഭ്രുത്തിലൊട്ടു പറക്കുന്നതും ഒരു ഭീമരാക്ഷസൻ അവരിൽ കിട്ടുന്നവരെ പിടിച്ചു നിലത്തടിച്ചു കൊല്ലുന്നതുംകണ്ടു; ഇതിന്റെ സാരം ഒരു ഭീമരാക്ഷസൻ പിശാചും സഭ്രുത്തിലൊട്ടു പറക്കുന്നവർ നിത്യരക്ഷയ്ക്കായി പ്രയത്നപ്പെടുന്ന മനുഷ്യരുമത്രെ എന്നു ദൈവം വെ

ളിപ്പെട്ടുത്തി. വരുംകാര്യങ്ങളെയും ദൂരദേശങ്ങളിൽ സംഭവിക്കുന്നവകളെയും ദീഘ്രദാർനമായി അറികയും പലപ്പോഴും ശിഷ്യരൊട്ട അറിയിക്കയുംചെയ്തിരുന്നു. ഒരു ദീഘ്രദനാൾക്കാഴ്ചയിൽ അറിയൂസ എന്ന ശിഷ്യന്റെ ഇടത്തുട്ടും തിരുസ്സഭയ്ക്കുവരുവാനിരുന്ന പ്രലാപസ്ഥിതിയും കണ്ടതിനൊടെ സഹിപ്പാന്മെലാതെ നിലവിളിച്ചു പ്രലാപിച്ച മിണ്ടുവാൻക്രുടെയും വഹിയാതെയായി. പിശാചുക്കളെ ഓട്ടു സംസാരിക്കയും ശാസിക്കയുംചെയ്തിരുന്നെങ്കിലും ഇടത്തുട്ടുകാരൊട്ട മിണ്ടുവാന്മെലാതെ ദെഷിച്ചിരുന്നു. ഇപ്രകാരം നിത്യസൂര്യനും സർവ്വവല്ലഭനും എന്നപൊലെ ജീവിച്ചിരിക്കയിൽ തന്റെ ഒരം പരദെശ സഞ്ചാരത്തിന്നു അവസാനംവന്നു എന്നറിഞ്ഞു തന്റെ സ്നെഹപുത്രരെ ചുററിസഞ്ചരിച്ചുകണ്ടു അവരൊട്ട ജീവാന്ത്യവും അറിയിച്ചു ഉത്തമഗുണദൊക്ഷങ്ങളെയും പറഞ്ഞു, കർത്താവു എന്നെഖിളിക്കുന്ന പരലൊകഭാഗ്യങ്ങളെ അനുഭവിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു, എന്നു പറഞ്ഞതുകെട്ട ശിഷ്യർ ഉയിർ പിരിയുന്നതുപൊലെയുള്ള വ്യാകുലത്തൊടെ ഒരം പിതാ

വിനെതഴുകി മുത്തിയതിന്റെശേഷം കിടന്നു കാൽ അല്പംനീട്ടി നാലാം-ാംകാലത്തിൽ നൂറാ ഞ്ചുവയസ്സായിരിക്കയിൽ പരലൊകവാഴ്ചക്കു പൊകയുംചെയ്തു.

ഇപ്രകാരം നൂറിചിലപാനം വയസ്സൊളം ഇതു കഠിനതപസ്സുചെയ്തു ജീവിച്ചെങ്കിലും ദൈവത്തിന്റെ വിശെഷ ദാനത്താലെ ദെഹത്തിന്നു യാതൊരു വലിയ രൊഗവും ശക്തിക്ഷയവും മുപ്പുവാട്ടവും ഉണ്ടായിട്ടില്ല. വല്ലുക്കുടെ തെറ്റു കുറഞ്ഞതല്ലാതെ ഒന്നും പറഞ്ഞുപൊയിട്ടുമില്ല. മരിച്ച ഉടനെ രാജ്യ മൊക്കയിലും അവരുടെ പൊതു ചിരാവു പൊയ്പൊയെന്നുള്ള ശ്രുതി പരക്കയും സകല ജനങ്ങളും ഒരു മരണത്തെക്കുറിച്ചു പ്രലാപിക്കയുംചെയ്തു. എങ്കിലും മരണത്തിന്റെശെഷവും സംഭവിച്ച പല അത്ഭുതങ്ങൾകൊണ്ടു ഒരു പുണ്യവാളന്റെ സഹായം എപ്പൊഴും അവക്കുണ്ടായിരിക്കുന്നു എന്നുള്ള സന്തൊഷത്തിന്നു ഇടയായി.

ഒരു പുണ്യവാളന്റെ ദൃഷ്ടാന്തംകൊണ്ടു ഒരു പ്രപഞ്ചത്തെയും മരണത്തൊടെ വിട്ടുപെക്ഷിക്കെണ്ടിയവകളായ സമ്പത്തു ബഹുമാനം മുതലായവകളെയും, ജീവിതസുഖസന്തൊഷങ്ങളെയും മ

രിക്കുന്നതിനുമുമ്പുതന്നെ സ്വൈശ്വരനെപ്രതി വിട്ടുപെക്ഷിച്ചുകൊണ്ടെങ്കിലും; അവയെ തെല്ലു പൊലും സ്നേഹിക്കയും പ്രമാണിക്കയും ചെയ്യാതെ എങ്കിലും ദൈവത്തിൽമാത്രം ആശ്രയിച്ചു ജീവിക്കുന്നതു എത്രമഹാ ഭാഗ്യമെന്നും; പിശാചുക്കൾ മാനുഷരെ നശിപ്പിക്കുന്നതിനു എത്രയെല്ലാം ചതിനൊക്കുന്നെന്നും, പ്രധാനമായി വിരക്തിക്കു എതിരായ അശുദ്ധപാപത്തിൽ എത്രപെരെ വീഴിച്ചു നശിപ്പിക്കുന്നു എന്നും; ൎരം ദുഷ്ടശത്രുക്കളൊടു ജയിക്കുന്നതിനു ജപവും, തപവും ദൈവഭക്തിയും എത്ര ആവശ്യമെന്നും ദൈവം അങ്ങെ സഹായം അപെക്ഷിക്കുന്നവരെ എങ്ങനെ സകല ആപത്തുകളിൽനിന്നും രക്ഷിക്കുന്നെന്നും കണ്ടുബൊധിച്ചു ൎരം പുണ്യവാളന്റെ ഉത്തമദൃഷ്ടാന്തത്തെ പിഞ്ചെല്ലുകയും ൎരം പുണ്യവാളന്റെമെൽ വിശെഷഭക്തിയായിരിക്കയുംവെണം.

ൎരം പുണ്യവാളന്റെ തിരുനാൾ മകരമാസം ൧൭-ാം നു- കൊണ്ടാടപ്പെടുന്നു.

തിരു ചരിത്ര മഞ്ജരി

മൂന്നാം കുസുമം

വനവാസിയായ
ശ്ര: പൌലൊസ ബാവായുടെ
വൃത്താന്തം.

വനവാസജീവിതത്തിന്റെ ആരംഭക്കാരനായ ശ്ര: പൌലൊസ് ക്രീസ്തുാബ്ദം ഇരുന്നൂററി ഇരുപത്തൊമ്പതിൽ എജ്ജീപ്ത രാജ്യത്തിൽ പിറന്നു. കാരണവന്മാർ ധനികരും ശാസ്ത്ര അറിവിൽ താല്പൎയമുള്ളവരുമായിരുന്നതു കൊണ്ടു പ്രൈതൽ പ്രായത്തിൽ തന്നെ ഗ്രെക്ക എജ്ജിപ്ത എന്നി ദേശഭാക്കുകളെ നന്നായിട്ട അഭ്യസിപ്പിച്ചു. പതിനഞ്ചുവയസ്സായിരിക്കയിൽ അപ്പനും അമ്മയും മരിച്ചു ശ്ര: പൌലൊസും സഹൊദരിയും അനാഥരായി തീൎന്നു. ആനാളുകളിൽ അജ്ഞാന രാജാക്കളുടെ ക്രൂര ആജ്ഞ നടന്നിരുന്നതുകൊണ്ടും പ്രധാനമായി ഇരിമ്പിൻനെരെ കാന്തം ചായുന്നതുപൊലെ ദ്രവ്യത്തിന്റെനെരെ ദുഷ്ടരുടെ ആഗ്രഹം

എപ്പൊഴും ചാഞ്ഞിരുന്നതുകൊണ്ടും ദ്രവ്യമു
ള്ളവനും ഉത്തമ ക്രീസ്തുവനുമായിരുന്ന ശ്രീ:
പൌലൊസിന്റെ സ്വന്ത വീട്ടിൽ പാപ്പാൻ
മെലാതെ ആയി വീടുവിട്ടു കാടുകളിൽ പ്ര
വെശിച്ചു വസിച്ചുതുടങ്ങി. ആദ്യം നിർബ്ബന്ധ
പ്പെട്ടതുടങ്ങിയ്യ കുറെക്കഴിഞ്ഞപ്പൊൾ ദൈ
വസഹായത്താൽ ആഗ്രഹമായിവന്നു. ഇങ്ങ
നെ പതുക്കെ പതുക്കെ ഉൽവനത്തിലൊട്ടു
കടന്നു ഒരു മലയുടെ അടിവാരത്തിൽ തക്ക
തായ ഒരു ഗ്രഹത്തെ കണ്ടെത്തി, ആയ്യ ഒരു
പെരീന്തലിന്റെ തണലിലും കല്ലുകൊണ്ടുടെ
പ്പാൻതക്ക വാതിലുള്ളതും അതിന്ന സമീപെ
തന്നെ വെള്ളം കിട്ടുന്നതുമായിരുന്നതുകൊ
ണ്ടു അതിൽ പ്രവെശിച്ചു "ഇവിടെ ഞാനും
എന്റെ തമ്പുരാനും; ഇവിടെ ഞാൻ ലൊക
ത്തിന്ന മരിച്ചു, ലൊകം ഇനികില്ലാതെയാ
യി; ഇവിടെനിന്ന സ്വൎഗ്ഗരാജ്യത്തിലൊട്ടു എ
ന്റെ യാത്ര,, എന്നുകരുതി വനവാസ ജീവി
തത്തിന്റെ അടിസ്ഥാനം സ്ഥാപിച്ചു. അവി
ടെ കാട്ടുമൃഗങ്ങളുടെ സ്വരവും അലച്ചയും
പക്ഷങ്ങളുടെ ആനക്കവുമല്ലാതെ യാതൊ
രു മാനുഷശബ്ദവും കാണ്മ്മാനില്ലാഞ്ഞു. പല

പ്പോഴും മുട്ടിന്മേൽനിന്നുകൊണ്ടു ധ്യാനംതുട
ങ്ങി പല രാവും പകലും ആ നിലയിൽ ത
ന്നെനിന്നു ധ്യാനിച്ചും നമസ്കരിച്ചും വന്നി
രുന്നു. ഗ്രഹയുടെ സമീപെയുണ്ടായിരുന്ന
പെരീന്തലിന്റെ ഓലകൊണ്ടു ദെഹം മറെ
പ്പാൻതക്ക ഒരു വസ്ത്രംന്നെയ്തു ഉടുത്തുവന്നു.
ംരം പെരീന്തലിന്റെ ചില പഴങ്ങളെ പ
റിച്ചുതിന്നു കുറെ വെള്ളവും ഉറവയിൽനി
ന്നു കൊരിക്കുടിച്ചു ദൈവസ്തുതികളെ പാടി
യിരുന്നു. കുറെക്കഴിഞ്ഞപ്പോൾ ദയാപരപി
താവിന്റെ തിരുച്ചിത്തത്താലെ ഒരു കാക്ക
ദിവസന്തൊറും പാതി അപ്പംകൊണ്ടുവന്നു
കൊടുത്തിരുന്നു. ഇപ്രകാരം ജീവിച്ച ശ്ര:
പൌപൊസിന്നു ഒരുന്നൂററി പതിമൂന്നു
വയസ്സായിരിക്കയിൽ തൊണ്ണൂറുവയസ്സുചെ
ന്നവനായി വെറൊരുവനത്തിൽ ജീവിച്ചിരു
ന്ന ശ്ര: അന്തൊനീസ ബാവായ്ക്കു "തന്നെ
ക്കാൾ പൂണ്ണമുനിയായിട്ടു മറൊരും വനത്തി
ലില്ല" എന്നൊരുവിചാരം ഉള്ളിൽതൊന്നി
അതിന്റെശെഷം നിദ്രയിൽ "അന്തൊനി!
നിന്നെക്കായിൽ ഏററം ഉത്തമനായിരിക്കു
ന്നവനുണ്ടു അവനെ നീ പൊയി അന്വെ

ഷിക്കു,, എന്നൊരു അരുളപ്പാടുണ്ടായി. നെ
രംപുലൎന്ന ഉടനെ ആരെ അനെഷിക്കെ
ണ്ടു, എവിടെ അനെഷിക്കേണ്ടു, എന്ന യാ
തൊരുവിവരവും ഇല്ലെങ്കിലും അനെഷി
ക്കേണം എന്ന കല്പിച്ചു സൎവ്വെശ്വരനെ ആ
ശ്രയിച്ചു വടിയുംകുത്തി ഇറങ്ങി പാറകളും,
കാടുകളും, മലകളും, കനവകളും കടന്നു
അനെഷിച്ചുതുടങ്ങി. ഇങ്ങിനെ നടക്കയിൽ
പാതി മാനുഷനും പാതി കുതിരയുമായ ഒരു
വികൃത ജന്തുവിനെകണ്ടു അതിനെ നൊക്കി
"ജന്തുവെ ദൈവസൃഷ്ടി എവിടെയാകുന്നു,,
എന്നു ചൊദിച്ചു. ൊരും മൃഗം ഇതുകെട്ടു ഉത്തരി
പ്പാൻ ഭാവിക്കുന്നതുപൊലെ സ്വരം പുറപ്പെ
ടുത്തിയതിൻെറശെഷം കൈകൊണ്ടു ഒരു വ
ഴിയെ കാണിച്ചുകൊടുത്തു. ശ്ര: അങ്ങൊനി
ൊരും കാഴ്ചയെ ഓൎത്തുകൊണ്ടു കാണിച്ചവഴി
യെ നടക്കയിൽ മറൊരു വികൃതജന്തുവെക
ണ്ടു: ആയതു ഒരു ചെറിയ മനുഷ്യൻെറ ഭാഷ
യായിരുന്നു എങ്കിലും കൊമ്പുള്ളതും പതിമൂ
ക്കുള്ളതുമായിരുന്നതുപ്പാതെ അതിൻെറ കാ
ലുകൾ ആട്ടുകളുടെതുപൊലെ ആയിരുന്നു.
ൊരും ജന്തു ശ്ര: അങ്ങൊനീസിനു കാഴ്ചയായി

ട്ടുകൊണ്ടുവന്നുകൊടുത്തു. ഇതുകണ്ടപ്പോൾ പുണ്യവാളൻ അവിടെനിന്നു "നീ ആരാകുന്നു" എന്നു ചോദിച്ചു. അപ്പോൾ "ഞാൻ മർത്യനാകുന്നു എന്റെ കൂട്ടർ രോമനഗരത്തിലുണ്ടു. ഇവിടത്തെ അജ്ഞാനികൾ ഞങ്ങൾക്കു പലനാമങ്ങളും വിളിച്ചു ദൈവന്മാരായി വന്ദിക്കുന്നു. ലൊകത്തിന്റെ രക്ഷയ്ക്കുവെണ്ടി മാനുഷനായിപ്പിറന്ന സകലരുടെയും ദൈവത്തൊടു നീ ഞങ്ങൾക്കുവെണ്ടി പ്രാർത്ഥിക്കെണമെന്നു ഞങ്ങൾ അപെക്ഷിക്കുന്നു" എന്നു പറഞ്ഞു. ശ്ലൂ: അന്തൊനി ഇതുകെട്ടപ്പോൾ "ഒ! നിർഭാഗ്യ അലക്സന്ത്യ പട്ടണമെ നിനക്കു ശാപം! ഭൂതങ്ങൾ മിശിഹായെ അറിഞ്ഞു സ്തുതിക്കുന്നു. നീ ദൈവത്തിനുപകരം ഭൂതങ്ങളെ വന്ദിക്കുന്നൊ"? എന്നുപറഞ്ഞു നിലത്തടിച്ചുകൊണ്ടു രാപകൽ ഇളവില്ലാതെയും പകൽ മുഴുവനും ഉഗ്രവെയിൽകൊണ്ടു തളർന്നും എങ്ങൊട്ടുപൊകണമെന്നു അറിവാൻമെലാഞ്ഞു എങ്കിലും "അനെക്ഷിപ്പാൻ കല്പിച്ച കർത്താവു കണ്ടെത്തുവാൻ കൃപചെയ്യും" എന്നു പറഞ്ഞുകൊണ്ടും നമസ്കരിച്ചുകൊണ്ടും കണ്ടവഴിക്കു നടന്നിരുന്നു. ഇങ്ങു

നെ നടന്നുനടന്നു മൂന്നാം ദിവസം സൂര്യോദ
യം അടുത്തുവരികയിൽ ഒരു ഗ്രഹയിൽനി
ന്നു ഒരു ചെന്നാ പുറപ്പെട്ടുപൊകുന്നതുകണ്ടു
അവിടെ ചെന്നുനൊക്കി ഒന്നും കാണാതെ
വീണ്ടും കുറെക്കൂടെ പതുക്കെ ചെവിപാർത്തു
നടക്കയിൽ ശ്രീ: പൌലൊസ ംരും സ്വരം
കെട്ടു ഗ്രഹയുടെ വാതിൽ അടെച്ചുറപ്പിച്ചു ഉ
ടനെ അവിടെയുണ്ടെന്നു ശ്രീ: അന്തൊനിയും
ഗ്രഹിച്ചു ഓടിച്ചെന്നു വാതില്ക്കൽ മുട്ടുകുത്തി
"സഹൊദരാ! ഞാൻ ആരെന്നും എന്തൊവന്നു
വെന്നും നീ അറിയുന്നു ഞാൻ നിന്നെ കാണ്മാ
ൻ യൊഗ്യനല്ലെങ്കിലും കാണാതെ ഞാൻ
പൊകയില്ല. മൃഗങ്ങളെക്കൂടെയും കൈക്കൊ
ള്ളുന്ന നീ! എന്തൊ എന്നെ തള്ളുന്നു? നീ എന്നെ
കൈക്കൊള്ളുകയില്ലെങ്കിൽ എന്റെ ആയുസ്സു
ഇവിടെ അവസാനിക്കും എന്റെ പ്രെതമെ
ങ്കിലും നീ അടക്കെണ്ടിവരും,, എന്നിങ്ങനെ
ആറെഴുനാഴികയൊളം കൊട്ടിയും വിളി
ച്ചും അപെക്ഷിച്ചതിന്റെശെഷം ശ്രീ: പൌ
ലൊസ മാനുഷമുഖത്തിന്റെ ഭാവംകൂടെയും മ
റന്നു തപസ്സുകൊണ്ടു മെലിഞ്ഞു ക്രുനി, മുടിയും
മിശയും നീണ്ടു തൂങ്ങി, ദെഹം തളർന്നുകലും

മാലാഖമാരൊട്ടുള്ള സംസർഗ്ഗവും ദൈവ വര പ്രസാദ മഹത്വവുംകൊണ്ടു പ്രതാപമുള്ള മുഖത്തൊടെ വാതിൽ തുറന്നു, ശൂ: അന്തോനീസിനെ പിടിച്ചുതുഴുകി, തമ്മിൽ തമ്മിൽ അത്ഭുതമായി പെരും അറിഞ്ഞു, സന്തോഷിച്ചു, സർവ്വേശ്വരനെ സ്തുതിച്ചു, ഇരുവരുംക്രൂടെ ഒരു സ്ഥലത്തിൽ ഇരുന്ന ലൊകം എങ്ങിനെ ഇരിക്കുന്നു എന്നറിയാതെ ലൊകത്തിൽ ജീവിച്ചിരിക്കുന്ന ശൂ: പൌലൊസ വർത്തമാനം ചൊദിപ്പാൻതുടങ്ങി "സഹൊദരാ! ഇപ്പൊൾ മാനുഷാവസ്ഥ എങ്ങിനെയിരിക്കുന്നു? ഇപ്പൊൾ പുത്തനായ ആലയങ്ങളും മറ്റും പണിയുന്നുണ്ടൊ? ഇപ്പൊഴും പിശാചിനാൽ വഞ്ചിക്കപ്പെടുന്ന മനുഷ്യരുണ്ടൊ? എപ്പൊം സമാധാനത്തൊടെയാണൊ ഇപ്പൊൾ നടന്നുവരുന്നതു?" എന്നിങ്ങനെ ചൊദിച്ചിരിക്കയിൽ ഇതാ പതിവായി പാതി അപ്പംകൊണ്ടുവന്നിരുന്ന കാക്ക അന്ന ഒരു മുഴുവൻ അപ്പം കൊണ്ടുവന്നു മുമ്പാകെ വെച്ചു പറന്നു പൊയി. പൌലൊസ ബാവാ ഇതുകണ്ടപ്പൊൾ "ഒ! സഹൊദരനെ! ഇതാ നമ്മുടെ പിതാവിന്റെ സ്നെഹം! ഇത്രവരെ ഇനിക്കു പാ

തി അപ്പം ദിവസത്തൊറും കൊടുത്തയച്ചിരു ന്നു. ഇന്നു താൻക്രൂടെ വന്നിരിക്കകൊണ്ടു ഒ രപ്പം മുഴുവനും കൊടുത്തയച്ചു,, എന്നുപറ ഞ്ഞു അപ്പം എടുത്തു ദൈവത്തിന്നു സ്തോത്രം ചെയ്തു ഭക്ഷിപ്പാറായപ്പോൾ അപ്പത്തെ രണ്ടായി ഭാഗിക്കേണ്ടതു ആരെന്നു തക്കമായി ഇ രുവരും വിഭാഗിക്കാതെ ഏറെനേരം താമ സിച്ചതിൻെറശേഷം കടശി ഇരുവരും അ പ്പത്തിൻെറ രണ്ടുവശത്തും പിടിച്ചു ഒടിക്കാം. ഒരൊരുത്തൻെറ കയ്യിൽ വരുന്നതു അവനവനു എന്നുംപറഞ്ഞു അപ്പമെടുത്തു ഇരുവ രും പിടിച്ചു വിഭാഗിച്ചു ഭക്ഷണവും കഴിച്ച ശേഷം പൌലൊസ ബാപ്പാ ശ്ലീ: അന്തൊ നിസിനെനൊക്കി "സഹൊദര! നീ ംരും വ നത്തിലുണ്ടെന്നു ഞാൻ മുമ്പിനാലെ അറി ഞ്ഞിട്ടുണ്ടായിരുന്നു. നിന്നെ കാണ്മാൻ ഇനി ക്കിടയാകുമെന്നും തമ്പുരാൻ എന്നൊടു അ റിയിച്ചിട്ടുണ്ടായിരുന്നു, എങ്കിലും നിശ്ചയിക്ക പ്പെട്ടനേരം വരായ്കകൊണ്ടു ഇതിന്നുമുമ്പിൽ ഇടയായില്ല. ഇപ്പൊൾ ഞാൻ മിശിഹായൊ ടുചെരുന്നതിന്നുവെണ്ടി എൻെറ ശരീരത്തി ൻെറ ബന്ധനം പൊട്ടാറായിരിക്കകൊണ്ടു

എന്റെ ശരീരത്തെ അടക്കംചെയ്യുന്നതിന്നാ
യിട്ടു തമ്പുരാൻ നിന്നെ ഇവിടെ അയച്ചു,,
ഇതുകെട്ടതിനൊടെ ഇരുമഹാ ദൈവ ശ്ര
ശ്രൂഷി ഇരുവെഗത്തിൽ തന്നെ വിട്ടുപിരി
യുന്നല്ലൊ എന്നുള്ള ദുഃഖത്താൽ നെടുവീപ്പി
ട്ടുകരഞ്ഞു ഇരുവരും ഒന്നിച്ചു ംരം പരലൊ
കയാത്രയ്ക്കു പുറപ്പെട്ടുവാൻ ഇടയാകെണ
മെയെന്നു അപെക്ഷിച്ചു പ്രലാപിച്ചുതുട
ങ്ങി. അപ്പൊൾ ശ്ര: പൌലൊസ തന്റെ മ
രണനെരത്തിൽ ശ്ര: അന്തൊനിക്കുടെയിരു
ന്നാൽ ഏറെറം വലിയ ദുഃഖമാകുമെന്നു വി
ചാരിച്ചു "സഹൊദരനായ അന്തൊനിയെ!
അനിക്കുമല്ലെകിൽ നീപൊയി അത്തനാ
സിയൂസ മെത്രാൻ നിനക്കുതന്നിട്ടുള്ള ആ കാ
പ്പയെടുത്തുകൊണ്ടുവാ,, എന്നു പറഞ്ഞു. ഇ
തുവരെ യാതൊരുത്തരെയും കണ്ടിട്ടും അ
റിഞ്ഞിട്ടുമില്ലാത്ത ശ്ര: പൌലൊസ അത്തനാ
സിയൂസ എന്നും കാപ്പയെന്നും പറഞ്ഞതുകെ
ട്ടപ്പൊൾ ശ്ര: അന്തൊനീസ ംരം മഹാത്മാ
വിന്റെ ദിവ്യദർശനവരംകണ്ടു വിസ്മയിച്ചു
പറഞ്ഞതുപൊലെ കാപ്പ കൊണ്ടുവരുന്ന
തിന്നായി ദെഹക്ഷീണവും പ്രയാണദീർഘ

വും ഒന്നുംപ്രമാണിക്കാതെ ഓടി, തൊണ്ണൂറുവ
യസ്സുള്ള വൃദ്ധൻ ഒന്നരദിവസത്തെ യാത്രകൊ
ഴിച്ചു സ്വന്ത വാസസ്ഥലത്തിൽ എത്തി. ഇതു
കണ്ടു രണ്ടു ശിഷ്യർ പിതാവെ! എവിടെയാ
യിരുന്നു? എന്തു ഇത്ര ദുഃഖമായിരിക്കുന്നു?
എന്നു ചൊദിച്ചപ്പോൾ "ആ! ഞാൻ നിർഭാ
ഗ്യൻ! ഞാൻ വനവാസിയെന്നു നാമം ധരി
ച്ചിരിക്കുന്നവരെയുള്ളു. പട്ടാങ്ങയായ വനവാ
സിയെ ഞാൻകണ്ടു,, എന്നുപറഞ്ഞു കരഞ്ഞു
കൊണ്ടു യാതൊരു അന്നപാനവും അനുഭ
വിക്കാതെ കാപ്പുയുമെടുത്തു വീണ്ടും പുറപ്പെ
ട്ടു. വഴിയിലായിരിക്കയിൽ ഇതാ! ദൈവ
ദൂതന്മാരുടെയും, ദിവ്യദർശികളുടെയും, ശ്ലീഹ
ന്മാരുടെയും, മറനേക ശുദ്ധമാകപ്പെട്ടവരു
ടെയും മദ്ധ്യേ ശ്രീ: പൌലൊസ ബാവാ മ
ഹിമപ്രതാപത്തൊടെ പരലൊകത്തിലൊട്ടു
ള്ളരൊഹണംചെയ്യുന്നതുകണ്ടു! ആ ക്ഷണ
ത്തിൽ നിലത്തുവീണ "പൌലൊസെ! പൌ
ലൊസെ! എന്തു എന്നെ ഇട്ടെച്ചുപൊകു
ന്നു! താമസിച്ചെ ഞാൻ നിന്നെ അറിഞ്ഞൊ
ള്ളു, ഇത്രവെഗം നീ എന്നെ ഉപെക്ഷിക്കു
ന്നൊ?,, ഇപ്രകാരം പ്രലാപിച്ചു ചൊല്ലിയ

തിന്റെശേഷം കരഞ്ഞുകൊണ്ടു ശ്രീ: പൌ
ലൊസിന്റെ ഗൃഹത്തിൽവന്നുചേർന്നു. അപ്പോ
ൾ ശ്രീ: പൌലൊസ പരലൊകത്തിലൊട്ടു
കൈനീട്ടി അനക്കമില്ലാതെ മുട്ടിന്മേൽ നി
ല്ക്കുന്നതുകണ്ടു വിസ്മയിച്ചു ക്രൂടെ മുട്ടുകുത്തിനി
ന്നു. കുറെനെരം കഴിഞ്ഞു സൂക്ഷിച്ചപ്പോൾ മ
രിച്ചാണ നില്ക്കുന്നതെന്നുകണ്ടു ഏറവും അ
തിശയിച്ചു. അതിന്റെശേഷം നിലത്തിൽകി
ടത്തി കാപ്പുധരിപ്പിച്ചു. പക്ഷെ അടക്കംചെ
യ്യുന്നതിന്നു കുഴിയുമില്ല കുഴിപ്പാൻ ഒരു ക
രുവുമില്ല, എന്തുചെയ്യുവെന്നൊർത്തുനില്ക്കുയി
ൽ രണ്ടു വലിയ സിംഹങ്ങൾ വനത്തിൽനി
ന്നു ഓടിവന്നു ഒരു തിരുപ്രെതത്തിന്റെ കാ
ല്പാടുകൾ കിടന്ന മരിച്ചതുകൊണ്ടുള്ള ദു
ഃഖംകൊട്ടി കുറെനെരത്തെക്കു നിലവിളിച്ചു
അലറിയതിന്റെശേഷം സമീപെ തക്കതാ
യ ഒരു കുഴി അവയുടെ കൈകൊണ്ടുമാ
ന്തിയുണ്ടാക്കി. അതുകഴിച്ചിട്ടു ശ്രീ: അന്തൊനീ
സിന്റെ പാടത്തുകൽചെന്നു ചെവി താഴ്ത്തി
കയ്യും കാലും നക്കി. ഉടനെ ശ്രീ: അന്തൊനി
ഒരു ജന്തുക്കളൊടു പൊരുതുകൊള്ളുന്നതിന്നു
ആടയാളം കാണിക്കയും അവകൾ വന്നവ

ണ്ണംപൊകയുംചെയ്തു. ശ്രീ: അന്നൊനി രിരു പ്രേതത്തെ എടുത്തു പല നമസ്കാരങ്ങളും ചൊല്ലി അടക്കംചെയ്തതിന്റെശേഷം പെരിന്തലിന്റെ ഓലകൊണ്ടുണ്ടാക്കപ്പെട്ടതായിരുന്ന ശ്രീ: പൌലൊസിന്റെ ഉടുപ്പിനെ ഒരു മഹാ നിക്ഷേപംപൊലെ എടുത്തുകൊണ്ടു പിറെദിവസി പുലർകാലെസ്നാന വാസസ്ഥലത്തെക്കു പൊകയും ംരം തിരുവസ്ത്രത്തെ ആണ്ടുതൊറും പെസഹാ പെരുനാളിന്നുമാത്രം ധരിക്കയുംചെയ്തുവന്നു: ഒ! ദൈവ ശ്രുശ്രൂക്ഷയുടെ ഭാഗ്യമെ! ഒ! സാക്ഷാലുള്ള ജ്ഞാനമെ!

ംരം മഹാ വനവാസിയായ ശ്രീ: പൌലൊസിന്റെ തിരുശ്ശിഷ്യകളെ ആദ്യം ക്രീസ്തൂബ്ബും പരുണ്ടിൽ കൊൻസുന്തിനൊപ്പുരിയിൽ കൊണ്ടുവരികയും അവിടെനിന്നു ഏതാനും ഉൻഗരിയ ദെശത്തിൽ കൊണ്ടുപൊകയുംചെയ്തു. തല ഒമ്മ പുരിയിൽ കാക്കപ്പെട്ടുന്ന സകലവും ദൈവത്തെയും ദൈവത്തിന്റെ സത്യവെദത്തെയുംപ്രതി വിട്ടുപെക്ഷിച്ചുകൊണ്ടു ഭിക്ഷക്കാരും യാതൊരു മാനുക്ഷസഹായം ഇല്ലാത്തവരുമായി തീൻനാലും

ദൈവം തന്റെ പുത്രശ്രേഷ്ഠികളെ ഏതു മുന്ന ഹംനിറഞ്ഞ പിതാവിനെപ്പോലെ അന്നപാ നവും ദീർഘായുസ്സും സകല സന്തുഷ്ടിയും നൽ കി കാത്തുപാലിക്കുന്ന എന്നും ഒരും ചരിത്ര സം കേഷപത്തിൽ കണ്ടു ഗ്രഹിച്ചുകൊൾവിൻ.

ഒരും പുണ്യവാളന്റെ തിരുനാൾ മകരം ഛ-ാംന— തിരുസ്സഭയിൽ കൊണ്ടാടപ്പെടുന്നു.

തിരു ചരിത്ര മഞ്ജരി

നാലാം കുസുമം

കന്യകയായ ക്ലാരപുണ്യവാളത്തിയുടെ സംക്ഷേപ ചരിത്രം.

അസ്സീസ്സിയിലെ ശ്രീ: ഫ്രാൻസീസ്സിന്റെ ജന്മനാട്ടുകാരത്തിയും ജ്ഞാന പുത്രിയുമായ ശ്രീ: ക്ലാര ഇത്താല്യ രാജ്യത്തിലെ അസീസി എന്ന പട്ടണത്തിൽ പിറന്നു. ബഹു ഭക്തിയുള്ളവളായിരുന്ന ഒരു പുണ്യവാളത്തിയുടെ തള്ള ഇവരെ ഉദരത്തിൽ ധരിച്ചിരിക്കയിൽ ഒരുദിവസം പള്ളിയിൽ തൂങ്ങപ്പെട്ട സ ക്രൂശത്തിൻ മുമ്പാകെ മുട്ടിന്മേൽനിന്നു പ്രസവയൊഗ്യത്തിൽനിന്നു തന്നെ കാത്തു രക്ഷിക്കേണമെയെന്നു പ്രാർത്ഥിച്ചപ്പോൾ "സ്ത്രീയെ! നീ ഭയപ്പെടെണ്ട നീ യൊഗ്യമെന്നെ ഒരു ശൊഭയെ പ്രസവിക്കും ആയതു ലൊകത്തെ ഏറെമായി പ്രകാശിപ്പിക്കും" എന്നൊരു ദൈവീക അരുളപ്പാടുണ്ടായി. ഈ പ്രകാരംതന്നെ യൊഗ്യമൊന്നുംകൂടാതെ ഒരു

പുണ്യവതിയെ പ്രസവിക്കയും ജ്ഞാനസ്നാനത്തിൽവെച്ചു "ശൊഭയുള്ളവൾ" എന്നർത്ഥമായ "ക്ലാര" എന്ന നാമം വിളിക്കയുംചെയ്തു. പിറക്കും മുമ്പെ ഉണ്ടായ ദൈവീക അരുളപ്പാടിനു തക്കവണ്ണം ഓരം പൈതൽ ബുദ്ധിവെച്ച നാൾമുതൽ ദൈവഭക്തിയും, കന്യാത്വത്തിന്മേൽ അത്യന്ത താല്പര്യവും, ദരിദ്രരുടെ നേരെ വിശെഷ അനുഗ്രഹവും, കടും തപസ്സും ഇവരിൽ ശൊഭിച്ചു. വീട്ടിൽ ദിനംപ്രതി നമസ്കാരത്തിനു ഏറെനേരം ചിലവഴിച്ചിരുന്നു. വീട്ടിൽ ഉണ്ടായിരുന്ന ധനത്തിനു തക്കവണ്ണം പൈതൽ പ്രായത്തിൽതന്നെ പല ഭിക്ഷക്കാർക്കു യാവനയും പണവും കൊടുത്തു സഹായിച്ചുവന്നു. കാരണവന്മാരും സംബന്ധക്കാരും വിവാഹം ചെയ്യിപ്പാൻ വളരെ നിർബന്ധിച്ചിട്ടും ഒരിക്കലും സമ്മതിച്ചിട്ടില്ല. ഉടുപ്പിലും നടപ്പിലും വീട്ടിന്റെ അവസ്ഥയ്ക്കു തക്കവണ്ണമുള്ള വിശെഷതയെ പുറമെ കാണിച്ചിരുന്നെങ്കിലും ഉള്ളെ മുള്ളരഞ്ഞാണം തപസ്സുചട്ടമുതലായവ ധരിച്ചുകൊണ്ടു ഉടവായ ദെഹത്തെ പീഡിപ്പിച്ചിരുന്നു. ലൊകത്തെ പ്രകാശിപ്പിക്കുന്ന നക്ഷത്രമായിട്ടു ദൈവം ഇ

വരെ ഉദിപ്പിച്ചതുകൊണ്ടു ഒരു പുണ്യവതി
യുടെ ശൊഭയെ ഏതൊരാമസമില്ലാതെ എ
ല്ലാവരും കണ്ടുതുടങ്ങി. ഇങ്ങനെയുള്ള ഉത്ത
മശൊഭ മുഖാന്തിരം ശ്രീ: പ്രംസീന്നെക്കൊസ
പുണ്യവാൻ ഇവരെ കാണ്മാൻ ആഗ്രഹിച്ചി
രിക്കയും, ശ്രീ: പ്രംസീന്നെക്കൊസിന്റെ ശ്രുതികെ
ട്ടുകാര പുണ്യവാളത്തി ഒരു മഹാരമാവിനെ
കാണ്മാൻ ഇച്ഛിക്കയും തമ്മിൽ കാണ്മാൻ സംഗ
തിവരികയുംചെയ്തു. കണ്ട ഉടനെ പുണ്യവാ
ളത്തിക്ക ശ്രീ: പ്രംസീന്നെക്കൊസ പുണ്യവാള
ന്റെ സുകൃത ജീവിതത്തെ അനുസരിക്കണ
മെന്നാഗ്രഹമായതുപൊലെതന്നെ ശ്രീ: പ്രം
സീന്നെക്കൊസിനും ഒരു പുണ്യവതിയെ ഒരു
പുതുതന ദൈവീക ഭവനത്തിന്റെ അടിസ്ഥാ
നമായി സ്ഥാപിക്കെണമെന്നും താല്പര്യമാ
യി. കുറെനാളിന്നകത്തു പല പ്രാവശ്യം ത
മ്മിൽകണ്ടു കാര്യമൊക്കെയും പറഞ്ഞു നിശ്ച
യിച്ചു ഒരു ശൊനഞായറാഴ്ച കഴിഞ്ഞ ആ
രാത്രിയിൽ തന്നെ മുമ്പുക്കുട്ടി നിശ്ചയിച്ചിരു
ന്നതുപൊലെ തക്ക തുണയൊടുക്കുടെ പൊ
സ്ത്തുങ്കള എന്ന ദൈവമാതാവിന്റെ ദൈവാല
യത്തിൽ ഓടിച്ചെല്ലുകയും അവിടെ അങ്ങു

കായംപ്രംസിന്റെ പുണ്യവാളനും മറ്റുസന്യാസികളും ഒരു പുണ്യവതിയെ മഹാ സന്തോഷത്തോടെ കൈക്കൊണ്ടു ആ ദേവാലയത്തിൽ ദേവമാതാവിന്റെ പീഠത്തിൻ മുമ്പാകെവെച്ചുതന്നെ കന്യാസ്ത്രീകൾക്കുള്ള വസ്ത്രവും ധരിപ്പിച്ചു മറ്റൊരു ദേവാലയത്തിൽ താമസിപ്പിച്ചു. ഇതു അറിഞ്ഞ ഉടനെ കാരണവന്മാരും ശേഷം സംബന്ധികളും ഒരു ശ്രുഭ്രമാകപ്പെട്ട പ്രതിജ്ഞയിൽനിന്ന ഇവരെ മാറി വീട്ടിൽ കൊണ്ടുപൊകുന്നതിന്നുവെണ്ടി വശമായ പ്രയത്നമൊക്കെയും കഴിച്ചെങ്കിലും ഒരു പുണ്യ പൈതലിന്റെ മനസ്സിനെ ഇളക്കുവാനും സമ്മതിപ്പിപ്പാനും കഴിഞ്ഞില്ല. സംബന്ധക്കാരുടെ ഒരു യുദ്ധം കഴിഞ്ഞതിന്റെശേഷം ദമിയാന്യസ പുണ്യവാളന്റെ ദേവാലയത്തിൽചെന്നു; അവിടെ കന്യാസ്ത്രി ആശ്രമത്തിന്റെ അടിസ്ഥാനമായി നിശ്ചയിച്ചു അവിടെ വാസവും ഉറപ്പിച്ചു. ഇപ്രകാരം ശ്രു: ക്കാര ഒരു നൂതന കന്യകമഠത്തിന്റെ കൊടിനാട്ടിയതുകണ്ട ഉടനെ രാജ്യമൊക്കയിലും ഒരു ശ്രുതിപരന്ന അനെകർ ഇവരെ പിഞ്ചെല്ലുകയും പല സ്ഥലങ്ങ

ളിലും വലിയ കന്യകമഠങ്ങൾ സ്ഥാപിക്കപ്പെ
ടുകയും ചെയ്യുന്നതുകൂടാതെ കന്യകകളായി മ
ഠത്തിൽ കൂടുവാൻ പാടില്ലാഞ്ഞവർ ഇവരു
ടെ ഉത്തമ ദൃഷ്ടാന്തത്തിന്നനുസരണവണ്ണം വീടുക
ളിൽതന്നെ സുകൃതജീവിതംകഴിപ്പാൻ ആരം
ഭിക്കയുംചെയ്തു. ശ്രീ: ക്ലാരയുടെ ദൃഷ്ടാന്തം ആശ്ര
മത്തിൽ അനുസരിപ്പാൻ തുടങ്ങിയ ജീവിത
മുറകളിൽ ഏറ്റവും അത്ഭുതമായ്തീർന്ന പുണ്യ
വാളത്തിയുടെ കന്യകമഠങ്ങൾക്കു നിത്യ ഉപ
ജീവനത്തിന്നു വെണ്ടുന്നതു ധർമ്മമായി ഇര
ന്നുവാങ്ങി കഴിക്കയല്ലാതെ മഠത്തിന്നു തന
തായി യാതൊരു വസ്തുവും ഒരു നാളും ഉ
ണ്ടാകയില്ല എന്നീ കഠിനവ്രതമായിരിക്കുന്നു.
ഒരു പുണ്യവതിയെ പിതാവിനെപ്പൊലെ
സ്നേഹിച്ചിരുന്ന ഒമ്പതാം ഗ്രെഗൊരിയൂസ എ
ന്ന ശ്രേഷ്ഠ: മാപ്പാപ്പാ ഒരു പ്രതത്തിന്റെ കഠി
നതകണ്ടു ഇങ്ങനെ നടന്നാൽ പലപ്പൊഴും
ധർമ്മംകിട്ടാതെ കന്യാസ്ത്രീകൾ പശിയാൽ മ
രിപ്പാൻ ഇടവന്നെക്കുമെന്നുകണ്ടു വാഴ്ച അ
ല്പ വസ്തുവെങ്കിലും മഠത്തിന്നു സ്വന്തമായിട്ടു
ണ്ടായിരിക്കെണമെന്നു ഗ്രഹിച്ചുകൊണ്ടു
പുണ്യവാളത്തി പരിച്ഛേദം സമ്മതിക്കാത്ത

തുകണ്ടു ചെയ്യിരിക്കുന്ന പുതത്തെക്കുറിച്ചാണു ഭയപ്പെടുന്നതെങ്കിൽ അതു നാം അഴിച്ചിരിക്കുന്നു എന്നുപറഞ്ഞപ്പോൾ "പരിശുദ്ധപിതാവെ! ഔംശൊമിശിഹായൊടു എന്നെചെയ്തുകെട്ടുന്ന കെട്ടു അഴിക്കേണമെന്നു ഒരിക്കലും ഇനിക്കു ആഗ്രഹമില്ല" എന്നരുളിച്ചെയ്തു. ദിവസന്തൊറും നിശ്ചയിക്കപ്പെട്ട സഹായക്കാർ വിടുതൊറുംനടന്നു ഇരന്നു കൊണ്ടുവരുന്ന യാവനകൊണ്ടു ഭക്ഷണം കഴിച്ചിരുന്നു.

ഒരിക്കൽ ഭക്ഷണസമയമായപ്പോൾ ഒരുഅപ്പം മാത്രമെ യാവനയ്ക്കു ഉണ്ടായിരുന്നൊള്ളൂ. തിന്നുന്നതിനു അമ്പതു കന്യാസ്ത്രീകളും പലസന്ന്യാസികളും ഉണ്ടായിരുന്നു. പുണ്യവാളത്തി വിളംബുകാരത്തിയെവിളിച്ചു ആ ഏകഅപ്പത്തെ രണ്ടായിട്ടു വിഭാഗിച്ചു പാതി സന്ന്യാസിൽക്കു കൊടുത്തയപ്പാനും ശെഷിപ്പുള്ളതു അമ്പതായി കണ്ടിച്ചു കന്യാസ്ത്രീകൾക്കു എല്ലാവക്കും കൊടുപ്പാനും കല്പിച്ചു. വിളംബുകാരത്തി ഇതുകെട്ടു "അമ്മെ ഔംശൊമിശിഹാചെയ്തുപൊലെയുള്ള അത്ഭുതം ചെയ്വുമെങ്കിലെ ഇതു സാധിക്കയുള്ളൂ" എന്നുപറഞ്ഞതിനു "പെടിക്കെണ്ട മകളെ! പറഞ്ഞതുപൊ

ലെ ചെയ്യുന്നു എന്നു കല്പിച്ചുകൊണ്ടു പുണ്യാ
ഹത്തിനു ദൈവത്തോടു പ്രാർത്ഥിപ്പാൻപൊ
യി. വിളമ്പുകാരത്തി ആ പാതി അപ്പംകൊ
ണ്ടിച്ചു വിളമ്പിയാറെ അമ്പതുപെക്കും സു
ഖമൂണ്ണുമായി തിന്മാൻമാത്രം ഉണ്ടാകയുംചെ
യ്തു. ഒരുദിവസത്തിൽ ആവശ്യത്തിന്നു എണ്ണ
തെല്ലും ഇല്ലാതെ ആയി. അപ്പോൾ ശു: ക്കാ
ര എണ്ണയിരുന്ന പാത്രം എടുത്തുകഴുകി ഒരി
ടത്തിൽവെച്ചു കുറെനേരം കഴിഞ്ഞു ആ പാ
ത്രത്തിൽ എണ്ണവാങ്ങിക്കുന്നതിന്നായി എടു
ത്തുനൊക്കിയപ്പോൾ അതുനിറെച്ചു എണ്ണയു
ണ്ടായിരുന്നു.

കുതിരയുടെ ശക്തിയുള്ള രൊമംകൊണ്ടു
നെയ്തുണ്ടാക്കിയതും ദേഹത്തെ കുത്തി മുറിപ്പാ
ൻതക്കവണ്ണം ഉൾഭാഗത്തോടു മുള്ളുകൾപൊ
ലെ നിണ്ടുനിൽക്കുന്നതുമായ രൊമ ചട്ടകളെ
സാധാരെണ എപ്പോഴും ധരിച്ചിരുന്നു. സാ
മാന്യമായി ദിവസത്തിൽ ഒരുനേരം മാത്രമെ
അല്പയാവനയെഅനുഭവിച്ചിരുന്നൊള്ളു. ആ
ണ്ടിൽ രണ്ടുപ്രാവശ്യം അമ്പതുനൊയമ്പായി
കഴിക്കയും ഓരോ രണ്ടു നൊയമ്പുകാലങ്ങളി
ലും ആഴ്ചയിൽ ഇടയിട്ടു നാലുദിവസം യാ

തൊന്നും അനുഭവിക്കാതെ ഉപവാസമായി കഴിക്കയും ചെയ്തിരുന്നു. എങ്കിലും ആ മാത്തിലുള്ള വെലകളെല്ലാംകൊയ്കയുംചെയ്കയും ശെഷം പെക്കു വെലകളിൽ സഹായിക്കയും രാവു ഏറിയക്കുറും ഉറക്കൊഴിഞ്ഞിരുന്നു നമസ്കരിക്കയുംചെയ്തുവന്നു. ഒരും കഠിനതപസ്സുകൊണ്ടു വെഗത്തിൽ മരിപ്പാനിടയാകുമെന്നു തൊന്നിയതുകൊണ്ടു ശ്രീ: അങ്ങുകായം പ്രംസീന്നെക്കാനാ പുണ്യവാളനും പട്ടണത്തിലെ മെത്രാനും ഒരു ദിവസവും ഒട്ടും യാവന അനുഭവിക്കാതിരുന്നക്കൂടാ എന്നുകല്പിച്ചു. നമസ്കരിക്കുമ്പൊൾ രെംശൊമിശിഹായുടെ തൃപ്പാദത്തുകൽനിന്നു ആ പാദങ്ങളെ മുത്തുന്നതുപൊലെ ഇടവിടാതെ കണ്ണുനീരൊഴുക്കുകയും നിലത്തുമുത്തുകയുംചെയ്തിരുന്നു. ഒരിക്കൽ ഇങ്ങനെ കരുകയിൽ പിശാച ഒരു കറുത്ത കൊച്ചിന്റെ ഭാക്ഷയിൽ അടുക്കൽവന്നു "നീ ഇരുകരുയെണ്ടു. അല്ലെകിൽ കുരുടിയായി പൊകും" എന്നുപറഞ്ഞതിനു "ദൈവത്തെ കാണുന്നവക്കു കുരുടതപമില്ല" എന്നു ശ്രുഭമാകപ്പെട്ടവർ ഉത്തരമുറകെട്ടു ആ ദുഷ്ടൻ ഓടിപ്പൊയി. അന്നുതന്നെ രാത്രിയിൽ പുണ്യവാളത്തി

അധികമായി കരഞ്ഞിരിക്കുമ്പോൾ പിശാചു കാണപ്പെട്ടു "നീ ഇത്ര അധികം കരഞ്ഞാൽ തലച്ചോറിളകി പീനസമായി മൂക്കുംപൊകും അധികം കരയെണ്ട" എന്നുപറഞ്ഞു. അപ്പോൾ പുണ്യവാളത്തി "ദൈവത്തിന്നു ശുശ്രൂഷ ചെയ്യുന്നവക്കു യാതൊരു പീഡയും സാരമുള്ളതല്ല" എന്നുത്തരിച്ചപ്പോൾ ആ ഭ്രതം ലജ്ജിച്ചു മറയപ്പെട്ടുപൊയി. ആവശ്യമായിരുന്നതൊക്കെയും അപെക്ഷകൊണ്ടു സാധിച്ചിരുന്നു; നമസ്കാരം കഴിഞ്ഞുവരുമ്പൊളൊക്കെയും ഹൃദയവും മുഖവും ദൈവസ്നേഹത്താൽ എരിഞ്ഞു ഉള്ളിലടക്കാവതല്ലാത്ത ആനന്ദം അനുഭവിക്കുന്നതുപൊലെ തൊന്നിയിരുന്നു. ക്രിസ്ത്യാന നാമംക്രുടെയും ലൊകത്തിൽ ഇല്ലാതെ ആക്കെണമെന്നകരുതി പ്രയത്നിച്ചുവന്ന നിഷ്ഠുരരായ സംച്ചെന്ത്രുക്കാർ അസ്സീസ എന്ന പട്ടണത്തെ പിടിച്ചു ഒരൊ പുണ്യവരിയുടെ മഠംക്രുടെയും നിർമ്മൂലമാക്കുവാൻ തക്കവണ്ണം ശത്രുക്കൾ പട്ടണത്തിന്നെറ കൊട്ടയിൽ പ്രവെശിച്ചുതുടങ്ങിയപ്പൊൾ ജനങ്ങളൊക്കയൊടുംക്രുടെ കന്യാസ്ത്രീകളും ഭയപ്പട്ടുവിറെച്ചു നിലവിളിച്ചുതുടങ്ങി. ദിനമായികി

ടന്നിരുന്ന ശ്ര: ക്കാര ഇതൊന്നുകൊണ്ടും ഇള കാതെ തന്നെ കൊട്ടവാതുക്കൽ ക്രുട്ടിക്കൊണ്ടു പൊകെണമെന്നും അവിടെ ശ്ര: കുമ്പാന എഴുന്നെള്ളിച്ചു കൊണ്ടുവരെണമെന്നും അ പെക്ഷിക്കയും അപ്രകാരം ദിവ്യരക്ഷകനെ എഴുന്നരുള്ളിച്ചുകൊണ്ടുവന്നപ്പൊൾ കന്യാസ്ത്രി കളും ശ്ര: ക്കാരയും ൟ ദിവ്യപിതാവിന്റെ മുമ്പാകെ സാഷ്ടാംഗമായിവീണു "കർത്താവെ! ഒന്നിനും വശമില്ലാത്ത ൟ നിന്റെ അടി യാട്ടികളെ.... ശത്രുക്കൾക്കു നീ കയ്യാളിക്ക ല്ലെ! കർത്താവെ നീ ഞങ്ങളെ ആദരിക്കെ ണമെ!" എന്ന അപെക്ഷിച്ചപ്പൊൾ "ഞാൻ എപ്പൊഴും നിങ്ങളെ കാത്തുകൊള്ളും" എ ന്ന ദിവ്യസ്വരം കെൾക്കപ്പെട്ടു. അപ്പൊൾ വീണ്ടും പുണ്യവാളത്തി "കർത്താവെ ൟ പ ട്ടണത്തെക്രുടെയും കാത്തുരക്ഷിപ്പാൻ തിരുമ നസ്സാകെണമെ" എന്ന അപെക്ഷിച്ചതിന്നു "ഞെരുക്കങ്ങളെ സഹിക്കും എങ്കിലും എ ന്റെ കൃപയാൽ ആദരിക്കപ്പെട്ടും" എന്നരു ളി വ്യരക്ഷനാഥൻ അരുളിചെയ്തു. ഉടനെ പു ണ്യവാളത്തി ൟ ദിവ്യവാഗ്ദത്തത്തെ തന്റെ മക്കളൊടു അറിയിച്ചു അവരെ ആശ്വസി

പ്പിച്ചുവെങ്കിലും മരണംവരെ ആരൊട്ടും അ
റിയിക്കരുതെന്നു കല്പിക്കയുംചെയ്തു.

ഇപ്രകാരംതന്നെ മറെറാരിക്കൽ ശത്രുക്ക
ൾ കൊട്ടയെ പിടിപ്പാൻ വളഞ്ഞിരിക്കയിൽ
പുണ്യവാളത്തി തൻെറ മക്കളൊട്ടുക്കുടെ അ
പേക്ഷതുടങ്ങി അന്നുരാത്രിതന്നെ ശത്രുക്കൾ
ഒക്കയും ചിതറിപ്പോകയും അവരിൽ അനെ
കർ കൊല്ലപ്പെട്ടുകയുംചെയ്തു. ശ്ര: ക്ലാര ക
ന്ന്യാസ്ത്രീയായി ക്രൂടീട്ടു പതിനാറുദിവസം ക
ഴിഞ്ഞപ്പോൾ ആഞ്ഞെനാ എന്നപേരായ ഒ
രു സഹൊദിക്കുടെയും വീടുവിട്ടു ഓടി ഒളി
ച്ചു ശ്ര: ക്ലാരയെപ്പൊലെ കന്യകയായി സ
ർവ്വേശ്വരനു ശുശ്രൂഷ ചെയ്യുന്നതിന്നായിട്ടു
രാം പുണ്യവതിയൊടുചെന്നു. സംബന്ധക്കാ
ർ ഇതറിഞ്ഞപ്പോൾ സഹിക്കരുതാത്ത മനൊ
ഭണ്ഡത്തൊടും കൊപത്തൊടുംക്രുടെ പിറെ
ദിവസി പന്ത്രണ്ടുപെർ ഇവരുടെ അടുക്കൽ
വന്ന ആഞ്ഞെസിനെകണ്ട ഉടനെ ആട്ടും
സാധുഭാവത്തൊടെ തങ്ങളൊടൊന്നിച്ചു പി
ട്ടിലൊട്ടുപൊകുന്നതിന്നു കല്പിക്കയും അതു
കെൽക്കായ്കകാരണത്താൽ കൊപവെറിയൊ
ടെ പിടിച്ചുവലിച്ചു നിലത്തുവീഴിച്ചു ഇടിച്ചു

പ്രേരമായാലും വിട്ടിൽകൊണ്ടുപൊയെ സമ്മതിക്കു, എന്നപറഞ്ഞ വലിച്ചുകൊണ്ടുപൊകുവാൻ തുടങ്ങി. ആ പാപപ്പെട്ടവൾ ഉടനെ എന്റെ സഹൊദരിയായ ക്രിസ്തുവിനെ എന്നെ രക്ഷിക്കെണമെ! ഒരുശൊമിശിഹായിൽനിന്നു എന്നെ അകറ്റുവാൻ സമ്മതിക്കല്ലെയെന്നു നിലവിളിച്ചു. അപ്പൊൾ ശ്ലൂ: ക്രിസ്തുവിന്റെ ശത്രുവിന്റെ തിരു സന്നിധിയിൽ സാഷ്ടാംഗമായിവീണ അപെക്ഷിപ്പാൻതുടങ്ങി. ഇതാ രക്ഷ ടുരിയിൽ കന്യകയായ അഞ്ഞെസിന്നു ഒരു പന്ത്രണ്ടുപെരുടെയും ഇവരൊടുകൂടിയ മറനെകംപെരുടെയും ശക്തിയൊക്കെക്കൊണ്ടും ഒരടിപൊലും മുന്നൊട്ടുനടത്തുവാൻ വഹിയാത്ത ശക്തിയും പൊക്കുവാൻമെലാത്ത ഭാരവുമുണ്ടായി അ 'നിന്ന സ്ഥലത്തുതന്നെ ഇളകാതെ നിന്നു. ഇതുകണ്ടാറെ അവരിൽ ഒരുത്തൻ കൊപത്തൊടെ ഇവരെ അടിപ്പാൻ കയ്യൊങ്ങിയപ്പൊൾ ആ കൈക്കു സഹിക്കരുതാത്ത നൊമ്പരം ഭവിച്ചു അനക്കുവാന്മെലാതെയായി. ഇപ്രകാരം ശ്ലൂ: ക്രിസ്തുവിന്റെ അപെക്ഷയാൽ ദൈവം അനുജ്ഞത്തിയെ കാത്തുരക്ഷിച്ചു. പിശാചുക്കളാൽ ബാധിക്ക

പ്പെട്ട ചിലരുടെ ദേഹത്തിൽനിന്നു ആവക
ളെ ഒഴിച്ചിരുന്നപ്പോൾ ക്ലാരയുടെ ജപം
ഞങ്ങളെ കത്തിക്കുന്നു ംരം ദേഹത്തിൽനിന്നു
ഞങ്ങളെ തള്ളി ഓടിക്കുന്നു, എന്ന നിലവി
ളിച്ചിരുന്നു.

ഒരിക്കൽ കർത്താവിന്റെ പിറവിയുടെരാ
ത്രിയിൽ എല്ലാവരും പള്ളിയിൽപോയി മ
ഹാ ഘോഷത്തോടെ ദൈവത്തെ പാടി സ്തു
തിച്ചിരുന്ന നേരത്തിൽ ശ്ലൂഖ: ക്ലാര ദീന
ക്കാരത്തിയായി കട്ടിലിന്മേൽ കിടന്നിരുന്ന
ആ കിടപ്പിൽത്തന്നെ "കർത്താവെ! നിന്റെ
പ്രിയപ്പെട്ട മക്കളൊട്ടുക്കുടെ നിന്നെ പാടി
സ്തുതിപ്പാൻ ഇനിക്കു പാടില്ലാതെ ഞാൻ ത
നിയെ ഇരിക്കുന്നുവല്ലൊ,, എന്ന നെടുവീ
ർപ്പിട്ടുകൊണ്ടു ചൊല്ലി. അപ്പോൾതന്നെ ശെ
ഷാപെർ പള്ളിയിൽ കഴിച്ചിരുന്ന പാട്ടും ന
മസ്കാരങ്ങളും ക്രൂടെ നില്ക്കുന്നതുപൊലെ
കെൾപ്പാൻ ഇടയായതുമാത്രമല്ല ഉണ്ണി ംരം
ശൊ പിറന്നു കിടക്കുന്ന പുൽക്കൂട്ടുക്കുടെ
കാണ്മാൻ ഭാഗ്യം ലഭിച്ചു. കർത്താവിന്റെ പ
ക്കൽപ്പാട്ടിന്മെലും മറ്റു ദിവ്യരഹസ്യങ്ങളിന്മെ
ലുമുള്ള ധ്യാനമായിരുന്നു അനുദിന യാവസ്ഥ.

ഒരിക്കൽ ദുഃഖവ്യാഴാഴ്ച ആസന്നമാനത്തൊടെ കർത്താവിന്റെ പീഡാനുഭവങ്ങളെ ഓർത്ത് സ്നേഹവും വ്യാകുലവും നിറഞ്ഞ കരഞ്ഞുകൊണ്ടു ധ്യാനിച്ചുതുടങ്ങിയതിനൊടെ ബോധം മുഴുവനും സ്നേഹമയക്കത്തിൽ മുഴുകി ശനിയാഴ്ച രാവായതുവരെ യാതൊരു ഇന്ദ്രിയസ്പർശനമില്ലാതെ പരവശമായിരുന്നു. ശനിയാഴ്ചരാത്രിയിലും ആ പരവശസ്ഥിതിയിൽ തന്നെ ഇരുന്നതുകണ്ട ഒരു കന്യാസ്ത്രീ തിരിയും കത്തിച്ചു അടുക്കൽചെന്ന യാവന ഒട്ടുംതന്നെ രസിക്കാതെ യാതൊരു ദിവസവും കഴിച്ചുകൂട്ടായെന്നുള്ള പ്രാൻസീസ്കൊസു പുണ്യവാളന്റെ കല്പനയെ ഓർപ്പിക്കുന്നതിനു ഒരു ആടയാളമാത്രം കാണിച്ചു. ആ ക്ഷണത്തിൽതന്നെ കിഴക്കക്കത്തിന്റെ മകളായ ശ്രീ: ക്ലാര പരലൊകത്തിൽ നിന്നിറങ്ങിയതുപൊലെ എന്തൊ തിരി കത്തിച്ചിരിക്കുന്നു? ഇപ്പൊൾ പകലല്ലെയൊ? എന്നു ചൊദിച്ചു. "അല്ല അമ്മെ ഒരു രാവും രണ്ടു പകലും കഴിഞ്ഞു ഇപ്പൊൾ രണ്ടാമത്തെ രാത്രിയാണു,, എന്നു ആകന്യാസ്ത്രീ ഉത്തരിച്ചപ്പൊൾ "ഒ! ഭാഗ്യപ്പെട്ട ഇറക്കം എന്നാൽ മരിക്കുന്നതുവരെ

ആരൊടും മിണ്ടല്ലെ,, എന്നു പറഞ്ഞു. ഒരു ശൊമിശിഹായുടെ കുരിശിനെ അത്യന്ത ഭക്തിയൊടെ സ്നെഹിച്ചിരുന്നതുകൊണ്ടു ഒരു ശ്ലൂഹ: കുരിശു വഴിയായി അനെക അത്ഭുതങ്ങളെ ചെയ്യുന്നതിന്നു ദൈവം വരം കൊടുത്തിരുന്നു. ക്ഷമ, പനി, നെഞ്ചുനൊമ്പരം, മഹൊദരം മുതലായ പലവക ദീനങ്ങൾ കൊണ്ടു മരിപ്പാറായിരുന്ന ഒരു കന്യാസ്ത്രീയുടെമെൽ കൈകൊണ്ടു കുരിശു വരെച്ചു അപ്പൊൾതന്നെ സുഖമായി. രണ്ടു വഷ്ത്തൊളം സംസാരിപ്പാൻമെലാതെയിരുന്ന ഒരുത്തിയുടെമെൽ കുരിശുവരെച്ചു. അപ്പൊൾതന്നെ സംസാരിപ്പാൻ പാടാകയുംചെയ്തു.

ഒരു പുണ്യവാളത്തിയുടെ ആശ്രമത്തിൽ പല കന്യാസ്ത്രികൾ ദീനമായി കിടന്നിരുന്ന ഒരു ദിവസം ശ്ലൂഹ്മാകപ്പെട്ടവൾ ദിനക്കാരത്തികളുടെ മുറിയിൽചെന്ന അഞ്ചുപെരുടെമെൽ ത്രൈവനാമത്തിൽ കുരിശുവരെച്ചുടനെ അവരഞ്ചുപെരും സുഖമായെഴുന്നെറ്റു. കന്യാസ്ത്രികളൊടു എപ്പൊഴും ഉപദെശിച്ചുവന്നതു ദൈവവും ദൈവ സംബന്ധമായകാര്യങ്ങളുമല്ലാതെ മറെറാന്നും പൊധത്തിൽ

ഒരിക്കലും ഉണ്ടാകരുതെന്നും ശരീരംകൊണ്ടു ലൊകകാര്യങ്ങളെ നടത്തുകയും വെലയെടുക്കയുംചെയ്യുമ്പൊൾ ആത്മാവുകൊണ്ടു പരലൊകത്തിൽ ആയിരിക്കെണമെന്നും ശരീരസംബന്ധമായ കാര്യങ്ങളെല്ലാം ബൊധന്യായത്തിന്നു തക്കവണ്ണം ക്രമപ്പെടുത്തണമെന്നുമായിരുന്നു. കന്യാസ്ത്രീകളൊകയുടെയും ആത്മശരീര കാര്യങ്ങളെ രാപകൽ അത്യന്ത ശ്രദ്ധാനിധിയൊടെ വിചാരിച്ചു നടത്തുകയും എല്ലാകാര്യങ്ങളിലും കന്യാസ്ത്രീകൾ അനുസരിച്ചു നടക്കെണ്ടുന്ന പ്രമാണം തന്നെറ ജീവിതമാകുവാൻ തക്കവണ്ണം സകല കാര്യങ്ങളിലും സാംഗൊപാംഗമായി മുൻ നടക്കയുംചെയ്തിരുന്നു.

ഇപ്രകാരം പരാക്രമമായ പുണ്യജീവിതവും അത്ഭുത വരങ്ങളും ദീപ്തദർശന ശക്തികളുംകൊണ്ടു പട്ടാങ്ങയായിട്ടു ഭൂലൊകത്തെ ശൊഭിപ്പിക്കുന്ന ദിപംപൊലെ നാല്പത്തു വൎഷത്തൊളം ജീവിച്ചതിന്നെറശെഷം നിത്യ സമ്മാനത്തിന്നുള്ള നെരം സമീപിച്ചുവരുന്നു എന്നുള്ളഭാവം കണ്ടുതുടങ്ങി. നിത്യമായി സഹിച്ചിരുന്ന ദീനം അസാമാന്യ വിധ

ത്തിൽ വർദ്ധിച്ചു. ദേഹശക്തി പരിക്ഷീണം
കലയിച്ചു മരണത്തിന്നടുത്തു എന്നു തോന്നി
യിരുന്നു. അപ്പോൾ ശ്രീ: ബൈനദിക്രൂസ പു
ണ്യവാളന്റെ കന്യാസ്ത്രീമഠത്തിൽ ഉണ്ടായി
രുന്ന കന്യാസ്ത്രീകളിൽ ഒരുത്തിക്കു അവർ ദി
നകാരത്തിയായ ശ്രീ: ക്ലാരയുടെ അടുക്കൽ
നിൽക്കുന്നവെന്നും ഒരു പുണ്യവാളത്തിയുടെ
ജ്ഞാനമക്കളായ കന്യാസ്ത്രീകൾ തങ്ങളുടെ
പുണ്യഅമ്മ മരിപ്പാറായിരിക്കുന്നതിനാൽ സ
ഹിക്കാവരുത്താത്ത പ്രകാരത്തിൽ ദുഃഖിച്ചു കര
യുന്നവെന്നും അപ്പോൾ ഒരു സുന്ദര കന്യ
ക അവരെനൊക്കി "കുഞ്ഞുമക്കളെ! കര
യെണ്ട കർത്താവു തന്റെ ശിഷ്യരൊടുകൂടെ
വരുന്നതുവരെ മരിക്കയില്ല" എന്നു പറയു
ന്നെന്നും ഒരു സ്വപ്നമുണ്ടായി. ഒരു ദൈവീ
ക വെളിപാടിനതക്കവണ്ണം ഏറെ രാമസി
യാതെ രാം ഇന്നൊചെന്റ്സ പാപ്പാ ക
ർദ്ദിനാൽമാരൊടൊരുമിച്ചു പെരുസ്യാ എ
ന്ന പട്ടണത്തിൽവന്നു. അവിടെനിന്നു ശ്രേഷ്ഠ:
ക്ലാരയുടെ പിതാവും രക്ഷകനും സ്നേഹിത
നുമെന്നപൊലെ ആയിരുന്ന ഓസ്കിയെന്റീ
സ കർദ്ദിനാൾ ഒട്ടും രാമസിക്കാതെ പുണ്യവാ

ത്തിയുടെ മഠത്തിൽ വന്നുകണ്ടു അവരെ
ആശ്വസിച്ചു ബഹുദ്രവ്യങ്ങൾനൽകിയതിന്റെശേ
ഷം ശുദ്ധമാകപ്പെട്ടവൾ അപേക്ഷിച്ച ഏക
ദ്രവ്യകാരം "പിതാവെ അങ്ങുന്നു എന്നെയും
എന്റെ സഹോദരികളുടെയും കാഴ്ച്ച മുഴു
വനും ഏറ്റു ഞങ്ങൾക്കു യാതൊരുമുല്ല വ
സ്തുപൊലും സ്വന്തമായിട്ടുണ്ടാകാതെ നിത്യ
പൂർണ്ണ അഗതികളായിരുന്ന ധർമ്മം ഇരന്നു
കഴിയുന്നതിന്നുള്ള വിശേഷ അനുവാദം ശു
ദ്ധൻ സിംഹാസനത്തിങ്കൽനിന്നു ലഭിച്ചുതരു
ണം എന്നിരായിരിക്കുന്നു. പിറെറയാണ്ടിൽ
ശുദ്ധൻ മാപ്പാപ്പായും കർദ്ദിനാൾമാരും അസീ
സിപട്ടണത്തിൽ വന്നു. അപ്പൊൾ ശുദ്ധമാക
പ്പെട്ടവളുടെ ദീനം തുലൊം വർദ്ധിച്ചിരുന്നു.
ഇതു അറിഞ്ഞിരുന്ന പരിശുദ്ധപിതാവു ഒ
ട്ടും താമസിയാതെ പുണ്യവാളത്തിയുടെ അ
ശ്രമത്തിൽവന്നു ദീനമായി കിടന്നിരുന്ന
ശുദ്ധൻ കാരുയുടെ മുറിയിൽ പ്രവെശിച്ചു
തുക്കെ മുത്തുന്നതിന്നായി വായുടെ പ്പിച്ചു
കൊടുത്തു. തുപ്പാദം മുത്തുവാൻക്രുടെ പ
രിചൊടം അയൊഗ്യയായിരിക്കുന്ന ഞാൻ
ഒരും തുക്കുരം മുത്തണമൊ എന്നുള്ള ഭ

ണ്ടത്തൊടെ കാൽ മുത്തുവാൻ കൊടുക്കണ
മെന്ന അപെക്ഷിച്ചു. പരിശുദ്ധപിതാവുഅ
പെക്ഷപ്രകാരം ഒരു ഉയർന്ന സ്ഥലത്തു കേ
യറി കാൽ മുത്തുവാൻ കൊടുത്തു. പരിശു
ദ്ധ കന്യക അത്യന്ത പ്രേമയൊടും സ്നേഹ
ത്തൊടുംകൂടെ തൃപ്പാദം മുത്തി തലതാഴ്ത്തി. അ
തിൻറെശെഷം മാലാഖ്മാരൊടുത്ത മുഖത്തൊ
ടെ പരിശുദ്ധ പിതാവെ! പരിപൂർണ്ണ പാപ
പ്പൊറുതി ഇനിക്ക കല്പിച്ചുതരെണമെയെന്ന
അപെക്ഷിച്ചു. പരിശുദ്ധപിതാവു ഇതിന്ന
ള്ള ആവശ്യം അവക്കില്ല എന്നു കാണിച്ചു
കൊണ്ടു പരിപൂർണ്ണ പാപപ്പൊറുതിയും പാ
പബന്ധവിമൊചനവും കല്പിച്ചുകൊടുത്തു. പി
താവിന്നും ശ്ലീഹന്മാൎക്കുമടുത്ത ആശിർവ്വാദവും നൽ
കി. ഇതൊക്കെയും കഴിഞ്ഞു എല്ലാവരും
പിരിഞ്ഞതിൻറെശെഷം തൻറെ മക്കളൊടു
എൻറെ വാത്സല്യമക്കളെ! കർത്താവിനെ
സ്മരിപ്പിൻ. പരലൊകത്തിലും ഭൂലൊകത്തി
ലും ആരുടങ്ങാവതല്ലാത്ത മനൊഹരത്തെ ഇ
ന്നു രംശൊമിശിഹാ ഇനിക്ക കല്പിച്ചുതരു
ള്ളു: കൎത്താവാന വഴിയായി സ്വൎഗ്ഗാരൊഹ
ണംകൈക്കൊണ്ടു ഇപ്പൊൾ തൻറെ വികാരി

യെയും ഞാൻ കണ്ടു,, എന്നു പറഞ്ഞു. ഇ
തിൻെറശേഷം മക്കളൊക്കെയും പുറപ്പാ
റാതെ നില്ക്കുയിൽ മുൻപറഞ്ഞ സഹൊദരി
യായ ആഞ്ഞൊസ കരഞ്ഞുകൊണ്ടു തന്നെ
ഉപെക്ഷിച്ചുംവച്ചു പൊകല്ലെ. എന്നു അ
പെക്ഷിച്ചപ്പൊൾ "എൻെറ സ്നെഹിക്കപ്പെ
ട്ട സഹൊദരിയെ ഞാൻ നിന്നെ ഉപെ
ക്ഷിച്ചു പൊകുന്നതെണമെന്നു ദൈവം തിരുമ
നസ്സായിരിക്കുന്നു. എന്നാൽ നീ കരയെണ്ട
ഞാൻ മരിച്ചതിൻെറശേഷം നീ വെകത്തിൽ
എന്നെ പിന്തുടരും. നീ മരിക്കുംമുമ്പിൽ തമ്പു
രാൻ നിനക്കു വലിയ ആശ്വാസം കല്പിച്ചരു
ളും എന്നു പറഞ്ഞു. അതിൽപിന്നെയും മരണാ
വസ്ഥയിലെന്നപൊലെയായി പല ദിവസം
കിടന്നു. ആ നാളുകളിൽ കർത്തിനാൽമാർ മെ
ത്രാന്മാർ മുതലായവർ വന്നുകണ്ടു ബഹുമാ
നിച്ചിരുന്നു. ഇരും സ്ഥിതിയിൽ പതിനെഴുദി
വസത്തൊളം യാതൊന്നും തിന്നാതെയും കു
ടിക്കാതെയും കിടന്നിട്ടും അത്ഭുതമായി മരി
ക്കാതിരുന്നെന്നുമാത്രമല്ല വരുന്നവരൊക്കെ
യൊടും ദൈവ ശുശ്രൂഷയെകുറിച്ചു ഇണ
ങ്ങൊക്കുംപറവാൻതക്കശക്തിയുമുണ്ടായിരുന്നു.

ഒരു സന്ന്യാസി. ഹേ ദീനങ്ങളെ ഒക്കെയും സ
ന്തോഷത്തോടെ ക്ഷമിക്കേണമെന്നു ഗുണ
ദോഷമായി പറഞ്ഞപ്പോൾ "എല്ലായും സ്നേ
ഹിക്കപ്പെട്ട സഹോദരാ! ഞാൻ ദൈവ സൃ
ഷ്ടിയായ ശുദ്ധ: പ്രാസിസ്കോസ വഴിയാ
യി ഹേശൊമിശിഹായുടെ വരപ്രസാദത്തെ
അറിഞ്ഞനാൾമുതൽ ഇനിക്ക യാതൊരു ശി
ക്ഷയും സങ്കടമുള്ളതും യാതൊരു തപസ്സും
ഭാരമായതും യാതൊരു ദീനവും കഠിനമു
ള്ളതും ആയിട്ടില്ല,, എന്നു ധൈര്യത്തോ
ടെ ഉത്തരിച്ചു. ഇതും കഴിഞ്ഞു അനേകം
പെർ ചുറ്റും ഇടവിടാതെനിന്ന കരുകയി
ൽ അവക്കെപ്പോവർക്കും ആശ്രമംപോലെ ആ
ശ്വാസം കൊടുത്തു. അപ്പോൾ ഉണ്ടായിരു
ന്നവരും മേലാൽ ഉണ്ടാകുവാനിരുന്നവരു
മായ കന്യാസ്ത്രികൾക്ക ഒക്കെക്കുംവെണ്ടിദൈ
വത്തോട പ്രാർത്ഥിച്ചുരിന്നേ ശേഷം തന്നി
ലൊട്ടുതന്നെ രിരുന്നു,, ഭദ്രമായി പുറപ്പെ
ടുക നിന്നേ യാത്രക്കു നല്ല കൂട്ടുകാരുണ്ടു
നിന്നെ സൃഷ്ടിച്ചവൻ നിന്നെ ശുദ്ധികരിച്ചു.
അമ്മ മകളെ സ്നേഹിക്കുന്നതുപോലെ നി
ന്നെ സ്നേഹിച്ചു! എന്നേ സൃഷ്ടിതാവെ നീ

വാഴ്ത്തപ്പെട്ടവനാകട്ടെ! "എന്തു പറയുന്നതു കണ്ടു ഒരു കന്യാസ്ത്രീ അടുത്തു, അമ്മേ! ആരൊട്ടു സംസാരിക്കുന്നു,, എന്നുചോദിച്ചു. അങ്ങപ്പോൾ "ഞാൻ എന്റെ ഭാഗ്യപ്പെട്ട അമ്മാവിനൊട്ടു പറയുന്നതിന്റെ യാരുസമീപിച്ചിരിക്കുന്നു,, എന്നുപറഞ്ഞിട്ടു "മകളെ ഞാൻ കാണുന്നമഹത്വമുള്ളരാജാവിനെ നീ കാണുന്നുവൊ,, എന്നുചോദിച്ചു അപ്പോൾ ഒരുവെമനൊഗ്രണഞ്ഞാൽ അവക്കു ഒരംശൊമിശിഹായെ കാണ്മാൻ ഇടയായി. മറെറാരുത്തിക്കുകൂടെ വെറൊരുമഹാകാഴ്ച്ച ശരീരകണ്ണുകളാൽ കാണ്മാൻ ഭാഗ്യം കിട്ടി. അവർ അതിശ്രമത്തിന്റെ വാതിൽക്കലൊട്ടു നൊക്കിയപ്പോൾ എണ്ണമില്ലാത്ത കന്യാസ്ത്രീകൾ വെണ്മഞ്ഞപൊലെയുള്ള വസ്ത്രങ്ങളും തലയിൽ സ്വർണ്ണകിരീടവും ധരിച്ചു മനൊവാകിലതങ്ങാത്ത ആനന്ദത്തൊടെ ശ്രീകാന്തയുടെ മുറിയിലൊട്ടുവരുന്നതുകണ്ടു. ഒരൊകന്യാസ്ത്രീകളുടെ മദ്ധ്യെ നക്ഷത്രങ്ങളുടെ ഇടയിൽ സൂര്യനെന്നപൊലെ എല്ലാവരെക്കാൾ ഒരൊഭയും മഹത്വവുമുള്ള ഒരുരാജ്ഞിനടന്നിരുന്നു. ഇവരുടെ കിരീടം അത്യന്തരമായതും അതിന്റെ മെ

ലെ അറം വിശേഷ പുകഴ്ചാരമുള്ള ധൂമക്കു
റിപൊലെയുള്ളതുമായിരുന്നു. അതിൽ നി
ന്നു സൂര്യ രശ്മികൾക്കൂടെ മറയത്തക്ക ശൊ
ഭ വിശിയിരുന്നു രംഭിവ്യരാജ്ഞി ദൈവമാ
താവായിരുന്നു. രം അമ്മ തൻറം സ്നേഹിക്ക
പ്പെട്ട മകളുടെ മുറിയിൽ പ്രവെശിച്ചു കട്ടി
ലിന്നടുത്തു കുനിഞ്ഞു ദിനമായി കിടന്നരൻറെ
വാത്സല്യമകളെ പിടിച്ചുഴുകി മുത്തി. ഉട
നെമറുകന്യാസ്ത്രികൾ അത്ഭുതമായ അലങ്കാര
മുള്ളരുവസ്ത്രംഎടുത്തു എല്ലാവരുംകൂടെ ശ്ര:
കുമാരയെ ധരിപ്പിച്ചു, കട്ടിലും മുറിയും സചന്ദ്രരാ
ജ്യംപൊലെ അലംകരിച്ചു: ഇതുകൊണ്ടു ശ്ര:
കുമാര രംശൊമിശിഹായെ പ്രതി പൂണ്ടുദരി
ദ്രതയുള്ളവളായതുനിമിത്തം അരിന്ന സമ്മാ
നമായി രംഭാഗ്യാലങ്കാരത്തെനൽകി എന്നു
തൻറെ ശെഷം മക്കളും അറിവാൻ ഇടവ
രുത്തി. ശ്ര: കുമാര രം സചന്ദ്രാനന്ദ സാഗര
ത്തിൽ മുഴുകി ദൈവസ്നെഹത്താൽ ജ്വലി
ച്ചു പരവശമായി ൧൨൫൭-ാം കാലം ഫിങ്കം
൧൫-ാം ൫൯-ാം വയസ്സായിരിക്കയിൽ എ
ണ്ണത്തിലടങ്ങാത്ത പരലൊക വാസികളുടെ
മദ്ധ്യെ സ്വർഗ്ഗിതാവിൻറെ പക്കലൊട്ടു കരയെ

ഒകയുംചെയ്തു.

മരിച്ചു എന്നു സ്വരംകെട്ട ഉടനെ കെട്ട വരൊക്കെയും സകലവും പൊയ്പ്പോതുപൊ ലെയുള്ള ദുഃഖത്തൊടെ ഒരു പുണ്യവതിയുടെ ആശ്രമത്തിലൊട്ട ഓടിക്കൂടിയതുകൊണ്ടു തി രുശ്ശരീരത്തിന്നു യാതൊരു മൊശംവരാതെ യിരിക്കെണ്ടതിന്നു കൊയിമ്മക്കാർ കാവല്ലാ രെ നിയൊഗിച്ചു. പിറെദിവസം ശ്ലൂ: മാപ്പാ പ്പായും കർദ്ദിനാൽമാരും മെത്രാന്മാരും ഒരു ശരീരംഉടുത്ത മാലാക്കായുടെ തിരുകർമ്മങ്ങ ൾക്കായി വന്നുകൂടി. തിരു പ്രെതം ദെവാല യത്തിൽ സ്ഥാപിച്ചു മരിച്ചവരുടെ ശെഷക്രി യജൂപം തുടങ്ങിയപ്പോൾ ശ്ലൂ: മാപ്പാപ്പാ തി രുവായുറന്നു, മരിച്ചവരുടെതല്ല പുണ്യവാള ത്തികളുടെ ജൂപം എത്തിക്കെണമെന്നു കല്പി ച്ചു. ഇപ്രകാരം പ്രെതസംസ്കാരംചെയ്യുന്ന തിന്നുമുമ്പുതന്നെ പുണ്യവാളത്തി എന്നുപെ ർവിളിച്ചു മരിച്ചതിന്റെശെഷം സംഭവിച്ച അത്ഭുതങ്ങളെ ഒരു സംക്ഷെപത്തിൽ വിവ രിക്കുവതല്ല ഒരു പെണ്ണിനെ ചെന്നാ പിടിച്ചു കാട്ടിലൊട്ട കൊണ്ടുപൊകയിൽ അ തുകണ്ടുനിന്ന ഒരു സ്ത്രീ ശ്ലൂ: ക്കാരയെ ഒരു

പൈതലിനെ നിനക്കു ഏല്പിച്ചിരിക്കുന്നു, നീ രക്ഷിക്കേണമെ, എന്നു നിലവിളിച്ച ക്ഷണത്തിൽ ആ ചെന്നാ അവിടെതന്നെ പൈതലിനെ വിട്ടുകയും അവൾ എഴുന്നേറ്റ കാരുപുണ്യവാളത്തിങ്കൽ കാഴ്ചവച്ച എന്നെ നീ പിടിക്കുമൊ എന്നു ശാസിച്ചുകൊണ്ടു പുറകെചെന്നു അവിനെ ഓടിക്കയുംചെയ്തു. ദിവസത്തൊറും അങ്ങും ഇറ്റും പ്രാവശ്യം നിലത്തുവീണു മരണ സംഭ്രമംപൊലെ കാണിച്ചിരുന്ന ഒരു ചുഴലി ദീനക്കാരൻ പുണ്യവാളത്തിയുടെ പ്രെതാലയത്തിങ്കൽവന്നു രണ്ടുദിവസത്തെ അപെക്ഷകഴിച്ചാറെ മൂന്നാംപക്കം പൂർണ്ണസുഖമായി വീട്ടിലെക്കു പിന്തിരിഞ്ഞു. പിറവിതിലെതന്നെ മുടന്തനും കുരുടനും ആയവരും മുറിവുകളും വീഴ്ചയും മറ്റുംകൊണ്ടു അംഗസാധീനമറ്റവരുമായ അനെകർ ശ്രീകാരുയുടെ പ്രെതാലയത്തിങ്കൽവന്ന സാക്ഷാംഗമായിവീണു അപെക്ഷിച്ചു പൂർണ്ണസുഖംപ്രാപിക്കയുംചെയ്തു. ഒരു ശുദ്ധമാകപ്പെട്ടവൾ ഒരുശൊമിശിഹായെപ്രതി സ്വത്തും പരിത്യാഗിച്ചു പൂർണ്ണ ദാരിദ്രമായി ജീവിച്ചതുകൊണ്ടു ഇവക്കു യാതൊരു പൊരായ്കയും ഇ

ണ്ടായിട്ടില്ലെന്നമാത്രമല്ലാ ലൊകരാജ്യാധി
കാരങ്ങളും സമ്പത്തുകളും ധാരാളമായി അട
ക്കിവാണവരെക്കാൾ മഹാമാനവും ഗ്രഹിക്കാ
വതല്ലാത്ത ആനന്ദഭാഗ്യവും ഇവക്കു സിദ്ധി
ക്കയുംചെയ്തിരിക്കുന്നതിനെ ഓർത്തു ഇതിനെ
ങ്ങനെകരിപ്പാൻ ശ്രമിച്ചുകൊൾവിൻ: (൮)

വിശ്വാസികളെ! ദൈവത്തെ സ്നേഹിച്ചുസേ
വിച്ചു തന്റെ ഇഷ്ടപ്പെട്ടവരായി ജീവിക്കുന്ന
തിനും ഇങ്ങനെയുള്ള സുദൃഢ ജീവിതംകൊണ്ടു
പരലൊക പ്രാപ്തരാകുന്നതിന്നുമായിട്ടത്രെ മനു
ഷ്യരെ സൃഷ്ടിച്ചിരിക്കുന്നതു അതുകയാൽ മനുഷ്യ
ർ രാ ദൈവത്തിരുമനസ്സിന്നുതക്കവണ്ണം സകല
ത്തെക്കാൾ ദൈവത്തെസ്നേഹിച്ചു ദൈവത്തിൽമാ
ത്രം ആശ്രയിച്ചു അന്യെക്കു വിശ്വാസ ശ്രുശ്രൂഷ
ചെയ്തിരിപ്പാൻ അവരുടെ ആത്മശരീര സംബന്ധ
മായ സകലകാര്യങ്ങളും ദൈവംതന്നെ പൂർണ്ണമാ
യി വിചാരിച്ചു നടത്തുമെന്നു ദൈവശ്രുശ്രൂഷിക
ളുടെ വൃത്താന്തംകൊണ്ടും സകലരും ഗ്രഹിക്കേണം.

---

(൮) "ക്ലാര" എന്ന നാമമുള്ള പുണ്യവാളത്തി
കൾ പലരുണ്ടെങ്കിലും "ക്ലാരക്കുരു" എന്നപറഞ്ഞു
വരുന്നതു പല അത്ഭുതങ്ങൾക്കു കാരണമാകു
ന്നതുമായ ശുഃവസ്ത്രം പുണ്യവാളത്തിയുടെതു
ള്ളതെയെന്നും അറിഞ്ഞിരിക്കേണം.

തിരുചരിത്ര മഞ്ജരി

അഞ്ചാം കുസുമം.

ശ്രീമ: അൽഫൊൻസിൻ വൃത്താന്തം.

സിച്ചീല്യാ ദെശത്തുകാരനായ അൽഫൊൻസുപുണ്യവാളന്റെ കാരണവന്മാർ അനെകകാലം സന്തതിയില്ലാതെ ക്ലെശിച്ചിരുന്നാറെ കടശി ദൈവാനുഗ്രഹത്താൽ രണ്ടാൾക്കൊരു കുട്ടിയുണ്ടായാൽ അവനെ സർവ്വെശ്വരനു പ്രതിഷ്ഠിക്കുന്നതെന്നുള്ള നെച്ചയും കഴിച്ചു പ്രാർത്ഥിച്ചുതുടങ്ങിയവരിന്റെ ശെഷമാണൊരും ശ്രീമ: അൽഫൊൻസ പിറന്നതു. ഒരും ശ്രീമാകപ്പെട്ടവൻ തള്ളയുടെ ഉദരത്തിൽ ആയിരിക്കയിൽത്തന്നെ ആ ഉദരത്തിൽനിന്നു അത്ഭുതമായി ജ്വലിക്കുന്ന ഒരു ദീപം പുറപ്പെടുന്ന പ്രകാരമുള്ള ഒരു ദർശനം മാതാപിതാക്കന്മാർക്കുണ്ടായി. ഒരും ദർശനംപൊലെ ശ്രീമ: അൽഫൊൻസ പിറന്നശെഷം

പൈതൽപ്രായത്തിൽതന്നെ സുകൃത വ്യാപാരവും ശാസ്ത്രസമ്പാദ്യത്തിന്മേലുള്ള വിശേഷതാല്പര്യവും ദൈവഭക്തിയും കൊണ്ടു ഒരു പൈതലിനെ കാണുന്നവർക്കൊക്കെക്കും ഒരു സന്തോഷപാത്രമെന്നേ ആയിരുന്നു. ഏകദേശം പത്തു വയസ്സു കഴിഞ്ഞതിൻറെശേഷം ഒരുദിവസത്തിൽ പുണ്യവാളൻറെ അമ്മ ഒരു മകനെ വിളിച്ചു അപ്പർ മുൻ ചെയിത തെറ്റുകളും ഗർഭണിയായിരിക്കയിൽ ഉണ്ടായ ദുർന്നിമിത്തവും പറഞ്ഞറിയിച്ചു മകൻറെ ജനനൊദ്ഭാവം എന്താകുന്നു എന്നു ചൊദിച്ചപ്പോൾ "എൻറെ അമ്മെ! ഇനിക്കു സ്വന്ത മനസ്സും അഭിപ്രായവുമില്ല എന്നെ രക്ഷിപ്പാനുള്ള കടവും വിധവും നിങ്ങൾക്കുതന്നെ അറിയാം ഞാൻ എന്തു ചെയ്യണമെന്നു മനസ്സായിരിക്കുന്നതു ഞാനും സ്വന്തോക്ഷത്തൊടെ അനുസരിച്ചിരിക്കുന്നു" എന്നുപറഞ്ഞു താമസിയാതെ അപ്പൻറെയും അമ്മയുടെയും സമ്മതത്തൊടെ കുമ്പീത്താസ്സുടയിൽ ക്രൂട്ടുന്നരിന്നായി ദ്രുപ്പനെസ്റ്റ് എന്ന ആശ്രമത്തിൽ ചെന്നു. ആയാശ്രമശ്രേഷ്ഠൻ ഒരു ഉത്തമ ബാലകൻറെ സ്വഭാവ വിശേഷതയും

ബുദ്ധിക്രമ്മതയും സാമർത്ഥ്യവും സാക്ഷാല്പള്ള
ദൈവഭക്തിയും കണ്ടു വളരെ സന്തോഷി
ക്കയും അഭിശയിക്കയും ചെയിതുയെങ്കിലും
ചെറുപ്പായക്കാരനും വലിയ ധനികന്റെ
പുത്രനുമായിരിക്കുന്ന ഒരും പ്രൊരൽ സന്ന്യാ
സ ജീവിതത്തിന്റെ കഠിന മുറകളെ അനു
സരിച്ചു നടന്നുകൊൾവാൻ പാടാകയില്ലാ
യെന്നു വിചാരിച്ചു അപ്പോൾ കൈക്കൊ
ള്ളാതെ വീട്ടിലൊട്ടുതന്നെ അയച്ചു. പിന്നെ
ദിവസം രാത്രിയിൽ പരിശുദ്ധ കന്മ്മലൊ
നാഥയായ ദൈവമാതാവു അപ്പനും, അമ്മ
യുമ്മാ പ്രത്യക്ഷ മാകുനയായി അവർ തനി
ക്കു നെന്ന മകനെ നെച്ചപ്രകാരം സഭയി
ൽ ക്രൂട്ടാതിരിക്കുന്നതുകൊണ്ടു വളരെ ശാ
സിച്ചു നെന്നതുപൊലെ സഭയിൽ ക്രൂട്ടാതി
രുന്നാൽ അവർ നിർഭാഗ്യമായി വെകത്തിൽ
മരിക്കുമെന്നും അറിയിച്ചുകൊണ്ടു മറയപ്പെ
ട്ടുപൊയി. അവർ ഒരും ശാസനയാൽ ഭ്രമി
ച്ചു ഉടൻതന്നെ മെല്പാഞ്ഞ ആശ്രമത്തിൽ
ചെന്നു ഒരും ഉണ്ടായ സംഗതി അറിയിച്ചു
രുങ്ങളുടെ ഒരും മകനെ സന്ന്യാസിയായി
കൈക്കൊള്ളെണമെന്നു അപെക്ഷിച്ചു. അ

പ്രകാരം സമ്മതിച്ചതിൻറെശേഷം ശ്രീമ:
തുരൽബെത്താസു സ്വന്തം അവകാശവകയൊ
കയും ഭിക്ഷക്കാക്കു വിഭാഗിച്ചുകൊടുത്ത വീ
ട്ടിൽ പെരുമാറിയിരുന്ന അലങ്കാരവസ്തുങ്ങ
ളെക്രൂടെയും സ്വന്തം കയ്യാൽതന്നെ ദരിദ്ര
ക്കു കൊടുത്തുകൊണ്ടു സർവ്വത്തും ഉപെക്ഷിച്ചു
സന്ന്യാസ ആശ്രമത്തിൽ ചെന്നു പ്രപഞ്ചവാ
സികളുടെ ഇടയിൽതന്നെ സന്ന്യാസജീവിതം
കഴിച്ചുവന്ന ഒരു മഹാരാവ സന്ന്യാസികളു
ടെ പുണ്യ ഭവനത്തിൽ ആയതിൻറെശേ
ക്ഷംസഭയ്ക്കുടുത്തക്രമചട്ടങ്ങളെ കാത്തു അനുസ
രിക്കുന്നതിലും നൊയമ്പു, തപസ്സുചട്ട മുതലാ
യ പ്രായശ്ചിത്ത പ്രവൃത്തികളിലും ശേഷ
മെപ്പോഴും ഉപ്പാനമാകുവാൻ തക്കവണ്ണം
പുണ്യസാംഗോപാംഗ ജീവിതം ആരംഭിച്ചു.
ദിവസം മുഴുവനും ശേഷംപെരുടെആത്മോ
പകാരത്തിന്നുവെണ്ടി പല സുകൃത പ്രവൃത്തിക
ളെ ചെയ്തതിൻറെശേഷം രാത്രി ഒരു മണി
മുതൽ വെളുക്കുന്നതുവരെയുള്ള നേരം മൂന്നാ
യി വിഭാഗിച്ച രണ്ടു മണിനേരം നമസ്കരി
ക്കയും അതുകഴിഞ്ഞ രണ്ടുനേരം നിദ്രചെ
യ്കയും നിദ്രകഴിഞ്ഞ എഴുന്നേറ്റുടനെ തുട

ങ്ങി വെള്ളക്കാരുടെ തുവരെയുള്ള നേരം പ്രായശ്ചിത്തത്തിനും ജപത്തിനുമായി ചിലവഴിക്കയും ചെയ്തുവന്നു. ഇപ്രകാരം പുണ്യാത്മാവായി ജീവിച്ചിരുന്നെങ്കിലും ഗുരുപട്ടം ഏല്ക്കുന്നതിനു താൻ പരിഛേദം അയോഗ്യനെന്നും ഇത്ര മഹാ സ്ഥാനത്തിനു സാമാന്യ യോഗ്യത മതിയാകുന്നതല്ലായെന്നും പറഞ്ഞു സമ്മതിക്കാതെയിരുന്നതു മുഖാന്തരത്താൽ ശ്രേഷ്ഠന്മാരുടെ കല്പനകൊണ്ടു നടത്തേണ്ടിവന്നു. മെസ്സാന എന്ന പട്ടണത്തിൽവെച്ചു ഗുരുപട്ടം ഏറെ അവിടെ പാത്തുവരികയിൽ നെയാപ്പോലി രാജാവു ആ പട്ടണത്തെ തന്റെ ആധീനത്തിൽകീഴാക്കണമെന്നുവെച്ചു വലിയ സൈന്യത്തോടെ പട്ടണത്തിനു ചുറ്റും വളഞ്ഞു യാതൊരു ദൂതാഗതത്തിനും ഇട കൊടുക്കാതെ വിഷ്ണിക്കയാൽ പട്ടണത്തിൽ യാവനക്രുട്ടങ്ങൾ അശേഷം തീർന്നു മഹാ പഞ്ഞം തുടങ്ങി. സിച്ചീല്യാരാജാവും പ്രജകളും ഒരു നിർഭാഗ്യത്തിൽനിന്നു രക്ഷപെടുന്നതിനും വിശേഷ ദൈവസഹായം തന്നെയല്ലാതെ മറൊരു വഴിയുമില്ലെന്നുകണ്ടു പ്രൊട്ടക്കാർ മുതലായ പല മഹാന്മാർ

ശ്രുഭ: അൽബത്തൊസിന്റെ അടുക്കൽവ
ന്നു കരഞ്ഞു പ്രലാപിച്ചു തങ്ങൾക്കുവെണ്ടി
സ്വൈശ്വരനൊടു പ്രാത്ഥിച്ചു രക്ഷിപ്പാനാ
കെണമെന്നു അപെക്ഷിച്ചു. പുണ്യവാളൻ
അവരുടെ നിർഭാഗ്യംകണ്ടു അനുഗ്രഹിച്ച സ
വ്വെശ്വരനൊടു പ്രാത്ഥിച്ചപ്പൊൾ ഒരു ഇ
ടിവെട്ടുന്നതുപൊലെ "നിന്റെ അപെക്ഷ
യെ ദൈവം കൈക്കൊണ്ടു,, എന്നൊരു ശ
ബ്ദം ഉണ്ടായി. അപ്പൊൾ തന്നെ വെണ്ടിയി
രുന്ന യാവനക്രൂട്ടങ്ങളെ ഒക്കയും കെറിയി
രുന്ന മൂന്നു കപ്പലുകൾ തുറമുഖത്തിൽ വരിക
യും ശത്രുവ്യൂഹം ചുറ്റും വളഞ്ഞിരുന്നെങ്കിലും
യാതൊരു വിഘ്നക്രൂടാതെ പട്ടണത്തിന്നടു
ത്തു അവയെ കരയ്ക്കിറക്കി പഞ്ഞത്തിൽനി
ന്നു രക്ഷിക്കയുംചെയ്തു. ഇതു കഴിഞ്ഞതിന്റെ
ശെഷം ആ കപ്പൽ ആരുടെവകയെന്നും അ
വർ അവിടെ കൊണ്ടുവന്നു എന്നും എങ്ങനെ
വന്നു എന്നും യാതൊരു വിവരവും ഉണ്ടാ
യിട്ടുമില്ല ആ കപ്പലുകളെ പിന്നെ ആരും
കണ്ടിട്ടുമില്ല. ഒരു അത്ഭുതസഹായംകണ്ടു രാ
ജാവും, ജനങ്ങളെ ഒക്കയും പുണ്യവാളന്റെ
അടുക്കൽവന്നു കൃതജ്ഞതപറകയും ഒരു പു

ണ്യവാൻ ഉണ്ടായിരിക്കുന്നതുവരെ ആ പട്ട
ണത്തിന്നു യാതൊരു നാശവും ഭവിക്കയി
ല്ലെന്നു സകലരും സ്ഥിരമായി ഉറച്ചിരി
ക്കയുംചെയ്തു. പിശാചിനാൽ ബാധിക്കപ്പെട്ട
ഒരുത്തിയുടെ ദേഹത്തിൽനിന്നു പുണ്യവാള
ൻ അതിനെ ഒഴിക്കുന്നതിന്നായിചെന്നപ്പോ
ൾ ആ ബാധിക്കപ്പെട്ടവൾ പുണ്യവാളന്റെ
കന്നത്തിൽ ബലമായി അടിച്ചു കൊപം കാ
ണിച്ചു. പുണ്യവാളൻ ഉടനെ മറു കന്നവും
കാണിച്ചുകൊണ്ടു ഇനിയും അടിക്കു, എന്നു
പറഞ്ഞപ്പോൾ രോം എളിമകണ്ടു പിശാച
സഹിക്കുതാത്തവണ്ണം ലജ്ജിച്ചു നിന്റെ
യൊഗ്യതകൾകൊണ്ടു ഞാൻ പീഡിക്കപ്പെട്ടു
ന്നു. നിന്റെ സന്നിധിയെ ഇനിക്കു സഹി
പ്പാൻവഹിയ, എന്നു പറഞ്ഞുകൊണ്ടു പുണ്യ
വാളന്റെ കല്പനപ്രകാരം ആദേഹത്തിൽ
നിന്നു പുറപ്പെട്ടുപൊയി. ഒരിക്കൽ പല യൂ
ദന്മാർ യാതൊരു യിൽവെച്ച വലിയ ജലപ്രാച്ചി
ലിൽ അകപ്പെട്ട യാതൊരു സഹായവുംകൂടാ
തെ കുടിച്ചുമരിക്കെയുള്ളു എന്നു കണ്ടു നില
വിളിക്കയിൽ അതുയതിന്നു സമീപെക്കുടെ
ഏ: അൽബെത്തൊസ കടന്നുപൊകുന്നതുകെ

ണ്ട, അച്ചാ! ഞങ്ങളെ രക്ഷിക്കേണമെ! എ
ന്നു അപേക്ഷിച്ചു. ഉടനെ പുണ്യവാളൻ നി
ങ്ങൾ മിശിഹായെ വിശ്വസിച്ച ജ്ഞാനസ്നാ
നം കൈക്കൊള്ളാമെങ്കിൽ രക്ഷിക്കാം എന്നു
പറഞ്ഞു. അവർ മടിക്കാതെ ഞങ്ങൾ വിശ്വ
സിക്കുന്നു ജ്ഞാനസ്നാനം കൈക്കൊൾവാനും
ആഗ്രഹിന്നു എന്നു ഉത്തരിച്ചപ്പോൾ, പുണ്യ
വാളൻ വെള്ളത്തിന്മീതെ നടന്നുചെന്ന അ
വിടെതന്നെ വിശ്വാസ സത്യങ്ങളെ ഗ്രഹി
പ്പിച്ചു ജ്ഞാനസ്നാനവുംകൊടുത്തു ആ മരണ
യൊഗ്യത്തിൽനിന്നു രക്ഷിക്കയുംചെയ്തു.

ഒരും ശ്രുഭ്രമാകപ്പെട്ടവൻ ഒരു യാത്രചെ
യ്യുയിൽ ചട്ടംപൊലെ ഒരു ക്രൂട്ടുകാരനും ഉ
ണ്ടായിരുന്നു അയാളുടെ കയ്യിൽ വഴിയാത്ര
യ്ക്കായി കുറെ അപ്പവും, ഒരുകുടം വെള്ളവും
ഉണ്ടായിരുന്നു. പ്രയാണത്തിൽവെച്ചു ആ
കുടം നിലത്തിൽവീണു പൊട്ടി നുറുങ്ങിപ്പൊ
യി. ഇതിനാൽ ആ ക്രൂട്ടുകാരനു വളരെ
ദുഃഖവും വിഷാദവുമായതു പുണ്യവാളൻകു
ണ്ടു പൊട്ടിപ്പൊയ ആ പാത്രത്തിന്റെ നു
റുക്കുകളെടുക്കയും പെറുക്കികൊണ്ടുവരുവാ
ൻ കല്പിച്ചു. ക്രൂട്ടുകാരൻ പെറുക്കിയെടുക്കുന്ന

തിന്നായി ചെന്നുനൊക്കിയപ്പോൾ കുടം യാ
തൊരു മൊശവുംക്കൂടാതെയിരിക്കുന്നു, വെ
ള്ളവും നിറച്ചുണ്ടായിരിക്കുന്നു എന്നുകണ്ടു സ
ന്തൊക്ഷത്തോടെ എടുത്തുകൊണ്ടുവന്നു. ഇപ്പ്ര
കാരം മനസ്സാകുന്നതൊക്കയും സവ്വ വല്ലഭ
നെന്നപൊലെ സാധിപ്പാൻതക്ക ദൈവ വ
രപ്രസാദങ്ങളാൽ അലങ്കരിക്കപ്പെട്ടു ജീവി
ച്ചുവരികയിൽ ഒരു പ്രപഞ്ചജീവിതം അവ
സാനിപ്പിപ്പാനുള്ള സമയം അടുത്തുവെന്നറി
ഞ്ഞ ഫ്രൻസ്-ാം കാലം ചിങ്ങം ൈ-ാം ൯- ത
ന്റെ സഹൊദരരായ സന്യാസികളെ വി
ളിച്ചുവരുത്തി പിതാവിന്നടുത്ത സ്നെഹത്തൊ
ടും ദയയൊടുംക്രൂടെ ഗ്രണദൊക്ഷവാക്കു
ളെപറഞ്ഞ വിശെഷാൽ കന്മെലൊ നാഥ
യായ ദൈവമാതാവിന്റെനെരെ നിത്യവു
മുണ്ടായിരുന്ന അത്യന്ത ഭക്തിയെയും, സ്നെ
ഹത്തെയും അവക്കും വിശെഷ അച്ചാരമായി
പറഞ്ഞ ഏല്പിച്ചുകൊണ്ടു "ഞാൻ ഒരു ജീവി
തത്തിൽനിന്നു പുറപ്പെട്ടു മിശിഹായൊടുക്രു
ടെ ചെരുവാൻ ആഗ്രഹിക്കുന്നു. ഇന്നുതന്നെ
എന്റെ ആത്മാവു ഒരു ശരീരപാറാവിൽനി
ന്നു പുറപ്പെട്ടു സ്വൎഗ്ഗിതാവിന്റെകൽചെരും,

ആനെരത്തിൽ തന്നെ എന്റെ സഹൊദരിയും എന്നൊട്ടുകൂടെ പരലൊകയാത്രയുടെ പുറപ്പെട്ടും" എന്നുപറഞ്ഞു. രൊം സഹൊദരി പുണ്യവാളൻ പാർത്തിരുന്ന സ്ഥലത്തിൽ നിന്നു ഏകദെശം ഇരുന്നൂററുപതുനാഴിക ദൂരെയായിരുന്നു വസിച്ചിരുന്നതു. എങ്കിലും പറഞ്ഞതുപൊലെ ഇരിവരും ഒരുനെരത്തിൽ തന്നെ മരിക്കയുംചെയ്തു. രൊം മരണ ആരിയിപ്പുകെട്ടതിനൊടെ സന്ന്യാസികളൊക്കയും ഇരുനാളും തങ്ങളെ ഭരിച്ചുനടത്തിയ ഉത്തമ പിതാവു തങ്ങളെ വിട്ടുപിരിയുന്നല്ലൊ എന്നുള്ള ദുഃഖാധിക്യത്തൊടെ ചുറും നിന്നു കരകയിൽ പുണ്യവാളൻ "ദിവ്യരക്ഷകനായ രംശൊയെ! എന്നെ സൃഷ്ടിച്ചു പരിപാലിക്കുന്ന കർത്താവെ! നിന്റെ അറുതിയില്ലാത്ത അനുഗ്രഹത്താലെ എന്റെ ആത്മാവിനെ നീ കാത്തുകൊള്ളണമെ! ശത്രുക്കളിൽനിന്നു ഇതിനെ ആദരിച്ചു നിന്റെ മക്കളുടെ ഗണത്തിൽ ചെർത്തുകൊള്ളണമെ" എന്ന അപെക്ഷിച്ചതിന്റെശെഷം "കർത്താവെ! നിന്റെ തിരുനാമത്തിൽ എന്നെ നീ രക്ഷിക്കു" എന്നും "കർത്താവെ നിന്നിൽ ഞാ

ൻ ആശ്രയിച്ചു" എന്നും ആരംഭിക്കുന്ന സ
കീർത്തനങ്ങളെ ചൊല്ലി അത്തുകഴിഞ്ഞിട്ട ഒ
രു "ആകാശങ്ങളിൽ ഇരിക്കുന്ന" എന്ന ന
മസ്കാരവും രണ്ടു "നന്മനിഞ്ഞമറിയമെ" എ
ന്ന നമസ്കാരവും എത്തിച്ചു. പിന്നും "കർത്താ
വെ! നിന്നിൽ ഞാൻ ആശ്രയിച്ചു" എന്നുള്ള
സങ്കീർത്തനം ചൊല്ലിയതിൻെറശേഷം പര
ലൊകത്തിലൊട്ടു കണ്ണുകളെ ഉയർത്തി ദൈ
വത്തെയും ദൈവമാതാവിനെയും സഹായ
ത്തിന്നു വിളിച്ചു "കർത്താവെ! നിൻെറ തൃക്ക
യ്യിൽ എൻെറ ആത്മാവിനെ കയ്യാളിക്കുന്നു"
എന്നു ഉച്ച സ്വരത്തിൽ ചൊല്ലിയതിനൊ
ടെ ആത്മാവു മഹാ ശൊഭയുള്ള മെഘംപൊ
ലെ ദെഹത്തിൽനിന്നു പുറപ്പെട്ടു സ്വർഗ്ഗരാ
ജ്യത്തിലൊട്ടു കരയെറുന്നതു പുറം നിന്നി
രുന്നവർ കാണുകയുംചെയ്തു. ആ ക്ഷണത്തിൽ
തന്നെ തിരുശ്ശരീരത്തിൽനിന്നു ബഹു ഇമ്പമു
ള്ള സുഗന്ധം വീശുകയും പുണ്യവാളൻ ഉ
ണ്ടാക്കിച്ചിരുന്ന വലിയ മണി തന്നെത്താൻ
ധ്വനിക്കയുംചെയ്തു.

ഒരും മഹാപുണ്യവാളൻ മരിച്ചു എന്നുള്ള
സ്വരം പുറപ്പെട്ടതിനൊടെ ഓടിക്കൂടിയ പു

രുക്കാരത്തിന്റെ കണക്കില്ല. ക്രിസ്തുവരും യൂദന്മാരും ജനങ്ങളും, സന്ന്യാസികളും, പ്രഭുക്കളും, മെത്രാന്മാരും സകല തരക്കാരും ഓടി വന്നിരുന്നു. പാടായവരൊക്കയും പുണ്യവാളന്റെ വസ്ത്രങ്ങളെ കീറി എടുക്കയും തലമുടി വെട്ടിയെടുക്കയും ദേഹംക്രൂടെ മുറിച്ചെടുപ്പാൻ തുടങ്ങുകയുംചെയ്തു. ഒരും തിരുവസ്ത്രങ്ങളെ തൊട്ടതുകൊണ്ടും തിരുമെനിയിൽനിന്നു വീശിയിരുന്ന സുഗന്ധം ഘ്രാണിച്ചതുകൊണ്ടും രൊഗസ്വസ്ഥത മുതലായ അനേക അത്ഭുതങ്ങൾ അപ്പോൾതന്നെ സംഭവിച്ചിരുന്നു. കടശിയായി പ്രേത സംസ്കാരം ചെയ്യുന്നതിന്നു നിശ്ചയിച്ച ഗുരുപ്പട്ടക്കാർ മരിച്ചവരുടെ പൂജ പാടത്തക്കവണ്ണം ഭാവിച്ചപ്പോൾ ജനങ്ങൾ എല്ലാവരും ഒന്നിച്ചുക്രൂടി ഒരും മഹാരമാവു പുണ്യവാളനായിരിക്കയാൽ പുണ്യവാളന്മാരുടെ മഹത്വത്തിന്നായിട്ടുള്ള പൂജകഴിക്കെണമെന്നും മരിച്ചവരുടെ പൂജ പാടരുതെന്നും തമ്മിൽ തർക്കമായി ആകയാൽ മെത്രാന്റെ കല്പനപ്രകാരം ജനങ്ങളും പട്ടക്കാരുംക്രൂടി ദൈവംതന്നെ ഒരും തന്റെ വിശ്വാസമുള്ള ശുശ്രൂഷിയെ എങ്ങനെ ബ

ഹമാനിക്കെണ്ടു എന്ന അറിയിപ്പാൻ തിരു
മനസ്സാകെണമെന്ന അപെക്ഷിച്ചാറെചൈ
തങ്ങളുടെ ഭാഷയിൽ രണ്ടു ദൈവദൂതന്മാർ
ആകാശത്തിൽ കാണപ്പെട്ട പുണ്യവാളന്മാ
രെക്കുറിച്ചുള്ള പൂജയുടെ ആദ്യമൊഴികളെ
സകലരും കെൽക്കെ ഉച്ചരിച്ചുകൊണ്ടു മറ
യപ്പെട്ടുപൊയി. ഒരും പരലൊക അറിയി
പ്പിന്ന തക്കവണ്ണം അപ്പൊൽത്തന്നെ പുണ്യ
വാളന്മാരെക്കുറിച്ചുള്ള കുമ്പാനയും നമസ്കാ
രവും കഴിച്ച തിരുപ്രെത സംസ്കാരംചെയ്തു.
ഒരും തിരുപ്രെതാലയത്തിൻപക്കൽ കരിടരും
മുടന്തരും, കുഷ്ടരൊഗികളും, തളർവാതക്കാ
രുമായ അനെകർ വന്ന രാപകൽ അവി
ടെത്തന്നെ താമസിച്ച പ്രാൎത്ഥിച്ചിരിക്കയിൽ
പലപ്രാവശ്യം രാത്രിസമയത്തിൽ ശുദ്ധ:അ
ൽഫൈത്താസ മനൊവാക്കിലടങ്ങാത്ത ശൊ
ഭയൊടും മഹതപത്തൊടുംക്രൂടെ അവരുടെ
മദ്ധ്യെ എഴുന്നരുളി അവർ കാണ്കെ അ
വക്കെല്ലാവക്കും പൂൎണ്ണസ്വസ്ഥത നൽകിയ
രുളി. മറനെക അത്ഭുതസംഭവങ്ങൾ ഉണ്ടാ
യിരിക്കുന്നെങ്കിലും ചരിത്രസംക്ഷെപത്തെപ്രു
തി അവ വിട്ടുകൊണ്ടു ഒരൊ പുണ്യവാളൻ

ന്റെ മദ്ധ്യസ്ഥതയാൽ നിത്യായുസ്സു ലഭിക്കുന്നതിനു ഇടവരുവാൻവെണ്ടി എല്ലാവരും ഒരു പുണ്യവാളനൊടു ഭക്തിയൊടെ പ്രാർത്ഥിക്കെണമെന്നുമാത്രം പറയുന്നു.

തിരു ചരിത്ര മഞ്ജരി

ആറാം കുസുമം

രക്തസാക്ഷിയായ ആഗത്ത എന്ന പുണ്യവതിയുടെ ചരിത്രം.

മൂന്നാം ശതാബ്ദത്തിൽ ദെച്ചിയൂസ എന്ന ദുഷ്ട ചക്രവർത്തിയുടെ വാഴ്ചനാളുകളിലാണു ഈ ഭക്തകന്യകയും രക്തസാക്ഷിയുമായ പരിശുദ്ധ ആഗത്ത പിറന്നതു. ഇവർ പലെർമ്മോ എന്ന പട്ടണത്തിൽ പിറന്നവരും ബഹു കുലശ്രേഷ്ഠതയും സൌന്ദര്യവുമുള്ളവരായിരുന്നു. എന്നാൽ ശരീര സൌന്ദര്യത്തെയും കുലശ്രേഷ്ഠതയെയുംകായിൽ ആത്മാലങ്കാരവും വിശ്വാസ സ്ഥിരതയും ഏറ്റം വലിയതായി

രുന്നതുകൊണ്ടു ക്രിസ്ത്യാനമതത്തിന്റെ ക്രൂ
രസംഹാരിയായ ടെച്ചിയൂസ എന്ന ചക്രവ
ർത്തി സകല ക്രിസ്തുവരും ഒന്നുകിൽ വിഗ്രഹാ
രാധനയെ അനുസരിക്കേണം അല്ലെങ്കിൽ
നിഷ്ഠുര ബാധയനുഭവിച്ചു മരിക്കേണ്ടിവരും
എന്നു വിളംബരം പ്രസ്ഥാപിച്ചപ്പോൾ സത്യ
വെദത്തെയും സത്യദൈവാരാധനയെയും വി
ട്ടുപെക്ഷിക്കുന്നതിനെക്കാൾ സ്വപീഡകളെ
യും അനുഭവിച്ചു പ്രാണനെയും ഉപെക്ഷി
പ്പാൻ ഒരുങ്ങുക ആയത്തമായി തന്നെത്താൻ
സ്വൈശ്വരന്നു പ്രതിഷ്ഠിച്ചു പ്രാർത്ഥിച്ചുകൊ
ണ്ടുവന്നു. ഇപ്രകാരമിരിക്കയിൽ ശ്ര: ആഗ
ത്തയെ വിവാഹംകഴിപ്പാനും ഇവരുടെ സമ്പ
ത്തുകളെ കൈവശപ്പെടുത്തുവാനും ആഗ്രഹി
ച്ചാരെ അതിനു വഴികാണാതെയിരുന്ന നാട്ട
ധികാരി ഒരു പരിശുദ്ധകന്യകരാജകല്പനയെ
ധിക്കരിക്കുന്നവൾ എന്നൊരുകുറവും ചുമത്തി
തന്റെ ന്യായാസനത്തിൻ മുമ്പാകെ കൂട്ടിക്കൊ
ണ്ടുവരുന്നതിന്നായി സെവകരെ അയച്ചു.
നാട്ടധികാരിയുടെ കല്പനപ്രകാരം സെവക
ർ ശ്ര: ആഗത്തയുടെ വീട്ടിൽചെന്നു ഒരു നി
മ്മലകന്യകയെ വിളിച്ചു "നീ മഹാ ചക്രവ

ത്തിയുടെ കല്പനപൊലെ ദൈവന്മാരെ വണ
ങ്ങാതെ ധിക്കരിച്ചിക്കുന്നുവെന്ന കെൾക്കയാ
ൽ നിന്നെകൊണ്ടു ഇതിന്നുതക്ക പരിഹാരം
ചെയ്യിപ്പാൻ ഉത്തരവായിരിക്കുന്നു; അ൪ത്ഥ
യാൽ നീ ഇനിയെങ്കിലും ദൈവന്മാരെ ആ
രാധിച്ചുകൊള്ളാമെന്ന വാഗ്ദത്തംചെയ്യുന്നതാ
യിരുന്നാൽ മാനവും മഹത്വവും ലഭിക്കയും
അല്പാത്തപക്ഷം കഠിനശിക്ഷ ഏല്ക്കുന്നതുമ
ല്ലാതെ പ്രാണനാശത്തിന്നുക്രുടെയും സംഗതി
വരുന്നതാകുന്നു എന്നുപറഞ്ഞു. ശ്ര: ആഗത
ന്മാരുകെട്ടു സെവകരൊടു ഏറെയൊന്നും പ
റയാതെ അവരെ വിട്ടു ഒരു മുറിയിൽ പ്ര
വെശിച്ചു മുട്ടുകുത്തി പരലൊകത്തിലൊട്ടു ക
ൺതിരിച്ചു കൈപൊക്കി "ംരംശൊകത്താവെ
നീ മാത്രം എന്റെ ഹൃദയത്തിന്റെ സ്നെഹ
ത്തെയും ആഗ്രഹത്തെയും അറിഞ്ഞിരിക്കുന്നു.
നീ എന്റെ വിശ്വാസത്തെയും ആരമ ശുദ്ധി
ന്തിയെയും മനൊ ധീരതയെയും അറിയുന്നു
ംരം ക്രൂര അധികാരിയൊടുമുത്തുള്ള യുദ്ധ
ത്തിൽ നീ തന്നെ ഇനിക്കു തുണയായിരിക്കെ
ണമെ! ംരം ക്ഷണംവരെ പരിശുദ്ധമുള്ളതാ
യി നിനക്കു ഞാൻ കാത്തുപ്രതിഷ്ഠിച്ചു എന്റെ

ശരീരത്തെ ഒരു ദുഷ്ടശത്രു ആശ്രയിച്ചു എ
ന്നുവരാതിരിക്കേണ്ടതിനു നീ തന്നെ എന്നെ
ആദരിച്ചു പിശാചിനെയും ഒരു പിശാചി
ന്റെ ദൂതനെയും നീ തന്നെ ജയിക്കേണമെ!
നീ മാത്രം സത്യ ഏക ദൈവമായിരിക്കയി
ൽ നീ എന്റെ കണ്ണുനീരുകളെയും എന്റെ
ജപങ്ങളെയും നിനക്കു ഇഷ്ടമുള്ള പൂജയാ
യി കൈക്കൊണ്ടു എന്നെ രക്ഷിക്കേണമെ
ആമ്മേൻ,, എന്നീ അപേക്ഷകഴിച്ചതിന്റെ
ശേഷം കാരണവന്മാരൊടു യാത്ര ചൊല്ലി
പരലൊകത്തിൽനിന്നിറങ്ങിയ സവ്വ അധി
കാരമുള്ള ഒരു ദൈവ പുത്രിയെപ്പൊലെ
സെവകരൊടു ഒരുമിച്ചു നാട്ടധികാരിയുടെ
അരമനയിലൊട്ടു പുറപ്പെട്ടു. സ്നെഹാഗ്നിയാ
ൽ ജ്വലിക്കുന്ന അരുമമണവാളനായ ഒരു
ശൊമിശിഹായെപ്രതി വെഗത്തിൽ മരിച്ചു
പരലൊകത്തിൽ തന്നൊടുകൂടെ നിത്യാന
ന്ദം അനുഭവിപ്പാനുള്ള സ്നെഹദാഹംകൊണ്ടു
ശീഘ്രമായി നടന്നിരുന്നു. ദുഷ്ടി എപ്പൊഴും
കീഴൊട്ടു താഴ്ത്തി യാതൊരുത്തനൊടും മിണ്ടാ
തെ മൌനമായി നടന്നിരുന്നെങ്കിലും ദൈ
വ വരപ്രസാദങ്ങളാൽ നിറഞ്ഞിരുന്ന ഒരു

51904

നിമ്മലകന്യകയുടെ മുഖത്തിൽ നൊക്കുന്നവ
ക്കൊക്കെക്കും ഇവരുടെ ഒരു മുഖഭാവം ത
ന്നെ ഒരു വിശേഷ ഉപദേശം ആയിരുന്നു.
മെലധികാരിയുടെ അടുക്കൽ വന്നപ്പോൾ
അവൻ ഒരു പരിശുദ്ധകന്യകയുടെ മനസ്സി
ന്നുഎങ്ങനെയെങ്കിലും ഇളക്കം വരുത്തണ
മെന്നുകരുതി ശ്ലൂ: ആഗത്തയെ ഒരു കാവ്യ
സ്ത്രീക്കു ഏല്പിച്ചു വീട്ടിൽകൊണ്ടുപൊയി പാ
പ്പിച്ചു ഇവരുടെ മനസ്സിന്നു പകച്ചവരുത്തി
ദെവന്മാക്കു പൂജചെയ്യാൻ സമ്മതിപ്പിക്കെ
ണമെന്നു കല്പിച്ചയച്ചു. ആ സ്ത്രീയും അവ
ളുടെ അഞ്ചു പെൺമക്കളുംകൂടി ഒരു പു
ണ്യവതിയെ സ്നേഹിച്ചും ലാളിച്ചും, സമ്പ
ത്തും ബഹുമാനവും പറഞ്ഞൊത്തും, ശിക്ഷ
യും നാശവും കാട്ടി ഭയപ്പെടുത്തുവാൻ ശ്ര
മിച്ചും അനെക ന്യായങ്ങളെ പറഞ്ഞുകെ
ൾപ്പിച്ചും അവരാൽ ആയവിധത്തിലൊക്കെ
യും രാപകൽ പ്രയാസപ്പെട്ടാറെയും ശ്ലൂ: ആ
ഗത്താഞ്ഞു ഇവരുടെ നിർഭാഗ്യംകണ്ടു കരവാ
ൻ ഇടവരുത്തിയതല്ലാതെ മറ്റുയാതൊന്നും
സാധിച്ചില്ല. അവർ നരക പിശാചുക്കളെ
പ്പോലെ രാപകൽ ഇളവില്ലാതെ ശ്ലൂ: ആ

DHARMARAM COLLEGE LIBRARY
BANGALORE-29.

ഓത്തായെ നാശമാഗ്രത്തിൽ ആക്കുന്നതിന്നുവെ
ണ്ടി പ്രയത്നിക്കുന്നതിനെക്കണ്ടും അവരുടെ
നിർഭാഗ്യം ഓർത്തും ഒരുശൊമിശിഹായെപ്രതി
സകല പാടുകളും അനുഭവിച്ചു മരിക്കേണ
മെന്നുള്ള മഹാ ആഗ്രഹം നിറവെറുന്നതിന്നു
താമസിക്കുന്നതിനെക്കുറിച്ചു ദുഃഖിച്ചുകൊണ്ടും
വളരെ കരഞ്ഞു "ദൈവകുമാരനായ ഒരു
ശൊമിശിഹാ എന്ന പാറമേൽ ഉറച്ചിരിക്ക
ന്ന എന്റെ മനസ്സിനെയും ഹൃദയത്തെയും
കാറ്റുപൊലെ ആയിരിക്കുന്ന നിങ്ങളുടെ
ഒരു ഉപദേശംകൊണ്ടു ഇളക്കാമെന്നു വി
ചാരിക്കേണ്ട. ഒരുശൊയുടെ സ്നേഹത്തിൽനി
ന്നു യാതൊരുത്തരും എന്നെ പെർതിരിക്ക
യില്ല്യ എന്നു ശ്ലൂ: ആഗത്ത ആ അജ്ഞാന
സ്ത്രീകളോടു പറഞ്ഞു.

അവർ ഒരു മനൊധൈര്യവും സ്ഥിര
തയും കണ്ടതിന്റെശെഷം നാട്ടധികാരിയുടെ
അടുക്കൽ ചെന്നു "ഒരു പെണ്ണെതലിന്റെ
മനസ്സിന്നു ഇളക്കംവരുത്തി മിശിഹായുടെ
സ്നെഹത്തിൽനിന്നു ഇവളെ പെർതിരിക്കുന്ന
തിനെക്കാൾ കല്ലിനെ മൃദുവാക്കുകയൊ ഇരി
മ്പിനെ ഒരുമയാക്കി പകർത്തുകയൊ ചെയ്യു

ന്നതാണു എളുപ്പം. ഞാനും എന്റെ മക്കളും രാപകൽ പടിച്ചു പണിയെയാക്കെ കഴിച്ചു ആഭരണങ്ങളെയും അലങ്കാര വസ്ത്രങ്ങളെയും മാണിക്കങ്ങളെയും ശുശ്രൂഷക്കാരെയും സകലവും കൊടുത്തു. അവൾ അതൊക്കെയും മണ്ണാകട്ടപൊലെയല്ലാതെ അധികം ഒട്ടും പ്രമാണിച്ചിട്ടുമില്ല, അവളുടെ മനസ്സിന്നു ഒരു ഇളക്കവുമില്ല. ശിക്ഷകളെകൊണ്ടു പെടിക്കുന്നുമില്ല,, എന്നുപറഞ്ഞു നാട്ടധികാരി ഇതുകെട്ടു വളരെ കൊപിച്ചു ശു: ആഗത്തയെ തന്റെ മുമ്പാകെവരുത്തി "നീ ഏതു വംശത്തിലുള്ളവൾ ആകുന്നു?,, എന്നു ചൊദിച്ചു. അപ്പൊൾ ശു: ആഗത്ത "ഞാൻ കീർത്തിയും പ്രാബല്യവുമുള്ളവംശക്കാരത്തിയെന്നമാത്രവുമല്ല എന്റെ സംബന്ധക്കാർ വലിയ ധനികന്മാരുമായിരിക്കുന്നു,, എന്നുത്തരിച്ചു. അപ്പൊൾ നാട്ടധികരി "നീ ഇത്ര വിശ്രുതവംശിക്കി ആയിരിക്കയിൽ എന്തൊ അടിമകളുടെ മയ്യാദയെ അനുസരിച്ചു ജീവിക്കുന്നു,, എന്നു ചൊദിച്ചരിന്നു "ഞാൻ ദൈവകുമാരനായ രെംശൊമിശിഹായുടെ അടിയാട്ടിയായിരിക്കകൊണ്ടു നീ എന്നെ

അടിമയെന്ന വിളിച്ചതു ശരിതന്നെയായിരിക്കുന്നു. ഞങ്ങളുടെ ശ്രേഷ്ഠതയും മഹിമയും ഓരോമിശിഹായുടെ ശുശ്രൂഷചെയ്യുന്നതാണു. എന്തുകൊണ്ടെന്നാൽ സത്യദൈവമായിരിക്കുന്ന ഓരോ രക്ഷിതാവിന്നു ശുശ്രൂഷചെയ്യുന്നതു സകലത്തിന്നും മെലായി ഭരിക്കുന്നതുപൊലെയാണു,, എന്നു ശു: ആഗത്ത ഉത്തരിച്ചു. അധികാരി ഇതുകെട്ടു "എന്നിരിക്കയിൽ നീ പറയുന്ന മിശിഹായെ സെവിക്കാത്തഞങ്ങൾ സ്വാതന്ത്ര്യരും ഭരിക്കുന്നവരുമല്ലയൊ,, എന്നു ചൊദിച്ചതിന്നു "അല്ല, നിങ്ങൾക്കു ദൈവമക്കൾക്കടുത്ത യാതൊരു സ്വാതന്ത്ര്യവുമില്ലാതെ പാപത്തിന്നു അടിയാരായി ദൈവത്തിന്റെ നാട്ടുകളെപ്പൊലെ ആയിരിക്കുന്ന പിശാചുക്കളെ തന്നെ നിങ്ങളുടെ ദൈവന്മാരായി വണങ്ങുവാൻതക്ക ഹീനതപത്തിലും ചിത്താന്ധകാരത്തിലും നിങ്ങൾ മുഴുകിയിരിക്കുന്നു,, എന്നു ശു: ആഗത്ത ഉത്തരിച്ചു. ഈ സൂക്ഷ്മമായ ഉത്തരംകൊണ്ടു അധികാരി ലജ്ജിച്ചു എങ്കിലും ഭയശീലം കാണിച്ചുകൊണ്ടു "നീ ദുഷിവാക്കുകളെ പറഞ്ഞുതുടങ്ങിയാൽ യൊഗ്യമായ ശിക്ഷയെയ്ക്കുമെന്നു

അറിഞ്ഞുകൊള്ളേണം; എങ്കിലും നാം നിന്നെ ശിക്ഷിപ്പാൻ ഇടവരാതിരിക്കേണ്ടതിന്നു നീ എന്റെ ദൈവന്മാരെ ആരാധിക്കാതിരിക്കുന്നു എന്നുനമ്മോടുപറക,, എന്നു കല്പിച്ചു. അപ്പോൾ ശ്ര: ആഗത്ത "ദൈവന്മാരെ അല്ല,, പിശാചുക്കളെ "എന്നുപറക. പിശാചുക്കളുടെ ബിംബങ്ങളെയാണു നിങ്ങൾ കല്ലും മരവുംകൊണ്ടുണ്ടാക്കി വണ്ണങ്ങളും കൊടുത്തു കുമ്പിട്ടു വന്ദിക്കുന്നതു,, എന്നുപറഞ്ഞു. ഇതുകെട്ട അധികാരി "ആഗത്തയെ! നീ വൃഥാ ബുദ്ധികെട്ടവളാകേണ്ട; നീ നല്ലവാക്കുകെട്ടു ദൈവന്മാക്കു പൂജചെയ്ക. അതുതല്ലായെങ്കിൽ നമ്മുടെ കോപത്തിന്നുതക്ക പീഡകളെ നീ അനുഭവിക്കയും, നിനക്കും നിന്റെ ശ്രേഷ്ഠ വംശത്തിന്നും മാനഹാനിയായി തീരുകയുംചെയ്യും,, എന്നു ഗുണദോഷമായി പറഞ്ഞു. അതിനു ശ്ര: ആഗത്ത "നിന്റെ ഭാഗ്യ, വെന്നുസ എന്ന ദേവിയെപ്പോലെ ദേവിയായിട്ടും, നീ യൂപ്പിത്തെർ എന്ന ദേവനെപ്പോലെ ദേവനായിട്ടും ഇരുന്നുകൊൾകെവെണ്ടു; ഞാൻ ഒരു ശൊമിശിഹായുടെ അടിയാട്ടിയായിരിക്കുന്നു,, എന്നുത്തരിച്ചു. ഒരു പ്രത്യുത്തരത്താൽ

അധികാരി കൊപിച്ചു ഒരം പുണ്യവതിയുടെ കന്നത്തിൽ ക്രൂരമായി അടിപ്പിച്ചു. കുറെനേരത്തേക്കു സംസാരിച്ചതിൻറെശേഷം ശ്രുഭ്രമാകപ്പെട്ടവളെ ക്രൂരിരുട്ടുള്ള പാറാവിൽ കൊണ്ടുപൊയി ഇടുവാൻ കല്പിച്ചതിൻറെ ശേഷം "ആഗത്തയെ! നീ സുബൊധത്തൊടെ ഒന്നു ഓത്തു വിചാരിച്ചു നിൻറെ ഒരം മൂഢരുപത്തിന്മെൽ മനസ്താപപ്പെട്ടു നമ്മുടെ ശിക്ഷയിൽനിന്നു ഒഴിവാൻ നൊക്കുക്കു എന്നുകല്പിച്ചപ്പൊൾ ശ്രു:ആഗത്തഅധികാരിയെനൊക്കി "നീ തന്നെ തക്കവണ്ണം മനസ്താപപ്പെട്ടു നിത്യ നരകശിക്ഷയിൽനിന്നു ഒഴിവാൻ വിചാരിക്കുന്നുഎന്നുതൈവസ്നെഹ ശ്രുഷ്ക്കാന്തിയൊടെ പറഞ്ഞപ്പൊൾ അധികാരിക്കു കൊപം അടക്കുവാൻ വഹിയാതെ മെല്പറഞ്ഞ പാറാവുവരെ ആഗത്തയെ വലിച്ചുകൊണ്ടുപൊകുവാൻ കല്പിക്കയും സെവകർ വലിച്ചുകൊണ്ടുപൊകയിൽ ശ്രു: ആഗത്ത മഹാ സന്തൊഷത്തൊടെ മണവറയിൽ പ്രവെശിക്കുന്നതുപൊലെ ആ പീഡകളെ സഹിച്ചുകൊണ്ടു കാരാഗൃഹത്തിൽ പ്രവെശിക്കയുംചെയ്തു.

പിറെറ ദിവസം ഒക്ടൊയായധിപൻ ശ്രു:

ആഗത്തയെ ന്യായാസനത്തിൽമുമ്പാകെ വരുത്തി "നീ നിന്റെ രക്ഷയുടെ കാര്യത്തെ പറ്റി ആലൊചിച്ചൊ"? എന്നു ചൊദിച്ചു. ഉടനെ ശൂ: ആഗത്ത "എന്റെ രക്ഷ ഒരൊ ശൊമിശിഹായായിരിക്കുന്നു" എന്നുത്തരിച്ചു. അപ്പൊൾ നാട്ടധികാരി "ഒ! നിർഭാഗ്യപ്പെട്ട വളെ! എന്നുവരെ നീ ഒരൊ മൂഢതയിലിരിക്കും? നീ ചാകാതിരിക്കെണമെങ്കിൽ മിശിഹായെ ഉപെക്ഷിച്ചു ദൈവന്മാരെ ആരാധിക്കു" എന്നുപറഞ്ഞു. ഇതിന്നു "ഒരുനാളും അവസാനിക്കാത്ത ദൈവശിക്ഷയിൽനിന്നു നി ഒഴിയുന്നതിന്നുവെണ്ടി കല്ലും മരവുംകൊണ്ടുള്ള നിന്റെ ദൈവന്മാരെ ഉപെക്ഷിച്ചു സത്യ ദൈവത്തെ അറിഞ്ഞാരാധിക്കു" എന്നു ശൂ: ആഗത്ത ഉത്തരിച്ചു. ഇതുകെട്ടതിനൊടെ നാട്ടധികാരി കൊപിച്ചലറി "ആഗത്തയെ നല്ലബുദ്ധി പഠിക്കു" എന്നു ഭ്രണ്ടൊക്ഷവാക്കു പറഞ്ഞുകൊണ്ടു ഒരൊ നിർമ്മലകന്യകയെ കെട്ടി തൂക്കി അടിപ്പിച്ചു. ആനെരത്തിൽ ശൂ: ആഗത്ത ദുഷ്ടവിധിയാളനെ നൊക്കി ഒരൊ നിന്റെ ശിക്ഷകളും ബാധയന്ത്രങ്ങളും ഇനിക്കു പരലൊക നിക്ഷപത്തെയും ആനന്ദത്തെ

യും വർദ്ധിപ്പിക്കുന്നു. നീ ചെയ്യുന്നതും ചെയ്യാ നിരിക്കുന്നതും ഒക്കെയും കേൾക്കുമ്പോൾ ഞാൻ ആനന്ദ സാഗരത്തിൽ മുഴുകുന്നു; കൊതുമ്പിന്റെ വെള്ളക്കാലും മറ്റും കളഞ്ഞെങ്കിലെ അറയിൽ ഇട്ടുകയുള്ളു; എന്നപോലെ എന്റെ ശരീരത്തെ നീ അടിച്ചു ചിതറിക്കുമ്പോൾ എന്റെ ആത്മാവു പരലൊക മണവറയിൽ കൈക്കൊള്ളപ്പെട്ടും,, എന്നുപറഞ്ഞു. ഇതുകെട്ടു നാട്ടധികാരി സഹിക്കുതാത്തവണ്ണം കൊപിച്ചു ശ്ര: ആഗത്തയുടെ മുലയെ പലപ്രകാരത്തിൽ പീഡിപ്പിപ്പാനും കടശി അറുപ്പാനും കല്പിച്ചു. ആകയാൽ ശ്ര: ആഗത്ത ദുഷ്ട നാട്ടധികാരിയെ നൊക്കി "ദുഷ്ട അധികാരിയെ! ഒരു സ്ത്രീയൊട്ടു ഇതു ചെയ്യാൻ നിനക്കു ലജ്ജയില്ലയൊ? നിന്റെ തള്ളയിൽനിന്നു നീ കുടിച്ച മുലയെ മറൊരു സ്ത്രീക്കു നീ അറുപ്പിക്കുന്നൊ? എങ്കിലും ംരംശൊമിശിഹായുടെ ഞാൻ പ്രതിക്കിച്ചതൊന്നും ഇതുകൊണ്ടു പൊയ്പ്പൊകയില്ല,, എന്നുപറഞ്ഞു. ഇതുകെട്ടു നാട്ടധികാരി ഏറവും കൊപിച്ചു ശ്ര: ആഗത്തയെ പാറാവിൽ കൊണ്ടുപൊയി ഇട്ടുവാനും യാതൊരു ഔഷധവും ആ

ന്നപാനവും കൊടുക്കാതെ പീഡിപ്പിപ്പാനും കല്പിച്ചു.

ഒരും കല്പനപ്രകാരം ശ്ര: ആഗത്തായെ പാറാവിൽ ആക്കി അടച്ചതിൻെറശേഷം അന്നുതന്നെ അർദ്ധരാത്രി ആയപ്പോൾ ഒരു വൈദ്യൻ പല ഔഷധങ്ങളൊടുകൂടെ കാരാഗൃഹത്തിൽവന്നു. ഒരു പൈതൽ ഇയാളുടെ മുമ്പിൽ വിളക്കും പിടിച്ചുകൊണ്ടു നടന്നിരുന്നു. ഒരും വൈദ്യൻ ശുദ്ധമാകപ്പെട്ടവളുടെ അടുക്കൽ ചെന്നുകൊണ്ടു "ദുഷ്ടമെലധികാരി നിന്നെ ചമ്മട്ടികൊണ്ടു അടിപ്പിച്ചു എങ്കിലും നിൻെറ മനൊധൈർയ്യംകൊണ്ടു അവനെ നീ ലജ്ജിപ്പിച്ചു; വീണ്ടും ആ ക്രൂരൻ നിൻെറ സുനത്തെ പീഡിപ്പിപ്പാനും അറുപ്പാനും കല്പിച്ചു. അവൻെറ ആരമാവ ഇത്രകാരണത്താൽ നിത്യബോധയെ അനുഭവിക്കും; നീ ഇതൊക്കെയും അനുഭവിച്ചപ്പോൾ ഞാൻക്രൂടെ ഉണ്ടായിരുന്നു, ഇപ്പൊൾ നിന്നെ സുഖമാക്കുന്നതിന്നായിട്ടു ഞാൻ വന്നിരിക്കുന്നു" എന്നുപറഞ്ഞു. അപ്പൊൾ ശ്ര: ആഗത്തു "ഞാൻ എൻെറ ശരീരത്തിന്നു ഒരിക്കലും ഔഷധം പ്രയൊഗിച്ചിട്ടില്ല; ചെറുപ്പം മുതലൂ

ള്ള എന്റെ ംരം നല്ല ചട്ടത്തെ ഇപ്പോൾ ഉ
പെക്ഷിക്കുന്നതു ശരിയല്ലെന്നു ഇനിക്കു തൊ
ന്നുന്നു, എന്നുത്തരിച്ചുപ്പോൾ "ഞാനും ക്രീസ്തു
വനായിരിക്കുന്നു, നിന്നെയെന്നുഖ്യമാക്കാമെ
ന്നുറച്ചുകൊണ്ടാണു ഞാൻ വന്നിരിക്കുന്നതു,
നീലങ്ങിക്കെണ്ടു" എന്നുവൈദ്യൻ പറഞ്ഞു. ഇ
തിന്നു മുമ്പത്തെ രങ്ങൾ ഒരു വയസ്സനും ഞാ
ൻ ഒരു ചെറുപ്പുകാരത്തിയും ആയിരിക്കയി
ൽ ഞാൻ എങ്ങിനെ ംരം മുറിപ്പെട്ടിരിക്കുന്ന
ശരീരത്തെ കാണിക്കും? ആയതുകൊണ്ടു ഞാ
ൻ ഉങ്ങുവിട്ടു ഇതുചെയ്യുന്നതിനെക്കാൾ ംരം
മുറിവുകൊണ്ടുണ്ടാകുന്ന സങ്കടങ്ങളെ ക്ഷമ
യൊടെ സഹിപ്പാൻ കരുതിയിരിക്കുന്നു, അ
കയാൽ രങ്ങൾ ഇനിക്കു സൌഖ്യം വരുത്തു
ന്നതിന്നായി ഇവിടെ വന്നതുകൊണ്ടു ഞാൻ
വള രെ സ്നേഹിച്ചുകൊണ്ടിരിക്കുന്നു. മാനുഷ്യ ഔഷധ
ങ്ങൾ ഒരിക്കലും എന്റെ ശരീരത്തിന്നു പ്ര
യൊഗിക്കയില്ലെന്നും രങ്ങളെ ാട്ട അറിയി
ക്കുന്നു. "എന്നുത്തരിച്ചുപ്പോൾ" എപ്പോ ഞാൻ
നിന്റെ മുറിവുകളെ പൊരുപ്പിക്കുന്നതിന്നു
സമ്മതിക്കുന്നില്ല" എന്നു ആ വൈദ്യൻ ചൊ
ദിച്ചു. അതിന്നു ശ്ശ: മുമ്പത്തെ "ഒരു അടയാ

ളം മാത്രം കാണിച്ചുകൊണ്ടു ഇവകളെ പൊറുപ്പിപ്പാനും, ഒരുവചനംകൊണ്ടു മരിച്ചവരെ ഉയപ്പിപ്പാനും വശമുള്ള ംരംശൊമിശിഹാ ഇനിക്കുണ്ടു, അങ്ങിനെ തിരുമനസ്സാകുന്നെങ്കിൽ അങ്ങെ അയൊഗ്യ അടിയാട്ടിയായ എന്നെയും കാത്തുരക്ഷിപ്പാൻ വശമാകുന്നു,, എന്നുത്തരിച്ചു. ഇതുകെട്ടു വൈദ്യനായ പുദ്ധൻ പുഞ്ചിരിയിട്ടുകൊണ്ടു "ംരംശൊമിശിഹാതന്നെയാണു എന്നെ നിങ്ങെറ പക്കലൊട്ടു അയച്ചതു; ഞാൻ തങ്ങെറ ശ്ലീഹായായിരിക്കുന്നു; നീ എങ്ങനെ പൂൎണ്ണ സ്വസ്ഥത പ്രാപിച്ചിരിക്കുന്നു എന്നു കാണ്കു,, എന്നുപറഞ്ഞുകൊണ്ടു വൈദ്യനായി കാണപ്പെട്ട ശ്ലീഹാ പത്രൊസു ശ്ലീഹാ മറഞ്ഞുപൊകയും മുറിവുകളൊക്കയും പൊറുക്കയും ഛെദിക്കപ്പെട്ടമൂല പൂൎണ്ണമാകയുംചെയ്തു.

ഉടനെ ശ്രുദ്ധാ: ആഗത്ത സാക്ഷാംഗമായി വീണു തങ്ങെറ ആശ്രമ മണവാളനായിരിക്കുന്ന ംരംശൊമിശിഹാ തനിക്കു ചെയ്ത ംരം മഹാ മനൊഹ്രണത്തെപ്രതി അങ്ങെക്കുസ്തൊത്രംചെയ്തു ഏറ്റം ധൈൎയ്യംപ്രാപിച്ചു. രാത്രിമുഴുവനും ആ കാരാഗൃഹം അത്യുത്തമാ

യി ശൊഭിച്ചിരുന്നതുകണ്ടു പാറാവുകാവ
ല്ലാരൊക്കെയും ഭയപ്പെട്ടു തുറന്നിരുന്ന
പാതിൽ അടെപ്പാൻക്രുടെ തുനിയാതെ ഓ
ടിപ്പൊയി. അപ്പൊൾ ആ പാറാവിലുണ്ടാ
യിരുന്ന മറാള്ളുകൾ ശുദ്ധ: ആഗത്തായൊ
ട ഓടിപ്പൊയി രക്ഷപെടുവാൻ പറഞ്ഞു.
ആയതിന്നു ഒരം നിമ്മലകന്യക ഉത്തരിച്ചു
തു: "ഇല്ലില്ല ഒരും യുദ്ധത്തെക്കുറിച്ചു ഇനിക്കു
ആയത്തമായിരിക്കുന്നേ കിരീടത്തെ ഞാൻ
ഉപെക്ഷിച്ചുകൊണ്ടു ഓടിപ്പൊകയൂം, ആകാ
വല്ലാരരെ കുറക്കാരരാക്കുകയും ചെയ്യുയി
ല്ല. ഇനിക്കു പൂണ്ണസൌഖ്യം തന്നരുളുകയും
എന്നെ ആശ്വസിപ്പിക്കയുംചെയ്യും ഒരുംശൊമി
ശിഹാ എന്നെ സഹായിക്കും. ഞാൻ ഒടുക്കം
വരെ ഒരും യുദ്ധത്തിൽ നിലനില്ക്കുന്നതല്ലൊ
തെ പിൻവാങ്ങുന്നതല്ലൊ." കാരാഗൃഹത്തി
ൽ നാലുദിവസം കിടന്നതിൻെറശെഷം നാ
ടുധികാരി ശുദ്ധ:ആഗത്തായെ അവൻെറമു
മ്പാകെ വരുത്തി. "നീ എതുനാൽ മഹാ ച
ക്രുവത്തികളുടെ പ്രമാണങ്ങളെ ധിക്കരിച്ചു
നില്ക്കും? ഒന്നുകിൽ ദെവന്മാക്കു പൂജചെയ്യു
അല്ലെങ്കിൽ ഏററം കഠിനമായപീഡകളെ

നീ അനുഭവിപ്പാൻ സംഗതിയാകും,, എന്നപേ
ക്ഷിച്ചു. ഇതുകെട്ടു ശ്രുഭ: ആഗത്ത "ഒ! നിർഭാ
ഗ്യനെ! ഒ! ബുദ്ധിഹീനനെ! കല്ലുകളെയും
മരങ്ങളെയും ദൈവന്മാരായിട്ടു ആർ വ
ണങ്ങും? സൃഷ്ടിതാവിനെയും അങ്ങെ കല്പന
കളെയും ലംഘിച്ചുകൊണ്ടു നീച പിശാചു
ക്കളെ വണങ്ങുവാനും മനുഷ്യരുടെ ദുഷ്പ്ര
മാണങ്ങളെ അനുസരിപ്പാനും ആർ മനസ്സാ
കും? നീ ലജ്ജാഹീനനായി എന്റെ മുലയെ
ഛെദിപ്പിച്ചാറെ എന്റെ ഗുരുശൊമിശിഹാ
മുമ്പിലത്തെക്കാൾ അലങ്കാരമായിട്ടു എന്നെ
സുഖമാക്കിയെന്നു നീ കാണുന്നില്ലയൊ?,, എ
ന്നു ചൊദിച്ചു. ഇതിനാൽ നാട്ടധികാരി കൊ
പിച്ചലറി "ആർ നിന്നെ സൌഖ്യമാക്കി?,,
എന്നു ചൊദിച്ചു. ''സത്യദൈവത്തിന്റെ കു
മാരനായ ഗുരുശൊമിശിഹാ എന്നെ സൌ
ഖ്യമാക്കി,, എന്നു ശ്രുഭ: ആഗത്താ ഉത്തരി
ച്ചു. അപ്പൊൾ മെലധികാരി ''ഇനിക്കു
കെൽപ്പാൻക്രുടെ മെലാത്ത നിന്റെ മിശി
ഹായെ പിന്നെയും നീ ഉച്ചരിക്കുന്നുവൊ?,,
എന്നു ചൊദിച്ചതിനു ''എന്റെ ഗുരുശൊ
യെ ഞാൻ ഒരിക്കലും വിട്ടിക്കാതെയും സൂ

രിക്കാതെയും ഇരിക്കയില്ല,, എന്നത്തരിച്ചു മെലധികാരി ഇതുകെട്ടു ''ആകട്ടെനിന്നെ മിശിഹാനിന്നെ കാത്തുകൊള്ളുന്നതുകാണാം,, എന്നു പറഞ്ഞുകൊണ്ടു ഒരു സ്ഥലത്തിൽ ഓ ട്ടുനുറുക്കുകളെ നിരത്തിയിടുവാനും അതി ന്നെറമിതെ തീക്കനൽ പരത്തുവാനും ഇവ യുടെമെൽ ശുദ്ധ: ആഗത്തായെ കിടത്തുവാ നും കല്പിച്ചു. ഇപ്രകാരം ചെയ്യപ്പോൾ ഘ ടുരിയിൽ പ്പൊരമായ ഭ്രകമ്പമുണ്ടായി ആ അരമനയുടെ ഒരുഭാഗം ഇടിഞ്ഞുവീഴുകയും ംരം ശിക്ഷചെയ്യുന്നതിന്ന കാരണക്കാരായ നാട്ടധികാരിയുടെ ഒരു സ്നേഹിതനും ഒരു ക്രൂട്ടുകാരനും മരിക്കയുംചെയ്തു. ഇതുമാത്രമല്ല പട്ടണം മുഴുവനും വളരെ കുലുങ്ങുകയും അതുകാരണത്താൽ ജനങ്ങൾ ഭയപ്പെട്ട നാ ട്ടധികാരിയുടെ അടുക്കൽ ഓടിവന്നു വലിയ കലഹം ഉണ്ടാക്കുകയുംചെയ്തു.

നാട്ടധികാരി ംരം ജനകലഹവും ഭ്രകമ്പ വും ഭവിച്ച നാശവും കണ്ടു ഭ്രമിച്ചു ശുദ്ധ: ആഗത്തായെ വെഗം പാറാവിൽ കൊണ്ടു പൊയി ആക്കുവാൻ കല്പിച്ചു. ംരം പരിശു ദ്ധ കന്യക പാറാവിൽചെന്നു കെറിയതിന്നെറ

ശേഷം മുട്ടിന്മേൽനിന്നു ഇരുകൈകളെയും പരലൊകത്തിന്നുനേരെ നീട്ടി "കർത്താവെ എന്റെ ആരമമണവാള നായംരംശൊയെ! നി നിന്റെ തിരുനാമത്തെക്കുറിച്ചു യുദ്ധം ചെയ്യാൻ ഇനിക്കു മനൊഹ്രണം ചെയ്കയും ലൊകസ്നെഹമൊക്കയും എന്റെ ഹൃദയത്തിൽനിന്നു നീക്കികളകയും ചെയ്തതിനെക്കുറിച്ചു ഞാൻ നിനക്കു സ്തൊത്രം ചെയ്യുന്നു. എന്നാൽ ഇപ്പൊൾ കർത്താവെ ംരം നിന്റെ അടിയാട്ടി ംരം ലൊകത്തിൽനിന്നു പിരിഞ്ഞു അങ്ങെ തിരുസന്നിധിയിൽ വന്നു ചെരുവാൻ കൃപചെയ്യെണമെ. എന്നു ഞാൻ പ്രാർത്ഥിക്കുന്നു എന്നി പ്രാർത്ഥന കഴിഞ്ഞ ഉടനെ ആരമാവു പരലൊകത്തിലെക്കു എട്ടുക്കുപ്പെട്ടകയുംചെയ്തു. ശ്രുദ്ധ: ആഗത്താ മരിച്ചു എന്നീ വർത്തമാനം പുറപ്പെട്ട ഉടനെ അനെകർ വളരെ താല്പൎയ്യത്തൊടെ വന്നുകൂടി. ംരം പരിശുദ്ധ പ്രെതത്തെ എട്ടത്തു വലിയ ഘൊഷത്തൊടും മാനത്തൊടുംകൂടെ അടക്കം ചെയ്തു. അതിന്റെശെഷം ഒരു സുന്ദര ബാലകൻ ബഹു ഭംഗിയൊടെ അലങ്കരിക്കുപ്പെട്ട നൂറു പൈതങ്ങളൊടുകൂടെ ംരം ര

കുസാക്ഷിയുടെ കുഴിമാടത്തുകൽ വന്നു Mens Sancta honor in Deum voluntarius, et patriæ redemptio, "പരിശുദ്ധ മനസ്സു, ദൈവത്തിന്നു പ്രതിക്രിക്കപ്പെട്ട ബഹുമാനം, ജന്മഭൂമിയുടെ പരിത്രാണം,, എന്നീ മൊഴികളെ എഴുതിയ മാമ്മർ എന്ന ഒരു വിധ വിശേഷകല്ലുകൊണ്ടുണ്ടാക്കപ്പെട്ട പലകയെ ംരം പുണ്യവതിയുടെ പ്രേതാലയത്തിൽ തലെക്കകീഴ്ഭാഗത്തിൽ വെച്ചു കാണാതെ ആയിപ്പോയി. ഇത ദൈവംതന്നെ യാരുയാക്കിയ ങ്ങനെ ഭൂതനായിരിക്കുന്നു എന്നതെ എല്ലാവരുടെയും വിശ്വാസം. ശുദ്ധ: ആഗത്താ ംരംവണ്ണും മരിച്ചുവെന്നു നാട്ടധികാരി ങ്ങറിഞ്ഞ ഉടനെ ഇവളുടെ വസ്തുക്കളെ ഒക്കെ ങ്ങപഹരിക്കുന്നതിന്നായി ംരം മഹാ രകുതസാക്ഷിയുടെ നാട്ടിലെക്ക ജനപരിവാരത്തൊടുകൂടെ പുറപ്പെട്ടു ഒരു നദി കടക്കുന്നതിന്നായി പാലത്തിന്മെൽ കെറിയപ്പൊൾ രണ്ടു കുതിരകൾ ംരം നിർഭാഗ്യന്നംമെൽ പാഞ്ഞുവീണു ഒന്നു ഇയാളുടെ മുഖംമുഴുവനും കടിച്ചു കീറിക്കളകയും മറെറ ത്തു ഇയാൾ നദിയിൽ വീഴുന്നതുവരെ ച

വിട്ടുകയും ചെയ്തു. ഒരു കുതിരയുടെ ചവിട്ടു കൊണ്ടു നദിയിൽ വീണ താണതിന്റെശേഷം ഏറെ ആളുകൾ പാടായ അനേക്ഷമൊക്കെ കഴിച്ചുവെങ്കിലും ശവംക്രുടെയും കുണ്ടെത്തുവാൻ കഴിഞ്ഞുതുമില്ല. ശ്രുദ്ധ: ആഗത്തായുടെ തിരുശ്ശരീരത്തെ അടക്കംചെയ്തിരുന്ന പട്ടണത്തിന്റെ സമീപെയുണ്ടായിരുന്ന ഏത്തന എന്ന അഗ്നിമല ബഹു ഉഗ്രമായി ജ്വലിച്ചു അതിന്നുചുറുമുള്ള പാറകളെല്ലാം മെഴുകുപൊലെ ഉരുക്കി ഒഴുകുന്ന അഗ്നി സമുദ്രംപൊലെ മലയുടെ ഉള്ളിൽനിന്നു പുറപ്പെട്ടു കീഴൊട്ടുപാഞ്ഞു പട്ടണത്തെ മുഴുവനും ഉരുകുന്ന അഗ്നിയാക്കി തീക്കുമെന്നു തൊന്നത്തക്കവണ്ണം പാഞ്ഞുവരികയിൽ ഇതുകണ്ട കാവ്യൽ ശ്രുദ്ധ: ആഗസ്തായുടെ കുഴിമാടത്തുകൽ ഓടിച്ചെന്നു അതിന്മീതെ വിരിച്ചിരുന്ന ഒരു ശീലയെ എടുത്തു അഗ്നിക്കെതിരായി വിരിച്ചു. ആ ക്ഷണത്തിൽതന്നെ പൊക്കമുള്ള മലയിൽനിന്നു ഉരുകിയലൊഹംപൊലെ ഇരച്ചു ജ്വലിച്ചു പാഞ്ഞൊഴുകി വന്നിരുന്ന അഗ്നിശമിക്കയും പട്ടണം യൊഗ്യത്തിൽനിന്നു രക്ഷപെടുകയുംചെയ്തു.

ഒരം അത്ഭുതം സംഭവിച്ചതു ഒരം പരിശുദ്ധ കന്യക പാടുപെട്ട ദിവസമായ കുംഭം അ ഞ്ചാംതിയ്യതി ആയിരിക്കുന്നു. ഒരം തിയ്യതിയി ൽതന്നെ ഒരം പുണ്യവതിയുടെ തിരുനാൾ ശുദ്ധ: പള്ളികൊണ്ടാടിവരികയും ചെയ്യുന്നു.



തിരു ചരിത്ര മഞ്ജരി

ഏഴാം കുസുമം

പരിശുദ്ധമഗ്ദലീനായുടെ ചരിത്രം.

താർത്തറി എന്ന രാജ്യവാസികൾ ഹങ്കെറി യ രാജ്യത്തെ ആക്രമിപ്പാൻ ഭാവിച്ചപ്പോൾ ഹങ്കെറി രാജ്യത്തിന്റെ രാജാവും രാജസ്ത്രീ യും ഒരം ഭയങ്കരയൊഗ്രത്തിൽനിന്നു തങ്ങ ളുടെ രാജ്യത്തെ രക്ഷിക്കയും തങ്ങൾക്കു ഒ രു പുത്രിയെ കല്പിച്ചരുളുകയുംചെയ്യാൽ അ മ്മയെ നിത്യ ദൈവപ്രിയത്തിനു കുഞ്ഞാള

ക്കുന്നുണ്ടെന്നു ഒരു നെച്ചുനെന്നു. അപ്പെക്ഷി
ച്ചവണ്ണം രാജ്യവും യൊഗ്യത്തിൽനിന്നു രക്ഷ
പെട്ടു ഒരുപുരിയും ഉണ്ടായി. ഒരും രാജാക്ക
മാരി അരെ ഒരും ചരിത്രത്തിൽ പറയുന്ന പ
രിശുദ്ധമഗ്ദ്ദലീത്ത, ഇവക്കു മൂന്നരവയസ്സായ
പ്പൊൾ കാരണവന്മാർ മുൻചെയ്തു നെച്ചുള്ള
തക്കവണ്ണം ഒരും മകളെ ഒമ്മിനിക്കുസ പു
ണ്യവാളന്റെ കന്യാസ്ത്രീമഠത്തിൽ കൊണ്ടു
ചെന്നു ഏല്പിച്ചു. നാലുവയസ്സു തികയുന്നതി
ന്നുമുമ്പിൽ തന്നെ ശു: മഗ്ദ്ദലീത്ത കന്യാസ്ത്രീക
ൾ എത്തിച്ചുവരുന്ന ദൈവമാതാവിന്റെ നമ
സ്കാരങ്ങളെ പൂർണ്ണമായി പഠിച്ചു അവരൊ
ടുക്കുടെ എത്തിച്ചുവന്നു. ഒരും പ്രായം മുതൽ
നമസ്കാരമല്ലാതെ പൈരുങ്ങൽക്കുത്ത യാ
തൊരുകളിയും ഇവക്കു ഇമ്പമുള്ളതായിട്ടുണ്ടാ
യിട്ടില്ല. ഒരും ചെറുപ്രായത്തിൽ തന്നെ നെ
രം മുഴുവനും ജപത്തിന്നു ചിലവഴിച്ചാൽ
ദെഹശക്തി ക്ഷയിച്ചുപൊകുമെന്നുവിചാരി
ച്ചു ഇവരെ പഠിപ്പിച്ചുവന്നവർ ദിവ്യജപ
ത്തെ മുടക്കിയാറെ വീണ്ടും അനുവദിക്കുന്ന
തുവരെ കരഞ്ഞുകൊണ്ടു അനുവാദം സാധി
ച്ചു. നാലുവയസ്സായിരിക്കയിൽ ഒരിക്കൽ ഒ

രു കുരിശിനെകണ്ടപ്പോൾ അതിന്റെ സാ
രം എന്താണെന്ന കന്യാസ്ത്രീകളോടു ചോദി
ച്ചു. അവർ അതു നമ്മുടെ കർത്താവീശോമി
ശിഹാ നമ്മുടെ രക്ഷയ്ക്കായി പാടുപെട്ടു തൂ
ങ്ങിമരിച്ച ശ്ലീഹ:കുരിശിന്റെ അടയാളമാണെ
ന്നുപറഞ്ഞു. അതുകെട്ട ഉടനെ ആ കുരിശി
ന്റെമുമ്പാകെ സാഷ്ടാംഗമായി വീണു കുരി
ശിനെ പിടിച്ചുതഴുകി മുത്തി "എന്റെ കർത്താ
വെ എന്നെ നിനക്കു കയ്യാളിച്ചിരിക്കുന്നു" എ
ന്നുച്ചസ്വരത്തിൽ പറഞ്ഞു. അന്നുമുതൽ ഏ
വിടെയെങ്കിലും കുരിശിനെ കാണ്മാൻ ഇട
യായാൽ എത്തെല്ലാം വിഘ്നങ്ങൾ ഉണ്ടായി
രുന്നാലും ഒന്നും കൂട്ടാക്കാതെ സാഷ്ടാംഗമാ
യി വീണു ആ കുരിശിനെ ആരാധിച്ചിരു
ന്നു. ഓരംശൊ എന്ന തിരുനാമത്തെ ഉച്ചരി
ക്കുന്നതു തെനിനെക്കാൾ മധുരമായിരുന്നു
ഓരം തിരുനാമത്തെ എപ്പോഴും സ്നേഹത്തോ
ടെ ഉച്ചരിക്കയുംചെയ്തുവന്നു. ശ്ലീ: കുബ്ബാന
യുടെ തിരുമുമ്പാതെ നില്ക്കുമ്പോൾ പരലോ
കഭാഗ്യം അനുഭവിക്കുന്നതുപോലെ തോന്നി
യിന്നു. കുബ്ബാന കാണുമ്പോഴൊക്കെയും സ്നേ
ഹാധിക്യത്താൽ കണ്ണുനീർ നിറുത്തുവാൻ വ

ഹിയാതെ കരകയും കുബ്ബാന എഴുന്നെള്ളി
ക്കുന്നനെരം മുതൽ ഉൾക്കൊള്ളുന്നതുവരെ
പരവശമായി യാതൊരു ഇന്ദ്രിയ സ്വാധീന
വുംക്കൂടാതെ മരിച്ചവളെപ്പോലെ നില്ക്കയും
ചെയ്തിരുന്നു. ശ്ലൂ: കുബ്ബാന കൈക്കൊള്ളുന്ന
തിന്നു തലെദിവസം രാപ്പകൽ അപ്പവും വെള്ള
വുമല്ലാതെ മറ്റുയാതൊന്നും രുചിച്ചിരുന്നി
ല്ല. രാവുമുഴുവനും ജപധ്യാനമായി കഴിച്ചി
രുന്നു. പലപ്പോഴും ശ്ലൂ: കുബ്ബാന കയ്ക്കൊണ്ടു
കഴിയുമ്പോൾ പരവശമായി മരിച്ചവളെ
പ്പോലെ യാതൊരു ഇന്ദ്രിയ സ്വാധീനമില്ലാ
തെയും പലപ്പോഴും നിലത്തിൽനിന്നു പൊ
ങ്ങി ആകാശത്തിൽ നില്ക്കുന്നതായും കാണപ്പെ
ട്ടിരുന്നു. ശ്ലൂ: കുബ്ബാന കയ്ക്കൊണ്ടതിൻപരെ
ക്ഷവും അന്നുമനംവരെ യാതൊന്നും തിന്നാ
തെയും, കുടിക്കാതെയും നെരം മുഴുവനും ജപ
ധ്യാനമായി കഴികയും രാത്രിയിൽ അല്പ യാ
വനമാത്രം കഴിക്കയുംചെയ്തിരുന്നു. പട്ടക്കാര
ൻ ശ്ലൂ കുബ്ബാന കൊടുക്കുമ്പോൾ ആ ദിവ്യ
രക്ഷകനെ ക്രൂടക്കൂടെ കാണ്മാൻവെണ്ടി കാ
ണത്തക്ക സ്ഥലത്തിൽ മുട്ടുകുത്തിയിരുന്നു.

ദൈവമാതാവിനെ അത്യന്തപക്ഷത്തൊടെ

സ്നേഹിച്ചുവണങ്ങി ംരം ദിവ്യനാഥയുടെ രൂപം കാണുന്നിടത്തിലൊക്കെയിലും മുട്ടുകുത്തി നമ്മനിറഞ്ഞമറിയമെ എന്ന നമസ്കാരം എത്തിച്ചുവന്നിരുന്നതുക്രുടാതെ മാതാവിന്റെ തിരുനാളുകൽക്കു തലെദിവസത്തിലും തിരുനാൾകഴിഞ്ഞിട്ടു ഒരാഴ്ചമുഴുവനും ആയിരം പ്രാവശ്യം നമ്മനിറഞ്ഞമറിയമെ! എന്ന നമസ്കാരം എത്തിച്ചു കാഴ്ചവെച്ചിരുന്നു. ആയതു ഓരൊ നമ്മനിറഞ്ഞമറിയമെ എന്നനമസ്കാരം എത്തിച്ചതിന്റെശെഷം സാഷ്ടാംഗമായി വീണു വണങ്ങിക്കൊണ്ടു എത്തിച്ചിരുന്നു.

ഹൃദയത്തിൽ ഉണ്ടായിരുന്ന എളിമയുടെ ആധിക്യത്താൽ രാജാവിന്റെ മകൽ ആയിരിക്കുന്നുവെന്നു പറയുന്നതുക്രുടെ കെൽപ്പാൻ വഹിയായിരുന്നു. ആരെങ്കിലും ഇവർ രാജകുമാരത്തിയാണെന്നു പറയുന്നതുകെട്ടാൽ വലിയ ഉപദ്രവംചെയ്യുതുപൊലെ ഭയപ്പെടുകരഞ്ഞിരുന്നു. ംരം ഹൃദയ എളിമമുഖാന്തിരമായിട്ടുതന്നെ സ്വന്ത കാരണവന്മാരെ കാണ്മാനും അവരൊട്ടു സംസാരിപ്പാനും സംഗതിവന്നപ്പൊഴൊക്കെയും വലിയ സങ്കടം അനുഭവിച്ചിരുന്നു, ചിലപ്പൊൾ "ഒ! ഞാൻ

രാജുമകൽ ആയതിനെക്കാൾ വല്ല ഭാര
ദ്വാന്റെ മകൽ ആകുവാനും, മഹിമയുള്ളവ
ളായതിനെക്കാൾ ഹീനപ്പെട്ടവളാകുന്നതി
നും ദൈവം ഇനിക്കു മനൊദ്വണംചെയ്തിരു
ന്നെങ്കിൽ ഇപ്പൊഴത്തെക്കാൾ ഏറെം സ
ന്തൊഷമായി ദൈവത്തിന്നു ശുശ്രൂഷചെയ്തായി
രുന്നു എന്നുപറഞ്ഞിരുന്നു. ധരിച്ചിരുന്ന വ
സ്ത്രം എപ്പൊഴും മറ്റുള്ളവരുടെതിനെക്കാൾ
മൊശമുള്ളതും സുഖഹീനംവരുത്തുന്നതുമായി
രുന്നു. രാജു അരമനയിൽനിന്നു ധാരാളമാ
യി സകലവും കൊടുത്തയച്ചിരുന്നു എങ്കി
ലും അവയൊക്കെയും ഭിക്ഷക്കാൎക്കു ധൎമ്മമാ
യി കൊടുത്തതല്ലാതെ യാതൊന്നും സ്വന്ത
പെരുമാറത്തിന്നു എടുത്തിട്ടില്ല. ഏഴുവയ
സ്സുമുതൽ വസ്ത്രത്തിന്നുള്ളിൽ കഠിനമായ ത
പസ്സുചട്ടയെ ധരിച്ചുവന്നു. പത്തുവയസ്സുമുത
ൽ രുതിരയുടെയും പന്നിയുടെയും രൊമങ്ങ
ൾകൊണ്ടുണ്ടാക്കിയതും മുഴുവനും മുള്ളുപൊ
ലെ ദെഹത്തെ മുറിപ്പെടുത്തുന്നതുമായ ഏ
റെം കഠിനമുള്ള തപസ്സുചട്ടയെ ധരിക്കയും,
ശെഷം സഹൊദരികളൊടും ഇങ്ങനെയുള്ള
പ്രായശ്ചിത്തംചെയ്യുന്നതിന്നു രഹസ്യമായി

പറകയും ചെയ്തിരുന്നു. മെൽപറഞ്ഞ തപ
സ്സുചട്ടക്രുടാതെ ഇരിമ്പുചങ്ങലകൊണ്ടു മാം
സം മുറിഞ്ഞു ഉള്ളിൽ പ്രവെശിപ്പാൻതക്കവ
ണ്ണം ദെഹത്തെ മുറുക്കികെട്ടിയിരുന്നു. പ
ലപ്പൊഴും വക്കുചരടുകൊണ്ടു കൈരണ്ടും വ
രിഞ്ഞുമുറുക്കി ആ ചരടുകൾദശയ്ക്കുള്ളിൽ പൂ
ണ്ടുകെറി കൈമുഴുവനും മുറിപ്പെട്ടുത്തിയിരു
ന്നു. കാലിൽ ഇട്ടിരുന്ന പാദരക്ഷയുടെ മെ
ൽഭാഗത്തിൽ പല ആണികളെ തറച്ചിരു
ന്നതിനാൽ അവകൊണ്ടു കാൽപാദം മുറി
ഞ്ഞുകീറി രക്തം ഒഴുകിയിരുന്നു. ചമ്മട്ടികളും
മുള്ളുവടികളും ചങ്ങലകളുംകൊണ്ടു ദിവസ
ത്തൊറും കഠിനമായി സ്വന്തദെഹത്തെ അ
ടിച്ചുമുറിപ്പെട്ടുത്തി രക്തം ധാരപൊലെ ഒ
ഴുക്കിയിരുന്നു. തന്നത്താൻ അടിക്കുന്നതു
മതിയാകാഞ്ഞിട്ടു ശെഷമ്പെരെക്കൊണ്ടും ത
ന്നെ അടിപ്പിച്ചിരുന്നു. പലപ്പൊഴും അ
ടിക്കുന്നവർ മുറിവുകളും രക്തവും കണ്ടു
വിറെക്കയും അടിച്ചടിച്ചു ക്ഷീണിക്കയുംചെ
യ്തിരുന്നെങ്കിലും ശ്രീ: മഗ്ദലീത്ത യാതൊരു
ഇളക്കവുംക്രുടാതെനിന്നു സഹിച്ചിരുന്നു. ദു:
ഖവ്യാഴാഴ്ചമുതൽ ഉയിർപ്പുവരെയുള്ള ദിവ

സങ്ങളിൽ രാവും പകലും ഓരൊ മണി ക്കുറുനെരം ഇപ്രകാരം അടിക്കയും അടിപ്പി ക്കയുംചെയ്തിരുന്നു. ഒരിക്കൽ ഖഹ ക്രൂരിരുട്ടാ യിരുന്ന ഒരുരാത്രിയിൽ ഒരുത്തിയെ വിളി ച്ചു ചമ്മട്ടികൊണ്ടു തനതുദെഹത്തെ അടിപ്പി പ്പാൻ തുടങ്ങിയപ്പൊൽ പരലൊകത്തിൽനി ന്നു അത്ഭുതമായ പ്രകാശം ഉണ്ടായി അടി ച്ചുകഴിയുന്നതുവരെ ആ സ്ഥലം മുഴുവനും പ്രകാശമായിരുന്നു.

ശ്ല: ക്രുരിശിന്റെ തിരുനാൽ മുതൽ പെ സഹാവരെ ദിവസം മുഴുവനും നൊയമ്പാ യി കഴിച്ചിരുന്നു. കത്താവിന്റെയും മാതാ വിന്റെയും തിരുനാളുകൾക്കും, പെന്തെകൊ സ്തെ തിരുനാളിന്നും, ശ്ലീഹന്മാരുടെയും മറ്റു പല ശുദ്ധമാകപ്പെട്ടവരുടെ തിരുനാളുകൾ ക്കും തുലെദിവസികളിലും നൊയമ്പുനൊ റ്റുവന്നു. ദീനങ്ങളുണ്ടായാൽ പാട്ടാകുന്നിട ത്തൊളം യാതൊരുത്തരൊടും അറിയിക്കാ തെ ക്ഷമിച്ചുവന്നു. ഒരിക്കൽ നാല്പതുദിവസ ത്തെക്കു കഠിനമായ രക്തം ഒഴിച്ചിൽ ഉണ്ടാ യാറെ അതു ശെക്കമ്പെർ അറിഞ്ഞാൽ പ്രാ യശ്ചിത്തം കുറപ്പാനൊ, മാംസം ഭക്ഷിപ്പാ

DHARMARAM COLLEGE LIBRARY
BANGALORE-29.

നൊ സംഗതി ആയെക്കുമെന്നു വിചാരിച്ചു യാതൊന്നും അറിയിക്കാതെ മറ്റുള്ളവരെ പൊലെ എല്ലാക്കാര്യങ്ങളും നടത്തിവന്നിരുന്നു. ആണ്ടുതൊറും ദുഃഖവ്യാഴാഴ്ചമുതൽ ഉയിർപ്പുവരെ കിടക്കയും ഉറങ്ങുകയുംചെയ്യാതെ രാവും, പകലും ചിലപ്പൊൾ മുട്ടുകുത്തിനിന്നുകൊണ്ടും, ചിലപ്പൊൾ സാഷ്ടാംഗമായി വീണുകൊണ്ടും, ചിലപ്പൊൾ ആകാശത്തിലൊട്ടുനൊക്കിനിന്നുകൊണ്ടും നമസ്കരിച്ചും ധ്യാനിച്ചും മെല്ലുറഞ്ഞതുപൊലെ അടിച്ചും ദിവസം മുഴുവനും കഴിച്ചിരുന്നു. ക്രമങ്ങളൊക്കെയും പൂർണ്ണമായി കാക്കുന്നതിനും എല്ലാവെലകളും ചെയ്യുന്നതിനും ഒന്നാമത്തെവളായിരുന്നു. ഇവരൊടു വാശ്ശ ഉപദ്രവം ചെയ്യുന്നവരുടെ നെരെ വിശെഷലയയും സ്നെഹവുമായിരുന്നു. ആരെങ്കിലും ഒരു ഉപദ്രവംചെയ്യാൽ ഉടനെ ആ ഉപദ്രവിച്ച ആളിന്റെ മുമ്പാകെ മുട്ടുകുത്തി പൊറുതി അപെക്ഷിക്കയും ഇനിയെങ്കിലും നല്ലവളായി ജീവിക്കാമെന്നു പറകയുംചെയ്യുവന്നു.

രാജകുമാരത്തിയായിരുന്നതുകൊണ്ടു "മൂന്നു രാജാക്കൾ ഇവരെ വിവാഹം കഴിക്കെ

ണമെന്നു ആഗ്രഹിച്ചു ഇവർ നെന്നിരുന്ന കാന്യപ്രതത്തിന്റെ കടം ഒഴിച്ചുകൊടുക്കണ മെന്നു ശുദ്ധോദനപ്പായൊട്ടു അപേക്ഷിച്ചു അനുവാദം വാങ്ങിക്കുമെന്നു പറഞ്ഞപ്പോൾ ആരെല്ലാം അനുവദിച്ചാലും വിവാഹത്തി ന്നു സമ്മതിക്കുന്നതിനെക്കാൾ കണ്ണു കുത്തിക്ക ളുവാനൊ, മൂക്കും ചുണ്ടും അറുത്തുകളുവാ നൊ ഏറ്റവും മനസ്സായിരിക്കുന്നു എന്നുത്തരി ച്ചു. ഭിക്ഷക്കാരുടെനെരെ ഉണ്ടായിരുന്നഅ നുഗ്രഹം കാരണത്താൽ രാജ്ഞി അരമനയിൽനി ന്നു കൊടുത്തയച്ചിരുന്നതൊക്കെയും ധർമ്മമാ യി ചിലവഴിച്ചിരുന്നു. ഒരിക്കൽ ഒരു ഭിക്ഷ ക്കാരൻ കുളിർകാലത്തിൽ തക്ക വസ്ത്രമില്ലാ തെ കുളിന്നു നടക്കുന്നതുകണ്ടു ഉടനെ ഉട്ട ത്തിരുന്ന വസ്ത്രങ്ങളിൽ മെൽവസ്ത്രം ഊരി ശ്രേഷ്ഠത്തിയുടെ അനുവാദത്തൊടെ ആ ഭി ക്ഷക്കാരന്നു കൊടുത്തു.

ജീവിതകാലത്തിൽ പകലിന്റെ വലിയ പങ്കും, രാവു ഏകദെശം മുഴുവനും ജപധ്യാ നമായി തന്നെയാണു കഴിച്ചുവന്നിരുന്നതു. ഒരു ദിവസത്തിൽ പകൽ നമസ്കരിച്ചിരി ക്കയിൽ മുകളിൽനിന്നു ഒരു ഓട്ടനുറുക്കു ത

ലയിൽ വീണു, ആ നെരത്തിൽതന്നെ ഇവ രുടെ ഇളയ സഹൊദരി കാണ്മാനായിട്ടും വന്നിട്ടുണ്ടായിരുന്നു, ഇതു രണ്ടുകൊണ്ടും ആ നമസ്കാരം ഉപെക്ഷിക്കയും ആ സ്ഥിരിയിൽനിന്നു അനങ്ങുകയുംക്രൂടെ ചെയ്യാതെ മഹാ ഭക്തിയൊടെ നമസ്കരിച്ചിരുന്നു. കർത്താവിന്റെ പിറവിയുടെ തലെരാത്രിയിൽ ആയിരം "ആകാശങ്ങളിലിരിക്കുന്ന,, എന്ന നമസ്കാരത്തെയും പെന്തെക്കൊസ്തു തിരുനാളിന്നു തലെ രാത്രിയിൽ ആയിരംപ്രാവശ്യം "റൂഹാദക്കുദശായെ അങ്ങിന്ന എഴുന്നെള്ളിവരിക,, എന്ന നമസ്കാരത്തെയും ദൈവമാതാവിന്റെ നാലു പ്രധാനതിരുനാൾകൾക്കുതലെരാത്രിയിൽ ആയിരം "നന്മനിറഞ്ഞ മറിയമെ,, എന്ന നമസ്കാരത്തെയും ആയിരംപ്രാവശ്യം സാഷ്ടാംഗമായി വീണുകൊണ്ടുഎത്തിച്ചുവന്നിരുന്നു. നമസ്കരിക്കുമ്പൊളൊക്കെയും കണ്ണുനീർ നിറുത്താതെ കരഞ്ഞിരുന്നതുകൊണ്ടു കവിൾ ആ കണ്ണുനീരാൽ വെന്തതുപൊലെ ചുവന്നും, വസ്ത്രം മുഴുവനും വെള്ളത്തിൽമുക്കിയതുപൊലെ നനഞ്ഞും ഇരുന്നിരുന്നു. ഉയർപ്പിന്നുമുമ്പുള്ള രണ്ടാഴ്ച മുഴു

വന്നം കത്തവിന്റെ പങ്കപ്പാടുകളെ വായിച്ചുകൊൾക്കുന്നതിന്നു നേരം ചിലവഴിച്ചുവന്നിരുന്നു. ചിലപ്പോൾ ദുഃഖാഗ്നികളിൽ പള്ളിയിൽ ദിവ്യരക്ഷകന്റെ പാടുകളെ വായിക്കുന്നതു കെട്ടിരുന്നപ്പോൾ ഇവരുടെ ഉള്ളിലുണ്ടായ ദുഃഖാധിക്യത്തെയും സംഭ്രമത്തെയും കണ്ടവർ അപ്പോൾതന്നെ മരിച്ചുപൊകുമെന്നു വിചാരിച്ചിരുന്നു അത്ര വ്യാകുലാധിക്യമുണ്ടായി. ൟശൊമിശിഹായെക്കുറിച്ചു പാട്ടപ്പെട്ടു മരിക്കെണമെന്നുള്ള ആഗ്രഹത്താൽ "അ! വെദകലാപം ഉണ്ടായിരുന്ന നാളുകളിൽ ഞാനുണ്ടായിരുന്നെങ്കിൽ എത്രവലിയ ഭാഗ്യമായിരുന്നു. ൟശൊമിശിഹായെക്കുറിച്ചു രക്തസാക്ഷികൾ അനുഭവിച്ചതൊക്കെയും ഇനിക്കും അനുഭവിപ്പാൻവെണ്ടി ഇപ്പൊഴും വല്ല വെദഞെരുക്കം ഉണ്ടായാൽ കൊള്ളാമെന്നു ഇനിക്കാഗ്രഹമുണ്ടു" എന്നു പറഞ്ഞിരുന്നു. താർത്തരി രാജ്യക്കാർ ഹകെരി രാജ്യത്തെ പിടിപ്പാൻ വരുന്നെന്നുകെട്ടപ്പോൾ "ക്രിസ്ത്യാനികൾക്കു വാഴ്ഞെരുക്കം ഉണ്ടാകാതിരിപ്പാൻവെണ്ടി അവർ വരല്ലെ എന്നു ഞാൻ അപെക്ഷിക്കും എന്നാൽ എ

ന്റെ കാര്യം പറഞ്ഞാൽ അവർ വന്നിട്ട അവരുടെ കയ്യാൽ പെടത്തെക്കുറിച്ചു പീഡിക്കപ്പെട്ടു മരിക്കേണമെന്നാണ ഇനിക്ക ആഗ്രഹം,, എന്നപറഞ്ഞു.

പലപ്പോഴും നമസ്കരിച്ചിരുന്നപ്പോൾപരവശമായി ശരീരം മുഴുവനും നിലത്തനിന്നു പൊങ്ങിഒരിടത്തിലും തൊടാതെ ആകാശത്തിൽനിന്നിരുന്നു. ചിലപ്പോൾവിളിച്ചാലും കുലുക്കിയാലും ഒന്നും അറിയാതെ ഏറെനെരം മരിച്ചതുപൊലെ നിൽക്കയും മുഖം മുഴുവനും അഗ്നിപൊലെ ശൊഭിക്കയും ചെയ്തിരുന്നു. ഒരം മുഖശൊഭ കാരണത്താൽ പലപ്പോഴും ശെഷം കന്യാസ്ത്രീകൾക്ക ഇവരുടെ മുഖത്തിൽ നൊക്കുവാൻ വഹിയാതെ ആയിരുന്നു. ഒരിക്കൽ നമസ്കരിച്ചു പരവശമായപ്പോൾ ഇവരുടെ തലമെൽ ഒരു അഗ്നിഗൊളവും വലിയ ജ്വാലയും മെലിൽനിന്നിറങ്ങി നിൽക്കുന്നതു മറെറാരു കന്യാസ്ത്രീകണ്ടു പലപ്രാവശ്യം കുലുക്കിവിളിച്ചിട്ടും ഒന്നും അറിയാതെ ജീവനില്ലാത്തതുപൊലെ ഇരുന്നിരുന്നു പിന്നീട്ടു ശെഷം കന്യാസ്ത്രീകളുംവന്നു പലപ്രകാരത്തിൽ സ്വരംകെൽപ്പിച്ചു വിളിച്ചിട്ടും

ആതൊന്നും അറിയാതെ മരിച്ചവളെപ്പോ
ലെ ഇളകുമില്ലാതെ നിന്നിരുന്നു. കടശി
പരവശം തീർന്നപ്പോൾ തലയുടെമൽ തീ ഇ
രിക്കുന്നുവെന്നു കന്യാസ്ത്രീകൾ പറഞ്ഞപ്പോൾ
കൈകൊണ്ടു തട്ടിക്കളഞ്ഞു, അതിൻെറശേ
ഷം ആ സ്ഥലത്തിൽ അത്ഭുതമായ സുഗന്ധം
വീശിയിരുന്നു. ഒരിക്കൽ തീയ്യിൽ കിടന്ന
പഴുത്ത ഇരിമ്പുചട്ടിയെ തീയുടെ നടുവിൽ
നിന്നുതന്നെ കൈകൊണ്ടെടുത്തു. കൈ അ
ല്പമെങ്കിലും പൊള്ളിയതുമില്ല. ഒരിക്കൽ മ
റൊരു കന്യാസ്ത്രീയൊടുക്രൂടെ ചുടുന്നതിനു
ള്ള കൊതമ്പപ്പം കൂടയിലൊട്ടു കൊണ്ടു
പൊകയിൽ ബഹു ഉഗ്രമായ കാറുവീശി
ഒരു വിടിൻെറ മെല്ലുടുക്രൂടെ പൊക്കിട്ടരെ
കൊണ്ടുപൊയി വീഴിച്ചു. ക്രൂടെ ഉണ്ടായി
രുന്ന കന്യാസ്ത്രീ ഒരു ഭയങ്കര സംഭവത്താൽ
ഭയപ്പെട്ടപ്പോൾ ശുദ്ധ: മഗ്ദലീന്നാ മൈ
ത്തൊട്ടു പ്രാർത്ഥിച്ചു ആ ക്ഷണത്തിൽതന്നെ
കാറു നില്ക്കയുംചെയ്തു. ഒരിക്കൽ ഒമ്മി
നിക്കൊസ സഭയുടെ ശ്രേഷ്ഠൻ ഒരു പുണ്യ
വതി പാർത്തിരുന്ന മഠത്തിൽ വന്നപ്പോൾ
ഒരു മഠത്തിനു സമീപെയുള്ള മന്ത്രബിയും

എന്ന നദി കവിഞ്ഞൊഴുകി അവരുടെതൊ
ട്ടമെല്ലാം നശിപ്പിച്ചുഎന്ന ശ്രുത്യ: മഗ്ദലീത്ത
പറഞ്ഞു. ശ്രേക്കുൻ ഒരു നദി ഇരു അധിക
മായി കവിഞ്ഞൊഴുകുകയില്ല എന്നുപറഞ്ഞ
ഒരു പുണ്യവതിയുടെ വാക്കു വിശ്വസിക്കു
ന്നില്ലെന്നു കാണിച്ചു. ഉടനെ പരിശുദ്ധ മ
ഗ്ദലീത്ത "കർത്താവെ ഞാൻ പറഞ്ഞ നെരി
നെ വിശ്വസിപ്പാൻ ഇട വരുത്തെണമെ,,
യെന്നു അപേക്ഷിച്ചു. അപ്പോൾതന്നെ ആ
നദി മുമ്പിലത്തെപ്പോലെ പൊങ്ങി കവി
ഞ്ഞൊഴുകി തൊട്ടത്തിലും വെള്ളം കെറിയ
തുകണ്ടു അവിടെ നിന്നിരുന്ന കന്യാസ്ത്രീക
ളെല്ലാവരും ഓടിപ്പോകയും ശ്രേക്കുൻ ഒരു
കുവരിന്മേൽ കെറുകയും ചെയ്യുണ്ടി വന്നു.
കടശി ശ്രു: മഗ്ദലീത്ത മറു കന്യാസ്ത്രീകളുടെ
നിബ്ബന്ധത്തെക്കുറിച്ചു ദൈവത്തോടു അപേ
ക്ഷിച്ചപ്പോൾ വെള്ളം ഇറങ്ങി കര കാണ്മാറാ
കയും ചെയ്തു. ഒരു രാത്രിയിൽ ശ്രു: മഗ്ദലീത്ത
എങ്ങാ ഒരു വസ്തു എടുത്തുകൊണ്ടു വരുന്ന
തിന്നു ഒരു പെണ്ണെലിനെ അയച്ചു. അ
പ്പോൾ ക്രൂരിരിട്ടും മഴയും ആയിരുന്നതുകൊ
ണ്ടു ആ പെൺതൽ ഒരു കിണറ്റിൽ വീണു

താണുപൊയി. പലരും ഒരും പൈതലിനെ കാണാതെ അനെഷിച്ചു യാതൊരു വിവരവുമില്ലാതെ ഇരിക്കയിൽ ശുദ്ധ: മഗ്ദലീത്ത ഒരുശൊമിശിഹായൊടഅപെക്ഷിച്ചതിൻെറ ശെഷം ആ കിണറിൽ വെള്ളത്തിന്മീതെ പൊങ്ങിവന്നു. പക്ഷെ കിണറിൽനിന്നു എടുത്തപ്പൊൾ ദെഹംമുഴുവനും നുറുങ്ങി പ്രാണനില്ലാത്തതായിട്ടാണു കാണപ്പെട്ടതു. ഉടനെ ശുദ്ധ: മഗ്ദലീത്ത കരഞ്ഞുകൊണ്ടു ഒരും പൈതലിനുവെണ്ടി അപെക്ഷിച്ചപ്പൊൾതന്നെ യാതൊരുമുറിവും ചതവും ഇല്ലാതെ പൂൎണ്ണസുഖത്തൊടെ ജീവിച്ചെഴുന്നെറ്റു.

വരുവാനിരിക്കുന്ന കാൎയ്യങ്ങളെയും ഓരൊരുത്തരുടെ ആരൊമ അവസ്ഥയെയും രഹസ്യ നിരൂപണകളെയും പലപ്പൊഴും സൂക്ഷ്മമായി കണ്ടതുപൊലെ പറഞ്ഞറിയിച്ചുവന്നു. ഒരും പുണ്യവതിയുടെ അപ്പൻ ഒന്യസ്ത്രീയ രാജാവിന്നു വിരൊധമായി പടയുള്ളപൊയിരിക്കയിൽ അമ്മയൊടു യാതൊന്നും ഭയപ്പെടെണ്ട അപ്പൻ ജയം പ്രാപിച്ചു സുഖത്തൊടെ പിന്തിരിഞ്ഞു വരുമെന്നുപറഞ്ഞു. അപ്രകാരംതന്നെ സംഭവിച്ചു. ചില പുതു കന്യാസ്ത്രി

ൽ മഠത്തെവിട്ടു വീണ്ടും ലൊകജീവിതം കഴിപ്പാൻതന്നെ പൊകെണമെന്നു വിചാരിക്കയിൽ ശ്രദ്ധ: മഗ്ദലീത്ത അവരുടെ ംരം വിചാരത്തെയും അതിന്നുള്ള കാരണത്തെയും അവരൊടു വിവരമായി പറഞ്ഞറിയിച്ചു ആ പിശാചിൻെറ തന്ത്രത്തിൽനിന്നു രക്ഷിച്ചു. മരിക്കുന്നതിന്നു ഒരുവഷ്ടം മുമ്പുതന്നെ ഇന്നപ്പൊൽ മരിക്കുമെന്നു സൂക്ഷമായി പറഞ്ഞിട്ടുണ്ടായിരുന്നു. ൧൭൯൦-ാംകാലം മകരം ൯ാം നു- നല്ല സുഖത്തൊടെ ഇരിക്കയിൽ "ഇന്നെക്കു പത്താംപക്കം ഞാൻ മരിക്കും,, എന്നു പലർകെൽക്കെ പരസ്യമായി പറഞ്ഞു. ഇപ്രകാരം പറഞ്ഞിട്ടു മൂന്നാംദിവസത്തിൽ കഠിനമായ പനിതുടങ്ങി മുൻപറഞ്ഞതിയ്യതിവരെ പനിയായികിടന്നു. നിശ്ചയിക്കപ്പെട്ട ദിവസം ആയപ്പൊൽ രൊഗശക്തിയെക്കായിലും സ്നെഹശക്തിയും ംരംശൊമിശിഹായെ പ്രത്യക്ഷദർശനമായി കാണെണമെന്നുള്ള ആഗ്രഹവും വൎദ്ധിച്ചു അന്ത്യനെരം ആയെന്നുകണ്ടപ്പൊൽ "കർത്താവെ നിന്നിൽ ഞാൻ ആശ്രയിച്ചു,, എന്ന സംകീർത്തനം ചൊല്ലിതുടങ്ങി അതിൽ "കർത്താവെനിൻെറ

തുക്കയ്യിൽ എന്റെ ആത്മാവിനെ ഞാൻ കയ്യാളിക്കുന്നു,, എന്നുള്ള വാക്യം ഉച്ചരിച്ചതിനോടെ ദൈവസ്നേഹവും പുണ്യയോഗ്യതകളുംകൊണ്ടു അത്ഭുതമാംവണ്ണം അലങ്കരിക്കപ്പെട്ടവളായ പരിശുദ്ധ മഗ്ദലീന്നായുടെ നിർമ്മല ആത്മാവു ശരീരത്തിൽനിന്നു പുറപ്പെട്ടു ദൈവദൂതന്മാരുടെയും, പുണ്യാത്മാക്കളുടെയും പരിവാരത്തോടെ മൊക്ഷരാജ്യത്തിൽ പ്രവെശിക്കയുംചെയ്തു. അപ്പൊൾ ൦രം പുണ്യവതിക്കു ഒപ്പ വയസ്സായിരുന്നു. മരിച്ചുടനെ മുഖം മുഴുവനും അത്ഭുതമായപ്രകാരത്തിൽ ശൊഭിച്ചു. കണ്ണിന്നുചുറും സപ്പണ്ണുമായി കാണപ്പെട്ടിരുന്നു. ശരീരത്തിൽനിന്ന ബഹു മനൊഹരം വരുത്തുന്നതും യാതൊന്നിന്നും തുല്യപ്പെടുത്താവതല്ലാത്തതുമായ സുഗന്ധംവീശിയിരുന്നു. മരിച്ച രാത്രിയിൽതന്നെ ൦രം കന്യാസ്ത്രീമഠത്തിൽ സമീപെയുണ്ടായിരുന്ന ആശ്രമത്തിൽ ഒരു സന്യാസി നിദ്രചെയ്കയിൽ ,,ആട്ടിൽകുട്ടി മരിച്ചു,, എന്നുപറയുന്ന ഒരു സ്വരംകെട്ടു ഇതു മറ്റു സന്യാസികളൊടു പറഞ്ഞപ്പൊൾ ഇതിന്റെ സാരം മഗ്ദലീന്നാ മരിച്ചുവെന്നായിരിക്കും എ

ന്നപറഞ്ഞുകൊണ്ടു ഉടനെ തീരക്കിയപ്പോൾ അപ്രകാരംതന്നെ ഒരം കുഞ്ഞാട്ടു മരിച്ചു എന്നറിവാനിടയായി. ഒരം സന്യാസിതന്നെ നാലുദിവസമായിട്ടു വലിയ പല്ലുകുത്തും മൊണ നൊമ്പരവും നീരുമായി വളരെ സങ്കടപ്പെട്ടിരിക്കയിൽ "പരിശുദ്ധ മറ്റുരിത്തായുടെ സഹായത്താൽ ഒരം ദീനത്തിന്നു ആശ്വാസമുണ്ടായാൽ ഞാൻ ദിവസത്തിൽ ഒരിക്കൽ ഒരം പുണ്യവരിയുടെ ബഹുമാനത്തിന്നായി മുട്ടുകുത്തിനമസ്കാരം ചെയ്യാം!! എന്നൊരു നെച്ചനെന്നു പിറെദിവസം വെളുത്തു ഉണർന്നപ്പോൾ ആഗ്രഹിച്ചതുപോലെ പൂർണ്ണസുഖംപ്രാപിക്കയുംചെയ്തു. ഇപ്രകാരമുള്ള അനേകങ്ങളത്ഭുതങ്ങളെ ഒരംപുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ ഇപ്പോഴും സംഭവിച്ചുവരുന്നു ഒരം പുണ്യവതി ലൊക പരിത്യാഗത്തിന്റെയും, ഇന്ദ്രിയനിഗ്രഹം, കന്യത്വം മുതലായ ഉത്തമ പുണ്യങ്ങളുടെയും ഉയിരുള്ള ദൃഷ്ടാന്തമായിരിക്കുന്നു.

ക്രീസ്തുവരെ! ഒരംപുണ്യവതിയുടെ പുണ്യമാതൃകകളെ കണ്ടുപഠിപ്പാൻ ഉത്സാഹിപ്പിൻ.

തിരുചരിത്ര മഞ്ജരി

രണ്ടാം കുസുമം

സിമെഒൻ സ്തിലിത്തെസ (അതായ തുണിന്മെൽ സിമെഒൻ) എന്ന മഹാ പുണ്യവാളന്റെ വൃത്താന്തം

ഒരു പുണ്യവാളന്റെ വൃത്താന്തം മനുഷ്യരുടെ സ്വഭാവിക സ്ഥിതിയെക്കാൾ ഉന്നതപ്പെട്ടതാകയാൽ ദൈവീക വരപ്രസാദത്തിന്റെ ശക്തിയെ ഓർക്കാത്ത മനുഷ്യർ ഇങ്ങനെ സംഭവിപ്പാൻ പാടുണ്ടൊഎന്നു നിനെച്ചേക്കും; എങ്കിലും ദൈവദാനങ്ങളെയും മനൊഗുണങ്ങളെയും കൂട്ടാക്കാതെ ദൈവശുശ്രൂഷയിൽ മന്ദരായിപൊകുന്ന മാനുഷരെ ദൈവവരപ്രസാദത്തിന്റെ ശക്തിയെയും ഫലപ്രാപ്തിയെയും ഗ്രഹിപ്പിച്ച സുകൃത ജീവിതാനുസാരികളാക്കുന്നതിന്നുവെണ്ടി ദൈവം ഓരൊഒരൊ നാളുകളിൽ പ്രയൊഗിച്ചിരിക്കുന്ന പൊംവഴികളെ ഓർക്കുന്നവർ ഇതി

ന്മെൽ സന്ദെഹിക്കയില്ല.

൯൩൦-ാം കാലത്തിൽ അതായത്തു ഇളയ തെഒദൊസിയൂസ എന്ന ചക്രവത്തിയുടെ വാഴ്ചനാളിൽ സീയ്യൂദെശത്തിൽ സീസാൽ എന്ന പട്ടണത്തിൽ ശ്രുദ്ധ: സിമെഒൻ പിറന്നു. ചെറുപ്രായത്തിൽ ഇടയനായിട്ടു ആടുകളെ മെയിച്ചിരുന്നു. അങ്ങിനെയിരിക്കയിൽ ഒരിക്കൽ കാരണവന്മാരൊടുക്കൂടെ ദെവാലയത്തിൽ ചെന്നു ദിവ്യകൎമ്മങ്ങൾക്കു കൂടിയിരിക്കയിൽ ശ്രുദ്ധ: സുവിശെഷത്തിൽ "കരയുന്നവർ ഭാഗ്യവാന്മാർ,, എന്നും "ശ്രുദ്ധ ഹൃദയമുള്ളവർ ഭാഗ്യവാന്മാർ,, എന്നും വായിക്കുന്നതു കെട്ടപ്പൊൾ ശ്രുദ്ധ: സിമെഒൻ ൟരം ഭാഗ്യംകിട്ടുന്നതിന്നു എന്തുവെണ്ടു എന്ന ഒരുത്തനൊടു ചൊദിച്ചു. അയാൾ ലൊകത്തെയുപെക്ഷിച്ചു സന്ന്യാസജീവിതം കഴിച്ചാൽ ൟരം ഭാഗ്യം ലഭിക്കാം എന്നുത്തരിച്ചു. ഇവയൊക്കയും കെട്ടതിൽപിൻശെഷം സമീപെയുണ്ടായിരിക്കുന്ന രക്തസാക്ഷികളുടെ ദെവാലയത്തിൽ ചെന്നു സാഷ്ടാംഗമായി വീണു "കൎത്താവെ! നിന്റെ തിരുമനസ്സു എന്നെ അറിയിച്ചു രക്ഷയുടെ വഴിയിൽ എന്നെ നടത്തെണമെ,, എ

ന്നു അപേക്ഷിച്ചു എങ്കിലും ആ സ്ഥിതിയിൽതന്നെ താമസിക്കയിൽ ഒരു മന്ദം ഉണ്ടാകയും ആ മന്ദതയിൽവെച്ചു "താൻ ഒരു അടിസ്ഥാനം തിരയുന്നപ്രകാരവും അപ്പോൾ ഒരുത്തൻ അടുക്കൽനിന്നുകൊണ്ടു അധികം താഴ്ത്തിതിരയെണം എന്നു പറയുന്നതും കെട്ടു, ആയതുകൊണ്ടു നന്നാ താഴ്ത്തിതിരഞ്ഞു മതിയെന്നുവെച്ചു നിരുത്തിയപ്പോൾ, പൊരാപൊരാ ഇനിയും തിരയെണം എന്നു പറഞ്ഞു. ഇങ്ങനെ മൂന്നുനാലുപ്രാവശ്യം തിരയിച്ചതിൽപരശേഷം ഇപ്പോൾ മതി ഇനി നിനക്കു പണിയുന്നതിന്നു മനസ്സുണ്ടെങ്കിൽ അമാന്തവും ഇളവുമില്ലാതെ വെലചെയ്യെണം ഇടവിടാതെയുള്ള പ്രയത്നംകൊണ്ടല്ലാതെ ഒരും പണി മുഴുവനാകയില്ല എന്നു പറഞ്ഞു. ഒരും ദർശനത്തിൻപറ താല്പര്യം പിന്നീട് ഒരും മഹാത്മാവു കഴിച്ചു ജീവിതംകൊണ്ടു ബൊധപ്പെട്ടു.

ഒരും ദൈവാലയത്തിൽനിന്നു പുറപ്പെട്ട ഉടനെ സമീപെയുണ്ടായിരുന്ന ഒരു വനവാസികളുടെ കൂട്ടത്തിൽ ചെന്നുകൂടി അവരൊടൊരുമിച്ചു രണ്ടുവൎഷം പാൎത്തു അവരുടെ പു

ണ്യജീവിതമും മുഴുവനും പഠിച്ചതിൻെറശേ
ഷം അതിനെക്കാൾ ഏറെറം സാംഗോപാംഗ
മായ ജീവിതമുറയെ പഠിക്കേണ്ടതിന്നായി
മറെറാരു ക്രൂട്ടത്തിൽ ചെന്നുക്രൂടി. അവിടെ
എണ്ണൂറിൽ അധികം വനവാസികൾ ഉണ്ടാ
യിരുന്നു; അവരിൽ മിക്കവരും സാമാന്യം ര
ണ്ടും മൂന്നും ദിവസം കഴിഞ്ഞിട്ടുമാത്രമെ വാ
ശ്രുതും തിന്നിരുന്നൊള്ളു. എന്നാൽ ശ്രദ്ധ:സി
മെൾ ആയുയിൽ ഒരിക്കൽമാത്രവും ആയ
തും ശേഷംപെരുടെ നിബ്ബന്ധത്തെക്കുറിച്ചുമെ
തിന്നിരുന്നുള്ളു. പനയൊലകൊണ്ടു വണ്ണമു
ള്ള കയറുപൊലെ പിരിച്ച അതുകൊണ്ടു
അര മുറുക്കികെട്ടിയിരുന്നു. ംരം കെട്ടിൻെറ
ശക്തിയാലെ ആ ഓല മുഴുവനും മാംസത്തി
ന്നുള്ളിൽ കെറി അനഞ്ഞുപൊഴൊക്കയും ആ
മുറിവിൽനിന്നു രക്തം കീഴൊട്ടൊഴുകിയിരു
ന്നു.കുറെനാൾ ഇപ്രകാരം നടന്നതിൻെറശേ
ഷം മറവു വനവാസികൾ ംരം രക്തപ്പെരുപ്പം
കണ്ടു കാഴ്ചം അറിഞ്ഞു ംരം കെട്ടു അഴിപ്പി
ച്ചുവെങ്കിലും ആ മുറിവു പൊറുപ്പിക്കുന്നതി
ന്ന യാതൊരു ഔഷധവും പ്രയൊഗിപ്പാൻ
സമ്മതിച്ചിട്ടില്ല. ംരം മഹാരുമാവിൻെറ ഇരു

കൂടിന ആരംഭം കണ്ടാറെ മറുവാശ്രുവരും ഇതുപൊലെതന്നെ ചെയ്യെണമെന്നു കരുതിവല്ല അവിവെകപ്രവൃത്തിയിൽ ഉൾപ്പെടുവാൻ സംഗതിയായെക്കുമെന്നു ഭയപ്പെട്ട ആ വനവാസികളിൽ മൂപ്പന്മാരായിരുന്നവർ അവിടെനിന്നു മാറി മറു വാശ്രു സ്ഥലത്തിലും പൊയ്ക്കൊള്ളുന്നതിന്നു പറഞ്ഞയച്ചു. ആകയാൽ അവിടെനിന്നു പുറപ്പെട്ട മലകളിൽ ചുറിനടന്ന ഒരു താഴ്വയുള്ള കുഴി കണ്ടെത്തി അതിൽ ഇറങ്ങി അവിടെ ജൂപധ്യാനമായി ജീവിപ്പാൻ തുടങ്ങി. അങ്ങുദിവസം കഴിഞ്ഞപ്പൊൾ ഒരു പുണ്യദെഹത്തെ വിട്ടയച്ചവക്കുതന്നെ ഇതിന്മെൽ മനസ്സാപമായിവീണ്ടു അനെപക്ഷിച്ചു ക്രുട്ടികൊണ്ടുവരുന്നതിന്നായി ഏതാനുംപെരെ പറഞ്ഞയച്ചു. അവർ മലകളിൽ ചുറിനടന്ന ചില ഇടയന്മാരൊടും മറും ചൊദിച്ചും തിരക്കിയും കടശിമെല്ലാഞ്ഞ കുഴിയിൽ വന്നു കണ്ടുപിടിച്ചു. ഉടനെ വള്ളികളും മറും കൊണ്ടുവന്ന കിഴൊട്ടു ഇട്ടു അവിടെനിന്നു കെറി അവരുടെ ക്രുട്ടത്തിൽകൊണ്ടുപൊയി. എങ്കിലും ഏതെന്നാൽ അവിടെ താമസിക്കാതെ അവിടെ

നിന്ന പുറപ്പെട്ട ഒരു മലമുകളിൽ ആരുമി
ല്ലാതെ കിടന്നിരുന്ന ഒരു വീട്ടിൽ പ്രവെശി
ച്ച മൂന്നവക്ഷം അവിടെ കഠിന തപസ്സായി
താമസിച്ചു; അതിൽെറ ശെഷം ശ്രെഷ്ഠ: ഏലി
യാ എന്ന ദിഷ്ബദ്ശിയെപ്പൊലെ നാല്പതുദി
വസത്തെക്ക ഉപവാസമായിരിക്കെണമെ
ന്ന കരുതി ഖാന്യസ എന്ന ഒരു പട്ടക്കാര
നൊട്ട ംരം വീട്ടിൽ യാതൊരു അന്നപാന
സാധനവും വെച്ചെക്കാതെ എന്നെ ഇതിന്ന
കത്തിട്ട വാതിൽ കല്ലുകൊണ്ടടെച്ച നാല്പതു
ദിവസം ഇതിന്നകത്തിരുന്ന ദൈവത്തൊട്ട
പ്രാത്ഥിപ്പാൻ ഇടയാകണമെന്ന അപെ
ക്ഷിച്ചു ആ പട്ടക്കാരൻ ഇതുകെട്ട നാല്പതു
ദിവസം തീരും കുടിയുമില്ലാതെയിരുന്നാൽ
ഇതു തന്നെഞാൻ കൊല്ലുന്ന പ്രവൃത്തിയാ
ണ്ട. അങ്ങനെ ചെയ്യരുത എന്ന പറഞ്ഞതു
കൊണ്ടു "എന്നാൽ അച്ചാ, ഇതിന്നകത്തു പ
ത്തു അപ്പവും കുറെ വെള്ളവും വെച്ചെക്ക
രിന്നതിന്ന ആവശ്യമെന്ന തൊന്നുമെങ്കി
ൽ ഞാൻ തിന്നാം" എന്ന പറഞ്ഞു. അപ്രകാ
രം സമ്മതിച്ച പത്ത അപ്പവും കുറെ വെള്ള
വും ആ വീട്ടിന്നകത്തുവെച്ച കല്ലുകൊണ്ടുവാ

തിലും ആടെച്ചു. നാല്പതുദിവസം കഴിഞ്ഞു വ
ന്ന വാതിൽ വെട്ടിപ്പൊളിച്ചുനൊക്കിയപ്പൊ
ൾ ശ്രേഷ്ഠ: സിമെയൻ മരിച്ചതുപൊലെ യാ
തൊരു ഇളക്കവും ബൊധവുമില്ലാതെ കിട
ന്നിരുന്നു. അപ്പവും വെള്ളവും ആ വെച്ചതു
പൊലെതന്നെ ഇരിപ്പുമുണ്ടായിരുന്നു. ആ
പട്ടക്കാരൻ ഉടനെ ചെന്നു മരിച്ചില്ലായെ
ന്നു കണ്ടപ്പൊൾ കുറെ വെള്ളം വായിൽ ഒ
ഴിച്ചുകൊടുത്തു കുറെ കഴിഞ്ഞ അല്പ യാവ
നയും കൊടുത്തു എഴുന്നെല്പിച്ചു. ൦രും നാൾ
മുതൽ ഇരുപത്തെട്ടു വൎഷത്തൊളം ആണ്ടു
തൊറും നാല്പതു ദിവസത്തെക്കു യാതൊരു
ഭക്ഷണപാനംക്രൂടാതെ ജീവിച്ചുവന്നു. ഇപ്പ്ര
കാരമുള്ള കഠിനതപസ്സിന്റെ ശക്തിയാൽ
ജീവൻമാത്രം രക്ഷിച്ചതല്ലാതെ ദെഹശക്തി
ക്കുശെഷവും കെട്ട നമസ്കാരം ക്രൂടെയും ഇ
രുന്നുകൊണ്ടു എത്തിപ്പാനല്ലാതെ മറുവിധ
ത്തിൽ പാടില്ലാതെ ആകയും കടശി ആതും
മെലാതെ കിടപ്പുതന്നെ ആയി.

മെല്പറഞ്ഞ ഒന്നാമത്തെ നാല്പതുനൊയ
മ്പു കഴിഞ്ഞതിന്റെശെഷം ഒരു ഇരിമ്പുതുട
ലുമായിട്ടു ഒരു മലയുടെ മുകളിൽചെന്ന ആ

തുടലിന്റെ ഒരു അറ്റം ഒരു പാറമേലും മറെറ അറ്റം തന്തു കാലിന്മേലും ഇട്ടുപൂട്ടി ഒരിക്കലും അവിടെനിന്നു പുറപ്പെടരുതെന്നു കരുതി ആ സ്ഥിതിയിൽ ജൂഡ്ധ്യാനമായി ജീവിച്ചുവരികയിൽ ബൊധവും സ്വതന്ത്രവുമുള്ള മാനുഷനെ ഒരു സ്ഥലത്തിൽ നിറുത്തുന്നതിനു ഇരിമ്പുതുടൽ ആവശ്യമില്ല നല്ലമനസ്സിന്റെ തുടൽമതിഎന്നു ഒരു ജ്ഞാനി പറഞ്ഞതുകെട്ട അപ്പോൾതന്നെ ആ തുടൽ വെട്ടിച്ചുകളവാൻ നൊക്കി. എന്നാൽ കാലിന്മേൽ മുറുക്കി ഇട്ടിരുന്ന ഇരിമ്പുവളയം മാംസത്തിനുള്ളിൽ കടക്കയും മീതെതൊലിവന്ന മൂടിപ്പൊകയും ചെയ്തിരുന്നതുകൊണ്ടു തുടൽ വെട്ടിയപ്പോൾ തൊലിക്കുടെ കിറിക്കളയെണ്ടിവന്നു.

ഇങ്ങനെയുള്ള അപൂവ്വ ജീവിതത്തിന്റെയും, ചെന്നുവന്ന അനെക അത്ഭുതങ്ങളുടെയും ശ്രുതി ലൊകമൊക്കയിലും പരന്നതുകാരണത്താൽ, പെസ്യാ, അമ്മെന്യാ, ഹിബ്രെണ്യാ, ഹിസ്പാന്യാ, ബ്രിത്താന്യ, പ്രാൻസ മുതലായ ദെശങ്ങളിൽനിന്നു ദിവസംതൊറും വന്നുകൂടിയിരുന്ന പുരുഷാരം എണ്ണത്തിലട

ങ്ങാത്തവണ്ണമായിരുന്നു. ംരം മഹരുമാവിന്റെ അപേക്ഷകൊണ്ടു ഓരൊരുത്തക്കു എന്തൊ ആവശ്യം അതൊക്കയും സാധിച്ചിരുന്നതു കൊണ്ടു നാല്പഭാഗത്തിൽനിന്നും നാനാജാതി ക്കാരും തങ്ങളുടെ ഏക സങ്കെതമായി ംരം പുണ്യവാളനെ വന്നുകണ്ടു സഹായം അപെക്ഷിച്ചു ലഭിച്ചിരുന്നു. ഇത്താല്യാദെശത്തിൽ ഓരൊരൊ പൊതു വെലസ്ഥങ്ങളുടെയും പണിശാലകളുടെയും വാതിലുകളിന്മെൽ ംരം പുണ്യവാന്റെ രൂപത്തെ സ്ഥാപിച്ചിരുന്നു. അതു ഭക്തിയും ആശ്രയവും എല്ലാവക്കും ഉണ്ടായിരുന്നു.

എന്നാൽ ക്രിസ്തുവരും, കാവ്യരും, യൂദന്മാരും, തുലുക്കരും മറ്റു സകല ജാതിക്കാരും ംരം പുണ്യവാളനെ കാണ്മാനും ആശീർവ്വാദം കൈക്കൊള്ളുന്നതിന്നുമായി വരികയും അവരൊക്കയും ംരാ പുണ്യദെഹത്തെ തൊടുവാൻ ഇടയാകുന്നതു മഹാഭാഗ്യമായി വിചാരിച്ചു തൊടുവാൻ പ്രയാസപ്പെടുകയും ചെയ്തിരുന്നതുകൊണ്ടു ംരം അരിക്കുതയിൽനിന്നു ഒഴിയുന്നതിന്നും, വരുന്നവരെ എല്ലാവരെയും ദൈവചനം കെൽപ്പിച്ചു സൽവ

ഴിയിലാക്കുന്നതിന്നും വെണ്ടിയും, കഠിന തപ
സ്സിന്നായിട്ടും ഒരു തൂണിന്മെൽ രാപകൽ ഒ
രു നിലയായിട്ടു നില്പാൻ നിശ്ചയിച്ചു. ആ
ദ്യംതന്നെ ആറുമുഴം പൊക്കത്തിൽ ഒരു തൂ
ൺ കെട്ടിയുണ്ടാക്കി, പിന്നെ പന്രണ്ടു മുഴ
ത്തൊളവും അതിൻെറശെഷം ഇരുപതു മുഴ
ത്തൊളവും, കടശി മുപ്പത്തുരണ്ടു മുഴത്തൊള
വും ആ തൂൺ പൊക്കി അതിന്മെൽ വെന
ലും വഷ്വും രാവും പകലും നിന്നുകൊണ്ടു
തന്നെ കഴിപ്പാൻ തുടങ്ങി. മറു വനവാസി
കൾ ംരം നൂതനജീവിതമുറയും പുണ്യശ്രുതി
യും കെട്ടപ്പൊൾ ഇതു പട്ടാങ്ങയായിട്ടു,ദൈ
വതിരുമനസ്സിന്ന തക്കവണ്ണമുള്ളതുതന്നെയൊ
എന്ന പരീക്ഷിക്കുന്നതിന്നായിട്ടു അവരുടെ
സ്ഥാനാപതിയായി ഒരുത്തനെ നിയൊഗി
ച്ചു അയാൾ ചെന്നു അതുവരെ ആരുംത
ന്നെ കാണിച്ചിട്ടില്ലൊത്ത ംരം പുതുജീവിതമു
റ തുടങ്ങുന്നതു എന്തുകൊണ്ടെന്നു ചൊദിച്ചു
മറനെക പുണ്യാരമാക്കൾ അനുസരിച്ചു ജീ
വിതക്രമം വിട്ടു ംരം നൂതനവിധം ഉണ്ടാക്കു
ന്നതിന്നു ആവശ്യമില്ലായ്കയാൽ ഇതുപെ
ക്ഷിച്ചു ശെഷം പിതാക്കന്മാർ ജീവിച്ചതു

പൊലെയുള്ള വഴിയിൽ നടപ്പാൻ തുടങ്ങെ
ണമെന്നു കല്പിപ്പാൻ വഹഞ്ഞയച്ചു. എന്നാൽ
ശ്രദ്ധ:സിമെഒൻ ഒരും കല്പന കെട്ടുടനെത
ന്നെ കീഴ്പ്പഴങ്ങി ആ തൂണിൽനിന്നു ഇറങ്ങു
മെങ്കിൽ ഇതു ദൈവതിരുമനസ്സിന്നു തക്കവ
ണ്ണമുള്ളതുതന്നെ, ആയതുകൊണ്ടു ധൈര്യ
പ്പെട്ടുംകൊണ്ടു അവിടെത്തന്നെ നിറുത്തിക്കൊള്ളെ
ണം; എന്നാൽ കല്പനയുടെ കീഴ്പ്പഴങ്ങാതെ സ്വ
ന്തമനസ്സുപൊലെ അവിടെതന്നെ നില്പാനാ
ണു ഭാവിക്കുന്നതെങ്കിൽ ബലത്താലെ അവി
ടെനിന്നു ഇറക്കി ആ തൂണും ഇടിച്ചുകളയെ
ണം എന്നു കല്പിച്ചു. എന്തുകൊണ്ടെന്നാൽ
ദൈവതിരുമനസ്സിന്നു തക്കവണ്ണമുള്ളതാണെ
ങ്കിൽ ഉടനെ കീഴ്പ്പഴങ്ങുവാൻ മടിക്കയി
ല്ല. ഒരും സ്ഥാനാപതിചെന്നു കല്പന അറി
യിച്ച ഉടനെതന്നെ കീഴൊട്ടു ഇറങ്ങുന്നതി
ന്നു കാൽവെച്ചു. അതു കണ്ട സ്ഥാനാപതി:
ധൈര്യമായിരിക്ക സഹൊദരാ! ദൈവം നി
ന്നെ അടുക്കിയിരിക്കുന്നവഴിയിൽ പരാക്രമ
ത്തൊടെ നടക്ക, ഒരും സ്ഥിതിയിൽതന്നെ നി
ന്നുകൊള്ളുക, എന്നുപറഞ്ഞു അവിടെത്തന്നെ
നിറുത്തിക്കൊണ്ടു പൊരികയുംചെയ്തു. ആദ്യ

കാലങ്ങളിൽ ദേഹക്ഷീണംകൊണ്ട ഒരു നി
ലയായിട്ടുതന്നെ നില്പാൻ മെലാതെയായ
പ്പോൾ ഒരു തടി തൂണിന്മെൽ വെച്ചുകെട്ടി
ങ്ങതൊട്ട ദേഹവുംചെത്തു ബന്ധിച്ച വീഴാ
തെ നിന്നിരുന്നു. എങ്കിലും പിന്നീട്ട ദൈവാ
നുഗ്രഹത്താൽ യാതൊരു സഹായവും വെണ്ടി
വന്നില്ല.

ഒരം നിലയിൽ പ്രഥാനിയ്ക്കയെന്നല്ല. ദി
വസത്തൊടുള്ള നെരം പല കായ്ത്തിന്നാ
യി വിഭാഗിച്ച കാലത്തുമുതൽ ഒമ്പതു മണി
വരെ പലപല പൊതു ആവശ്യങ്ങൾക്കാ
യി അപെക്ഷിക്കയും ഒമ്പതു മണിമുതൽ പ
ലരുടെ ആവലാധികളെയും ആവശ്യങ്ങളെ
യും കെട്ടു തീർപ്പുചെയ്കയും, വന്നുകൂടുന്നവരൊ
ടു പ്രസംഗംപറകയും ദിനക്കാരരെ സ്വസ്ഥാ
നമാക്കുകയും തിരുസ്സഭയുടെ കായ്ങ്ങളെയും
സത്യവെദ വർദ്ധനയെയും, നീതിയെയുംകുറി
ച്ച പല രാജാക്കന്മാക്കും കൊയിമ്മ ഉദ്യോ
ഗസ്ഥന്മാക്കും വെണ്ടിയിരിക്കുന്ന ഉപദെശ
ങ്ങളെ പറഞ്ഞയക്കയും, വെദയജമാനന്മാ
രെക്കായിൽ കൊയിമ്മ ഉദ്യോഗസ്ഥന്മാർക്കു
ററം അധികമായി ജാഗ്രതയുള്ളവരായിരി

കൊണ്ടുമെന്നു കല്പിക്കയും, ഗ്രെക്കു ശീസുയൊ
ടും പല ഇടത്തുട്ടുകളൊടും, സൂദന്മാരുടെ ഒ
രാഹകാരത്തൊടും മറ്റു പല ഉത്തമ ന്യാ
യങ്ങളെയും ഉപദെശങ്ങളെയും ഓരൊരു
ത്തക്കു പറഞ്ഞയക്കയും ഇപ്രകാരം ആ ദു
ണിമ്മെൽനിന്നുകൊണ്ടു സകലത്തെയും നട
ത്തുന്ന അധിപനെപൊലെ മൈവകാഴ്ചങ്ങ
ളെയുംവെദകാഴ്ചങ്ങളെയുംരാപകൽ ശ്രദ്ധാ
ന്തിയൊടെങ്ങനെ ഭക്തിക്കയും ചെയ്തുവന്നു. രാ
വു മുഴുവനും ജപധ്യാനത്തിന്നായി ചിലവഴി
ച്ചുവന്നു. ആ ദുണിന്മെൽ അഗ്രത്തിൽനിന്നുകൊ
ണ്ടു എത്രപ്രാവശ്യം സൃഷ്ടിതാവിനെ കുമ്പിട്ടു
ആരാധിച്ചിരുന്നു എന്നു കണക്കില്ല. ഒരിക്ക
ൽ കൂടിനിന്നിരുന്ന പുരുഷാരത്തിൽ ഒരുത്ത
ൻ ൦രം ആരാധനകളെ എണ്ണിയാറെ ആ
യിരത്തി ഇരുന്നൂററി നാല്പത്തുനാലൊളം എ
ണ്ണിയതിൻറശെഷം മടുത്തു എണ്ണംനിറുത്തി.
പരിശുദ്ധ സിമെ൒ൻ പിന്നെയും ആ നില
തന്നെ ഇളവില്ലാതെ കുമ്പിട്ടു ആരാധിച്ചി
രുന്നു. കുമ്പിടുമ്പൊഴൊക്കയും തല കാലിന്മെ
ൽ മുട്ടുവാൻതക്കവണ്ണം ചായുകയും ചെയ്തിരു
ന്നു. അനെക കാലത്തെക്കു ൦രം സ്ഥിതിയി

ൽതന്നെ ഇരിപ്പും കിടപ്പും ക്കൂടാതെനിന്നു ജീ
വിച്ചതിനാൽ ഒരു പാദകത്തിന്മെൽ വലിയ
തായ ഒരു പുണമുണ്ടായി ചലം ഒഴുകിയിരു
ന്നു. എങ്കിലും അങ്ങനെ ഒരു പുണമൊ
ന്നല്ല നൊമ്പരമൊ ഉണ്ടു എന്നു യാതൊരു
ഭാവംപൊലും കാണിക്കാതെ ഒക്കയും സ്വഭാ
വത്തിന്നു മെല്പട്ട ധൈര്യത്തൊടെ സഹിച്ചി
രുന്നു. വലിയ പെരുന്നാൾദിവസങ്ങളുടെ
ഘോഷത്തിന്നായി ഒരം നിത്യ തപസ്സു പൊ
രാഞ്ഞിട്ടു രാവു മുഴുവനും കൈരണ്ടും വിരി
ച്ചു ഒരു തൂങ്ങപ്പെട്ട സ്വരൂപംപൊലെ പര
ലൊകത്തിലൊട്ടു ലക്ഷിതിരിച്ചുനിന്നു ജപിച്ചി
രുന്നു.

ഓരൊരൊ അത്ഭുതപ്രവൃത്തികളെ ചെ
യ്യുവന്നതു ഒരം മഹാത്മാവിന്റെ പക്കൽചെ
ന്നു അപെക്ഷിച്ചിരുന്നവക്കുമാത്രമല്ല ഒരം പു
ണ്യാത്മാവു തൊട്ടതൊ ആശീർവ്വദിച്ചതൊ ആ
യ വസ്തുക്കളെകൊണ്ടും പല ദെശങ്ങളി
ലും അനെക അത്ഭുതങ്ങൾ സംഭവിച്ചിരുന്നു.
സരച്ചെന്യാക്കാരനായ ഒരു ഉദ്യൊഗസ്ഥൻ
തന്റെ വ്യാധംവന്നു അനങ്ങുവാൻ വഹിയ്യാതെ
കിടന്നിരുന്ന തന്റെ ഒരു ഉദ്യൊഗിയനെ

പുണ്യവാളന്റെ അടുക്കൽ കൊണ്ടുവന്ന അവനെ സുഖമാക്കണമെന്നു അപേക്ഷിച്ചു. ശ്ലൂഹ:സിമെയൻ മുമ്പുതന്നെ അവനു സത്യവെദ രഹസ്യങ്ങളെ അറിയിച്ചു സത്യവിശ്വാസിയാക്കിയതിന്റെ ശേഷം, ഉടനെതന്നെ എഴുന്നേറ്റ വലിയ തടിച്ചു ദേഹമുള്ളവനായിരുന്ന ആ ഉദ്യോഗസ്ഥനെ എടുത്തു കൊണ്ടുപൊകുവാൻ കല്പിച്ചു.ആരുവരെതന്നെത്താൻ അനക്കുവാൻ വശമല്ലാതെ കിടന്നവൻ ഉടനെ എഴുന്നേറ്റ ആ ഉദ്യോഗസ്ഥനെ എടുത്തുകൊണ്ടുപൊകയുംചെയ്തു. ദീഘദർശനവരംകൊണ്ടു ആ രാജ്യത്തിൽ ഉണ്ടാകുവാനിരുന്ന കഠിന ഉണക്കിനെയും പഞ്ഞത്തെയും വെട്ടുക്കിളിമൂലം ഉണ്ടാകുവാനിരുന്ന വലിയ ഉപദ്രവത്തെയും മുൻക്കൂട്ടി അറിയിച്ചു. ഇരുവലിയ ദൈവദാനങ്ങളും അത്ഭുതവരങ്ങളും ഉണ്ടായിരുന്നെങ്കിലും എപ്പൊഴും മഹാഎളിമയൊടെ എല്ലാവരൊടും സംസാരിക്കയും ഏതു ഹീനനും മൂഢനും ചൊദിച്ചാലും മാധുര്യത്തൊടെ ഉത്തരിക്കയും ചെയ്തിരുന്നു. സ്ത്രീജനങ്ങൾ ഒരൊ പുണ്യവാളനുമായി തമ്മിൽ കാണ്മാൻതക്ക

സ്ഥലത്തെഞ്ഞും അടുപ്പാൻ ഒരിക്കലും അനുവദിച്ചിരുന്നുമില്ല. ഇസ്രയെൽ ജനത്തിന്റെ രാജസ്ത്രീ മച്ചിയായിരിക്കയിൽ ഹരം പുണ്യവാളന്റെ അപേക്ഷയാൽ ഒരു പുത്രനുണ്ടായതുകൊണ്ടു ആനന്ദിച്ചു ഹരം മഹാരമാവിനെ കാണ്മാനും ആ പുത്രനെ ആശീർവ്വദിപ്പാനുമായി വന്നാറെ ദൂരെ നിന്നു അളുകളെ. പറഞ്ഞയപ്പാനല്ലാതെ തന്നിൽ കാണ്മാൻ അനുവദിച്ചില്ല.

തൂണിന്മെൽ നിന്നിരുന്ന കാലങ്ങളിൽ ആഴ്ചയിൽഒരിക്കൽമാത്രമെ അല്ല യാവനതിന്നിരുന്നുള്ളു. വെയിലും, മഴയും, മഞ്ഞും, കാറും, എല്ലാം ആ നിലയിൽതന്നെ സഹിച്ചിരുന്ന വിശെഷാൽ ശരീരത്തെ ഏറ്റം ഭണ്ഡിപ്പിക്കുന്നതിന്നുവെണ്ടി ഒരു ഘനമുള്ള ഇരിമ്പുതുടലിനെക്കുടെ കഴുത്തിൽ കെട്ടി ഇട്ടിരുന്നു. ഇപ്രകാരം തപസ്സുചെയ്തുകൊണ്ടു അമ്പത്താറു വയസ്സോളം ജീവിച്ചു. ഇതിൽ മൂപ്പത്തെഴും രാപകൽ തൂണിന്മെൽതന്നെ നിന്നുകൊണ്ടാണു കഴിച്ചിരിക്കുന്നതു. ആ നിലയിൽതന്നെ പുണ്യങ്ങളാലും ദൈവദാനങ്ങളാലും അത്ഭുതമാംവണ്ണം അലങ്കരിക്കപ്പെട്ടി

ആരമാവു പരലൊകഭാഗ്യത്തിലൊട്ടു എട്ടുക പ്പെട്ടു. എന്നിട്ടും ശരീരം വീഴാതെയും മാറാ തെയും ആ തുണിമ്മെൽതന്നെ അത്ഭുതമായി നിന്നിരുന്നു. പിന്നീട്ടു ലെങ്ങ എന്ന ചക്രവർത്തി യുടെകാലത്തിൽ ഒരു രിയുശരീരം മഹാ ക്ഷോ ക്ഷത്തോടെ അന്ത്യാഖ്യായിൽ കൊണ്ടുവര പ്പെട്ടു. ഒരു മഹാക്ഷോക്ഷയാത്രയിൽ അനെക അത്ഭുതങ്ങൾ സംഭവിച്ചതുകൂടാതെ കുഴിമാട ത്തിക്കലും, മെച്ചുറഞ്ഞ യുദ്ധക്കളമായ തുണി ൻപക്കലും അനെക അത്ഭുതങ്ങൾ ബഹുകാ ലത്തെക്കു സംഭവിച്ചുവന്നു. മരിച്ചിട്ടു ഏറെ ക്കാലംകഴിഞ്ഞതിൻെറശെഷവും മുഖവും നെ റിയും ശെഷം മാംസവും ജീവിച്ചിരിക്കുന്നതു പൊലെയുള്ള അഴിവില്ലായ്മയൊടെ കാണ പ്പെട്ടുകയും തലയിൽനിന്നു യാതൊരു മുടിക്കു ടെയും പറിഞ്ഞുപൊകാതെ ഭദ്രമായിരിക്ക യുംചെയ്തിരിക്കുന്നു. ഒ! ദൈവത്തെ സ്നെഹിച്ചു ഒരു പ്രപഞ്ചത്തെ നിന്ദിച്ചു മൊക്ഷഭാഗ്യത്തി ലൊട്ടു പൊകുന്ന ആരമാവുകളുടെ വഴിക ൾ എത്ര അത്ഭുതമായുള്ളതായിരിക്കുന്നു! പു ണ്ന്യാരമാക്കളെല്ലാക്കയും ഇത്ര കഠിന തപസ്സു ചെയ്യുന്നതിന്നു ദൈവസ്നെഹവും നിത്യഭാഗ്യ

ത്തിന്മേലുണ്ടായിരുന്ന പട്ടാങ്ങയായ ആഗ്ര ഹവും കാരണമാകയാൽ ഇവയുണ്ടാകുന്നതി ന്ന സകലരും ശ്രമിച്ചുകൊൾവിൻ.

തിരു ചരിത്ര മഞ്ജരി

ൻാം കുമുമം

പരിശുദ്ധ അന്തൊനീസിന്റെ ചരിത്രം

ശുദ്ധ:അന്തൊനിയുസ ദെപാദുവാ പൊ ത്തുഗാൽ രാജ്യത്തിന്റെ പ്രധാന പട്ടണമാ യ ഉലിസിബൊന (ലിസ്ബൊനാ) എന്ന പട്ടണത്തിൽ പിറന്നു. ജ്ഞാനസ്നാനത്തിൽ വെച്ച ഫെർണ്ണാൻദിസ എന്ന പെർ വിളി ച്ചു. പരിപ്പാൻതക്ക പ്രായമായപ്പൊൾ ഉ ത്തമക്രീസ്തുവരായ ഒരം പുണ്യവാള ന്റെ കാ രണവന്മാർ ഒരം മകനെ സമീപെയുണ്ടായി രുന്ന ഒരു സന്ന്യാസ ആശ്രമത്തിലെ സന്ന്യാ

സികളുടെ വിചാരണയ്ക്കു ഏല്പിച്ചു, അവർ വഴിയായി പുണ്യവും നല്ലവ്യാപാരവും സുകൃത അറിവുകളും പഠിച്ചറിയുന്നതിനു പ്രയാസപ്പെട്ടു. ഇപ്രകാരം ചെറുപ്രായംമുതൽ ദൈവത്തെ ഭയപ്പെട്ടുവാനും സ്നേഹിപ്പാനും, പുണ്യജീവിതം കഴിപ്പാനും പഠിച്ചതുകൊണ്ടു ലൊകവസ്തുക്കളിന്മെൽ ദെഷവും ശരീര നിഗ്രഹത്തിന്മെൽ താല്പൎയ്യവുമുണ്ടായി അതിനുവെണ്ടി ഉലിസിബൊനാ എന്ന പട്ടണത്തിനുപുറമെയുണ്ടായിരുന്ന ആഗ്രസ്തീനൊസപുണ്യവാളന്റെ സഭയിൽ ക്രൂടുവാൻ നിശ്ചയിച്ച ആഗ്രഹംപൊലെ സാധിക്കയുംചെയ്തു. എന്നാൽ അവിടെ രണ്ടു വൎഷത്തൊളം പാൎത്താറെ ആയാശ്രമം സ്വന്ത പട്ടണത്തിനു സമീപെതന്നെ ആയിരുന്നതുകൊണ്ടു സംബന്ധക്കാരും സ്നേഹിതന്മാരും കൂടക്കൂടെ കാണ്മാൻ വന്നിരുന്നു. ഇതു ലൊകത്തെയും ലൌകീകസംബന്ധമായ സകലത്തെയും ഉപെക്ഷിച്ചു സ്വൎഗ്ഗെശ്വരനുമാത്രം ശുശ്രൂഷചെയ്വാൻ ആഗ്രഹിച്ചിരുന്ന ശുദ്ധ: ഫ്രെണ്ടാൻഡിസിന്റെ മനസ്സിനും താല്പൎയ്യത്തിനും കെവലം ചെരാത്തതായിരുന്നതുകൊണ്ടു ശ്രെഷ്ഠ

ന്റെ അനുവാദപ്രകാരം സ്വന്തനാട്ടിലും സം
ബന്ധക്കാർ സ്നേഹിതന്മാർ മുതലായവർ വ
ന്നു കാണ്മാൻ പാടുള്ളതുമായ ആശ്രമം
വിട്ടു മറെറാരു സന്ന്യാസമഠത്തിൽ പാർപ്പാനാ
യിപ്പോയി. അവിടെ പാർത്തിരുന്ന നാളു കൾ
ളിൽ രാപകൽ ശാസ്ത്രസമ്പാദ്യത്തിനും വെ
ടിപുസ്തക പഠനത്തിനും അത്യന്ത ശ്രദ്ധാഭക്തി
യൊടെ നേരം ചിലവഴിച്ചിരുന്നു. അങ്ങ
നെയിരിക്കയിൽ പൊർത്തുഗാൽ രാജാവി
ന്റെകുമാരനായ പെത്രൂസ ഇൻഫാന്റ് എ
ന്ന പ്രഭു, പ്രാംസീസ്കൻ അസീസിപുണ്യവാള
ന്റെ സഭയിൽ ഉൾപ്പെട്ടു വെടത്തെക്കുറി
ച്ചു മരിച്ച അഞ്ചു രക്തസാക്ഷികളുടെ ശരീ
രത്തെ പൊർത്തുഗാലിൽ കൊണ്ടുവരികയും,
ഓരോ രക്തസാക്ഷികൾമൂലം മെല്ലാഞ്ഞ രാജ
കുമാരൻ വലിയ ആപത്തുകളിൽനിന്നു ര
ക്ഷപെട്ടുവെന്നുള്ള സത്യശ്രുതി ഇസ്പാന്യാരാ
ജ്യമൊക്കയിലും പ്രസിദ്ധമാകയും ചെയ്തതി
നൊടെ ശുദ്ധ: ഫെർണ്ണാൻദിസിനും അവ
രെപ്പോലെ സത്യവെടത്തെക്കുറിച്ചു പാടുപെ
ട്ടു മരിക്കണമെന്നുള്ള ആഗ്രഹത്താൽ ഓരോ ഭാ
ഗ്യം തനിക്കും നൽകണമെന്നു ദൈവത്തോ

ട്ട എപ്പോഴും അപേക്ഷിച്ചുതുടങ്ങി. ഇപ്രകാരമായിരിക്കയിൽ "പരിശുദ്ധ അന്തൊനിയൂസ്" എന്ന നാമമായിരുന്ന ഒരു സ്ഥലത്തിൽ ബഹു പുണ്യകീർത്തിയൊടെ പാർത്തുവന്നിരുന്ന പ്രംസീസ്കൂ അസീസി പുണ്യവാളന്റെ സന്ന്യാസികളും ഒരു പരിശുദ്ധ ഫെണ്ണാൻദീസും തമ്മിൽ കണ്ടുസംസാരിപ്പാൻ സംഗതിയായപ്പോൾ ഒരു മഹാരമാവു ദൈവസ്നേഹാഗ്നിയാൽ ജ്വലിക്കുന്ന ഭാവത്തൊടെ "സ്നേഹിക്കപ്പെട്ട സഹൊദരരെ ഞാൻ നിങ്ങളുടെ സഭയിൽക്രൂടിയാൽ എന്റെ ആഗ്രഹത്തിന്നു തക്കവണ്ണം ഒരുശൊമിശിഹായെകുറിച്ചു പാടുപെട്ടു മരിക്കുന്നതിന്നായി സരസ്സെന്ന്യാദെശത്തിലെക്കു എന്നെ അയക്കാമെന്നു വാക്കുതരാമെങ്കിൽ ഇനിക്കു നിങ്ങളുടെ സഭയിൽ ക്രൂടുന്നതിനു വളരെ ആഗ്രഹമുണ്ടു" എന്നു അവരൊടു പറഞ്ഞു. ആ സന്ന്യാസികൾ ഇതുകെട്ടു മഹാ സന്തൂഷ്ടിയൊടെ നാളെതന്നെ ഒരു അപേക്ഷപ്രകാരം ചെയ്യുകൊള്ളാം എന്നും ഉത്തരിച്ചു. ഉടനെ ശു: ഫെണ്ണാൻദീസ ശ്രെഷ്ഠനൊടു ദാസ്യമായ അപെക്ഷകൊണ്ടു അനുവാദവും വാങ്ങിച്ചു പി

റെദിവസ്തിരഞ്ഞെ ശ്ലൂഭ: അങ്ങുകായം പ്രാം സീസ്കോസിന്റെ സഭയിലൊട്ടു പുറപ്പെട്ട പ്പൊൾ അതുവരെ ഒരും പുണ്യവാളന്റെക്രൂടപ്പിറപ്പുകളായിട്ടുണ്ടായിരുന്ന സന്യാസികളിൽ ഒരുത്തൻ ഒരും മഹാരമാവു രങ്ങളിൽനിന്നു പൊകുന്നതുകൊണ്ടുള്ള സങ്കടത്താൽ ഇദ്ദെഹത്തെനൊക്കി "പൊ പൊ പക്ഷെ പുണ്യവാളനാകുമായിരിക്കും" എന്നു പറഞ്ഞു. ഒരും മഹാരമാവു ഇതുകെട്ട അയാളുടനെ തിരിഞ്ഞു "ശ്ലൂഭ: തിരുസ്സഭ എന്നെ പുണ്യവാളന്മാരുടെ ക്രൂട്ടത്തിൽ ക്രൂട്ടി എന്നുകെൾക്കുമ്പൊൾ താൻ ദൈവത്തെ സ്തുതിക്കും" എന്നുത്തരിച്ചു. ഒരും സഭയിൽ ക്രൂടിയപ്പൊൾ കാരണവന്മാർ തന്നെ അനെപക്ഷിച്ചു വാശ്ശ്വിരൊധം ചെയ്യുക്കുമൊ എന്നു പെടിച്ചു തന്റെ മുമ്പിലത്തെ പെർക്രൂടെയും മാറി "അന്തൊനിയുസ്" എന്നു നാമം ധരിച്ചു.

ഒരും സഭയിൽ ക്രൂടിയതിന്റെശെഷം ഒരും ദൈവശ്ലുശ്രൂഷിയുടെ അപെക്ഷപൊലെ വെദത്തെക്കുറിച്ചു മരിക്കുന്നതിന്നായി സരൊന്യാ ദെശത്തിലെക്കു പൊകുന്നതിനു അനുവദിക്കയും താമസിയാതെ പ്രയ്യാണം

ആരംഭിക്കയുംചെയ്തു. എങ്കിലും സർവ്വേശ്വരൻ ശ്രേഷ്ഠ: അന്തൊനിയൂസിന്റെ ആയുസ്സിനെ മറെറനെകരുടെ രക്ഷയ്ക്കായി നിശ്ചയിച്ചിരുന്നതുകൊണ്ടു കഠിന രൊഗവും കൊട്ടുകാറുമുതലായ പല വിഘ്നങ്ങളും നെരിട്ടൊരും യാത്രയെ മുഴുവനാക്കുവാൻ വഹിയാതെ സിച്ചില്യാദെശത്തിൽ വന്നു ചെരുവാനും, അവിടെ നിന്നു ശ്രേഷ്ഠ: പ്രംസീസ്കൊ അസീസി പുണ്യവാളന്റെ ഒരു വനവാസമഠത്തിൽപൊയി യാതൊരു ശാസ്ത്രവും പുണ്യ അറിവുമില്ലാത്ത ഒരുത്തനെപ്പൊലെ ലൊകത്തിനു മറയപ്പെട്ടവനായി ജീവിപ്പാനാരംഭിച്ചു. ഒരു വനവാസ ആശ്രമത്തിൽ ഭ്രമിക്കുള്ളിലുള്ള ഒരു ഗുഹയിൽ തനിയെ ഇരുന്നു ജപധ്യാനം കഴിക്കുന്നതുകൂടാതെ ഒരു മുറിയിൽ ഏറെനാൾ കഠിന ഉപവാസവും ജപധ്യാനവുമായി കഴിച്ചു. യാവനയുടെ ചുരുക്കത്താൽ തന്നെത്താൻ എഴുന്നെറ്റു നടപ്പാൻപ്രുടെയും പ്രയാസമായിവരുന്നതുവണ്ണംതെ ഹത്തെ കഠിനമായി പീഡിപ്പിച്ചു.

ഇപ്രകാരമുള്ള തനിജീവിതംകൊണ്ടു ആകരുത്തിൽ മറെഞ്ഞ രത്നംപൊലെ ഏറെ

നാളത്തെക്കു ഒരു മഹാരമാവിന്റെ ശാസ്ത്രശ്രുതിയും പുണ്യശൊഭയും ആരും അറിയാതെ മറഞ്ഞിരുന്നു. അങ്ങനെ ഇരിക്കയിൽ ശ്ര: അന്തൊനീസിന്റെ കൂട്ടുകാരായ ഫ്രംസീസ്കൂ അസ്സീസി പുണ്യവാളന്റെ ഏതാനും സന്ന്യാസികളും, ശ്ര: ഒമ്മിനിക്കൊസിന്റെ സന്ന്യാസികളിൽ ഏതാനുംപെരും ഒരു സ്ഥലത്തിൽ ഒന്നിച്ചുകൂടുവാൻ സംഗതിയായി. ആ സംഘത്തിൽവച്ചു ശ്ര: ഫ്രംസീസ്കൂ അസീസി പുണ്യവാളന്റെ സന്ന്യാസികളുടെ ശ്രേഷ്ഠൻ മറ്റു സന്ന്യാസികളൊടു ഒരു സംഘത്തിൽവച്ചു ഒരു പ്രസംഗം പറഞ്ഞ എപ്പ്രാവക്കും ദൈവവചനം കെൾക്കുന്നതിനുള്ള മനൊഭാഗത്തിനു തുടിവരുത്തണമെന്നു അപെക്ഷിച്ചാറെ അവർ അതിനു ഒഴികഴിവു പറഞ്ഞു ഇവരിലൊരുത്തൻ പറയെണമെന്നു അപെക്ഷിച്ചു. പരിശുദ്ധ അന്തൊനീസ കൂടെയും ഒരു കൂട്ടത്തിൽ ഉണ്ടായിരുന്നു. പ്രസംഗം പറയുന്ന കാഴ്ചത്തിൽ ഇരുകൂട്ടകാരും രമ്മിൽ രക്കമായപ്പൊൾ ഫ്രംസീസ്കൂകാസ പുണ്യവാളന്റെ സന്ന്യാസികളുടെ ശ്രേഷ്ഠൻ ദൈവീകരൊന്നിച്ചാലെ ശ്ര: അന്തൊ

നീസിനൊടു ആ സംഘത്തിൽവെച്ചു ഒരു പ്രസംഗം പറയെണമെന്നു കല്പിച്ചു. എങ്കിലും ഇദ്ദേഹം പാചകവെലയല്ലാതെ മറെറാന്നും പഠിച്ചിട്ടുണ്ടെന്നുള്ള അറിവും വിചാരവും ആർക്കുമില്ലാഞ്ഞതുകൊണ്ടു ദൈവം തന്നെ ആ നെരത്തിൽ തൊന്നിച്ചല്ലാതെ ശാസ്ത്രം അറിവുകൊണ്ടു വാഴ്ത്തും പറവാൻ ഇടയാകുമെന്നു ആരും വിചാരിച്ചിരുന്നില്ല. എന്തുകൊണ്ടെന്നാൽ ംരും മഹാരമാവു വെദപുസ്തകം മുഴുവനും കാണാപ്പാഠമായി പഠിച്ചവനും, മററു ശാസ്ത്രങ്ങൾ നന്നായി അഭ്യസിച്ചവനും ആയിരുന്നെങ്കിലും അതൊന്നും തെല്ലുപൊലും പുറമെ കാണിക്കാതെ ഒന്നിനും വശമില്ലാത്ത മൂഢനെപ്പൊലെ എല്ലായിലും താണതായ പാചകവെല ചെയ്യുവരുന്നതിന്നു തന്നെ നിശ്ചയിക്കെണമെന്നു അപെക്ഷിച്ച പ്രകാരം ആ തൊഴിലിൽ യാവനക്രൂട്ടങ്ങളെ വെച്ചും, പാത്രങ്ങളെ കഴുകിയും വിളമ്പിയും, ഇങ്ങനെയാണു അതുവരെ കഴിച്ചുവന്നിരുന്നതു. എങ്കിലും ംരംസമയത്തിൽ കിഴുഴക്കത്തിന്റെ ശക്തിയാൽ നിർബ്ബന്ധപ്പെട്ടു പ്രസംഗം പറയെണ്ടിവന്ന

പ്പോൾ പട്ടാങ്ങയായ എളിമയൊട്ടും ഭൈ
വപ്പെടിയൊട്ടുംകൂടെ ആരംഭിച്ചാറെ, ഒരം
വഴിയായി ഒരം ഒളിക്കപ്പെട്ട രത്നത്തെ പ്ര
സിദ്ധമാക്കുവാൻ സർവ്വേശ്വരൻ തിരുമനസ്സാ
യിരുന്നതുകൊണ്ടു ആ സംഘത്തിൽവെച്ചു
പറഞ്ഞ പ്രസംഗത്തിന്റെ വിശേഷവും, അ
തിൽ ശൊഭിച്ച ശാസ്ത്രപരിജ്ഞാനവും, വെദ
വാക്യങ്ങളുടെ സംപൂർണ്ണമായ അറിവും മു
ഖാന്തരം ഒരം പ്രസംഗം കെട്ടവരൊക്കയും ഇ
തുപൊലെയുള്ള ഒരുപ്രസംഗം ഒരുനാളും
കെട്ടിട്ടില്ലായെന്നു സൂക്ഷ്മമായി സാക്ഷീകരി
ച്ചു. പ്രസംഗത്തിന്റെ ശൂരികൊണ്ടു പരിശു
ദ്ധ അന്തൊനീസിന്റെ ശാസ്ത്രവും പുണ്യവും
പ്രസിദ്ധമായിട്ടു സഭയുടെ പ്രധാന ശ്രെഷ്ഠ
നും ഒരംവിവരംഅറിഞ്ഞ ഒരംമഹാരൂപി
നെ പ്രസംഗംപറയുന്നതിന്നായിനിശ്ചയിച്ചു.
ആരമരക്ഷയ്ക്കുവെണ്ടി വെലയെടുപ്പാനും സ
ത്യത്തെക്കുറിച്ചു മരിപ്പാനും ആഗ്രഹിച്ചിരുന്ന
ഒരം പുണ്യവാളൻ പുത്തനായ ഒരുഹൃദയ
ദീപ്തദർശിയെപ്പൊലെ അത്യന്ത ശ്രദ്ധാഭ
ക്തിയൊടും സാമർത്ഥ്യത്തൊടുംകൂടെ യാതൊരു
മുഖാക്ഷിണ്യവും ആൾഭെദവും നൊക്കാതെ

യും, ദൈവവചനമായ പ്രസംഗംകൊണ്ടു ദുഷ്ടരെ ശാസിച്ചും നല്ലവരെ ഏറെനല്ലവഴിയിലാക്കിയുംകൊണ്ടു സകലരെയും പുണ്യവഴിയിലെക്കാക്കുന്നതിനു പ്രയത്നിച്ചുതുടങ്ങി ഒരിക്കൽ ഒരുപ്രത്യേക സംഗതിയെപ്രമാറി റൊമ്മായിൽചെന്നു കുറെനാൾ താമസിപ്പാൻ സംഗിയായാറെ ഒരുപുണ്യവാളന്റെ അപൂർവ്വസൽഗുണവും പുണ്യവും മുഖാന്തരം കർത്തിനാൽമാരും ശ്ര: മാപ്പാപ്പാക്കുടെയും ഒരുപുണ്യവാളനൊട്ടു സംസർഗ്ഗംചെയ്യാൻ ഇടയാകുന്നതു വലിയകാര്യമായിവിചാരിച്ചിരുന്നു.

ഒരു മരിപ്പുനിമിത്തം തന്നെ ശ്ര: മാപ്പാപ്പായും കർത്തിനാൽമാരും കൂടുന്ന സംഘത്തിൽ ശ്ര: അന്തൊനീസിനെക്കൊണ്ടു പ്രസംഗംപറയിക്കയും, ശ്ര: മാപ്പാപ്പാ ആ പ്രസംഗം കെട്ടതിന്റെശേഷം ഒരു മഹാരമാവു "Arca Testamenti,, അതായത "ശ്ര: പുസ്തകം അടങ്ങിയിരിക്കുന്ന ഒരു പെട്ടകമാകുന്നു,, എന്നുപറകയും, അന്നുമുതൽ ശ്ര: പുസ്തകത്തിന്റെ പെട്ടകം എന്നീപെർ നടപ്പായി വിളിച്ചുവരികയും ചെയ്തു. സാക്ഷാൽ ഇരുനിയമങ്ങളായിട്ടുള്ള ശ്ര: പുസ്തകം മുഴുവനും കാണാപ്പാ

ാമായി ചൊല്ലിക്കൊടുപ്പിക്കയും, വ്യാഖ്യാനം സമ്പൂർണ്ണമായി പറകയും ചെയ്വാൻതക്കവണ്ണം പഠിച്ചിട്ടുമുണ്ടായിരുന്നു. പ്രസംഗക്കാരന്റെ തൊഴിൽ നടത്തിയിരുന്നതിനൊടെ പല ആശ്രമങ്ങളിൽ ഗുരുവിന്റെയും ശ്രേഷ്ഠന്റെയും സ്ഥാനംക്രുടെയും എല്ലാവരുടെയും അപേക്ഷപ്രകാരം നടത്തിവന്നിരുന്നു. ഒരിക്കൽ പൊടിയെസ്സ് എന്ന ആശ്രമത്തിൽ കാഴ്ചവിചാരിപ്പുകാരന്റെ ഉദ്യോഗംനടത്തിവരികയിൽ അവിടെ ലൌകികകാഴ്ചങ്ങളിലും മാംസത്തിന്നടുത്ത സുഖസന്തോഷങ്ങളിലുംതന്നെ മുഴുകിയിരുന്ന ഒരു കണക്കെഴുത്തുകാരൻ ഉണ്ടായിരുന്നു. ശ്രുഭ: അന്തോനീസ അയാളുടെ മുമ്പാകെക്രുടെ നടപ്പാൻസംഗതിവന്നിരുന്നപ്പൊഴൊക്കെയും മുട്ടുകുത്തി അയാൾക്ക വണക്കംചെയ്തിരുന്നു. അയാൾ ഇതുതന്നെ അപമാനിപ്പാനും പരിഹസിപ്പാനുമായിട്ടുചെയ്യുന്നുവെന്നു വിചാരിച്ചു സഹിക്കുതാത്ത കൊപവും മനസ്താപവുംപൂണ്ടു, മെല്ലാൽ തമ്മിൽ എതിരിടാതിരിപ്പാൻതക്കവണ്ണം എപ്പൊഴും ഒഴിഞ്ഞുപൊയിരുന്നു. ഒരുദിവസത്തിൽ യാദൃശ്ചയാലെ തമ്മിൽ എതി

പെട്ടന്നരിന്ന ഇടയായിപ്പോയി. അപ്പോ
ഴും പുണ്യവാളൻ ചട്ടംപൊലെ മുട്ടുകുത്തി
വണക്കംചെയ്യു. മറയാൽ ഇതുകണ്ട ഉട
നെ കൊപപെറിയൊടെ "ദൈവകൊപ
ത്തെ പെടിച്ചിട്ടല്ലാഞ്ഞെങ്കിൽ നിന്നെഞാൻ
വാൾകൊണ്ടു കുത്തിച്ചുരിച്ചെനെ. ഇങ്ങനെ
നീ എന്നെ പരിഹസിക്കുന്നതെന്തു? എന്നു
ചൊദിച്ചുകൊണ്ടു പുണ്യവാളന്റെ നെരെ
സിംഹംപൊലെ തിരിഞ്ഞു അപ്പൊൾ, പു
ണ്യവാളൻ "ഞാൻ ദൈവത്തെക്കുറിച്ചു ര
കുതസാക്ഷിയായി മരിക്കുന്നതിനു സന്തൊ
ഷത്തൊടെ ആയത്തമായിരിക്കുന്നു എങ്കിലും
ദൈവത്തിന്റെ ഇഷ്ടം അങ്ങനെയല്ല. എ
ന്നാൽ താൻ കീർത്തിപെട്ട രകുതസാക്ഷിയാ
കുമെന്നു സ്വർഗ്ഗെശ്വരൻ എന്നെ അറിയിച്ചി
ട്ടുണ്ടു. അതുകയാൽ താൻ രകുതസാക്ഷിയാ
യി മരിക്കുമ്പൊൾ എന്നെക്രുടെ ഒപ്പാൻ ഇ
ഷ്ടമാകെണമെന്നു അപെക്ഷിക്കുന്നു" എന്നുപ
റഞ്ഞു. അയാൾ അതുകെട്ടപ്പൊൾ അസാദ്ധ്യ
കാഴ്ച്ചം പൊലെവിചാരിച്ചുവെങ്കിലും ഏറെ
താമസിയാതെ ആ രുപരയുടെ മെരാനൊ
ട്ടുടെ സരച്ഛെദത്തിൽ പൊകയും അ

ഖിടെ സത്യവെദത്തെക്കുറിച്ചു കഠിനപീഡക
ളെ സഹിച്ചു രക്തസാക്ഷിയായി മരിക്ക
യുംചെയ്തു. എന്നാൽ മരിക്കുന്നതിന്നുമുമ്പിൽ
ശ്രീ: അന്തൊനിയൂസ തന്നെക്കുറിച്ചു പറ
ഞ്ഞിരുന്ന ദീപ്തദർശന അറിയിപ്പിനെ എ
ല്ലാവരുംകൽക്കെ പ്രസിദ്ധമായി പറഞ്ഞ
റിയിച്ചു.

ഒരിക്കൽ സന്യാസികളുടെ കൂട്ടത്തിൽവെ
ച്ചു ശ്രീ: കുരിശിനെയും "രംശൊ" എന്നതി
രുനാമത്തെയുംകുറിച്ചു പ്രസംഗംപറഞ്ഞിരിക്ക
യിൽ ദൂരദെശത്തിലായിരുന്ന പ്രംസീസ്കു
അസ്സീസിപുണ്യവാളൻ അത്ഭുതമായി അവ
രുടെമെൽ ആകാശത്തിൽ കാണപ്പെട്ടു രം
ഉത്തമപ്രസാഗത്തെ അംഗീകരിച്ചു സന്തൊ
ഷിക്കുന്നഭാക്ഷയിൽ ഇരുകൈകളെയും അവ
രുടെമെൽ വിരിച്ചു അവക്കു ആശീർവ്വാദവും
കൊടുത്തുകൊണ്ടുപൊയതു അവരിൽ ഒരു
സന്യാസി കണ്ടിരുന്നു. രം മഹാത്മാവിന്റെ
പ്രസംഗവും സൽബുദ്ധികളുംകൊണ്ടു എല്ലാ
വക്കും വലിയമതിപ്പും വണക്കവുമായിരു
ന്നെങ്കിലും നന്മയെ തെടുക്കുന്ന ഗുണഹീ
നനായ ഒരുത്തനു രം പുണ്യവാളന്റെ

നെരെ ദ്രോഹമായി ഏതുവിധെനെയെങ്കി
ലും ഒരു മഹാത്മാവിനെ അപമാനിക്കയും
മെത്രാനും ശെഷംപെർക്കുമുള്ള വിശ്വാസത്തെ
യും മതിപ്പിനെയും ഇല്ലാതെ ആക്കുകയുംചെ
യ്യുണമെന്നുംവെച്ചു ഒരു വെള്ളിയാഴ്ചദിവ
സത്തിൽ പുണ്യവാളൻ യാത്രചെയ്തുയിൽ
അവന്റെ വീട്ടിൽകെറി ഭക്ഷണംകഴിക്കെ
ണമെന്നു കല്പനിച്ചു. അപ്രകാരംതന്നെ പു
ണ്യവാളൻ അവന്റെ വീട്ടിൽ ഭക്ഷണത്തി
ന്നു ഇരുന്നപ്പൊൾ ആ വഞ്ചകൻ കറിയായി
കൊഴി ഇറച്ചികൊണ്ടുവന്നുവെച്ചു "നിങ്ങ
ളുടെമുമ്പാകെ വെക്കപ്പെട്ടുന്നതു തിന്നുകൊ
ൾവിൻ,, എന്നു വെദപുസ്തകത്തിൽ പറയു
ന്നുണ്ടല്ലൊ അതുകൊണ്ടു ആ പ്രമാണ
ത്തിന്നുതക്കവണ്ണം ഇന്നു അച്ചനു ഇറച്ചിക്കുട്ടാം
എന്നുപറഞ്ഞു. പുണ്യവാളൻ ഇതുകെട്ടു ഒരു
പറഞ്ഞു വെദവാക്യത്തിന്റെ സാരവും ചെ
യ്യുണ്ടതും എന്താകുന്നു എന്നു വിവരമായി
പറഞ്ഞതിന്റെശെഷം തനിക്കു ഉണ്ടയിരുന്ന
ശരീരസുഖക്കെടിനെക്കുറിച്ചു അന്നു ഇറച്ചി
ക്കുട്ടി, പുണ്യവാളനെ അപമാനിക്കുന്നതിന്നു
ഒരു ഹെതു ഉണ്ടാകെണ്ടതിന്നായി ഇതു

ചെയ്യുവൻ ഉടനെ ആ കൊഴി ഇറച്ചിയി
ലുണ്ടായിരുന്ന അസ്ഥിയെല്ലാം പെറുക്കി എ
ടുത്തുംകൊണ്ടു മെത്രാന്റെ അടുക്കൽ ചെന്നു
ം വിവരം ബൊധിപ്പിച്ച ശ്ലൂ: അന്തൊ
നിയൂസ ഒരു കപടഭക്തിക്കാരനെന്നു ബൊ
ധപ്പെട്ടതുന്നതിന്നുവെണ്ടി തരപ്പെട്ടുപൊ
യി. മെത്രാന്റെ മുമ്പാകെചെന്ന കാഴ്ചും
ബൊധിപ്പിച്ച സാക്ഷിക്കായി കൊഴിയുടെ
എല്ലു എടുത്തു കാണിച്ചപ്പൊൾ അതെല്ലാം
മീൻമുള്ളുകളായിരിക്കുന്നു എന്നുകണ്ടു വിസ്മ
യിച്ചു തന്റെ അബദ്ധത്തെയും ദുഷ്കൃതയെ
യും ഏറ്റുപറഞ്ഞു പുണ്യവാളനൊടു പൊ
റുതി അപെക്ഷിച്ചു.

പരിശുദ്ധ അന്തൊനിയൂസ മരിച്ചതി
ന്റെ തലെ ആണ്ടായ ൧൨൩൰ ആണ്ടിൽ
സ്ഥാനങ്ങളൊക്കെയും ഉപെക്ഷിക്കയും ആ
ശ്രമംപൊലെ എവിടെയെങ്കിലും പൊയി
പ്രസംഗംപറയുന്നതിനും സഭയുടെ ശ്രെഷ്ഠ
ൻ അനുവാദം കൊടുക്കയുംചെയ്തു. ഇതിന്നു
മുമ്പിൽ ആണ്ടിന്നകത്തുള്ള ഞായറാഴ്ചകളൊ
ക്കയിലും പറയുന്നതിന്നു തക്ക പ്രസംഗങ്ങ
ളെ എഴുതീട്ടുണ്ടായിരുന്നതുകൊണ്ടു ൧൨൩൰

ളിൽ ശ്രേഷ്ഠമാകപ്പെട്ടവരെക്കുറിച്ചുള്ള പ്രസംഗങ്ങളെയും എഴുതണമെന്നു ഒസ്റ്റിയെൻസീസ മെത്രാൻ താല്പര്യമായി പറകയാൽ അപ്രകാരം എഴുതുവാൻതുടങ്ങി. ഇതിന്നിടയ്ക്കു അമ്പതുനൊയമ്പു തുടങ്ങുകയാലും, യൂറൊപ്പുനാട്ടു മുറപ്രകാരം അമ്പതുനൊയമ്പിൻറെ ഒന്നാംദിവസം മുതൽ ഒടുക്കംവരെ ദിവസത്തൊറും പറയെണ്ടുന്ന പ്രസംഗം ശ്രേഷ്ഠ: അരഞ്ഞൊനിയൂസ പറയെണമെന്നു ചിലരും അപേക്ഷിക്കയാലും, അനേക ആരമാവുകളെ രക്ഷിക്കുന്നതിന്നുള്ള ഒരു വഴിവിടാതെ പ്രസംഗംപറവാൻ തുടങ്ങുകയും, ദെഹം അധികസ്ഥൂലമുള്ളതായിരുന്നതിനാൽ നിത്യ സുഖക്കെട്ടുകാരനായിരുന്നെങ്കിലും ഒരുദിവസവും മുടക്കാതെ നൊയമ്പുകാലം മുഴുവനും പ്രസംഗംപറകയുംചെയ്തു. പ്രസംഗംപറകമാത്രമല്ല ഏറിയകുറും ഉപവാസമായിത്തന്നെ കഴിച്ചുകൊണ്ടു ദിവസം മുഴുവനും പ്രസംഗം പറയുന്നതിന്നും, കുമ്പസാരിപ്പിക്കുന്നതിന്നും, ദൈവോപദെശം പഠിപ്പിന്നതിന്നുമായി ചിലവഴിച്ചിരുന്നു. ഒരു മഹാരമാവു രാപകൽ പ്രയത്നംചെയ്തുകൊണ്ടു അനെക ആരമാവുക

ളെ രക്ഷിക്കുന്ന എന്നു കാണുകയാൽ ദുഷ്ടപി
ശാചിനു കൊപം സഹിപ്പാൻ വഹിയാതെ
യായി, ഒരു രാത്രിയിൽ ഒരും പുണ്യവാള
നെ കൊല്ലുന്നതിന്നായി കഴുത്തിൽ ഞെ
ക്കിപ്പിടിച്ചു. സാക്ഷാൽ പുണ്യവാളൻ ദൈ
വമാതാവിനെ സഹായത്തിനു വിളിക്കയും,
നെറിയിൽ കുരിശുവരെക്കയും ചെയ്തതി
നൊടെ ഉണ്ടായ വിശെഷ ദൈവസഹായം
കൊണ്ടപ്പൊഞ്ഞെക്കിൽ മരിച്ചുപൊയെനെ.
എങ്കിലും ദൈവശക്തിയാൽ ആ ദുഷ്ടൻ ഭ
യപ്പെട്ടു ഓടിപ്പൊകയിൽ പുണ്യവാളൻ അ
വനെ നൊക്കിയപ്പൊൾ വിശെഷ ദൈവസ
ഹായത്തിന്റെ അടയാളമായി ആ മുറി മു
വനും അത്ഭുതമായി ശൊഭിച്ചിരുന്നു!

പ്രസംഗംകെൾക്കുന്നതിനു ദിവസത്തൊ
ടും കൂടിയിരുന്ന പുരുഷാരപ്പെരുപ്പം ദൈവാ
ലയത്തിൽ അടങ്ങായ്കയാൽ ഒരു വെളിമ്പ
റമ്പിൽ എല്ലാവരും കൂടത്തക്കവണ്ണം രണ്ടാറാ
ക്കി അവിടെ പ്രസംഗംപറഞ്ഞിരുന്നു. പുണ്യ
വാളൻ നിന്നു പ്രസംഗംപറയുന്ന സ്ഥലത്തി
നു ഏറരം അടുത്തുനില്ക്കുന്നതിനു ഓരൊരു
ത്തക്കുള്ള ആഗ്രഹാധിക്യത്താൽ സൂര്യൊദയ

ത്തിന്നുമുമ്പിൽ മഹാപുരുഷാരം വന്നുകൂടിയിരുന്നു, പ്രസംഗംകെട്ടല്ലാതെ യാതൊരുത്തരും പീടികതുറന്ന കച്ചവടം വിൽക്കയും, യാതൊരുത്തരും വെലയുള്ളപൊകയുംചെയ്കിരുന്നില്ല. പ്രസംഗംപറഞ്ഞിരുന്ന പട്ടണത്തിന്റെ മെത്രാനും ഉദ്യൊഗക്കാരും എല്ലാവരും ഒരു പ്രസംഗംകെൾക്കുന്നതിന്നു വന്നുകൂടിയിരുന്നു. ദൈവവചനമായ പ്രസംഗത്തെ പറഞ്ഞിരുന്നനെരത്തിൽ പരലൊകത്തിൽനിന്നിറങ്ങിയ ദൈവദൂതനെന്നതന്നെ തൊന്നിയിരുന്നു. പ്രസംഗംകഴിഞ്ഞ ഇറങ്ങുന്ന നെരത്തിൽ ഒരു പുണ്യാരമാവിനെ തൊട്ടുവാനും വസ്ത്രം കീറിയും പൊട്ടിയും എടുപ്പാനുമായി പാഞ്ഞുവീണിരുന്ന ജനപ്പെരുപ്പം മുഖാന്തരം ചുറ്റും കാവല്ലാർ നിന്നു രക്ഷിക്കയെങ്കിലും ഒളിച്ചുപൊകയെങ്കിലും ചെയ്വാൻ ആവശ്യമായിവന്നിരുന്നു. ഒരു മഹാരമാവിന്റെ പ്രസംഗംകെൾക്കുന്നതിന്നായി മുപ്പതിനായിരത്തിൽ അധികം ജനങ്ങൾ ആ വെളിമ്പാമ്പിൽ കൂടിയിരുന്നെങ്കിലും സകലരും ഒരു പുണ്യവാളനെ നൊക്കി കരുതിരുന്നതല്ലാതെ മറ്റയാതൊരു സ്വരവും കെൾപ്പാന

ണ്ടായിരുന്നില്ല. ഒരം പ്രസംഗം കെൾക്കുന്നതിന്നു കൂടിയിരുന്നവരിൽ കള്ളു, വ്യഭിചാരം, മദ്യപാനം, ശൂദ്രത്വം, അന്യായം, ഭക്ഷണം മുതലായ ഓരൊരൊ പാപങ്ങളിൽ ഉൾപ്പെട്ടിരുന്നവരൊക്കയും അപ്പൊൾ തന്നെ ദൈവാനുഗ്രഹത്താലെ നരകത്തിൽനിന്നു രക്ഷപെട്ടവരെപ്പൊലെ തങ്ങളുടെ പാപങ്ങളെക്കുറിച്ചു പ്രലാപിച്ചു, മുഴുവൻ കുമ്പസാരവുംകഴിച്ചു സകലവും പുണ്യവാളന്റെ ഗുണദൊഷപ്രകാരം അനുസരിച്ചു നടപ്പാൻ തുടങ്ങിയിരുന്നു. ഒരിക്കൽ പുണ്യവാളന്റെ പ്രസംഗംകെട്ട മനസ്സുതിരിഞ്ഞു കുമ്പസാരിപ്പാൻചെന്ന ഒരുഞ്ഞനു തന്റെ പാപങ്ങളിന്മെൽ ഉണ്ടായ മനസ്താപത്തിന്റെയും നെടുവീപ്പിന്റെയും ആധിക്യത്താൽ യാതൊന്നും പറവാൻമെലാതെ ആയിപ്പൊയി. അതിനാൽ പുണ്യവാളൻ അയാളുടെ ദൊഷങ്ങളെയെല്ലാം ഒരു കടലാസിൽ എഴുതികാണിപ്പാൻ കല്പിച്ചപ്രകാരം എഴുതി പുണ്യവാളന്റെ കയ്യിൽ കൊടുത്താറെ പുണ്യവാളൻ വാങ്ങിച്ചുനൊക്കിയപ്പൊൾ യാതൊന്നും എഴുതാത്തതുപൊലെ സകലവും മാഞ്ഞുപൊ

യിരിക്കുന്നു എന്നും ഇതു ആയാളിന്റെ ഉത്തമമനസ്സാപത്തിൻ ഫലമെന്നും അറിവാൻ ഇടയായി.

പരിശുദ്ധ അന്തൊനിയൂസിന്റെ പ്രധാന താല്പൎയ്യവും പ്രയത്നവും ആ കാലങ്ങളിൽ ഉണ്ടായിരുന്ന ഇടത്തുട്ടുമതങ്ങളെ നിൎമ്മൂലമാക്കുന്നതിന്നായിരുന്നു. പലപ്പോഴും പല പതിതമതത്തിന്റെ മുഖ്യ ഗുരുക്കളായ അനെകർ വലിയ ജനസമൂഹത്തിൽവെച്ചു ശ്ലീ: അന്തൊനിയൂസിനൊടു തൎക്കിച്ചാറെ ഒരിക്കലും സത്യത്തൊടുമുത്തുനില്പാൻ വഹിയാതെ എപ്പോഴും തൊല്ക്കുകയും, അവരിൽ പലരും പുണ്യവാളൻ പറഞ്ഞിരുന്ന ന്യായങ്ങൾക്കു സമ്മതിച്ചു സത്യമാൎഗ്ഗത്തിൽ ചെരുകയുംചെയ്തിരുന്നു. ഒരിക്കൽ ഒരു പതിതമതപ്രധാനിയായ ഒരുത്തൻ ശ്ലീ: കുൎബ്ബാനയുടെ കാൎയ്യംകൊണ്ടു ംരം പുണ്യവാളനൊടു ഏറെനെരം വാദിച്ചു ശ്ലീ: കുൎബ്ബാനയിൽ പട്ടാങ്ങയായിട്ടു ംരംശൊമിശിഹായുടെ തിരുശ്ശരീരം ഇല്ലായെന്നു പറകയാൽ പുണ്യവാളൻ അതിന്നു എതിരായി വെദവാക്യങ്ങൾകൊണ്ടുതന്നെ ശ്ലീ: കുൎബ്ബാനയിൽ പട്ടാങ്ങയായിട്ടു ംരംശൊമിശിഹായു

ടെ തിരുശ്ശരീരം ഉണ്ടായിരിക്കുന്നു എന്നു ബൊധപ്പെട്ടുത്തിയാറെ, ആ പതിതമത ശ്രേഷ്ഠൻ ന്യായംകൊണ്ടു മറുതലിപ്പാൻ മെലായെന്നുകണ്ടു, കൊള്ളാം ഇനി വാക്കുകൊണ്ടു ഏറെ വാദിക്കേണ്ട, ഒരു അത്ഭുതംകൊണ്ടു ബൊധപ്പെട്ടുത്താമെങ്കിൽ ഞാൻ സമ്മതിക്കാം. അതായത: ഞാൻ ഒരു കുഴിയെ മൂന്നടിവനാഴത്തെക്കു യാവനയൊന്നും കൊടുക്കാതെ പട്ടിണി ഇട്ടതിന്റെശേഷം നാലാംപക്കം ഒരു പൊതുസ്ഥലത്തിൽ കൊണ്ടുവന്നു അതിന്റെ സമീപെ അതിന്നു ഇഷ്ടമുള്ള യാവനയെ കാണിച്ചു വിടുക്കാം. അപ്പോൾ തങ്ങൾ അതിന്റെ എതിരെ കർത്താവിന്റെ തിരുശ്ശരീരം എന്നു നിങ്ങൾ പറഞ്ഞുവരുന്ന കുബ്ബാനയെയും കൊണ്ടുവന്നുകൊൾക. ആ കുഴിയ യാവനയെ നൊക്കാതെ കുബ്ബാനയെ ആരാധിക്കുമെങ്കിൽ അതിൽ പട്ടാങ്ങയായിട്ടു തൈവം ഉണ്ടായിരിക്കുന്നു എന്നു ഞാനും സമ്മതിച്ചു കത്തൊലിക്കാ സത്യവിശ്വാസത്തിൽ ചെന്നുകൊള്ളാം എന്നു പറഞ്ഞു. ഉടനെ പരിശുദ്ധ അന്തൊനിയൂസ അതെ, താനും തന്നൊടുകൂടെയുള്ളവരും രക്ഷയുടെ വഴിയിൽ

ൽ ചെരുന്നതിന്നുവെണ്ടി ദൈവാനുഗ്രഹത്താ ൽ ഇതു സാധിക്കുമെന്നു ഞാൻ വിശ്വസിച്ചി രിക്കുന്നു, എന്നു ഉയിരുള്ള വിശ്വാസത്തോ ടെ ആ ഇടത്തുട്ടുകാരനൊടുപറഞ്ഞു. ഇതി ന്നായി സ്ഥലവും ദിവസവും നിശ്ചയിച്ചു താ മ്മിൽ പിരികയുംചെയ്തു.

നിശ്ചയിക്കപ്പെട്ട ദിവസത്തിൽ മുൻപറ ഞ്ഞിരുന്ന സ്ഥലത്തിൽ മഹാപുരുഷാരംവന്നു കൂടി. പരിശുദ്ധ അന്തോനിയൂസ അത്യന്ത ഭക്തിയൊടെ ദിവ്യപൂജ കഴിച്ചതിൻെറശെ ഷം ംരംശൊമിശിഹായുടെ തിരുശ്ശരീരമായ ദിവ്യഓസ്തിയെ കയ്യിൽപിടിച്ചുകൊണ്ടു ആ ദൈവാലയത്തിൽ മിറത്തിൽ ജനസമൂഹത്തി ൽചെന്നു. അവിടെ ഇടത്തുട്ടുകാരൻ പട്ടിണി യിട്ട കഴുതയെയും അതിന്നു ഏറ്റം ഇഷ്ടമു ള്ള യാവനയെയും മുമ്പാകെകൊണ്ടുവന്നു. അപ്പോൾ പുണ്യവാളൻ ശ്ലൂ: കുമ്പാനയൊ ടുകൂടെ അതിൻെറനെരെതിരിഞ്ഞു, ഉറുപ്പട്ട ക്കാർ പീഠത്തിന്മെൽ കഴിക്കുന്ന പൂജ പട്ടാ ങ്ങയായിട്ടു ദൈവപുത്രൻെറ ബലിതന്നെ യാകുന്നു എന്നു ഓഷ്ട ഇടത്തുട്ടുകാർക്കുകൂടെയും ബൊധംവരുന്നതിന്നുവെണ്ടി തൻെറ കയ്യിൽ

പിടിച്ചിരുന്ന ദൈവകുമാരന്റെ തിരുമെനി
യെ അങ്ങെ സൃഷ്ടിയായ ആ കഴുതക്കുടെ
യും കൂടിട്ടു ആരാധിക്കെണമെന്നു ദൈവ
നാമത്തിൽ കല്പിച്ചു. ആ ക്ഷണത്തിൽ കഴുത
ശ്ശ: കുമ്പാനയുടെനേരെതിരിഞ്ഞു അടുത്ത
തലകുനിഞ്ഞു വണക്കത്തൊടെ ആരാധിച്ചു
നിന്നു. ഇതുകണ്ടു ഉടനെ കത്തൊലിക്ക സ
ത്യവെദക്കാർ അത്യന്ത സന്തൊഷിയൊടെ സ
ർവ്വെശ്വരനെ സ്തുതിച്ചു വാഴ്ത്തുകയും, ആ ഇട
ത്തുട്ടുകാരനും ക്രൂട്ടരും പതിനാലത്തെ ഉപെ
ക്ഷിച്ചു സത്യമാർഗ്ഗത്തിൽ ചെരുകയുംചെയ്തു.

ഒരിക്കൽ യുബിലെയും എന്നു പറയുന്ന
പരിപൂർണ്ണ പാപമൊചനത്തിന്നായി
ലൊകത്തിന്റെ നാലുഭാഗത്തിൽനിന്നും അ
നവധി പുരുഷാരം റൊമ്മാപുരിയിൽ കൂടി
യിരിക്കയിൽ പരിശുദ്ധ അന്തൊനിയൂസ
ശ്ശ: മാപ്പുപ്പയുടെ കല്പനപ്രകാരം ആ മഹാ
പുരുഷാരത്തൊടു പ്രസംഗംപറഞ്ഞു. ഒരൊ പു
ണ്യവാളൻ ഒരൊ ഭാഷയിൽ പ്രസംഗംപറഞ്ഞു
എങ്കിലും ഏതു വെവ്വെറെഭാഷക്കാർ ആ
സ്ഥലത്തിൽ ഉണ്ടായിരുന്നൊ അവരൊക്ക
യും തങ്ങളുടെ സ്വന്ത ഭാഷയിൽ പറയുന്ന

തായി കെട്ടിരുന്നു. മറെറാരിക്കൽ പ്രസംഗം പറഞ്ഞു നിന്നിരുന്നസമയത്തിൽ താൻ ചെയ്യേണ്ടിയിരുന്ന ഒരുതൊഴിൽ മറെറാക്കും ഏല്പിച്ചിട്ടില്ലായെന്നും അതു നിറവെറുവാനുള്ള നെരവും അപ്പോൾ തന്നെയാകകൊണ്ടു പ്രസംഗംതീരുവൊളം താമസിപ്പാൻ മെലായെന്നും ഓമ്മവന്നു; ഉടനെ പ്രസംഗസ്ഥലത്തിൽ തന്നെ തലചായിച്ച അല്പനെരം താമസിച്ചു. ആ നെരത്തിൽ പ്രസംഗസ്ഥലത്തിൽ ഉണ്ടായിരിക്കയും തൻെറ സഭയുടെ നിയമപ്രകാരമുള്ള തൊഴിൽ നടത്തേണ്ടിയിരുന്ന ഇടത്തിൽ ആയതു നടത്തുകയുംചെയ്തു. ഈ പ്രകാരംതന്നെ ലെമൊഫിച്ചെസ്റ്റ് എന്ന സ്ഥലത്തിൽ കർത്താവിൻെറ പിറവിയുടെ രാത്രിയിൽ പാതിരാകുമ്പോഴുള്ള ഒരു ദൈവാലയത്തിൽ പ്രസംഗംപറവാനും സ്വന്ത ആശ്രമത്തിൽ സന്ന്യാസികളൊടുകൂടെ ഒരുജപം എത്തിപ്പാനും ആവശ്യമായിവന്നപ്പൊഴും രണ്ടിടത്തിലും ഒരുനെരത്തിൽതന്നെ പ്രത്യക്ഷപ്പെട്ടു നടത്തി. ഒരിക്കൽ ഒരു ഭക്തിയുള്ള സ്ത്രീ പുണ്യവാളൻെറ പ്രസംഗംകെൾക്കുന്നതിനു പൊകുവാൻ ആഗ്രഹിച്ചാറെ അവളു

ടെ ഭർത്താവിന്റെ സുഖക്കേടായി കിടന്നിരുന്നതുകൊണ്ടു പൊകുവാൻ പാടായില്ല; എങ്കിലും പ്രസംഗംകെൾക്കുന്നതിന്നുള്ള അത്യഗ്രഹാധിക്യത്താൽ വിട്ടിന്റെ കിളിവാതുക്കൽക്കുടെ പുണ്യവാളൻ പ്രസംഗംപറഞ്ഞിരുന്ന സ്ഥലത്തിലൊട്ടുതിരിഞ്ഞുനൊക്കിയിരുന്നു. ഇതാരണ്ടുമൂന്നുനാഴികയൊളം പറഞ്ഞിരുന്ന പ്രസംഗത്തെ ആ സ്ഥലത്തിൽ ഇരുന്നുകൊണ്ടു സൂക്ഷമായി കെൾപ്പാൻ ഇടയായി. മറെറാരു സ്ത്രീ രാം പുണ്യവാളന്റെ പ്രസംഗം സൂക്ഷിച്ചുകെട്ട പല നന്മപ്രവൃത്തികളെ ചെയ്വാൻതക്കവണ്ണം ഭാവിക്കയിൽ അതിന്നു വിരൊധിപ്പാൻ ശ്രമിച്ചിരുന്ന പിശാച ഒരു തപാല്ക്കാരന്റെ ഭാക്ഷയായി ഓടിവന്നു ഒരു എഴുത്തു അവക്കുകൊടുത്തു അതിൽ അവരുടെ മകനെ ശത്രുക്കൾ പിടിച്ചു കൊന്നകളഞ്ഞു എന്നു എഴുതിയിരുന്നു; പ്രസംഗംപറഞ്ഞിരുന്ന പരിശുദ്ധ അന്തൊനിയൂസ ദൈവത്തിരുവാലെ രാം നരകത്തിൽനിന്നുംഗ്രഹിച്ച പ്രസംഗസ്ഥലത്തിൽ തന്നെ നിന്നുകൊണ്ടു സ്വരം തെയിത്ത അവരെ വിളിച്ചു, സ്ത്രീയെ ഭയപ്പെടെണ്ട, വഞ്ചനയിലും ഉൽപ്പെടെണ്ട നിന്റെ

മകൻ സുഖമായിരിക്കുന്നു, ഒരുവന്നവൻ പിശാചാകുന്നു എന്നുപറഞ്ഞു. ആ ക്ഷണത്തിൽ തന്നെ നാണംകെട്ട തപാല്ക്കാരൻ പുകപൊലെ മാഞ്ഞുപൊയി.

ലുബ്ധനും അന്യായപലിശവാങ്ങിവന്നവനുമായ ഒരുത്തൻ മരിച്ചതിന്റെശെഷം പ്രേതസംസ്കാരത്തിന്നു ഒരു പുണ്യവാളൻ പ്രസംഗംപറകയിൽ "നിന്റെ നിക്ഷെപം എവിടെയൊ അവിടെ നിന്റെ ചങ്കും ഉണ്ടായിരിക്കുന്നു" എന്നും "ഒരു സമ്പന്നൻ മരിച്ചു, നരകത്തിൽ അടക്കപ്പെട്ടു" എന്നുമുള്ള ഏവൻഗെലിയൊന്റെ തിരുവചനങ്ങളെ പ്രയൊഗിച്ച പ്രസംഗംപറഞ്ഞതിനൊടെ ഒരു ശവത്തെ അടക്കിയതിന്റെശെഷം ഇവന്റെ ചങ്കു കാണെണമെങ്കിൽ ഇവന്റെ നിക്ഷെപത്തിൽചെന്നു നൊക്കികൊൾവിൻ അവിടെക്കാണും, എന്നുക്രൂടെ പറഞ്ഞു. അപ്രകാരംതന്നെ ആ സമ്പന്നന്റെ സംബന്ധക്കാരും സ്നെഹിതരും മറ്റും ചെന്നുനൊക്കിയപ്പൊൾ അവൻ അത്യാഗ്രഹത്തൊടെ ശെഖരിച്ചിരുന്ന ദ്രവ്യത്തിൽമിതെ അവന്റെ ചങ്കും അപ്പൊൾ തീയിൽനിന്നു എടുത്തതുപൊലെയു

ള്ള ചൂടൊടെ ഇരിക്കുന്നതു കാണ്മാൻ ഇടയാ
കയുംചെയ്തു. പുണ്യവാളന്റെ വീട്ടിന്ന സമീ
പെ പാൎത്തിരുന്ന ഒരുത്തൻ അവന്റെ ശ
ത്രുവായിരുന്ന ഒരു ആളിന്റെ മകനെകൊ
ന്ന ംരം പുണ്യവാളന്റെ വീട്ടുവക തൊട്ട
ത്തിൽ രഹസ്യമായി കുഴിച്ചിട്ടു. പിന്നീടു സ
ക്കാർ ഉദ്യോഗസ്ഥർ തിരക്കിയും ശൊധന
ചെയ്തും ംരം സ്ഥലത്തിൽ ശവംകണ്ടെത്തുകയും
ചെയ്തു. ഉടനെ ശ്ര: അന്തൊനിയ്യുസിന്റെ
അപ്പനെയും ശെഷം വീട്ടുകാരെയും പിടിച്ചു
പാറാവിലും ആക്കി ഇതിന്റെശെഷം ംരം
മഹാരമാവു കാൎയ്യവിവരം അറിഞ്ഞു കൊയി
മ്മ ഉദ്യൊഗസ്ഥനൊടു കുറമില്ലാത്തവരാ
യ തന്റെ വീട്ടുകാരരെ പാറാവിൽനിന്ന
വിട്ടയക്കെണമെന്ന അപെക്ഷിച്ചാറെ ന്യാ
യാധിപതി സമ്മതിക്കായ്കയാൽ പുണ്യവാള
ൻ ആ കൊല്ലപ്പെട്ടവന്റെ ശരീരത്തെ അ
വിടെ കൊണ്ടുവരുത്തി, ംരം തടവിൽ ആ
ക്കപ്പെട്ടിരിക്കുന്നവർ നിന്നെ കൊന്നവരൊ
അല്ലയൊ എന്നുപറക, എന്ന കല്പിച്ചു. അ
പ്പൊൾ തന്നെ ആ കൊല്ലപ്പെട്ടിരുന്നവൻ
ഉയിൎത്ത എഴുന്നെറ "എന്നെ കൊന്നവർ

ഇവരാരുമല്ല,, എന്നപറഞ്ഞു ഇപ്രകാരം ക്രൂരമില്ലാത്തവക്കുവന്ന ഞെരുക്കത്തെ നീക്കി രക്ഷിച്ചു.

അത്ഭുതങ്ങളെ ചെയ്യുന്നതു പരിശുദ്ധ അന്തൊനിയൂസിന്നു സഹജീവികപ്രവൃത്തിപൊലെ ആയിരുന്നതുകൊണ്ടു അപെക്ഷിക്കുന്നവക്കൊക്കെക്കും ദീനംനീക്കി സുഖംനൽകുന്നതും, ഒരു സ്ഥലത്തുനിന്നു അല്പനെരത്തിന്നകം ദൂരദെശത്തിൽ പൊകുന്നതും, പ്രസംഗത്തെ അനെകകാതം വഴിദൂരെ കെൾപ്പിക്കുന്നതും, മഴ വെയിൽ മുതലായവകളെ തടുത്തുനിൎത്തുന്നതും സാമാന്യകാൎയ്യമായിരുന്നു. ഇങ്ങനെയുള്ളവകളെ എണ്ണി വിവരിച്ചാൽ എളുപ്പത്തിൽ അവസാനിക്കയില്ല. പലദിക്കുകളിൽ പാപത്തിൽമുഴുകി കുമ്പസാരിക്കാതെ ദുഷ്ടരായി ജീവിച്ചുവന്നിരുന്ന എത്ര ആളുകൾക്ക രാത്രിയിൽ പരിശുദ്ധ അന്തൊനിയൂസ പ്രത്യക്ഷദൎശനമായി അവരെ ശാസിച്ചു വെഗം ഈ പട്ടക്കാരന്റെ പക്കൽചെന്നു കുമ്പസാരിക്കെണമെന്നു പറഞ്ഞയച്ചിരുന്നു എന്നു കണക്കില്ല. എളിമ, സാധുത്വം, വിവെകം, ദാരിദ്ര്യം, ശുഷ്കാന്തി, പരസ്നെ

ഹം മുതലായ എല്ലാ പുണ്യങ്ങളിലും സുകൃതമുറകളിലും സകലക്കും ഉത്തമകണ്ണാടി ആയിരുന്നു.

എന്നു മരിക്കുമെന്നു മുൻകൂട്ടി ദീഘദർശനമായി അറിഞ്ഞിരുന്നുയെങ്കിലും മറ്റാർക്കും മനൊവ്യാകുലത്തിന്ന ഇടയാകാതിരിക്കെണ്ടുതിന്നായി യാതൊരുത്തരൊടും പറയാതെ ഇരുന്നു. മരിക്കുന്നതിന്നു പതിനഞ്ചുദിവസം മുമ്പെ ഒരു കുന്നിന്മെൽനിന്നു പാടുവാ എന്നപട്ടണത്തിന്റെ വിശെഷസ്ഥിതിയെ ഭംഗിച്ചുരുതിനെ സൂതിച്ചതിന്റെശെഷം ഏതൊരു താമസിയാതെ ഒരു പട്ടണത്തിന്നു വലിയ ബഹുമാനം സിദ്ധിക്കുമെന്നു പറഞ്ഞു; എന്തെന്നും എങ്ങിനെയെന്നും അറിയിച്ചുമില്ല. ഇതിന്റെശെഷം കുറെകഴിഞ്ഞു പട്ടണത്തിന്നു പുറമെ ആൾ സഞ്ചാരമില്ലാത്തതായിരുന്ന ഒരു പറമ്പിൽചെന്നു അവിടെ ഉണ്ടായിരുന്ന ഒരു വലിയ വൃക്ഷത്തിന്റെ പടുവ്വയും രണ്ടും അതിന്റെ ആറുകൊമ്പുകൾ ചുറ്റും സമമായി നീണ്ടിരിക്കുന്നതുംകണ്ടപ്പൊൾ ആ കൊമ്പുകളുടെ മീതെ പലകകൊണ്ടു ഒരുമുറി തനിക്കു കെട്ടിയുണ്ടാക്കെണമെന്നുള്ള താല്പൎയ്യം

കാണിച്ചു. ഉടനെ അരിൽെറ ഉടമസ്ഥൻ വലിയ താല്പൎയ്യത്തൊടെ പലകകൊണ്ടു തട്ടുമിട്ടു മൂന്നുപെക്കു പാപ്പാൻതക്കവണ്ണം മൂന്നുമുറികളെയും വെൎതിരിച്ചുണ്ടാക്കി. അരിൽ ഒരു മഹാരുമാവും, മറ്റുരണ്ടു സന്ന്യാസികളും ഏകാന്തമായി വസിച്ചു നിത്യജപധ്യാനങ്ങളാൽ പൂൎണ്ണ ആരുമശ്രുഷിവരുത്തുവാൻ ശ്രുമിച്ചു നൂമരുണത്തിന്നു ആയത്തമായിരിക്കയിൽ, ഒരുദിവസം ക്രുടെ ഉണ്ടായിരുന്ന രണ്ടുസന്ന്യാസികളൊടുക്രുടെ ഉച്ചയ്ക്കു തീനിന്നായി ഒന്നിച്ചിരുന്നപ്പൊൾ പൊട്ടെന്നു ഒരുഹം മുഴുവനും ബലക്ഷയമായിതളൎന്നു നടപ്പാനും ഇരിപ്പാനുംക്രുടെയും മെലാതെ ആയി. ഉടനെക്രുടെ ഉണ്ടായിരുന്ന സന്ന്യാസികൾ താങ്ങിമുറിയിൽകൊണ്ടുപൊയി കിടത്തി, അപ്പൊൾ പുണ്യവാളൻ തൻെറ ക്രുട്ടുകാരനായിരുന്ന ഒരു സന്ന്യാസിയൊടു ആ സമീപെയുള്ള സഹൊദരൎക്കു തൻെറ മീനംകൊണ്ടു ബുദ്ധിമുട്ടാകാതെ ഇരിക്കെണ്ടതിന്നു പാടുവാ നഗരിയിലൊട്ടുതന്നെ കൊണ്ടുപൊയാൽ കൊള്ളാമെന്നു തൊന്നുമെങ്കിൽ അങ്ങിനെ ചെയ്യുണമെന്നുപറഞ്ഞു. അപ്രകാരംതന്നെ ഉടനെവ

ന്നിയിൽ കയറി നഗരിയിലൊട്ടുകൊണ്ടുവ
ന്നപ്പോൾ അവിടെ ജനപ്പെരുപ്പം മുഖാന്തരം
നഗരത്തിൽ പ്രവെശിക്കാതെ അതിന്ന പുറ
മെതന്നെ ഉണ്ടായിരുന്ന ഒരു സന്ന്യാസ ആശ്ര
മത്തിൽ താമസിപ്പാൻ നിശ്ചയിച്ചു. അവിടെ
വെച്ച ഏറെതാമസിയാതെ ദിനംതൂലൊം വ
ൎദ്ധിച്ചതിനൊടെ അന്ത്യകുമ്പസാരവും കഴിച്ചു
ഹൃദയ സന്തുഷ്ടിയാൽ നിറഞ്ഞു "O gloriosa
Domina" എന്നുള്ള ദെവമാതാവിൻെറ സ്തു
തിയായ സംഗീതം പാടുവാൻതുടങ്ങി. കുറെക
ഴിഞ്ഞു കണ്ണു മെല്ലൊട്ടയത്തി നന്നായി സൂക്ഷി
ക്കുന്നതുകണ്ടു അച്ചാ എന്തുനൊക്കുന്നു എന്നു
ഒരുത്തൻ ചൊദിച്ചപ്പൊൾ "അ! എൻെറ ക
ൎത്താവിനെ ഞാൻ കാണുന്നു!,, എന്നുത്തരിച്ചു.
അപ്പൊൾ തന്നെ ഒരു ശരീരംഉട്ടത്ത ദൈ
വദൂതൻ ഒരു പ്രപഞ്ചം വിട്ടുപിരിയാറായെ
ന്നുകണ്ടു ക്രൂടെ ഉണ്ടായിരുന്ന സന്ന്യാസികൾ
ഒട്ടക്കത്തെ ഒപ്പൂശ്ശാകൊടുക്കുന്നതിന്നായി തി
രുസൈത്ത കൊണ്ടുവന്നു. ഒരു മഹാരമാവ
ത്തുകണ്ടപ്പൊൾ "ഒരു തിരുസൈത്തിനെ ഞാ
ൻ എപ്പൊഴും എൻെറ ഉള്ളിൽ കാത്തുവരു
ന്നുണ്ടു. ഇനിക്ക ഇതുകൊണ്ടു പുറമെ ഛൂച്ച

ന്നതിന്ന ആവശ്യമില്ലെങ്കിലും പ്രയൊജനമു
ള്ള തിരുക്കർമ്മമായിരിക്കയാൽ പൂശ്ശാന്നത്തു സ
ന്തൊഷമായിരിക്കുന്നു,, എന്നുപറഞ്ഞു ആനെ
രത്തുള്ള സങ്കീർത്തനങ്ങളെ എല്ലാം താൻ ക്രൂ
ടെ ചൊല്ലിക്കൊണ്ടു ഒപ്രൂശ്ശാ കൈക്കൊണ്ടു.
അതിൻെറശെഷം ഏകദെശം അരമണിനെ
രംകഴിഞ്ഞപ്പൊൾ സുഖമായി നിദ്രചെയ്യുന്ന
ഭാവത്തിൽ ഒരം ലൊകവൈട്ടത്തിന്ന കണ്ണുടെ
ച്ചു നിത്യായുസ്സിൽ പ്രവെശിക്കയുംചെയ്തു.
ഒരുംമഹാ ഭാഗ്യയാത്ര ൧൩൧-ാം കാലം മി
ഥുനം ൧൩ാം ൟ-യിലായിരിക്കുന്ന സംഭവി
ച്ചതു.

മരിച്ച ഉടനെതന്നെ ഒരെയുള്ള ഒരു ആ
ശ്രമത്തിലെ ശ്രെഷ്ഠൻെറ മുറിയിൽ ഒരം മ
ഹാരാവു പ്രവെശിച്ചു അദ്ദെഹം മുമ്പിൽ
ഒരം പുണ്യവാളൻെറ ഗുരു ആയിരുന്നതി
നാൽ വളരെ ആചാരവും കാണിച്ചുകൊണ്ടു
"പിതാവെ ഞാൻ ഇതാ ഒൻെറ കഴുതയെ
പാടുവാ പട്ടണത്തിന്ന സമീപെ ഉപെക്ഷി
ച്ചുംവച്ചു സ്വന്ത നാട്ടിലെക്കുപൊകുന്നു!,, എ
ന്നുപറഞ്ഞു. അപ്പൊൾ ആ ശ്രെഷ്ഠൻ തൊ
ണ്ണായിൽ വലിയ മിനമായി കിടപ്പായിരുന്ന

തുകൊണ്ടു ഒരു പുണ്യവാളൻ ദീനമുള്ള സ്ഥലത്തിൽ കൈകൊണ്ടു തടവി പൂർണ്ണസുഖമാക്കിക്കൊണ്ടു പുറത്തൊട്ടു ഇറങ്ങി. ആ ശ്രൂക്കൂൻ ശ്ലൂ: അന്തൊനിയൂസ ജന്മനാട്ടിലെക്കു പൊകുന്നായിരിക്കും എന്നു വിചാരിച്ചു വെഗം മുറിയിൽനിന്നു പുറത്തിറങ്ങി അന്വെഷിച്ചാറെ പിന്നെ കാണ്മാൻ കഴിഞ്ഞുമില്ല. മറാരും ശ്ലൂ: അന്തൊനിയൂസ അവിടെ ചെന്നതു കണ്ടുമില്ല. പിന്നീടു തിരക്കിയപ്പൊൾ വിവരം അറിവാൻ ഇടയായി. പരിശുദ്ധ അന്തൊനിയൂസ മരിച്ചു എന്നറിഞ്ഞാൽ ജനക്കൂട്ടവും കലക്കവുമുണ്ടാകുമെന്നു വിചാരിച്ചു സന്ന്യാസികൾ യാതൊരുത്തരൊടും അറിയിക്കാതെ രഹസ്യമായിവെച്ചു. പക്ഷെ സ്വൎഗ്ഗപരൻ ഒരു വിശുദ്ധ ഉന്നിയനെ മഹത്വപ്പെടുത്തുവാൻ തിരുമനസ്സായിരുന്നതുകൊണ്ടു ഒന്നും അറിയാത്ത അനെകം കൊച്ചുപൈതങ്ങൾ വലിയ കൂട്ടമായിക്കൂടി പട്ടണത്തിൽ നടന്നുകൊണ്ടു "പരിശുദ്ധ പിതാവുമരിച്ചുപൊയി! ശ്ലൂ: അന്തൊനിയൂസ മരിച്ചുപൊയി" എന്നുപറഞ്ഞു എല്ലാവരെയും അറിയിച്ചു. പരിശുദ്ധ അന്തൊനിയൂസ മ

രിച്ചു എന്നിസപരം പുറപ്പെട്ട ഉടനെ ഇതു കെട്ടവരൊക്കെയും മറുകാഴ്ചങ്ങൾ സകലവും ഉപെക്ഷിച്ചു ംരം തിരുശ്ശരീരത്തിൻപക്കലൊട്ടു ഓടിക്കൂടിക്കൊണ്ടു ംരം തിരുമെനി ഞങ്ങൾക്കുവെണം എന്നു സന്ന്യാസികളും ജനങ്ങളും, ജനങ്ങളിൽ വെവ്വെറെ നാട്ടുകാരും തമ്മിൽ വലിയ വാദുതുടങ്ങി. അഞ്ചുദിവസത്തൊളം ആ ശ്രുപതമെത്രാനും കൊയിമ്മ ഉദ്യോഗസ്ഥരും സഭശ്രുക്ഷന്മാരും ംരം വാദുതീക്കുന്നതിന്നു ശ്രമിച്ചു. അതിന്നിടയിൽ ആയുധംധരിച്ച പടയാളികൾ രാപകൽ ംരം തിരുശ്ശരീരത്തിൻ ചുറ്റും കാവൽകാത്തുനിന്നിരുന്നു. യാതൊരു ലംഘനംചെയ്യുയും കലാപം ഉണ്ടാക്കുകയും ചെയ്യുക്രുടാ എന്നു കഠിനപിഴയിൻകീഴ കൊയിമ്മ ഉദ്യോഗസ്ഥൻ കല്പിച്ചതുക്രുടാതെ പലരെ രക്ഷാലം തടവിലും ആക്കെണ്ടിവന്നു. ംരംനാളിന്നിടയിൽ സമീപരാജ്യങ്ങളൊക്കയിൽനിന്നും വന്നുക്രുടിയ പുരുഷാരത്തിന്നു കണക്കില്ല. ഒരുരാത്രിയിൽ ംരം തിരുശ്ശരീരം കിടന്നിരുന്ന ശാലപൂട്ടിയിരിക്കയിൽ വന്നുക്രുടിയ പുരുഷാരത്തിന്നു നെരം വെളുക്കുന്നതിന്നുമുമ്പിൽ ംരം

തിരുമെനിയെകണ്ടു വണങ്ങെണമെന്നുള്ള ആഗ്രഹാധിക്യത്താൽ യാതൊരു ശിക്ഷയും ശങ്കയുംകൂട്ടാക്കാതെ ശാലയുടെ കതകു തകർത്തു. പക്ഷെ എല്ലാവരും നിന്നനിലയിൽ തന്നെ നിന്നുകൊണ്ടു നൊക്കിയതല്ലാതെ ആഗ്രഹം വളരെ ഉണ്ടായിരുന്നെങ്കിലും യാതൊരുത്തക്കും ഉള്ളിലൊട്ടു പ്രവെശിപ്പാൻ പാടായില്ല. അഞ്ചാംദിവസത്തിൽ തക്കം ഒരുവിധം ആടങ്ങി സഭശ്രെഷ്ഠന്റെ അഭിപ്രായത്തിന്നൊത്തവണ്ണം ശെഷമെരും സമ്മതിച്ചു ശ്രുതയുടെ മെൽശാന്തം എണ്ണത്തിലടങ്ങാത്ത ജനസംഖ്യയുംകൂടി എല്ലാവിധ ആരവാരങ്ങളൊടും ഗീതങ്ങളൊടുംകൂടെ ശ്ലൂ: ആന്തൊനിയൂസ ജീവിച്ചിരുന്നപ്പൊൾ ആഗ്രഹിച്ചിരുന്നതുപൊലെതന്നെ രന്റെ ശരീരത്തെ ദെവമാതാവിന്റെ ദെവാലയത്തിൽ മഹാ പ്രദക്ഷണമായി കൊണ്ടുപൊയി മെൽശാന്തന്നെ പാട്ടുപൂജമുതലായ ശെഷക്രിയകൾ ഒക്കയും കഴിച്ചു ആടക്കുകയുംചെയ്തു. അത്രവരെ ജനകലഹം വർദ്ധിക്കാതിരിപ്പാൻ വെണ്ടി അല്പതംചെയ്യാതിരുന്ന ആതിരുമെനി ആ പ്രെതാലയത്തിൽ അടക്കപ്പെട്ടതെ

രം മുതൽ കുരുടക്കു കാഴ്ചയും, ചെകിടക്കു കെൾവിയും, ഊമക്കു സംസാര ശക്തിയും എല്ലാവക ദീനക്കാക്ക പൂൎണ്ണസ്വസ്ഥതയും നൽകിതുടങ്ങി. പട്ടാങ്ങയായ ആരവശ്രുതി യൊടെ ആ തിരുപ്രേതാലയത്തുങ്കൽചെന്ന അപെക്ഷിക്കുന്നവക്കൊക്കെക്കും ആഗ്രഹിച്ചി രുന്നനന്മകൾസകലവും ലഭിച്ചിരുന്നു. ഒരുമ ഹാരമാവിന്റെ പുണ്യപൂൎണ്ണതയുടെ സത്യ സാക്ഷിതങ്ങളായ ഇങ്ങനെയുള്ള അത്ഭുത ങ്ങളുടെ പെരുപ്പം മുഖാന്തരത്താൽ ഒരു മ ഹാരമാവ മരിച്ചിട്ടു ഒരുമാസം കഴിയുന്നതി ന്നുമുമ്പിൽ ഇളെഹത്തെ "പുണ്യവാൻ" എന്ന തിരുസ്സഭയുടെ മുറപ്രകാരം നാമം വിളിക്കെ ണമെന്ന അപെക്ഷിക്കയും, ആയതിന്നവെ ണ്ടുന്ന ശൊധനകളും വിസ്താരങ്ങളും അതി ശീഘ്രമായി നടത്തിയതിന്റെശെഷം ൯-ാം ഗ്രഗൊരിയൂസ എന്ന ശ്ലൂ: മാപ്പാപ്പാ അഞ്ചെ വാഴ്ചയുടെ ൯-ാം വൎഷത്തിൽ ഒരു മഹാരമാ വിനെ പരിശുദ്ധൻ എന്ന ഔന്നത്യനാമത്താ ൽ അലങ്കരിക്കയുംചെയ്തു. അന്ന ഒരു പുണ്യ വാന്റെ ജന്മനാടായ ലിസ്ബൊനായിൽ പ ള്ളിക്കുള്ളിലുണ്ടായിരുന്ന വലിയ മണികളൊ

കെയും തന്നെത്താൻ കൊട്ടി ധന്യനിക്കയും ജനങ്ങളെല്ലാവരും സന്തോഷഹേതു എന്തെന്നു രങ്ങൾക്കുതന്നെ തിരിഞ്ഞിരുന്നില്ലായെങ്കിലും സന്തോഷാധിക്യത്തെ അടക്കുവാൻ വഹിയാതെ പാട്ടും കൊട്ടുമായി ആദിവസം കഴിക്കയുംചെയ്തു. പിന്നീടുമാത്രമെ ആദിവസത്തിൽ രങ്ങളുടെനാട്ടുകാരിൽ ഒരുത്തനായ ഒരുമഹാരമാവിനെ പുണ്യവാൻ എന്ന നാമം വിളിച്ചു എന്നറിവാൻ ഇടയായുള്ളു. ഒരു പുണ്യവാന്റെ നാമത്തെ എപ്പോഴും പ്രസംഗം പറക, കുമ്പസാരിപ്പിക്കുമുതലായ ദൈവസൂതിക്കും ആരുടെരക്ഷയുമടുത്ത വെലകൽക്ക ചിലവഴിച്ചിരുന്നതുകൊണ്ടു ദേഹത്തിലെ മാംസമൊക്കെയും ദഹിച്ചിട്ടും ആ പരിശുദ്ധനാവു ഇത്രവരെ ദഹിക്കാതെയും ജീവനും രക്തഓട്ടവുമുള്ളതുപോലെയും അത്ഭുതമായി കാൺപ്പെട്ടിരിക്കുന്നു. മാനുഷർ രങ്ങളുടെ ദുരാശകളെ നിഗ്രഹിച്ചു ദൈവപ്രമാണത്തിനും രങ്ങളുടെ കടത്തിനുംതക്കവണ്ണം ജീവിച്ചിരുന്നെങ്കിൽ എത്രയൊ ഭാഗ്യമായിരുന്നെന്നെ!

തിരു ചരിത്ര മഞ്ജരി

൪൦-ാം കുസുമം

പീലിപ്പൊസനെരി എന്ന പുണ്യ വാന്റെ ചരിത്രം.

"റൊമ്മയുടെ ശ്ലീഹാ" എന്നുള്ള ഉന്നത നാമധെയത്തിന്ന യൊഗ്യനായ പരിശുദ്ധ പിലീപ്പൊസനെരി ൧൫൧൫-ാംകാലം കൎക്കടകം ൨-ാംന- പ്പൊരെന്റ്റ്യാ എന്ന ദെശത്തിൽപിറന്നു. ൟരം മഹാരൂമാവു പൈതലായിരിക്കയിൽതന്നെ പ്രായംചെന്നവരുടെനെരെ വലിയ ആചാരവും വണക്കവും, എപ്പൊഴും എല്ലാവരുടെനെരെയും പൈതൽപ്രായത്തിന്റെ അലങ്കാരമായ അസാമാന്യ അടക്കവും വിനയവും, ദൈവകാൎയ്യങ്ങളൊക്കയിലും മഹാ ശ്രദ്ധാന്തിയും, എന്നീസൽഗുണങ്ങൾ വിശെഷമായി ശൊഭിച്ചിരുന്നതുകൊണ്ടു ൟരം പൈതൽ വലിയ പുണ്യപൂൎണ്ണതയുള്ളവനാ

കുമെന്ന ബുദ്ധിയുള്ളവരൊക്കയും വിചാരിച്ചിരുന്നു. അപ്പനു ഒരിക്കലും സങ്കടത്തിന്നും ഇഷ്ടക്കെടിന്നും ഇടവരാതിരിപ്പാൻതക്ക കീഴ്പ്പഴക്കത്തൊടും സൂക്ഷത്തൊടുംകൂടെ വ്യാപരിച്ചിരുന്നു. ഒരിക്കൽ ഒരു പുണ്യപ്പെരുമൽ തന്റെ ഒരു സഹൊദരിയൊടുകൂടെ പരിശുദ്ധ ദാവീദദീപ്തദശിയുടെ സങ്കീർത്തനം എത്തിച്ചുകൊണ്ടിരിക്കയിൽ മറൊരു സഹൊദരി അനാചാരമായിവന്ന ഇവക്കു പലവിചാരം വരത്തക്ക ചിലപ്രവൃത്തിചെയ്തതിനാൽ ഒരു പുണ്യവാൻ പെട്ടെന്നുണ്ടായ കൊപംകൊണ്ടു അവരെ തള്ളിമാറ്റി. എന്നാൽ ഇതു നമസ്കാരനെരത്തിൽ ആ സഹൊദരികാണിച്ച ക്രമക്കെടാൽ ഉണ്ടായ ന്യായകൊപംകൊണ്ടുതന്നെ ചെയ്തതാണെങ്കിലും, പിന്നീടു ഇതു ശരിയായില്ലായെന്ന ഓൎക്കയും, അപ്പൻ ഇതിനെക്കുറിച്ചു പിണങ്ങുകയുംചെയ്തതിനാലെ ഒരു പുണ്യപ്പെരുമൽ ഒരു (കുറവമെന്ന പറയാമെങ്കിൽ) കുറവത്തെക്കുറിച്ചു അധികമായി മനസ്താപപ്പെട്ട ഏറെനെരം കരഞ്ഞുപൊറുതി അപെക്ഷിച്ചു. അമ്മയുടെ എപ്പൊഴും പൂൎണ്ണതൃപ്തിവരത്തക്കവണ്ണം എല്ലൊക്കാര്യ

ങ്ങളിലും കീഴ്പ്പഴങ്ങിനടന്നിരുന്നു. യാതൊരുസ്ഥലത്തിൽനിന്നുമാറരുതു എന്നു അമ്മ പറഞ്ഞാൽ, പിണ്ടു അമ്മ അനുവദിച്ചല്ലാതെ ആ സ്ഥലത്തിൽനിന്നു മാറാതെ അവിടെതന്നെ നിന്നിരുന്നു. അമ്മ മരിച്ചതിൻെറ ശേഷം അപ്പൻ രണ്ടാമതു വിവാഹംകഴിച്ചാറെ ആ ഇളയമ്മയെയും പരിശുദ്ധ പിലിപ്പൊസ അമ്മയെപ്പോലെതന്നെ സ്നേഹിച്ചും, ബഹുമാനിച്ചും വന്നതിനാൽ അവരും ഒരും പുണ്യവാനെ സ്വന്ത മകനെപ്പോലെതന്നെ സ്നേഹിച്ചു വളർത്തിവന്നിരുന്നു. ശ്ലൂ: പീലിപ്പൊസ കാരണവന്മാരെ മാത്രമല്ല പ്രായംചെന്നവരായ മറ്റു എല്ലാവരെയും നല്ല മനസ്സോടെ ബഹുമാനിച്ച അവക്കു കീഴ്പ്പഴങ്ങുകയും, തനിക്കു സമമുള്ളവരൊടു വിശേഷ സന്തോഷവും, മാധുര്യവും പരമാർത്ഥവുമായി പെരുമാറുകയുംചെയ്യുവന്നിരുന്നു. ഒരിക്കലും യാതൊരുത്തരൊടും അരിശപ്പെടുകയും, ആരെയും പരിഹസിക്കയും കുറംപറകയും യാതൊരുത്തനെയും ചതിക്കയും, സങ്കടപ്പെടുത്തുകയുംചെയ്തിട്ടില്ല. ഇതുഹെതുവായിട്ടു ഒരും പുണ്യവാനൊടു അടുത്തുപെരുമാറുവാനും അ

രിവാനും ഇടവന്നവരൊക്കയും ഇയാളെ വള
രെ സ്നേഹിക്കയും വാത്സല്യപെരായി നല്ല
പീപ്പീസ എന്നു വിളിക്കയുംചെയ്തിരുന്നു.

ചെറുപ്രായത്തിൽതന്നെ എഴുത്തും, വാ
യനയും നന്നായി പഠിച്ചതുക്രൂടാതെ ആ നാ
ളിൽ വിശേഷ ദൈവഭെടിയുടെയും പാട്ടാ
ങ്ങയുള്ള ജ്ഞാനത്തിന്റെയും പല അടയാള
ങ്ങളെ കാണിച്ചിരുന്നു, അതായത: പള്ളി
ക്രൂടത്തിൽപൊയി പഠിച്ചിരുന്ന ആ നാളു
കളിൽതന്നെ നിത്യവും ബഹുനെരം നമസ്കാ
രത്തിന്നു ചിലവഴിക്കയും, പ്രധാനമായി മാ
വീദദീഷ്ടദൈവിയുടെ സങ്കീർത്തനങ്ങളെ മഹാ
ഭക്തിയൊടെ എത്തിക്കയും, ക്രൂടക്രൂടെ പ
ള്ളിയിൽപൊയി കുമ്പസാരിക്കയും, കുബ്ബാന
കാങ്കെയും, കൈക്കൊള്ളുകയും ചെയ്യുവന്നിരു
ന്നു. പുണ്യവും ആത്മശക്തിയും ഉണ്ടാകുന്ന
തിന്നു ഇങ്ങനെയുള്ള ജ്ഞാനയാവനക്രൂടിയെ
മതിയാവു എന്നു അറിഞ്ഞിരുന്നതിനെക്കൊ
ണ്ടു ശരീര യാവനകളെക്കാൽ ഇവകളെ
അധികം സ്നേഹിക്കയും തന്റെ കൂട്ടുകാരെ
ക്രൂടെയും ഒരു ജ്ഞാനഭോജനത്തിൽ പങ്കാളി
കളാക്കുന്നതിന്നു ഉത്സാഹിക്കയുംചെയ്തിരുന്നു.

ംരം പുണ്യവാന്റെ പതിനാറുവയസ്സായപ്പോൾ പ്രധാന ശാസ്ത്രങ്ങളെ പഠിക്കുന്നതിന്നായി നെയാപ്പോലി രാജ്യത്തിൽ ംരം പുണ്യവാന്റെ ഇളയപ്പന്റെപക്കലൊട്ടു അപ്പൻ അയച്ചു. വലിയ ധനവാനായിരുന്ന ആ ചിറപ്പന്റെ മക്കൾ ഇല്ലാഞ്ഞതിനെക്കൊണ്ടും, ംരം ഉത്തമമരുമകനെ തന്റെ സ്വത്തൊക്കയുടെയും അവകാശി ആയി നിശ്ചയിച്ചു മഹാ സ്നേഹത്തോടും, സന്തോഷത്തോടുംകൂടെ ശാസ്ത്രശാലയിൽ അയച്ചു പഠിപ്പിച്ചുവളർത്തിവന്നിരുന്നു. എന്നാൽ ശാസ്ത്രവും പുണ്യവും ഒന്നിച്ചു പഠിക്കയും, സകലകാര്യങ്ങളെക്കാൾ പരലൊകഭാഗ്യത്തെ പ്രധാനമായി ആഗ്രഹിച്ച ദൈവസ്നേഹത്തിൽ അത്ഭുതമാംവണ്ണും വർദ്ധിക്കയും ചെയ്തിരുന്ന പീലിപ്പൊസിന്ന ംരം ധനാവകാശത്തിന്മെൽ ഒട്ടും താല്പര്യം ഉണ്ടായിട്ടുമില്ല, ദൈവം ംരം പുണ്യവാനെ കൊണ്ടു അനെക വലിയ കാര്യങ്ങളെ നടത്തിപ്പാൻ തിരുമനസ്സായിരുന്നതിനെക്കൊണ്ടു ഇളയപ്പന്റെ കരുതലും ആലൊചനയും നിഷ്ഫലമാകയുംചെയ്തു. എങ്ങനെയെന്നാൽ ചിറപ്പന്റെ വീട്ടിൽ പാർത്ത രണ്ടുവർഷത്തി

ന്നിടയിൽ ആ വാസസ്ഥലത്തിന്റെ സമീപെ
യുള്ള ഒരു മലയിൽ ഉണ്ടായിരുന്ന ഒരു ചെ
റിയ കപ്പെള്ളയിൽ ക്രൂടക്രൂടെപൊയി നമ
സ്കരിക്കയും, ധ്യാനിക്കയുംചെയ്തിരുന്നു. ആ
മല നമ്മുടെ കർത്താവീശൊമിശിഹാ മരിച്ച
നെരത്തിൽ പിളർന്ന പല മലകളിൽ ഒന്നാ
കുന്നു എന്ന പൂർവ്വം മുതല്ലുള്ള പാരമ്പര്യം അ
റിവായിരുന്നതുകൊണ്ടു അവിടെ പൊകു
ന്നതിന്നു ഒരു പുണ്യാരമാവിന്റെ ഏറവും സ
ന്തൊഷമായിരുന്നു. ഒരു കപ്പെള്ളയിൽ കഴി
ച്ചുവന്നിരുന്ന ജപധ്യാനങ്ങൾകൊണ്ടുതന്നെ
ഒരു പുണ്യവാന്റെ ഹൃദയത്തിൽ ലൌകീക
വസ്തുക്കളിന്മെൽ വെറുപ്പും, ദൈവസ്നെഹ
വും അധികമധികം വർദ്ധിച്ചു, ഒരു ലൌകീക
കാര്യങ്ങളെയെല്ലാം ഉപെക്ഷിച്ചു ദൈവ
ത്തിന്നുമാത്രം ശുശ്രൂഷചെയ്വാൻതക്ക ഒരുസ്ഥി
തിയിൽ ജീവിക്കെണം എന്നുള്ള പ്രതിജ്ഞ
യെ മനസ്സിൽ ഉറപ്പിച്ചു. ഇളയപ്പൻ ഇത്ര
അറിഞ്ഞ ഉടനെ സ്വാഭാവിക സ്നെഹവും
ലൌകീകന്യായവും മാത്രം നൊക്കി ഒരു നല്ല
ആഗ്രഹത്തിന്നു പല തടവുകളെ ാക്കയും പറ
ഞ്ഞു; പ്രധാനമായി ഒരു തറവാട്ടിന്റെ "ഏ

കശരണമായിരിക്കുന്ന ംരം പുണ്യവാൻ ംരം ശരണത്തെയും തറവാട്ടസ്ഥിരിയെയും നി സ്സാരമാക്കിക്കള യരുതെന്നും, ഭാവിക്കുന്ന കാ ൎയ്യം എത്രയും വലിയതുതന്നെ ആയിരിക്ക യാൽ അതിന്നുതക്ക വിവെകമുള്ള പരിശൊ ധനയും താമസവുംക്രൂടാതെ ഝടുരിയായി ഒ ന്നുംനിശ്ചയിക്കയും, തീൎച്ചപ്പെടുത്തുകയും ചെയ്യ രുതെന്നും വള രെ താല്പൎയ്യവുംസിദ്ധാന്തവുമാ യി ഉപദെശിച്ചു ശ്ര:പീലിപ്പൊസ ഇതുകണ്ടാ ചെ ഇരെഞാനുകൊണ്ടും ഇള കാതെയും, ലൌ കീക മഹിമയെയും ധനപ്പെരുപ്പത്തെയും തെ ല്ലുപൊലും പ്രമാണിക്കാതെയും ദൈവത്തെ ക്കുറിച്ച സകലത്തെയുംത്യജിച്ചിരിക്കുന്നമനൊ ധൈൎയ്യത്തൊടും, നല്ല മുഖപ്രസാദത്തൊടും സാധുതപത്തൊടുംക്രൂടെ ഇതുവരെ ഇള യപ്പൻ തൻെറനെരെ കാണിച്ച സ്നെഹത്തിനും താല്പൎയ്യത്തിനും എപ്പൊഴുംപട്ടാങ്ങയായിട്ടു ഹൃ ദയനന്ദിയുള്ളവനായിരിക്കുന്നുണ്ടെന്നും, മെ ലാൽ ചെയ്യെണമെന്നു പറയുന്ന കാൎയ്യത്തിൽ കാണിക്കുന്ന സ്നെഹത്തെയും താല്പൎയ്യത്തെയും സൂതിക്കുന്നെകിലും ംരം പറയുന്ന ഗുണദൊ ക്ഷത്തെ കൈക്കൊള്ളുന്നില്ലായെന്നും, ദൈവ

ത്തെയും സ്വന്ത ആരമരക്ഷയെയുംകുറിച്ച സകലവും ഉപെക്ഷിപ്പാൻതന്നെ ഉറച്ചിരിക്കുന്ന എന്നും തിർച്ചയായി ഉത്തരിച്ചു. ഇതിന്റശേഷം യാതൊന്നുകൊണ്ടും ഒരും ഉത്തമമനസ്സിനെ പിടാതെയും, കരുതിയദൈവശുശ്രൂഷയെആരംഭിക്കുന്നതിന്നായിട്ടും ഏതിനുംമാം ആണ്ടിൽ റൊമ്മായിലെക്കുപൊയി.

ക്രിസ്ത്യാനവെദത്തിന്റെ രാജധാനിയായ റൊമ്മയിൽ എത്തിയാറെ അവിടെ പ്പ്രൊട്ടസ്ത്യാക്കാരനായ ഒരുത്തന്റെ വീട്ടിൽ താമസിച്ചു. ആ വീട്ടുകാരൻ ഒരും മഹാരമാവിന്റെ അപൂർവ്വഗുണസ്വഭാവവും ദൈവഭക്തിയും ശാസ്ത്രപരിജ്ഞാനവുംകണ്ട അയാളുടെ രണ്ടു കൊച്ചുകുട്ടികളെ ശാസ്ത്രവും പുണ്യവും, പ്രധാനമായി പൈതൽപ്രായത്തിന്റെ അലങ്കാരവും ആഭരണവുമായ അടക്കം, ശുദ്ധത എന്നീ പുണ്യങ്ങളെയും പഠിപ്പിക്കെണമെന്നു അപെക്ഷിച്ച അവരെ ഒരും പുണ്യാരമാവിന്റെ ശിഷ്യരായി ഏല്പിച്ചു. സാക്ഷാൽ ദൈവികമനുഷ്യനായ ഒരും ശ്രീ: പീലിപ്പൊസിന്റെ പഠനവും, സൂക്ഷവുംകൊണ്ടു ആ രണ്ടുകുട്ടികളും പരിശുദ്ധ ദൈവഭക്ത

രെപ്പൊലെ നിർമ്മലവും പുണ്യ സാംഗൊപാംഗവും പ്രാപിക്കയുംചെയ്യു. ഒരു സ്ഥിതിയിൽ പരിശുദ്ധ പീലിപ്പൊസ പലവർഷം കഴിച്ചു. എന്നാൽ ഒരുപാർത്തകാലങ്ങളിൽ ഒരു വന വാസിയെപൊലെ നിത്യജപധ്യാനവും, മ റുപല ദെഹദണ്ഡ പ്രായശ്ചിത്തങ്ങളുമായി കഴിച്ചിരുന്നതുകൊണ്ടു ഒരുയാൾ വീട്ടിൽ പാർക്കുന്ന ഒരു വനവാസി ആയിരിക്കുന്ന എ ന്നു പലരും പറഞ്ഞിരുന്നു. ഉപവാസത്തി ന്മെലുണ്ടായിരുന്ന താല്പൎയ്യം മുഖാന്തരം തീ നിൻെറയും കുടിയുടെയും കാൎയ്യത്തിന്മെൽ യാ തൊരു വിചാരവുമുണ്ടായിരുന്നില്ല. ഒരു പു ണ്യവാൻ പാൎത്തിരുന്ന വീട്ടിലെ ആളുകൾ രുചിയുള്ള പലാൎത്ഥങ്ങളെ കൊടുത്തിരുന്നെ ങ്കിലും കുറെ അപ്പവും വെള്ളവുമല്ലാതെ മ റൊന്നും കൈക്കൊണ്ടിരുന്നില്ല. ചിലപ്പൊ ൾ വാഴ്ച സസ്യങ്ങളെയും, കനികളെയുംക്രു ടെ അപൂൎവ്വമായി തിന്നിരുന്നു. പാൎത്തിരുന്ന മുറി തുലൊം ചെറുതായിരുന്നു; അതിൽ ഒരു ചെറിയ കട്ടിലും ഒരു തുങ്ങപ്പെട്ടതുപവും വാ യിപ്പാനും നമസ്കരിപ്പാനും വെണ്ടിയിരുന്ന ചില പുസ്തകങ്ങളുമല്ലാതെ മറ്റയാതൊരു

ലൌകീകമഹിമയ്ക്കുടുത്ത വസ്തുവും ഉണ്ടായിരുന്നില്ല. ഒരു മുറിയിൽ ജ്ഞാനവായനയും ജപധ്യാനവുമായി എപ്പോഴും ദൈവത്തോടു ഒന്നിച്ചു ജീവിച്ചിരുന്നു. മുള്ളുകളുടെ നടയിൽ വികസിച്ച സുഗന്ധംവീശുന്ന ഒരുസപ്പുഷ്പംപോലെ പരിശുദ്ധ പിലിപ്പോസ മുള്ളുകൾക്കു സമമായ ലൌകീകസന്തോഷങ്ങളുടെ മദ്ധ്യേ സുകൃതവ്യാപാരത്താൽ എല്ലാവക്കും വിസ്മയംതോന്നത്തക്കവണ്ണം വികസിച്ച വിശുദ്ധപ്പെട്ടതിനാൽ പ്രൊവെൻസ്യാ ദേശത്തിൽ പാർത്തിരുന്ന ഒരു പുണ്യവാന്റെ ഒരു സംബന്ധക്കാരത്തിയൊടു ഒരുത്തൻ ഒരു കാര്യംകൊണ്ടുപറഞ്ഞപ്പോൾ "ഇനിക്കു ഇതുകൊണ്ടു അതിശയംതോന്നുന്നില്ല പിലിപ്പോസ ഞങ്ങളൊടൊന്നിച്ചു പാർത്തിരുന്നപ്പോൾതന്നെ അയാളുടെ ചെറുപ്രായത്തിലെ ജീവിതാവസ്ഥ ഞങ്ങൾ വെണ്ടുംവണ്ണം അറിഞ്ഞിട്ടുണ്ടു. താൻ അയാളെ കാണുമ്പോൾ ഞങ്ങൾക്കു വെണ്ടിയും അപേക്ഷിക്കേണമെന്നു പറഞ്ഞുകൊണ്ടും" എന്നു ഉത്തരിച്ചു. മെല്ലവണ്ണം രണ്ടുകുട്ടികളെ പഠിപ്പിച്ചും ജപധ്യാനം കഴിച്ചും ഏതെന്നാൽ കഴിച്ചശേഷം ദൈവക്കാര്യ

ങ്ങളിലും വെദകാഴ്ചങ്ങളിലും ഏറ്റവും വലിയ അറിവുണ്ടാകെണ്ടതിന്നായി തത്വശാസ്ത്രവും ദൈവശാസ്ത്രവും എന്നിവരണ്ടും പഠിപ്പാൻതുടങ്ങി. ഇതിൽവെച്ചുണ്ടായ വിശെഷ പരിജ്ഞാനവും സാമർത്ഥ്യവും മുഖാന്തരം ഒരു പുണ്യവാളനൊട്ടു ഒരു ശാസ്ത്രകാഴ്ചംകൊണ്ടു സംസാരിപ്പാനും, ചില തർക്കന്യായങ്ങളെ പറവാനും കെൾപ്പാനും ഇടയായ രണ്ടു മെത്രാന്മാർ ഒരു പുണ്യവാളനെ അതിനുമുമ്പിൽ പരമാർത്ഥിയും അറിവുകുറഞ്ഞവനും എന്നു വിചാരിച്ചിരുന്നു എന്നും ഇപ്പൊൾ പട്ടാങ്ങയായിട്ടു ഇയാൾ വലിയ ശാസ്ത്ര അറിവും വിശെഷ ദൈവ അരുപിയും എളിമയുമുള്ളവനെന്നു ഗ്രഹിച്ചു എന്നും പറഞ്ഞു സൂതിപ്പാൻ സംഗതിയായി.

പുസ്തകവും ഗുരുക്കളുടെ സഹായവുംകൊണ്ടു പഠിക്കെണ്ടുന്ന ശാസ്ത്രങ്ങളെ വെണ്ടുംവിധെന പഠിച്ചതിന്റെശെഷം ധ്യാനം എന്ന ഗുരുവഴിയായി" കുരിശിന്മെൽ തൂങ്ങപ്പെട്ട ഒരുശൊമിശിഹാ,, എന്ന ശാസ്ത്രസാഗരത്തിൽനിന്നു എല്ലായിലും ഉന്നത ശാസ്ത്രങ്ങളെ "രാപകൽ അത്യന്ത താല്പൎയ്യത്തൊടെ പ

മിപ്പാൻതുടങ്ങി. അതായത: പുണ്യസാംഗോ പാംഗംപ്രാപിക്കുന്നതിന്നു ധ്യാനം എന്നിവഴി മുഖ്യമായി കൂടിയെമതിയാവു എന്നു അറിഞ്ഞിരുന്നതിനെക്കൊണ്ടു ധ്യാനത്തിന്നായി തന്നെ നെരം മുഴുവനും ചിലവഴിപ്പാൻ നിശ്ചയിച്ചു ഉണ്ടായിരുന്ന ശാസ്ത്രപുസ്തകങ്ങളെയും വിറ വില ധർമ്മമായി ഭിക്ഷക്കാക്ക കൊടുത്തു, മറ്റു യാതൊരു കാഴ്ചവിചാരവും കൂടാതെ ധ്യാനജീവിതം ആരംഭിച്ചു. ലൈവത്തെക്കുറിച്ച സകലവും ഉപെക്ഷിച്ച സകലനന്മസ്വരൂപിയായ ഒരു സർവ്വേശ്വരനൊടുമാത്രം മുഴുവനായി ഒന്നിപ്പാൻതുടങ്ങിയതിനൊടെ ലൈവ ആത്മരൂപികളെപൊലെ നിർമ്മല ഹൃദയവും, അത്യന്ത ശുഷ്കാന്തിയുമുള്ള ഒരു പുണ്യവാളനിൽ സർവ്വേശ്വരനും അങ്ങെ സ്നേഹാഗ്നിയെയും മാധുര്യത്തെയും അസാമാന്യവിധത്തിൽ ചിന്തുവാൻതുടങ്ങി. ഓരൊരൊ ക്ഷണം ചെല്ലുന്തൊറും കർത്താവു എത്രയൊ നല്ലവനും, എത്രവലിയ നന്മസമുദ്രവുമായിരിക്കുന്നു എന്നു ഏറ്റമേറ്റം തെളിവായി അനുഭവിച്ചുബൊധിപ്പാൻ ഇടയായിതീരുന്നതുകൊണ്ടും ഒരു പരിശുദ്ധ ആത്മാവി

ൽ സഖ്യേശ്വരൻ ധാരാളമായി ചിന്തിയിരുന്ന സ്നേഹാധിക്യത്തെയും മാധുര്യത്തെയും സഹിപ്പാൻമെലാതെയായതുകൊണ്ടു ക്രൂടക്രൂടെ "മതി കർത്താവെ! മതി, ഇനി ഇനിക്കു സഹിപ്പാൻമെലാ,, എന്നു നിലവിളിച്ചു പറഞ്ഞിരുന്നു. ഇങ്ങനെ പറയുന്നതിനൊടെതന്നെ ഹൃദയത്തിൽ അടക്കുവാൻമെലാത്തവണ്ണമുള്ള സ്നേഹാഗ്നിയും, ഹൃദയ മാധുര്യവും വർദ്ധിച്ചിരുന്നതിനെക്കൊണ്ടു "എന്റെ സ്നേഹമെ! എന്റെ ദൈവമെ! നിന്റെ സ്നേഹാഗ്നിയുടെയും അശ്രുപ്രവാഹത്തിന്റെയും ഉറവയെ അല്പനേരത്തേക്കു നീ നിറുത്തേണമെ! കർത്താവെ! അല്പനേരത്തേക്കു എന്നിൽനിന്നു നീ അകലുക, ഞാൻ ഉരുവലിയ ആനന്ദ സാഗരത്തെ സഹിപ്പാൻ വശമില്ലാത്ത നിർഭാഗ്യമനുഷ്യനായിരിക്കുന്നു! എന്റെ ദൈവമെ! ഇപ്രകാരം എന്നോടുചെയ്യുന്ന നീ എന്നെ ഇപ്പോൾ സഹായിക്കയില്ലെങ്കിൽ ഞാനിപ്പോൾ മരിച്ചുപൊകും!,, എന്നിങ്ങനെ ക്രൂടക്രൂടെ നിലവിളിച്ച സഹിപ്പാൻമെലാത്ത സ്നേഹാധിക്യത്തെ കുറെപ്പാൻ അപെക്ഷിച്ചിരുന്നു. ചില സമയങ്ങളിൽ ദൈവത്തിന്റെ അളവില്ലാ

ത്ത മഹിമയെയും സ്നേഹയോഗ്യതയെയും കണ്ടു "ഭ! സർവ്വേശ്വര! ഒ! പിതാവെ! നീ ഇത്ര വലിയ സ്നേഹത്തിന്ന യോഗ്യനായിരിക്കയിൽ എന്തെ നിന്നെ യോഗ്യമാംവണ്ണം സ്നേഹിപ്പാൻതക്ക ഒരു ഹൃദയത്തെ ഇനിക്ക നീ തന്നില്ല! നീ ഇത്ര സ്നേഹപ്രാപ്തനായിരിക്കയിൽ എന്തെ എന്റെ ഹൃദയം എപ്പോഴും ഇത്ര ചെറിയതും വിസ്താരംകുറഞ്ഞതുമായിരിക്കുന്നു?,, എന്നു പ്രലാപിച്ചുകൊണ്ടു വലിയ സ്നേഹത്തെ അടക്കുവാൻതക്ക വലിയ ഹൃദയത്തെ കൊടുക്കേണമെന്നു അപേക്ഷിച്ചിരുന്നു. സാക്ഷാൽ ഒരു പരിശുദ്ധ ആത്മാവിൽ ജ്വലിച്ചിരുന്ന സ്നേഹാഗ്നിയെയും പരമാനന്ദ ആധിക്യത്തെയും മൈവംതന്നെ ഇടക്കിടയ്ക്കു കൊക്കെയും അത്ഭുതമായി ഒരു പുണ്യവാനെ കാത്തുകൊള്ളുകയും ചെയ്തിരുന്നില്ലെങ്കിൽ ഉള്ളിൽ ജ്വലിച്ചിരുന്ന സ്നേഹത്തിന്റെയും ജ്ഞാനസന്തുഷ്ടിയുടെയും ആധിക്യത്താൽ മരിച്ചുപോയെന്നെ എന്നു ഒരു പുണ്യവാളൻ തന്നെ വിശ്വസിച്ചു സാക്ഷിച്ചിരുന്നു.

ലൌകീകന്മാർ സുഖത്തെയും സന്തോഷത്തെയും ആഗ്രഹിച്ചു അന്വേഷിക്കുന്നതിനെ

ക്കാൾ ഏറെറം ജാഗ്രതയൊടും മനൊദാഢ്യ
ത്തൊടുംക്രൂടെ ശ്രുദ്ധ: പിലിപ്പൊസ ശരീര
നിഗ്രഹത്തിന്നടുത്ത പ്രായശ്ചിത്തപ്രവൃത്തിക
ളെ ആഗ്രഹിച്ചുനെക്കിച്ചു വന്നിരുന്നു. ദി
നംപ്രതി ഇരിമ്പുചങ്ങലകൊണ്ടു തന്റെ
ദെഹത്തെ അടിച്ചു മുറിപ്പെടുത്തിയിരുന്നു.
സാമാന്യമായി എപ്പൊഴും ഉപവാസമായി
കഴിച്ചിരുന്നു. ഉറക്കം തുലൊം ചുരുക്കമാ
യിരുന്നു, ആയത്തും വെറും നിലത്തു കിടന്നു
കഴിച്ചിരുന്നു. അഗതിതപം എന്ന പുണ്യ
ത്തെ ഒരു വലിയ നിക്ഷെപം എന്നപൊ
ലെ മതിച്ചു സ്നെഹിച്ചിരുന്നു. ംരും ലൊക
ത്തിൽമാത്രം കിട്ടുന്ന ഒരു വിശെഷദാനമായ
നെരം അല്പമെങ്കിലും നിഷ്ഫലമായി പൊകാ
തിരിക്കെണ്ടതിന്നും മനുഷ്യ സംസൎഗ്ഗം കാര
ണത്താൽ പതുക്കെപതുക്കെ തണ്യ ക്രൂട്ടുകാ
രൊടു ചെരാതിരിക്കെണ്ടതിന്നും വെണ്ടി യാ
തൊരുത്തരൊടും അധികമായി അടുത്തു സ
ഞ്ചരിക്കാതെയും, യാതൊരു ആൾക്കൂട്ടത്തിലും
ഉൾപ്പെടാതെയും എപ്പൊഴും സൂക്ഷ്മമായി ഒ
ഴിഞ്ഞുപൊയിരുന്നു. നെരം നിഷ്ഫലമായി
കളയാതിരിക്കെണമെന്നുള്ള താല്പൎയ്യത്തെക്ക

റിച്ച പറഞ്ഞുവന്നതെന്തെന്നാൽ: ഒരു ദിവ
സത്തിൽ ഒരു കാൽമണിനെരം വ്യർത്ഥാ വർത്ത
മാനം പറഞ്ഞും ചുറിനടന്നും കഴിക്കുന്നതു
ആ അല്പനെരത്തിന്റെ അവസ്ഥമാത്രം ഓ
ർത്താൽ വലിയ കാര്യമല്ല. എങ്കിലും ഇങ്ങ
നെ പലപ്പൊഴും മനസ്സാലെ കളയുന്ന അ
ല്പസ്വനെരവും, ദിവസത്തൊറും ഊണ് ഉറ
ക്കം മുതലായ ശരീരകാര്യങ്ങൾക്കുവെണ്ടി അ
വശ്യമായി ചിലവഴിക്കുന്ന നെരം എല്ലാം
ക്കൂടെയും ഒന്നിച്ചുനൊക്കിയാൽ ഒരു നി
ത്യഭാഗ്യം ലഭിപ്പാൻതക്ക വലിയ ഒരുത്തുക
യെ നാം നിഷ്ഫലമാക്കിക്കളഞ്ഞുവെന്ന കാ
ണ്മാൻ ഇടവരും. അതുകൊണ്ടു ംരം പു
ണ്യവാൻ ഒരിക്കലും യാതൊരു അനാവശ്യ
സംസർഗ്ഗത്തിനു നെരം ചിലവഴിക്കാതെയും,
സാമാന്യമായി എപ്പൊഴും ധ്യാനിച്ചുകൊണ്ടും
ദിവസം മുഴുവനും കഴിച്ചിരുന്നു. റൊമ്മായി
ൽ ഏഴുദെവാലയങ്ങൾ അവയിലുള്ള രക്ത
സാക്ഷികളുടെ തിരു ശെഷാർത്ഥങ്ങൾകൊണ്ടു
ഏററം പ്രബലപ്പെട്ടവയായിരിക്കുന്നു. ംരി
ശുദ്ധപീലിപ്പൊസ രാത്രിതൊറും ംരം ഏഴുദെ
വാലയങ്ങളിലുംപൊയി കുമ്പിട്ടു ജപിക്കയും

മഹാ ഭക്തിയൊടെ ധ്യാനിക്കയുംചെയ്തിരു ന്നു. ചിലപ്പൊൾ ഒരു മൊലയങ്ങളിൽ ചെല്ലുമ്പൊൾ വാതിൽ പൂട്ടിയിരുന്നാൽ മി റത്തുതന്നെ മുട്ടുകുത്തി ധ്യാനവും നമസ്കാര വും കഴിച്ചിരുന്നു. പരിശുദ്ധ സെബസ്ത്യാനൊ സിന്റെ ഗ്രഹ എന്നു പറഞ്ഞുവരുന്ന സ്ഥല ത്തിൽ പത്തുവൎഷം തപസ്സായി ജീവിച്ചു. ഇ ങ്ങനെയുള്ള സുകൃത വ്യാപാരവും ലൊകനി ന്ദ, മൈവസ്നെഹം, എളിമ മുതലായ പു ണ്യങ്ങളും കാരണത്താൽ ഒരു സന്ന്യാസശ്രെ ക്ഷൻ ഒരു മഹാത്മാവിനെ "പുണ്യജീവിതത്തി ന്റെ ദൃഷ്ടാന്തം" എന്നു വിളിച്ചുവന്നു.

ഒരു പുണ്യവാൻ ഇരുമൈയപെടിയൊ ടും, സൂക്ഷത്തൊടുംകൂടെ ജീവിച്ചിരുന്നെങ്കി ലും സകല നന്മകളുടെയും ശത്രുവായ പി ശാച ഒരു മഹാത്മാവിനെ കഠിനമായി പ രീക്ഷിച്ച നശിപ്പിപ്പാൻ വെലചെയ്തു. ആയ തിന്നുവെണ്ടി ചിലപ്പൊൾ ചില തണ്ണ ബാ ലകരെ ഒരു പുണ്യവാന്റെപക്കൽ അയച്ച അവരുടെ ഉമ്മാതിരിയും, തണ്ണ ഉപദെശ വുംകൊണ്ടു മനസ്സിനെ ഇളക്കുവാൻ നൊ ക്കുകയും, ചിലപ്പൊൾ പാപത്തിൽ ഉൾപ്പെ

ടുത്തുത്തക്ക മായത്രുപങ്ങളെ മനസ്സിൽ തൊ
ന്നിച്ചുകൊണ്ടു തിന്മയിലൊട്ടു വലിക്കയും,
ചിലപ്പോൾ രാത്രിസമയത്തിൽ ഭയങ്കരഭാ
വംകൊണ്ടു ഭയപ്പെടുത്തുവാൻ ശ്രമിക്കയും,
ചിലപ്പോൾ അഹങ്കാരവും ചിലപ്പോൾ പു
ണ്യജീവിതത്തിൽ വലിയ മനംമടുപ്പും ലൌ
കികജീവിതത്തിന്മേൽ താല്പര്യവും മനസ്സിൽ
തൊന്നിക്കയും, ഇങ്ങനെ അനേകവിധത്തി
ൽ ംരം പുണ്യവാനെ നാശാവസ്ഥയിലാക്ക
ന്നതിന്നു ശ്രമിച്ചു. എങ്കിലും ദൈവത്തിൽമാ
ത്രം ആശ്രയിച്ചിരുന്ന ംരം മിശിഹായുടെ
ധൈര്യമുള്ള പടയാളി ഇവയൊക്കയിലും
പൂർണ്ണ ജയവിരുതു പ്രാപിച്ചു. ംരം ശത്രുവി
ന്റെ തന്ത്രങ്ങളെ ജയിക്കുന്നതിന്നു പ്രയോ
ഗിച്ച പൊംവഴി നൊയമ്പും, നമസ്കാരവും,
എളിമയും, ദൈവപ്പെടിയുമത്രെ. അമ്പതുവ
യസ്സായതുവരെ മാംസത്തിന്നടുത്ത ദുരാശ
യൊടു മടുത്തു കഠിനയുദ്ധം ചെയ്തുണ്ടിവന്നു
എന്നാൽ അമ്പതു വയസ്സായതിന്റെശേഷം
അതുവരെ ഇതു ധൈര്യത്തൊടും വിശ്വസ്ത
തയൊടുംകൂടെ കഴിച്ച യുദ്ധത്തിന്നു സമ്മാ
നമായിട്ടു ശരീരം തുണ്ടുന്നുകൂടെ തൊന്നാ

ത്തവിധത്തിൽ മാംസത്തിന്നടുത്ത ദുരാശക
ളൊക്കയുംകെട്ട ഒസ്സുഭാവത്തിന്നടുത്ത ചാച്ചി
ലുകളിന്മെലും ഇളക്കങ്ങളൊക്കയിന്മെലും
പൂണ്ണജയം സർവ്വേശ്വരൻ കൊടുത്തരുളി
എന്ന ഒരു പുണ്യവാൻതന്നെ ബൊനിയൂസ
എന്ന കർത്തനാളിനൊടു സൂക്ഷ്മമായി പറഞ്ഞു.
എന്നാൽ ഒരു വിശെഷ ദൈവഭാനത്തെ അ
റിയിച്ചിരുന്നപ്പൊൽ ഇരുവലിയ മനൊഗ്ര
ണത്തിന്ന യൊഗ്യമായ പ്രതിനന്ദി കാണി
ച്ചിട്ടില്ലായെന്ന പറഞ്ഞു കരഞ്ഞിരുന്ന. ഒരു
പരിശുദ്ധ ആത്മാവിൽ കത്തി ജ്വലിച്ചിരു
ന്ന ദൈവസ്നെഹാഗ്നിയുടെ ശക്തി അസാ
മാന്യവിധമായി ശരീരത്തിൽക്കൂടെയും പ്രത്യ
ക്ഷപ്പെട്ടിരുന്നതുകൊണ്ടും, ഒരു സ്നെഹാഗ്നി
യുടെ ഉഗ്രത സ്നെഹത്തിന്നെറ ഇരിപ്പിടമാ
യ ചങ്കിൽ അടങ്ങാത്തതുപൊലെ ആയിരു
ന്നതുകൊണ്ടും, പിന്നെയും അധിക ശക്തി
യായി വർദ്ധിച്ചിരുന്നെങ്കിൽ ആ ശക്തിയാ
ൽത്തന്നെ മരിച്ചുപൊകയല്ലാതെ സ്വഭാവി
ക അവസ്ഥപ്രകാരം ജീവിപ്പാൻ പാടാകാത്ത
വിധത്തിൽ ആയി തീർന്നിരുന്ന. എന്തുകൊ
ണ്ടെന്നാൽ ഒരിക്കൽ ഒരു പുണ്യവാൻ ദിവ്യ

ഗൃഹാദ്ധ്യക്ഷദശായൊട്ടു അങ്ങെ പരമദാനന്ദ
ത്തെ അത്യന്ത ശുശ്രൂഷാന്തിയായി അപേക്ഷി
ച്ചിരിക്കയിൽ ഹൃദയത്തിൽ ദൈവസ്നേഹാ
ഗ്നി അത്യുഗ്രമായി വർദ്ധിച്ചു, ഉള്ളിൽ അട
ങ്ങുവാൻ വഹിയാതെ ആയപ്പോൾ ഇടത്തെ
വിലാവിൽ ചങ്കിനു മീതെയുള്ള വാരി എ
ല്ലുകളിൽ ഒന്നു ഒടിഞ്ഞു ആ ഭാഗത്തെ മാം
സവും, ഒരം ഒടിഞ്ഞ അസ്ഥിയുടെ അറ്റം ര
ണ്ടുംകൂടെ മെല്ലൊട്ടു പൊങ്ങി ചങ്കിനു ചുറ്റും
അധിക വിസ്താരമായ സ്ഥലം ഉണ്ടാകുന്ന
തിനു ഇടയായി. ഇപ്രകാരം സംഭവിച്ച
ഒരം സ്നേഹാഗ്നിയുടെ അത്ഭുത സംഭവത്താൽ
സഹിക്കരുതാത്ത വ്യാകുലം ശരീരത്തിൽ ഉ
ണ്ടാകയും, സ്വഭാവിക സ്ഥിതിക്കു തക്കവണ്ണം
അപ്പോൾത്തന്നെ മരിക്കയും ചെയ്യേണ്ടിയി
രുന്നെങ്കിലും ഒരം അസ്ഥി ഒടിഞ്ഞതുകൊണ്ടു
അല്ല നൊമ്പരംപൊലും ആ ഒടിഞ്ഞനേര
ത്തിലെങ്കിലും അതില്പിന്നെയെങ്കിലും ഉണ്ടാ
യിട്ടുമില്ല. ഇതിന്റെശേഷം ഏറെക്കാലത്തെ
ക്കു ജീവിച്ചിരിക്കയുംചെയ്തു.

ഒരം അത്ഭുതസംഭവം ഉണ്ടായതിന്റെ
ശേഷം മരണംവരെ ബ്രഹ്മശക്തിയായ നെ

ങ്കിടിപ്പുണ്ടായിരുന്നു. ആയതുമൈവഭക്തികർമ്മ
സംബന്ധിക്കുന്നതായ നമസ്കാരിക്കു, ധ്യാനിക്കു,
കുമ്പാനകാഞ്ഞ മുതലായ പ്രവൃത്തികളെ
ചെയ്യുമ്പോൾ അയിരുന്ന അത്യുഗ്രമായി പ
ടിച്ചിരുന്നത്. ഒരു നെഞ്ചിടിപ്പു അത്ഭുതമാ
യുള്ളതും, സ്വഭാവത്തിന്നു മെല്ലെട്ടതും എന്നു
ഒരു പുണ്യവാന്നു ചികിത്സചെയ്യു എ
ട്ടു പത്തു വൈദ്യന്മാർ സൂക്ഷ്മമായി എഴുതി
യിരിക്കുന്നു. ഇതുകൂടാതെയും ഒരു അതിശ
യമായ നെഞ്ചിടിപ്പു ഒരു മഹാരമാവിൽ ജ്വ
ലിച്ചിരുന്ന മൈവസ്നേഹാഗ്നിയുടെ ആധി
ക്യത്താൽ ചകിന്നു കൊണ്ടിരുന്ന വലിയ ശ
കുതിയും തള്ളലും ആയിരുന്നതുകൊണ്ടു ആ
ചക്കിന്റെ ശക്തിയായ ഇളക്കത്തിന്നുതക്ക
വണ്ണം മെലൊട്ടും കീഴൊട്ടും മാറുന്നതിന്നു ത
ക്ക സ്ഥലവിസ്താരവും, വായുവും അതിന്നു ചു
റും ഉണ്ടാകുവാൻ ആവശ്യമായിരുന്നു. ആ
യതിനാലത്രെ ഒരു വാരിയെല്ലു ഒടിഞ്ഞു ച
കിന്നുചുറും സ്ഥലവിസ്താരം ഉണ്ടാകുന്നതി
ന്നു മൈവംതന്നെ ഇടയാക്കിയതു. ഇപ്രകാ
രം ഒരു സ്നേഹാഗ്നിയെ ജ്വലിപ്പിച്ച മൈ
വംതന്നെ അതിന്നു തക്ക സ്ഥലത്തെക്കുടെ

കൊടുക്കയെങ്കിലും, മറ്റുവിധത്തിൽ അത്ഭുത
മായി കാക്കയെങ്കിലും ചെയ്തിരുന്നില്ലായെ
ങ്കിൽ സ്വഭാവികഅവസ്ഥപ്രകാരം പറഞ്ഞാ
ൽ ഒരു സ്നേഹാഗ്നിയെ ഉള്ളിലടക്കുവാൻ വ
ഹിയാതെയും, ചക്ക അതിന്റെ ഓരൊ ചാട്ട
ത്തിന്ന വാരിയെല്ലിന്മെൽ ശക്തിയായി അ
ടിച്ച ചതവുതട്ടിയും അല്പനെരത്തിന്നിടയിൽ
മരിച്ചുപൊയെനെ! ഇങ്ങനെയുള്ള സ്നേഹാ
ധിക്യവും അത്ഭുത സംഭവങ്ങളും ഉണ്ടായ
പ്പെൽ പരിശുദ്ധ പീലിപ്പൊസിന്ന ഇരുപ
ത്തൊമ്പതു വയസ്സായിരുന്ന അത്രവരെ വീ
ട്ടിൽത്തന്നെ പാർത്തിരുന്നതല്ലാതെ യാതൊ
രു സന്ന്യാസമഠത്തിലും ക്രൂടീട്ടമില്ലായിരുന്ന.

ഇരുവലിയ ദൈവസ്നേഹം ഹൃദയത്തി
ൽ ജ്വലിച്ചതിനൊടെ ദൈവസ്നേഹത്തൊ
ടുകൂടെ ഒന്നിച്ചിരിക്കുന്നതായ പട്ടാങ്ങയുള്ള
കൂടപ്പിറപ്പുസ്നേഹവും ഒരു മഹാരമാവിൽ അ
ധികമായി വർദ്ധിച്ചതിനാലും, ഇത്രവരെ ഏ
കാന്തജീവിതവും നിത്യസുകൃത വ്യാപാരവും
കൊണ്ടു പുണ്യവഴിയിൽ സ്ഥിരമായ അടി
സ്ഥാനംവെച്ചിരിക്കയാലും മെലാൽ ശേഷം
പെരുടെ രക്ഷയ്ക്കുവെണ്ടിക്കൂടെയും താല്പ്പ

മായും പ്രസിദ്ധമായും വെലചെയ്യുണമെന്ന ദൈവംതന്നെ ഒരു പുണ്യവാന്റെ ഹൃദയത്തിൽ തൊന്നിച്ചു. ആയതിനാൽ വനവാസത്തിൽനിന്നു പുറപ്പെട്ട ഒരു മുനിയെപ്പോലെ വീട്ടിൽനിന്നു ഇറങ്ങി തെരുവീഥികളിലും, വെലസ്ഥലങ്ങളിലും, പാഠകശാലകളിലും മറും ചെന്നു മഹാ എളിമയൊടും സാധുതയൊടും വാക്കുമാധുൎയ്യത്തൊടുംകൂടെ എല്ലാവരൊടുംസംസാരിക്കയുംചെയ്തു. ഉത്തമമാതിരിയെ കണ്ടു ബാലരും, വൃദ്ധരും, വലിയവരും, ചെറിയവരും എല്ലാ തൊഴിൽക്കാരരും തരക്കാരരും ഒരു മഹാരമാവിനൊടു വിശ്വാസവുംസന്തൊഷവുമായിപെരുമാറുവാൻതുടങ്ങുകയും, ഇങ്ങനെ ജീവിക്കുന്നവരൊക്കയൊടും ഒരു ഉത്തമ ദൈവശുശ്രൂഷി ആരമരുകയുംചെയ്ത കാൎയ്യങ്ങളെയും, പുണ്യ അറിവുകളെയും മഹാശ്രേഷ്ഠാന്തിയൊടും ദൈവസ്നെഹത്തൊടും കൂടെ പറഞ്ഞു കെൾപ്പിച്ചുകൊണ്ടു തന്നിൽ ആടക്കിയിരുന്ന ദൈവസ്നെഹത്തെയും പുണ്യത്തെയും അവരിലും വൎദ്ധിപ്പിച്ച എല്ലാവരെയും ഒരു ശൊമിശിഹായുടെ പ്രിയപ്പെട്ട മക്കളാക്കി പകൎത്തിവന്നിരുന്നു. ഒരു സുകൃത ഉപാ

യംകൊണ്ടു ഇടത്തുട്ടുകാർ, യൂദന്മാർ മുതലാ
യ അനേകരെ സത്യവിശ്വാസത്തിൽ ചെ
ത്തു. സത്യവിശ്വാസികളായിരുന്ന അനേക
രെ പുണ്യപൂർണ്ണത പ്രാപിക്കത്തക്ക വഴി പ
ഠിപ്പിച്ച സന്ന്യാസമാത്തിൽ ക്രൂട്ടി. ഇത്തുമുഖാ
ന്തരത്താൽ ആ നാളുകളിൽ റൊമ്മയിൽ
ജീവിച്ചിരുന്ന ഇഗ്നാസിയൂസ പുണ്യവാളൻ
പരിശുദ്ധ പീലിപ്പൊസുനെരിയെ "വലിയ
മണി" എന്നു വിളിച്ചിരുന്നു. എന്തുകൊണ്ടെ
ന്നാൽ വലിയ മണികൾ മണിമാളികകളി
ൽ ഇരുന്നുകൊണ്ടു നാലുഭാഗങ്ങളിലുമുള്ള
ജനങ്ങളെ ദൈവാലയങ്ങളിൽ വിളിച്ചുകൂട്ടു
ന്നതുപൊലെ പരിശുദ്ധ പീലിപ്പൊസുനെ
രി ലൊകത്തിൽ ജീവിച്ചുകൊണ്ടു അനേക
രെ ദൈവാലയങ്ങളായ സന്ന്യാസമഠങ്ങളി
ൽ വിളിച്ചുകൂട്ടിയിരുന്നു. ഇത്രക്രൂടാതെയും
ദൈവത്തിന്നു ഏറ്റവും ഇഷ്ടവും, പുണ്യവുമു
ള്ള വലിയ ധർമ്മപ്രവൃത്തികളെ ചെയ്യാൻ
ആഗ്രഹിച്ചു അതിന്നായിട്ടു അനേക ദീന
ക്കാരുള്ള ധർമ്മശാലകളിൽ പൊയി ഒരു വാ
ത്സല്യപിതാവു തന്റെ മക്കളുടെ ദീനത്തി
ൽ അവർക്കുവെണ്ടി വെലചെയ്യുന്നതുപൊ

ലെയുള്ള സ്നേഹത്തോടും താല്പര്യത്തോടും
ക്രൂടെ അവരെ സഹായിക്കയും, ഔഷധങ്ങ
ൾ കൊടുക്കയും, മുറിവുകളെയും മറ്റും തു
ടെക്കയും, മരുന്നു വെച്ചുകെട്ടുകയും, യാവന
കൊടുക്കയും, താങ്ങി എഴുന്നെല്പിക്കയും, കിട
ത്തുകയും, ആ ദീനത്തിൽനിന്നുണ്ടാകുന്ന നൊ
മ്പരങ്ങളെയും ദുഃഖങ്ങളെയും ഓരംശൊമിശി
ഹായെ ഓർത്തു സന്തൊഷത്തൊടെക്ഷമിക്കെ
ണമെന്നും, ഓരം ക്ഷമയുള്ള ദൈവം നിത്യസ
മ്മാനം തന്നരുളുമെന്നും മറ്റും പല നല്ല
ന്യായങ്ങളെയും, ആശ്വാസ വാക്കുകളെയും
പറഞ്ഞു സന്തൊഷിപ്പിക്കയും ചെയ്തുവന്നു. പ്ര
ധാനമായി മരിപ്പാറായിരിക്കുന്ന ദീനക്കാരു
ടെപക്കൽ രാവും പകലും നിന്നു അവരെ സ
ഹായിച്ചിരുന്നു. അങ്ങനെയുള്ളവരുടെപക്ക
ൽ ചെന്നാൽ അവർ മരിക്കയെങ്കിലും, അ
ല്ലെങ്കിൽ അല്പ ആശ്വാസം കാണ്കയെങ്കിലും
ചെയ്യുന്നതെ അവരെ വിട്ടൊരുകയില്ലാ
ഞ്ഞു. ആ കാലങ്ങളിൽ ജനങ്ങളുടെ ഇടയിൽ
അരു നടപ്പില്ലാത്തതായിരുന്ന ഓരു പുണ്യപ്ര
വൃത്തി ഓരം പുണ്യവാൻറെ ദൃഷ്ടാന്തംകൊണ്ടു
എല്ലാവരും പഠിച്ചു നടത്തുന്നതിന്നു ഇടയാ

യത്നിക്കുടാതെ ഏറെ താമസിയാതെ ഒരു പു
ണ്യവാന്റെ ജ്ഞാനമകനായ കമീല്ലൊ ഡെ
ലെല്ലീസ എന്ന പുണ്യവാൻ വഴിയായി ദീ
നക്കാരരെ സഹായിക്കുന്നതിന്നുള്ള ഒരു സ
ഭയെ സ്ഥാപിക്കയുംചെയ്തു. ഒരു സഭയിൽ
ചെന്ന രണ്ടു പട്ടക്കാർ മരിപ്പാറായിരുന്ന ആ
ളുകളെ സഹായിച്ചു അവക്കു നല്ല ഗുണ
ദൊഷം പറഞ്ഞുകൊടുത്തിരുന്ന നെരത്തിൽ
മാലാക്കാമാർ അവരുടെ അടുക്കൽ നിന്നു
കൊണ്ടു ദീനക്കാരരൊടു പറയെണ്ടുന്ന ഗു
ണദൊഷവാക്കുകളെ അവരുടെ ചെവിയി
ൽ പറഞ്ഞുകൊടുക്കുന്നതിനെ ഒരു പുണ്യവാ
ൻ തന്നെകണ്ടു. പലപല രാജ്യങ്ങളിൽനി
ന്നും തിരുയാത്രക്കാരരായി റൊമ്മയിൽചെ
ന്നിരുന്ന ആളുകളെയും, ദീനം പൊറുത്തു
സുഖമായിവരുന്നവരെയും സന്ധിച്ചു സഹാ
യിക്കുന്നതിന്നായി ൧൭൩൮-ാം ആണ്ടിൽ ശു
ദ്ധ: ത്രിത്വത്തിന്റെ നാമത്തിൽ ഒരു സഭ
യെ സ്ഥാപിച്ചു. ഒരു സഭമുഖാന്തരം ഭൂലൊ
കത്തിന്റെ നാലുഭാഗങ്ങളിൽനിന്നും റൊമ്മ
യിൽ ചെന്നിരുന്ന തിരുയാത്രക്കാക്കും മറ
നെക നിഷ്കനക്കും സിദ്ധിച്ച ഉപകാരവും

ആശ്വാസവും എണ്ണമില്ലാത്തവണ്ണമായിരിക്കുന്ന ൯൯൯൦ാം ആണ്ടിൽ ഉണ്ടായ യുബിലെയും എന്ന പരിപൂർണ്ണപാപമോചനത്തിന്നു റൊമ്മയിൽചെന്ന തിരുയാത്രക്കാരിൽ മൂന്നുലക്ഷവും മുപ്പത്തുനാലായിരത്തിനാനൂറെമ്പത്തുമൂന്നും ആളുകളെയും ൯൯൯൦ാം ആണ്ടിൽ ഉണ്ടായ പരിപൂർണ്ണ പാപമോചനത്തിന്നു ചെന്ന തിരുയാത്രക്കാരിൽ മൂന്നുലക്ഷവും എണ്പത്തിരായിരത്തി ഒരുനൂറിനാല്പത്തു. ആളുകളെയും ഒരു സഭക്കാർ തങ്ങളുടെ അതിഥിസത്ക്കാരശാലയിൽ കൊണ്ടുപൊയി പാർപ്പിച്ച പെണ്ടുന്ന സഹായങ്ങളെല്ലാകയും സംപൂർണ്ണമായി ചെയ്തയച്ചു. ഇതു ഏറെ ആളുകളെ ഏതാനും പാപപ്പെട്ട സന്ന്യാസികൾ ധർമ്മം ഇരന്നു സഹായിച്ചതു വലിയ അത്ഭുതപ്രവൃത്തിതന്നെ ആയിരിക്കുന്നു.

മെല്ലവണ്ണവും പരിശുദ്ധ പീലിപ്പൊസുനെരി ആരമരക്ഷയ്ക്കും ദൈവസ്നേഹത്തിക്കുംതക്ക പല വെലകളെ നടത്തുകയും, എപ്പൊഴും തനതു പുണ്യവർദ്ധനയും ശെഷംപെരുടെ രക്ഷയും എന്നീ കാര്യംമാത്രം വിചാര

ചുവരികയും ചെയ്തിരുന്നു. എന്നുവരികിലും ഇതുവരെ ലൌകീകജീവിതം കഴിച്ചുവന്നിരുന്നതല്ലാതെ ഗുരുപ്പട്ടസ്ഥാനം ഏറ്റിട്ടില്ലാഞ്ഞതുകൊണ്ടു അപ്പോൾ ചെയ്തുവന്നിരുന്നതിൽ അധികം ചെയ്യുന്നതിന്നു വഴിയില്ലാത്തതുപൊലെ ആയിരുന്നു. ഇപ്രകാരമായിരിക്കയിൽ ഒരു പുണ്യവാന്റെ കുമ്പസാരക്കാരൻ ഒരു വിശെഷ ദൈവീകതൊന്നിപ്പാലെ ഒരു മഹാരമാവിനെ ഗുരുപ്പട്ടസ്ഥാനത്തിൽ ആക്കെണമെന്നുകരുതി ആ കാര്യ്യം കൊണ്ടു ഗുണദൊഷമായി പറഞ്ഞാറെ, ആ ദ്യം താൻ ഇതിന്നു യൊഗ്യനല്ലായെന്നുള്ള ഹൃദയ എളിമ മുഖാന്തരം പല തടവുകളൊക്കയും പറഞ്ഞു എങ്കിലും കടശി ഒരു ആശ്രമപിതാവിന്റെ ഗുണദൊഷത്തിന്നു കീഴ്പ്പഴങ്ങി സമ്മതിക്കയും ൧൭൫൨-ാം ആണ്ടിൽ സന്യാസയസ്സു നടക്കയിൽ ഗുരുപ്പട്ടം ഏല്ക്കയും ചെയ്തു. ഒരു ഉന്നതസ്ഥാനത്താൽ മലമുകളിൽ സ്ഥാപിക്കപ്പെട്ട ദീപംപൊലെ ആയതിനൊടെ സകലക്കും ഏറെറം സംപൂർണ്ണമായി പുണ്യശൊഭകാണിച്ചു അന്ധകാരം നീക്കുവാനും, എല്ലാവരെയും പുണ്യവഴിയിൽ നടത്തു

വാനും മഹാശ്രദ്ധാന്തിയൊടെ ആരംഭിച്ചു. ആദ്യംതന്നെ ഏതാനും ഗുരുപ്പട്ടക്കാർ വിശേഷ പുണ്യജീവിതത്തിനായി ഒന്നിച്ചുകൂടി ജപധ്യാനവും, ആരാധനകളുടെ വെലയുമായി ജീവിതം കഴിച്ചിരുന്നു. ഒരു തനി വാസസ്ഥലത്തിൽ ചെന്നുകൂടി, അവരിൽ പ്രധാനിയായിരുന്ന ആളിന്റെ നിയമപ്രകാരം ജനങ്ങളെ കുമ്പസാരിപ്പിക്ക എന്ന തൊഴിൽ നടത്തുവാൻ തുടങ്ങി. ഒരു തൊഴിൽ അത്യന്തശ്രദ്ധാന്തിയൊടെ നടത്തിക്കൊണ്ടു ഇതുവഴിയായി അനെക പാപികളെയും, ശരണംകെട്ട മൂക്കപ ഒക്കുരെയും സൽവഴിയിലാക്കുകയും, ലൌകികമാനവും മഹിമയും, സുഖസന്തൊഷവുംമാത്രം പ്രധാനമായി അനുസരിച്ചു നടന്നുവന്നിരുന്ന പല്പല മുഖ്യഗൊത്രക്കാരരും ധനവാന്മാരുമായവരെഏവക്കും സന്മാതിരിയാകുത്തക്ക ധർമ്മജീവിതത്തിലുമാക്കുകയും, പലരെയും തനതു ശിഷ്യരായി ചെക്കയും ചെയ്തു. പ്രധാനമായി കുമ്പസ്സാരം എന്ന തൊഴിൽ നടത്തിക്കൊണ്ടു അനവധി ആളുകളെ ഒരുശൊമിശിഹായുടെ വിശ്വസ്ത ശുശ്രൂഷികളാക്കിയിരുന്നെ

ങ്കിലും ഇതുകൊണ്ടു തൃപ്തിയാകാതെ തന്നൊ
ടുക്കുടെ സംസർഗ്ഗംചെയ്യാനൊ ക്കുടെ താമസി
പ്പാനൊ സംഗതിയാകുന്നവരൊക്കയൊട്ടും
മൈവഭക്തിക്കും പുണ്യത്തിന്നുമടുത്ത കാര്യ
ങ്ങളെക്കൊണ്ടു പറഞ്ഞുവന്നിരുന്നു. ഇങ്ങ
നെയുള്ള സംസർഗ്ഗത്തിൽ പുണ്യത്തിന്റെ വി
ശേഷത, പാപത്തിന്റെ കഷ്ടത, പുണ്യവാ
ന്മാരുടെ ജീവിതത്തിൽ പ്രകാശിക്കുന്ന പു
ണ്യപൂർണ്ണതയും, ലൊകനിന്ദയും, ശരീരനിഗ്ര
ഹവും എന്നിങ്ങനെയുള്ള സംഗതികളെക്കുറി
ച്ചു പ്രസംഗംപൊലെ പറകയും, അതുകൽ
ക്കുന്നവക്കു തൊന്നിയിരുന്ന വിശേഷഭക്തി
യും സന്തൊഷവും ആരംഭപ്രയൊജനവും കാ
രണത്താൽ ഭിവസെന അനെകർ ക്രുടിക്രുടി
ംരും മഹാരാജാവിന്റെ മുറിയിൽ കൊള്ളാതെ
ആയതിനാൽ ഇങ്ങനെയുള്ള ജ്ഞാനസംഭാഷ
ണത്തിന്നായി ഒരു സ്ഥലം നിശ്ചയിച്ചു അ
വിടെ ഒന്നിച്ചുക്കുടി പുണ്യത്തിന്ന സംബന്ധി
ക്കുന്ന കാര്യങ്ങളെക്കൊണ്ടു പറയുന്നതിനെ
ബഹു താല്പര്യത്തൊടെ കെട്ടു ംരും പുണ്യവാ
നെ പിഞ്ചെന്ന തുടങ്ങി. ഇപ്രകാരമിരിക്ക
യിൽ ംരുന്ദ്യാദെശത്തിൽനിന്ന ചിലമിസ്യാ

നാരിമാർ എഴുതിയ എഴുത്തുകളെ വായിച്ചു ംരം ദെശത്തിലുള്ള ജനങ്ങളുടെ നിർഭാഗ്യസ്ഥിതിയും, മിസ്യൊനാരിമാരുടെ ചുരുക്കവും അറിവാൻ ഇടയായതിനാൽ ംരം ആരമാവുകളെ രക്ഷിക്കെണമെന്നുള്ള ആഗ്രഹാധിക്യത്താൽ ംരംന്ത്യയിലൊട്ടു മിസ്യൊനാരിയായി പുറപ്പെടുന്നതിന്നുനിശ്ചയിച്ചു. എന്നാൽ ഇക്കാര്യത്തിന്നു ദൈവതിരുമനസ്സുഎങ്ങനെയൊ എന്നു അറിയുന്നതിന്നുവെണ്ടി ചിച്ചെസ്സൂർച്ചിയെസ്സ് സദ്ഭക്താരനായ ഒരു പുണ്യാരമാവിനൊടു ആലൊചന ചൊദിച്ചാറെ ആ ദെഹം ദൈവവെളിപ്പാടാൽ "തങ്ങൾ ംരംന്ത്യയിൽ ചെയ്യാൻ കരുതുന്നതു ഒമ്മയിൽതന്നെ ചെയ്യെണം തങ്ങളുടെ ംരംന്ത്യ ഒമ്മാതന്നെ ആയിരിക്കും" എന്നുത്തരിച്ചു. ആകയാൽ ംരം ദൈവതിരുമനസ്സിന്നുതക്കവണ്ണം ഒമ്മയിൽത്തന്നെ പുത്തനായ ഒരു ശ്ലീഹായെപ്പൊലെ ദൈവസ്നുതിക്കും ആരമരക്ഷയ്ക്കുംവെണ്ടി രാപകൽവെലചെയ്തുവന്നു.

ആ കാലങ്ങളിൽ ചില നൂതന പതിതമതക്കാർ സത്യതിരുസ്സഭയെ ഭക്ഷിപ്പാനും പല

കപടന്യായങ്ങളെയും ഉപായങ്ങളെയും പറഞ്ഞു പ്രസിദ്ധമാക്കിക്കൊണ്ടു പലർക്കു ആത്മനാശത്തിനു ഇടവരുത്തുവാനും ശ്രമിച്ചുവന്നിരുന്നതിനാൽ അതിനു തക്ക നിവാരണംചെയ്യാൻവെണ്ടി ഒരു പുണ്യവാൻ പ്രയോഗിച്ച പൊംവഴി എന്തെന്നാൽ: പതിനാലാം സത്യതിരുസ്സഭയെ പലവിധത്തിൽ ദുഷിച്ചുകൊണ്ടു നൂതനമതം സ്ഥാപിപ്പാൻ തുടങ്ങിയപ്പോൾ ഒരു സത്യതിരുസ്സഭയുടെ വിശ്വാസപടയാളി തിരുസ്സഭയുടെ ചരിത്രം ഏഴു വാല്യം ബൊധപ്പെടുത്തുക ന്യായസ്ഥിരതയൊടും, സാക്ഷിത്വങ്ങളൊടും, തെളിവൊടുംകൂടെ നിത്യവും ജനപുരുഷാരത്തിൽ വെച്ചുപ്രസംഗിച്ചു അറിയിപ്പാൻ നിശ്ചയിച്ചു. ഒരുവെലക്കു ബഹു വിശ്രുത, ശാസ്ത്രജ്ഞനും വലിയ പുണ്യാത്മാവുമായിരുന്ന കെസർ ബറൊനിയൂസ് എന്ന ദെഹത്തെ പ്രധാനമായി ഏല്പിച്ചുകൊടുത്തി. ഒരു ദെഹം അനെകവർഷത്തെക്കു ഒരു വെല നടത്തിയതിനാൽ ഇപ്പൊൾ ലൊകത്തിൽ കീർത്തിപെട്ടതായ തിരുസ്സഭാനാളാഗമത്തെ എഴുതി പ്രസ്ഥാപിക്കുന്നതിനു "തിരുസ്സഭ നാളാഗമത്തിന്റെ

പിതാവു,, എന്നുള്ള നാമധെയം ലഭിക്കുന്ന തിന്നും ഇടയായി. ംരം ബറൊനിയൂസ എ ന്നദ്ദെഹം ശ്രുദ്ധ: പീലിപ്പൊസ നെരിയുടെ ജ്ഞാനമകനും നാലാംപട്ടക്കാരനും ആയിരു ന്നപ്പൊളത്തെ ംരം വെല ആരംഭിച്ചതു.അ തിൽപിന്നെ എ. ഉ. കദിനാൽ സ്ഥാനംക്രു ടെയും ലഭിച്ചു എങ്കിലും ംരം തിരുസ്സഭനാ ളാഗമത്തിന്റെ കാഴ്ചത്തിൽ അതിനെ എഴു തിയതു താൻതന്നെയെങ്കിലും അതിന്റെ ഹെതുവും, പുസ്തകകത്താവും പരിശുദ്ധ പീ ലിപ്പൊസുനെരിതന്നെ ആയിരിക്കുന്ന എ ന്നു മെല്ലറഞ്ഞ നാളാഗമത്തിന്റെ ആദ്യഭാ ഗത്തിൽ എഴുതിയിരിക്കുന്നു.

മെല്ലറഞ്ഞവണ്ണമുള്ള ജ്ഞാന സംഭാഷണ ങ്ങളും പ്രസംഗങ്ങളും, അതിനായിട്ടുള്ള ജന ക്രൂട്ടവും വഛിച്ചു വഛിച്ചായിരിക്കുന്ന ശ്രുദ്ധ: പീലിപ്പൊസുനെരിയുടെ സഭ ആരംഭിച്ചതു. എങ്ങനെയെന്നാൽ ംരം പുണ്യവാൻ തന തു വാസസ്ഥലമായി തെരിഞ്ഞെടുത്ത പല പുണ്യ അഭ്യാസങ്ങളെ നടത്തിവന്ന പരി ശുദ്ധ ംരംഹാനീമ്മൊസിന്റെ വീട്ടു,, എന്നു പെരായ സ്ഥലത്തിൽ അനെകർ ംരം സുകൃ

തപ്പോഴാരുങ്ങളെ പിഞ്ഞെന്ന ക്രൂടിവന്നിരു ന്നതിനാൽ അവർ അനുസരിക്കത്തക്ക ഒരു ഘട്ടം നിശ്ചയിച്ച എല്ലാവരും അതിനുതക്ക വണ്ണം സന്തോഷത്തോടെ നടനുവന്നിരുന്നു. ആരംഭത്തിൽ ദിവസംതൊറും ഒരുനേരം ധ്യാനമായി കഴിക്കയും, അതിന്റെശേഷം ഒരുത്തൻ വാഴ്ചു ജ്ഞാനപുസ്തകം വായിക്ക യും, പുണ്യവാൻ അതിന്മേൽ വിസ്താരമാ യും ബഹുശ്രദ്ധാന്തിയൊടെയും പ്രസംഗമാ യി പറഞ്ഞു ആ വായിച്ചതിന്റെസാരത്തെ എല്ലാവരും മുഴുവനായി ഗ്രഹിപ്പാൻതക്കവ ണ്ണം ഇടവരുത്തുകയും ചെയ്തിരുന്നു. ചില പ്പോൾ മറെറാരുത്തനെക്കൊണ്ടു തക്ക ഉപ ദേശം പറയിച്ചിരുന്നു. ഇങ്ങനെയുള്ള അഭ്യാ സം ഒരു മണിക്കുറുനേരത്തൊളം നീളിച്ചി രുന്നു. ഇതു കഴിഞ്ഞശേഷം പുണ്യവാന്റെ ശിഷ്യരിൽഒരുത്തൻ ആ സംഘത്തിൻമദ്ധ്യേ നിന്നു പുണ്യവാന്മാരുടെ ജീവിതത്തെക്കുറിച്ച ഒരു പ്രസംഗം പറഞ്ഞിരുന്നു. അതുകഴി ഞ്ഞ ഉടനെതന്നെ മറെറാരുത്തൻ വെറൊ രു പുണ്യകാര്യത്തെക്കുറിച്ച ഒരു പ്രസംഗംപ റകയും, അതിന്റെശേഷം മൂന്നാമത്തെതായി

മറൊരുത്തൻ സത്യതിരുസ്സുഭയുടെ ചരിത്ര വിവരം ആരംഭംമുതൽ ഒരു ചെറിയ പ്ര സംഗമായി പറകയുംചെയ്തിരുന്നു. ഇങ്ങനെ പറഞ്ഞിരുന്ന ഒരു പ്രസംഗത്തിന്നു ഓരൊരുത്തൻ അരമണിക്കുറുനെരംമാത്രം ചിലവഴിക്കെണമെന്നു നിശ്ചയിച്ചിരുന്നതുകൊണ്ടു മൂന്നു പ്രസംഗത്തിന്നുംകൂടെ ഒന്നരമണിക്കുറുനെരം പിടിച്ചിരുന്നു. ഇവയെല്ലാം കഴിഞ്ഞതിൻെറശെഷം ചില സംഗീതങ്ങളെയും പാടി ഏതാനും ജൂപങ്ങളെയും കൂട്ടമായി ഏത്തിച്ചു സംഘം പിരിഞ്ഞിരുന്നു.

എന്നാൽ തിരുനാൾദിവസങ്ങളിൽ ഇവരെല്ലാവരും ശുദ്ധ:കുബ്ബാന കൈക്കൊള്ളുന്നതിന്നു ആയത്തമായി, തലെദിവസംതന്നെ കുമ്പസാരിച്ചു, കുബ്ബാനനെരംവരെ ജൂപധ്യാനത്തിന്നു നെരം ചിലവഴിക്കയും, കുബ്ബാന കൈക്കൊണ്ടു ഉപകാരസ്മരണയും കഴിച്ചശെഷം പരിശുദ്ധ പീലിപ്പൊസുനെതിരതന്നെ ഇവരെ ഓരൊ ധർമ്മശാലകളിലൊട്ടു വിഭാഗിച്ചു ആയക്കയും അവിടെ ഓരൊരൊരൊഗികളുടെ ആരമാവിന്നും ശരീരത്തിന്നു മുട്ടുള്ള പലപല സഹായങ്ങളെ ചെയ്തിരു

അവരെ ആശ്വസിപ്പിക്കയും ചെയ്യുവന്നിരു ന്നു.

മനുഷ്യരെല്ലാവരും, മുഖ്യമായി ബാല്യ പ്രായക്കാരും യാതൊരു പുണ്യാഭ്യാസവും, വിശേഷ ദൈവസഹായവും കൂടാതെ ഇരു ന്നാൽ പലപാപങ്ങളിൽ വിണുപൊകും എ ന്നു ബൊധിച്ചിരുന്നതിനെക്കൊണ്ടു പാടു പൊലെ ബാല്യപ്രായക്കാരെവിളിച്ചുകൂട്ടി കൊണ്ടു റൊമ്മായിലെ ഏഴുപ്രധാനദെവാ ലയങ്ങളിലും തിരുയാത്രകഴിച്ചു ചെന്നു ജപി ച്ചിരുന്നു. ആദ്യം ഇങ്ങനെയുള്ള പുണ്യാഭ്യാ സത്തിന്നു കൂടിയിരുന്നവർ ചുരുങ്ങിയ ആള കൾമാത്രം ആയിരുന്നെങ്കിലും ഏറെ താമ സിയാതെ രണ്ടായിരത്തൊളം വൎദ്ധിച്ചു. ഇ പ്രകാരം പരിശുദ്ധ പീലിപ്പൊസനെരിമുഖാ ന്തരം തിരുസ്സഭയിൽ പ്രബലപ്പെട്ട സന്യാസ സഭയുടെ ആരംഭം ഏതാനുംപെർ ഒന്നിച്ചു കൂടി ജപധ്യാനംകഴിക്കു, ജ്ഞാനപുസ്തകങ്ങ ളെ വായിച്ചുകെൾക്ക, പ്രസംഗംപറകയും കെൾക്കയുംചെയ്ക, കൂടക്കൂടെ കുമ്പസാരിച്ചു ശുദ്ധ: കുൎബ്ബാനകൈക്കൊള്ളുക, ധൎമ്മശാല കളിലും മറ്റു ദിനക്കാരുടെപക്കലും ചെന്നു

ങ്ങവരെ സഹായിക്ക, ദൈവാലയങ്ങളിൽ പൊയി സർവ്വേശ്വരനെ ആരാധിച്ച നമസ്കരിക്ക, മരണാവസ്ഥയിൽ ഇരിക്കുന്നവരെ പ്രധാനമായി സഹായിക്ക, എന്നിവകളായിരിക്കുന്നു. ഒരും സുകൃതവ്യാപാരംകണ്ടവക്കൊക്കെക്കും ഇതുവളരെ പ്രസാദിക്കയും ഇതുമുഖാന്തരം ജനങ്ങളിൽ വലിയഗുണം വർദ്ധിച്ചുവരുന്നു എന്നു ബൊധിക്കയും ചെയ്തതിനാൽ എല്ലാവരും ഇതിനെ സ്തുതിക്കയും അനേകർ ഇതിൽക്കൂട്ടുകയും ചെയ്തുതുടങ്ങി.

റൊമ്മായിലുള്ള പ്രൊട്ടെസ്റ്റ്യാക്കാർ ഒരു പുണ്യവാൻവഴിയായി സിദ്ധിച്ചുവരുന്ന ഗുണങ്ങളും, ധർമ്മവ്യാപാരങ്ങളും, ജനങ്ങളിലുള്ള സമ്മതിയും മതിപ്പും ദിവസെനെ വർദ്ധിച്ചുവരുന്നു എന്നുംകാണുകയാൽ തങ്ങളുടെ പള്ളിക്കാര്യവിചാരത്തെയും ഭരിപ്പിനെയും ഒരും മഹാരമാവിനു കൊള്ളിക്കണമെന്നു ആഗ്രഹിച്ചു അതിന്നായി പലപ്പോഴും ഒരും പുണ്യവാനൊടു അപെക്ഷിച്ചാറെയും സാധിക്കുന്നില്ലായെന്നു കാണുകയാൽ അന്നവാണിരുന്ന ൨-ാം പീയൂസ എന്ന ശ്രേഷ്ഠ: മാപ്പാപ്പായൊടു ഒരും ആഗ്രഹം ബൊധിപ്പിച്ച അപെക്ഷിക്ക

യും അവരുടെ അപേക്ഷപ്രകാരം നടത്തു
ന്നതിനു കല്പന ലഭിക്കയുംചെയ്തു. എന്നാൽ
ശ്ലൂഹ: മാപ്പാപ്പായുടെ കല്പനപ്രകാരം ഒരു
ദേവിപ്പിന്റെ കടത്തെ ഏറെക്കിലും തന്റെ
സഭയുടെ അടിസ്ഥാനസ്ഥലമായ ശ്ലൂഹ: ഒരു
ാനിമ്മോസിന്റെ വീട്ട, എന്ന കഫെള്ളയി
ലെകാഴ്ചങ്ങളെയുംപുണ്യാഭ്യാസങ്ങളെയും ക്രു
ടെ മുടക്കാതെ നടത്തിപ്പൊരുന്നതിനു ശ്ല: മാ
പ്പാപ്പായൊടു അനുവാദം വാങ്ങിഅതുപൊ
ലെരണ്ടുംഒന്നിച്ചുനടത്തിവന്ന.ഒരുകൊലയ
ദേവിപ്പിന്റെകടം ഏറപ്പെൾ അതിൽ തനി
ക്കു സഹായക്കാരരായിട്ടു തന്റെ മൂന്നശിഷ്യ
രെക്കുടെയും ഉൾപ്പെടുത്തിയിരുന്നു. ഇവ
രൊക്കയും വലിയ ശാസ്ത്രജ്ഞന്മാരും, രുങ്ങള
ടെ ഗുരുവും പിതാവുമായ ഒരു പുണ്യവാ
ന്റെ സുകൃതലക്ഷ്യങ്ങളെ അനുകരിച്ച വ
ലിയ പുണ്യപൂർണ്ണതപ്രാപിച്ചവരും ആയി
രുന്നതിനാൽ, ഒരുത്തൻ മെത്രാനും, രണ്ടുപെ
ർ കർദ്ദിനാൽമാരും ആയി തിരിഞ്ഞെടുക്കപ്പെ
ട്ടതിനു യൊഗ്യരായി. ഇവർ ഒരു വലിയ
സ്ഥാനത്തിൽ ആക്കപ്പെട്ടതുവരെ മിറവും അ
ടിച്ചും, കുസിഞ്ഞവെലയെടുത്തും, ധർമ്മശാലക

ളിൽ മീനക്കാക്കു ശുശ്രൂഷചെയ്യും വന്നിരുന്ന
തു ഒരിക്കലും മുടക്കീട്ടില്ല. ഇവക്കൊക്കെക്കും
ഉണ്ടായിരുന്ന ഏകതാല്പര്യവും, പരിശ്രമവും
ക്രിസ്ത്യാനികളിൽ നല്ലവ്യാപാരവും, ദൈവ
പെടിയും, ഒരുശൊമിശിഹായുടെ സ്ഥതിയും
വർദ്ധിപ്പിക്കെണമെന്നിതു മാത്രമായിരുന്നു.
ഇപ്രകാരം ഒരു ദൈവശുശ്രൂഷികളും, മുഖ്യ
മായി അവരുടെ ഗുരുവും പിതാവും പുണ്യ
ശ്ലോകനുമായിരുന്ന പരിശുദ്ധ പീലിപ്പൊ
സും, ഇരു ശുഷ്കാന്തിയൊടും, മഹാ എളിമ
യൊടും സാധുജനത്തൊടുംകൂടെ എല്ലാവരു
ടെയും ഉപകാരത്തിന്നും, സത്യതിരുസ്സഭയുടെ
മഹത്വത്തിന്നുംവെണ്ടി ഇരു ധർമ്മപ്രവൃത്തിക
ളെ നടത്തുകയും, എല്ലാവക്കും ഉത്തമജീവി
തത്തിന്റെ കണ്ണാടിപൊലെ ശൊഭിക്കയും
ചെയ്തിരുന്നെങ്കിലും, പിശാചിന്റെ തന്ത്രവും
തന്നിമനുഷ്യരുടെ ദുർബ്ബോധവുംകൊണ്ടു ഒരു
മഹാരമാവും തന്റെ ശിഷ്യരായ ശെഷംപെ
രും ചെയ്തിരുന്നതൊക്കയും കള്ളഭക്തിയും
അഹങ്കാരം മൂലമായുമാണെന്ന ശ്രുതി നടപ്പാ
കയും, ആയതിനാൽ ഇവർ ജനങ്ങളെ കൂട്ടു
കയും പള്ളികളിൽപ്പൊയി സന്ദർശിച്ച ജ

പിക്കയും, ധർമ്മശാലകളിൽപ്പോയി ശുശ്രൂഷ ചെയ്കയും പ്രസംഗം മുതലായവപറഞ്ഞ ജനങ്ങളിൽ ധ്യാനം നടത്തുകയുംചെയ്യുന്നതൊക്കയും കലാപത്തിന്നും അഹങ്കാരത്തിന്നുമല്ലാതെ മറ്റയാതൊരു ഫലവുമില്ലായെന്നപൊതുവായി പറഞ്ഞുവരികയും, ഇതുകാരണത്താൽ ഒരും പുണ്യവാനൊട്ടും ഒരും സഭയിൽചെന്ന ശെക്ഷപ്പെരൊട്ടും വലിയ ഉപദ്രവവും ഞെരുക്കവും ചെയ്തുതുടങ്ങുകയുംചെയ്തു. ജനങ്ങളിൽ പരന്ന ദുക്ഷണശ്രുതി ശ്രദ്ധ: മാപ്പാപ്പായുടെ വികാരിയായ കർദ്ദിനാൽകെട്ടാറെ പരിശുദ്ധപീലിപ്പൊസിനെ മുമ്പാകെ വിളിപ്പിച്ച വളരെ ശാസിച്ച പതിനഞ്ചുദിവസത്തെക്ക കുമ്പസാരിപ്പിക്കയും, മറുചട്ടമായിചെയ്തിരുന്നസഭയ്ക്കുടുത്തഅഭ്യാസങ്ങൾയാതൊന്നും, ചെയ്കൂടായെന്നും നടത്തുകയും മെലാൽ ഏതെകിലുംചെയ്താ എന്നുവന്നാൽ പാറാവിലാക്കുമെന്നും കല്പിച്ചു. പരിശുദ്ധപീലിപ്പൊസ ഒരും ശാസനയ്ക്കും ചൊദ്യത്തിന്നും മഹാഎളിമയൊട്ടും ആചാരത്തൊട്ടുംക്കുടെ ഉത്തരിച്ചു. പ്രധാനമായി പുണ്യവാൻ കഴിച്ചിരുന്ന ഒരും വെലയും അഭ്യാനങ്ങളും ഒ

രു നൂതനമതത്തിന്റെ ആരംഭമാണെന്ന പ
റഞ്ഞതുകെട്ടപ്പോൾ അവിടെ ഉണ്ടായിരു
ന്ന ഒരു ങ്ങപ്പെട്ടുരുപത്തിന്റെനേരെ തി
രിഞ്ഞ "കർത്താവെ! ഞങ്ങൾ ചെയ്യുന്നതു എ
ന്തു അഭിപ്രായത്തോടെ ചെയ്യുന്നു എന്നു നീ
തന്നെ അറിഞ്ഞിരിക്കുന്നു" എന്നുമാത്രം ഉ
ത്തരമായി പറഞ്ഞുകൊണ്ടു പൊരുകയുംചെ
യ്തു.

ഇതിന്റെശേഷം സകലത്തിലും ദൈവ
തിരുമനസ്സുമാത്രം അനുഷ്ഠിക്കയും, ദൈവ
ത്തിന്റെ സ്ഥാനത്തിൽ ഇരിക്കുന്നവരായ മേ
ൽയജമാനന്മാർക്കുള്ള കീഴ്വഴക്കത്തെ സകല
ത്തെക്കാൾ പ്രധാനമായി മതിച്ചു അനുസരി
ക്കയുംചെയ്തുവന്ന ഒരു മഹാരമാവു തന്റെ
ശിഷ്യരായിട്ടുണ്ടായിരുന്നവരൊട്ടു ഇനി ത
ന്നൊടുക്കുടെ ഒന്നിച്ചുനടക്കയും ഒന്നിച്ചു കൂ
ട്ടുകയുംവെണ്ടായെന്നും ദൈവം തന്നെ നമ്മു
ടെ ഹൃദയത്തിന്റെ പാട്ടാഞ്ഞെയും അഭി
പ്രായ ശുദ്ധതയെയും ബൊധപ്പെട്ടുന്ന
തുവരെ ദൈവതിരുമനസ്സിനും മെൽയജമാ
നന്മാരുടെയും കല്പനയ്ക്കും പൂർണ്ണമനസ്സോടെ
കീഴ്വഴങ്ങി ക്ഷമയും സന്തൊഷവുമായിരിക്കെ

ണമെന്നും പറഞ്ഞു തമ്മിൽ പിരികയുംചെയ്തു. ഒരു പുണ്യവാന്റെ ഇത്രനല്ല കീഴ്പഴക്കത്തിന്നും ക്ഷമയുള്ളും പ്രതിസമ്മാനമായി ഏറെ താമസിയാതെ വിശേഷ ദൈവാനുഗ്രഹത്താൽ ശുദ്ധ: മാപ്പാപ്പാതന്നെ ഒരു കാഴ്ചങ്ങളൊക്കയുടെയും യഥാസ്ഥിതി ഗ്രഹിപ്പാനും, ഒരു വിഷ്ണങ്ങളൊക്കയും നീക്കി പൂണ്ണ അനുവാദവും ആശീർവ്വാദവും നൽകുന്നതിന്നും ഇടയായി. ഇത്രമാത്രമല്ല ഒരു പുണ്യാത്മാസങ്കൽക്കു പരിശുദ്ധപിതാവുക്രുടെയും ക്രുടുന്നതിന്നു ആഗ്രഹിച്ചിരിക്കുന്ന എന്നും, ആയതു പാടില്ലായ്കയാൽ അങ്ങേക്കുവെണ്ടി പ്രാർത്ഥിക്കെണമെന്നും പറഞ്ഞയച്ചതുക്രുടാതെ മാതാവിന്റെ ശുദ്ധീകരതിരുനാളിൽ ആശീർവ്വദിച്ചതായി തനതു കപ്പലയിൽ പെരുമാറിവന്നിരുന്ന രണ്ടു തങ്കംപൂചിയ മെഴുകുതിരികളെ സ്നേഹചിഹ്നമായി കൊടുത്തയക്കുക്രുടെയുംചെയ്തു. ആകയാൽ ഒരു പുണ്യവാനും ശേഷം സഹോദരരും സഹായക്കാരും എല്ലാവരും പൂണ്ണസന്തുഷ്ടിപ്രാപിച്ച സർവ്വേശ്വരനെ സ്തുതിക്കയും മുമ്പിലത്തെപ്പൊലെ ജപധ്യാനം, പ്രസംഗം, ജ്ഞാനവായന ദൈവാ

ലയ സന്ദർശനം മുതലായ പുണ്യാഭ്യാസങ്ങ
ളെ ഏറ്റവും വലിയ ജാഗ്രതയൊടെ നടത്തു
ന്നതിന്നു ആരംഭിക്കയും ചെയ്തു. ഇപ്രകാരം
സകലവും വിശേഷ ആരമപ്രയൊജനത്തൊ
ടെ നടത്തിവരികയിൽ ഒരു സഭയുടെ അടി
സ്ഥാന സ്ഥലമായ ശ്രുഭ: ഒരുറാനിമ്മൊസി
ന്റെ വീട എന്ന കഫെള്ളയിൽ പറഞ്ഞു വ
ന്നിരുന്ന പ്രസംഗങ്ങളിൽ സ്ഥിരമറ്റതും നൂ
തനമായതുമായ ചില അഭിപ്രായങ്ങളെയും
പഠനങ്ങളെയും പൊതുവായി പ്രസംഗിച്ചു
വരുന്നു എന്നും, ആയതിനാൽ ഒരു പ്രസംഗം
മുടെക്കുണമെന്നും ശ്രുഭ: മാപ്പാപ്പായുടെ മു
മ്പാകെ ആവലാധിയുണ്ടായി. ഇതിന്നും പ
രിശ്രുഭ്യപിതാവു ചില ശാസ്ത്രജ്ഞന്മാരെ ര
ഹസ്യമായി നിശ്ചയിച്ച കാര്യം പരിശൊധ
നകഴിച്ചാറെ അവിടെ പറഞ്ഞിരുന്നതൊക്ക
യും സത്യവെദത്തിന്നും സന്മാർഗ്ഗത്തിന്നും യൊ
ജിച്ചുള്ള ഉത്തമ ഉപദെശങ്ങളല്ലാതെ മ
റൊന്നുമല്ലായെന്നുബൊധപ്പെട്ടതിനാൽ ഒരു
വിഷ്ലവും വെഗത്തിൽ തീർന്നുപൊയി.

ഒരു വിരൊധങ്ങളും ഞെരുക്കങ്ങളുമൊ
ക്കയും തീർന്നു സമാധാനമായതിന്റെശെഷം

ംരം നൂതനസഭയ്ക്കുതക്ക ക്രമചട്ടങ്ങളെ എഴു
തിക്കൊടുത്തു മെലാൽ ംരംശൊമിശിഹായു
ടെ ഒരു പുതു സൈന്യംപൊലെ ക്രമമായി
നടക്കത്തക്കവണ്ണം ഭദ്രമാക്കെണമെന്ന പല
രും പുണ്യവാനൊടു അപെക്ഷിക്കയാലും,
ംരം നൂതനസഭമൂലം ജനങ്ങളിൽ വർദ്ധിച്ചിരു
ന്ന ഗുണങ്ങളും ഉപകാരങ്ങളുംകൊണ്ടു ഇതു
ദൈവസ്തുതിക്കും ആത്മാവുകളുടെ രക്ഷയ്ക്കും
ഏറ്റവും പ്രയൊജനമായി വരുമെന്ന ംരം മ
ഹാത്മാവിനും തൊന്നിയതുകൊണ്ടും, ംരം സ
ഭയ്ക്കുതക്ക ഒരു സ്ഥലം തനതായി ലഭിക്കെ
ണമെന്നും, ക്രമചട്ടങ്ങളെ സ്ഥാപിക്കെണമെ
ന്നുംതന്നെ നിശ്ചയിച്ചു. ഇപ്രകാരമുള്ള ംരം
കാഴ്ചയിൽ ദൈവതിരുമനസ്സു എങ്ങനെ എ
ന്ന അറിയുന്നതിനുവെണ്ടി അപ്പൊൾ വാ
ണിരുന്ന ഫനുാം ഗ്രൈഗൊരിയൂസ എന്ന ശ്രേ
ഷ്ഠ: മാപ്പാപ്പായൊടു ംരം ആഗമനവും അഭി
പ്രായവും ബൊധിപ്പിച്ചു. ശ്രേഷ്ഠ:മാപ്പാപ്പാംപൂ
ർണ്ണസന്തൊഷത്തൊടെ ംരം അഭിപ്രായത്തെ
അംഗീകരിച്ചു തക്ക സ്ഥലവും കാണിച്ചുകൊടു
ത്തു. അപ്രകാരം ആ സ്ഥലം സഭയ്ക്കായിവാ
ങ്ങി, തക്ക ജീവിതക്രമവും എഴുതിയുണ്ടാക്കി

൧൭൭൪-ാം ആണ്ടിൽ ഗ്രീഹാഗ്യൂട്ടത്ത സിംഹാസനത്തിന്റെ അധികാരത്തോടെ സഭയെയും ക്രമപ്രകാരം സ്ഥാപിച്ചു. ൦രം സഭയ്ക്കു "ജൂപക്കുട്ടം,, എന്നു പറയത്തക്ക "Congregatio Oratorii" എന്ന നാമവും വിളിച്ചു.

മെൽ പറഞ്ഞവണ്ണം സന്ന്യാസമഠത്തിന്നുതക്ക സ്ഥലവുംകിട്ടി, കാഴ്ചവും നടന്നുതുടങ്ങിയെങ്കിലും പരിശുദ്ധ പിലീപ്പൊസ താൻ ഒരു നൂതന സഭയുടെ അടിസ്ഥാനക്കാരൻ എന്നുള്ള നാമം തനിക്കു വരാതിരിക്കേണമെന്നുള്ള താല്പര്യം കാരണത്താൽ ൦രം പുതു ആശ്രമത്തിലൊട്ടു ശെക്ഷംപെരെ അയച്ചതല്ലാതെ താൻ പൊകാതെ മുമ്പിലത്തെപ്പൊലെയുള്ള വെലകളെ നടത്തിവന്നിരുന്നു. എങ്കിലും കടശി ശുദ്ധ: മാപ്പാപ്പായുടെ കല്പനയ്ക്കു കീഴ്പ്പഴങ്ങി ൧൭൫൯-ാംകാലം വൃശ്ചികം ൨൭-ാംനു പുതു ആശ്രമത്തിൽ വസിപ്പാൻ പൊയി. അവിടെ മരണംവരെ കഴിച്ചു പുണ്യജീവിതവും, ശെക്ഷംപെരിൽ ജനിപ്പിച്ച ദൈവഭക്തിയും, സുകൃത വ്യാപാരവും അതിശയിക്കത്തക്കതായിരിക്കുന്നു. ൦രം പുണ്യവാൻ തനതു മക്കളായ സന്ന്യാസികളൊട്ടു പറഞ്ഞിരുന്ന ഉ

ണമൊക്കെങ്ങളുടെ സാരസംക്ഷേപം ഇതാകുന്നു: പ്രസംഗംപറയുമ്പോൾ ദൈവസ്തുതിയും ആത്മരക്ഷയുംമാത്രം ആഗ്രഹിച്ചുകൊണ്ടു എല്ലാവക്കും ഉപകാരംവരുത്തുക സാമാന്യകാര്യങ്ങളെത്തന്നെ പട്ടാങ്ങയായ ഹൃദയശുദ്ധിയോടെ പറയുന്നതല്ലാതെ യാതൊരു വിശേഷ ശാസ്ത്രവും, അപൂർവ്വകാര്യവും പറയേണ്ട. എല്ലായിടത്തിലും എളിമപ്പെടുന്നതിനും, ലൊകനിന്ദ എന്ന പുണ്യത്തെ സമ്പാദിക്കുന്നതിനും താല്പര്യമായിരിക്കയും ഇതിന്നായി ശ്രമിക്കയും ചെയ്യേണം. നങ്ങളുടെ ശാസ്ത്രവും സാമർത്ഥ്യവും കാണിപ്പാൻവെണ്ടി യാതൊന്നും പ്രവൃത്തിച്ചുപൊകരുതു. ശ്രേഷ്ഠ: പുസ്തകത്തിൽ അടങ്ങിയിരിക്കുന്ന ദിവ്യരഹസ്യങ്ങളെ പ്രധാനമായി ധ്യാനവും നമസ്കാരവുംകൊണ്ടു ഗ്രഹിപ്പാൻ ഉത്സാഹിക്കേണം. ഗുരുപ്പട്ടക്കാർ ഒരിക്കലും കുമ്പാനം മുടക്കരുതു; എന്നാൽ ഒരൊ ദിവ്യപൂജയുടെ തിരുസ്സഭയുടെ ക്രമപ്രകാരമുള്ള നെരത്തിൽ ഒട്ടും കുറെക്കയുമരുതു, ക്രമംവിട്ട ഭക്തികൊണ്ടു ഏറെ നീളിപ്പിച്ച ജനങ്ങൾക്കു മടുപ്പിന്നു ഇടയാക്കുകയും അരുതു. പുണ്യത്തിൽ വർദ്ധിപ്പാനും പു

ന്യൂപൂണ്ണത പ്രാപിപ്പാനും മനസ്സാകുന്നവരൊ
ക്കയും തങ്ങൾക്കു സ്വന്തമനസ്സും അഭിപ്രായ
യവും അശേഷമില്ലാതെ ശ്രേഷ്ഠന്മാക്കും ആ
രമപിതാവിനും പൂണ്ണമായി കീഴ്പ്പഴങ്ങി അ
വരുടെ ഹിതമൊക്കവും മനസ്സുപോലെങ്ങനെയൊ
അങ്ങനെ സമസ്തകാര്യങ്ങളിലും അനുസരി
ച്ചു നടക്കേണം. സന്ന്യാസികൾ അല്ലാത്തവ
ർ പുണ്യവഴിയിൽ നടപ്പാൻ ആഗ്രഹിക്കുന്നെ
കിൽ ഒന്നാമത്തെതായി ഒരു നല്ല ആറിവും
വിവെകവും, പുണ്യവ്യാപാരവുമുള്ള കുമ്പസാ
രക്കാരനെ തെരിഞ്ഞെടുത്ത സകലവും അ
യാളുടെ ഹിതമൊക്ഷത്തിനു തക്കവണ്ണം നട
ത്തിക്കൊള്ളേണം. ദൈവം തന്നെ പ്രത്യക്ഷ
മായി അരുളിച്ചെയ്യുൽ എങ്ങനെ അതു
കെട്ടനുസരിക്കുമൊ അതുപൊലെതന്നെ ശ്രേ
ഷ്ഠന്മാരുടെയും, ആരമപിതാവിന്റെയും മന
സ്സിനും ഹിതമൊക്ഷത്തിനും കീഴ്പ്പഴങ്ങി നടക്കേ
ണം. എളുപ്പത്തിൽ വലിയ പുണ്യപൂണ്ണത പ്രാ
പിക്കുന്നതിനുള്ള സംശയമറ്റ വഴിയും, ദൈ
വത്തിനു കാഴ്ചവെക്കാകുന്ന എല്ലാറ്റിലും വ
ലിയ ബലിയും ചൊല്ലുവിളിയായിരിക്കു
ന്നു. ഒരുവണ്ണം എല്ലാവരൊടും പറകയും സ

കലവും താൻതന്നെ മുമ്പിനാൽ പ്രവൃത്തിച്ചു കാണിക്കയും ചെയ്തിരുന്നു. ഇങ്ങനെയുള്ള ഉത്തമ ഗുണങ്ങളും, ഇവയ്ക്കു തക്കവണ്ണമുള്ളപുണ്യജീവിതവും കാരണത്താൽ ഒരു സഭ അല്പ കാലത്തിന്നിടയിൽ പലപല ദേശങ്ങളിൽ ചെന്ന ബഹു ആശ്രമപ്രയോജനവും ദൈവസൂതിയും വരുത്തുന്നതു കാണ്മാൻ ഇടയായി.

ഒരു മഹാത്മാവിന്റെ ഹൃദയത്തിൽ ജ്വലിച്ചിരുന്ന ദൈവസ്നേഹാഗ്നിയുടെ ശക്തിയാൽ പലപ്പോഴും മുഖവും കണ്ണും അഗ്നിമയമായി കാണപ്പെട്ടിരുന്നു. കുബ്ബാനനേരത്തിൽ ഒരു ദിവ്യാഗ്നിയുടെ ശക്തിയാൽ ശരീരത്തിന്നു കൊണ്ടിരുന്ന ഞടുക്കംകൊണ്ടു പീഠത്തിന്റെ മരംകൊണ്ടുള്ള പതവിക്രുടെയും കുലുങ്ങിയിരുന്നു. കർത്താവിന്റെ പകുപ്പാട്ടും, മാനുഷരുടെ നന്ദിഹീനതയും ഓർത്തിട്ടുണ്ടായിരുന്ന കരച്ചിലിന്റെ ആധിക്യത്താൽ കണ്ണുരണ്ടും പൊട്ടിപ്പോകാഞ്ഞതു വലിയ അത്ഭുതമായി തോന്നിയിരുന്നു. എന്നാൽ ഇത്രവലിയ ദൈവസ്നേഹത്തെ പ്രാപിച്ചതു നിത്യനമസ്കാരവും ധ്യാനവുംകൊണ്ടുതന്നെ ആയിരിക്കുന്നു. ദൈവസ്നേഹത്തിന്റെ ആധിക്യത്തി

ന്ന തക്കവണ്ണം ക്രമേണ്ണ പിരിയാത്ത സ്നേഹവും വർദ്ധി
ച്ചിരുന്നു. രാവും പകലും പാടായവിധമൊ
ക്കയിലും ആരമരക്ഷയിലും പുണ്യവർദ്ധനയിലും
വെണ്ടി സകലപ്രയത്നവും കഴിച്ചിരുന്നു. പ്ര
ത്യേകം ബാല്യപ്രായം തിന്മയിലേ ഏറ്റം ചാ
ഞ്ഞതായിരിക്കകൊണ്ടു ഓരോ പ്രായക്കാരരെ
എല്ലാവരെയും ഒന്നിച്ചുകൂട്ടി ദിവസംതോറും
ഓരോ പുണ്യാഭ്യാസങ്ങളെ പഠിപ്പിക്കയും,
ജ്ഞാനപുസ്തകങ്ങളെ വായിച്ചു കേൾപ്പിക്ക
യും, നല്ല ചരിത്രങ്ങളെ പറഞ്ഞു മനസ്സിലാ
ക്കുകയും, ബാല്യപ്രായക്കാരരെ എല്ലാവരെ
യും വലിയ പട്ടാളംപോലെ ഒന്നിച്ചുകൂട്ടി
ഇവരെയുംകൊണ്ടു ഏഴു പ്രധാന ദേവാല
യങ്ങളിലുംപോയി സന്ദർശിച്ചു ജപിക്കയും,
ധർമ്മശാലകളിൽ കൊണ്ടുപോയി ഓരോ
സഹായങ്ങളെ ചെയ്യുന്നതിന്നു പഠിപ്പിക്കയും
ചെയ്തിരുന്നു. ചിലപ്പോൾ ഓരോ പൈതങ്ങ
ളെ എല്ലാവരെയും വലിയ വെളിമ്പറമ്പി
ൽ കൊണ്ടുപോയി പന്തുകളിപ്പിക്കയും, അ
വരോടുകൂടെ സന്തോഷമായി കളിക്കയും,
അതിൻശേഷം വാഴ നല്ല യാവനയും
കൊടുത്തു സന്തോഷിപ്പിച്ചു തൃപ്തിയാക്കീട്ടു വ

ല്ല വിശേഷ പുസ്തകങ്ങളെ വായിച്ചു കേൾപ്പിക്കയും, നല്ല ഗുണദോഷങ്ങളെയും മറ്റും പറഞ്ഞ പുണ്യതാല്പര്യം വരുത്തുകയും ചെയ്തതിൻറശേഷം വീടുകളിലൊട്ട അയച്ചിരുന്ന. പൈതങ്ങൾ തിന്ന കുടിച്ച സന്തോഷിക്കയും കളിക്കയുംചെയ്യുന്നതു കാണുമ്പോൾ മഹാ സന്തോഷം പ്രാതിച്ച "എൻറ കുഞ്ഞുമക്കളെ നിങ്ങൾ തിന്ന കളിച്ചു സന്തോഷമായിരിപ്പിൻ. എന്നാൽ ംരംശൊമിശിഹായൊടുമറുത്തുള്ള ദ്രോഹം മാത്രം ചെയ്യരുതെ" എന്ന പറഞ്ഞിരുന്ന.

പൈതങ്ങളൊട്ടുകൂടെ ഒന്നിച്ചു പാർക്കളിക്കയും, അവരെ സന്തോഷിപ്പിപ്പാൻ തക്കവണ്ണം പല കുറമില്ലാത്ത വിനൊദപൊംവഴികളെ പ്രയൊഗിക്കയും ചെയ്തിരുന്ന. ഇതൊടൊന്നിച്ചു ംരം പൈതങ്ങൾ കൂടക്കൂടെ കുമ്പസാരിക്കയും ശുദ്ധ: കുൎബ്ബാന കൈക്കൊള്ളുകയും ചെയ്യുണമെന്നും കാരണവന്മാൎക്കും മറുമെൽ യജമാനന്മാൎക്കും പൂൎണ്ണമായി കീഴ്പ്പെണടമന്നും അവരൊട്ട പറഞ്ഞു പഠിപ്പിച്ചിരുന്ന. ഇതിനുതക്ക പല ഉത്തമ ദൃഷ്ടാന്തങ്ങളെയും ചരിത്രങ്ങളെയും കെൾപ്പിച്ചു സന്തൊ

ക്കിപ്പിക്കയും ചെയ്തിരുന്നു. പൈതങ്ങളെ സ
ന്തോഷിപ്പിച്ചു സന്ധിക്കുന്നതിന്നും, അവരെ
ആഗൃഹംപൊലെ പുണ്യവഴിയിൽ നടത്തുന്ന
തിന്നും ഒരുമഹാരമായിന്ന ഒരു അത്ഭുതമായ
സാമർത്ഥ്യം ഉണ്ടായിരുന്നു. എന്നാൽ ജീവിതം
മുഴുവനും നൊക്കിയാൽ ശ്ലൊ: പൌലൊസി
ന്റെ തിരുവചനംപൊലെ സകലരെയും മി
ശിഹായ്ക്കു നെടുന്നതിന്നുവെണ്ടി സകലക്കും
സകലവുമായിരുന്ന എന്നു സ്പഷ്ടമായിരിക്ക
ന്നു.

ദരിദ്രരായ അനെക കുഡുംബങ്ങൾക്ക
കഴിച്ചിലിന്ന വക കൊടുത്തുവന്നിരുന്നു. പ
ല ബാല്യസ്ത്രീകൾക്കു സ്ത്രീധനംകൊടുത്തു വി
വാഹം കഴിപ്പിച്ചു. പല സന്ന്യാസസഭകളു
ടെ മുട്ടുപാടുകളിൽ വലിയ സഹായം ചെ
യ്തിരുന്നു. ദിനത്തിലും പാറാവിലും കിടന്നി
രുന്നവരെ ധൈർയ്യംകൊടുത്തു സഹായിച്ചിരു
ന്നു. ഒരിക്കൽ രാത്രിസമയത്തിൽ ഒരു പാ
പപ്പെട്ട വീട്ടുകാക്ക കൊടുക്കുന്നതിന്ന അപ്പ
വുംകൊണ്ടു പൊകയിൽ യൊഗ്യമുള്ള ഒരു
കുഴിയിൽ വീണുപൊയി. ഉടനെ ഒരുദൈ
വദൂതൻ വന്ന ആ കുഴിയിൽനിന്ന കരെറ്റി.

മറൊരിക്കൽ ഒരു ദൈവട്ടരൻ ഭിക്ഷുക്കാ
രന്റെ ഭാവത്തിൽ പുണ്യവാനൊട്ട ധർമ്മം
ചൊദിച്ചു. ഉടനെ ഉണ്ടായിരുന്നതെല്ലാം
സന്തൊഷത്തൊടെ കൊടുത്തു. മരിക്കാറായി
രുന്ന പലരുടെ അടുക്കൽ ഒരു പുണ്യവാ
ൻ ചെന്ന ഉടനെ അവരെ പരീക്ഷിച്ചിരു
ന്ന പിശാചുക്കൾ ഓടിപ്പൊകുന്നതു അത്ഭുത
മായി കണ്ടിട്ടുണ്ടു. വിരക്തി എന്ന നിർമ്മല
പുണ്യത്തെ എപ്പൊഴും സ്നെഹിച്ചു സമ്പാദിച്ചി
രുന്നു എന്ന അറിയുന്നതിനു ഒരു മഹാത്മാ
വിന്റെ ദെഹത്തിൽനിന്നു എപ്പൊഴും പര
ലൊകത്തിന്നടുത്ത സുഗന്ധം വീശിയിരുന്നു
എന്നും, തണ്യപരീക്ഷയാൽ ബാധിക്കപ്പെട്ടി
രുന്നവരെ ഒരു പുണ്യവാന്റെ കൈകൊ
ണ്ടു തൊട്ടാൽ ഉടനെ ആ പരീക്ഷ നീങ്ങി
പ്പൊയിരുന്നു എന്നും ഓർത്താൽ മതിയായി
രിക്കുന്നു. ഇതുക്കൂടാതെയും വിരക്തരായി
രിക്കുന്നവരെ അവരിൽനിന്നു പുറപ്പെട്ടിരു
ന്ന മനൊവാക്കിലടങ്ങാത്ത ഇമ്പമുള്ള സുഗ
ന്ധംകൊണ്ടും, ഒരു നിർമ്മലപുണ്യം ഇല്ലാത്ത
വരെ അവരിൽനിന്നു പുറപ്പെട്ടിരുന്ന സ
ഹിക്കരുതാത്ത ദുർഗ്ഗന്ധംകൊണ്ടും ഒരു പുണ്യ

വാൻ തിരിച്ചറിഞ്ഞിരുന്നു. പലപ്പോഴുംതൈ
വസ്നേഹാധിക്യത്താൽ പരവശമായി യാ
തൊന്നും തിരിച്ചറിയാതെ മരിച്ചവനെപ്പോ
ലിരിക്കയും, ശരീരം ഭൂമിയിൽനിന്നു ആകാശ
ത്തിലൊട്ടു പൊങ്ങി അത്ഭുതമായ പ്രകാശം
വീശിക്കൊണ്ടു നില്ക്കയും ചെയ്തിരുന്നു. ഒരി
ക്കൽ കർത്താവിന്റെ പിറവിയുടെ രാത്രിയിൽ
പീഠത്തിന്മേൽ ഉണ്ണിമിശിഹാ പിറന്നുകിടക്ക
ുന്നതായി കണ്ടു. പലപ്പോഴും ദിവ്യപൂജയി
ൽ പരലോകഭാഗ്യത്തെക്കണ്ടു സന്തുഷ്ടിപ്രാപി
ച്ചിരുന്നു. ഒരും പുണ്യവാന്റെ ആത്മ ആശ്ര
മദൈവാലയത്തിന്റെ മേൽക്കൂട്ടു വീഴുവാൻ
തക്ക സ്ഥിതിയിലായിരിക്കയിൽ ദൈവമാതാ
വുതന്നെ ആ കൂടിനെ പിടിച്ചു വീഴാതെനി
റുത്തുകയും, ശേഷംപേർ വന്നു ആ യൊഗ്യം
ഒഴിച്ചതുവരെ അങ്ങനെതന്നെ താങ്ങുകയും
ചെയ്തു എന്നും പുണ്യവാൻ കണ്ടിരുന്നു. മ
രിച്ചതിന്റെ തലെ ആണ്ടിൽ ദീനമായി കി
ടന്നിരുന്നപ്പോൾ ദൈവമാതാവു വന്ന ആകാ
ശത്തിലൊട്ടു ഉയർത്തി ആശ്വസിപ്പിച്ചു സുഖ
മാക്കിക്കൊണ്ടു മറയപ്പെട്ടുപൊയി. ഒരും പു
ണ്യവാൻ കുമ്പസാരിപ്പിച്ചു നടത്തിവന്ന പ

ഭ ഭകൃതിക്കാരുടെ ആരമാവസ്ഥയെ അവ
ർ ജീവിച്ചിരിക്കയിൽത്തന്നെ അത്ഭുതമായി
കണ്ടറികയും, അവർ മരിക്കയിൽ ദൈവഭൃത
ന്മാരുടെ പരിവാരത്തോടും ഗീതവാദ്യങ്ങ
ളോടുംകൂടെ പരലൊകത്തിലൊട്ടു പൊകു
തിനെ കാങ്കെയും ചെയ്തിട്ടുണ്ട. പലപ്പൊഴും
ംരം മഹാരമാവിനെ ഭയപ്പെട്ടുത്തുവാനായി
ഭയങ്കരഭാഷയിൽ കാണപ്പെട്ടിരുന്ന ദുഷ്ടപി
ശാചുക്കളെ ആട്ടി ഓടിച്ചിരുന്നു.

വരുവാനിരിക്കുന്ന പലംപല കാര്യങ്ങളെ
യും, ദൂരദെശങ്ങളിൽ സംഭവിച്ചിരുന്നവക
ളെയും കൺമുമ്പാകെ കണ്ടിരുന്നതുപൊലെ
അറിഞ്ഞ ആവശ്യംപൊലെ പറഞ്ഞിരുന്നു.
ഇതുകൂടാതെയും ഒരുനെരത്തിൽത്തന്നെ വെ
വ്വെറെ സ്ഥലങ്ങളിൽ കാണപ്പെട്ടുകയും, പ
ലകാര്യങ്ങളെ നടത്തുകയും ചെയ്തിരുന്നു. ഒ
രിക്കൽ റൊമ്മയിൽ ഒരുകാര്യം നടത്തിയി
രിക്കയിൽ ആ സമയത്തിൽത്തന്നെ കടലി
ൽ കാണപ്പെട്ട അവിടെ മുങ്ങി മരിപ്പാൻതു
ക്ക സ്ഥിതിയിലായിരുന്ന തന്റെ ജനനമക്ക
ളിൽ ഒരുത്തനെ തലമുടിമെൽ പിടിച്ച കു
രയിലാക്കി രക്ഷിച്ചു. ഏതൊരു വിധ ദിന

ക്കാരെയും അത്ഭുതമായി സുഖമാക്കയിരു
ന്നു. ചിലരെ കൈകൊണ്ടു തൊട്ടുകൊണ്ടും,
ചിലരുടെമെൽ കുരിശിന്റെ അടയാളം വ
ച്ചുകൊണ്ടും, ചിലരൊട്ടു സൌഖ്യമായി എ
ഴുന്നെല്ക്ക എന്നു കല്പിച്ചുകൊണ്ടും, മറു ചി
ലക്കു വാഴ്ച യാവന കൊടുത്തുകൊണ്ടും സു
ഖമാക്കിയിരുന്നു. എ: ഉ: കട്ടിനാൽ ആയ
ബൊനിയൂസ എന്ന ഒരുത്തൻ അല്ല യാപ
നപൊലും തിന്മാനും, തലപൊക്കുവാനും ക്രു
ടെ വഹിയാതെ കിടക്കയിൽ എഴുന്നെറ
ഇരുന്ന ഒരു അപ്പം മുഴുവനും ഒരു നാര
ങ്ങായുംകൂട്ടി തിന്മാൻ കല്പിച്ചു. ഇപ്രകാരംതി
ന്ന ഉടനെ പൂൎണ്ണസൌഖ്യമാകയും ചെയ്തു.
എഉജെനിയ എന്ന ഒരു സ്ത്രീ ഏകദെശം ര
ണ്ടു വൎഷത്തൊളം ഒരു കഠിന വ്രണത്താൽ
പീഡിക്കപെട്ടതിന്റെശെഷം ൦രം പുണ്യവാ
ൻ പെരുമാറിയ ഉടുപ്പുകൊണ്ടു ദിനമുള്ളസ്ഥ
ലത്തു തൊട്ട ഉടനെ സുഖമായി. ഇതുമെ
ന്നിയെ മരിച്ച പല ആളുകളെയും ൦രം മ
ഹാ ദൈവശ്രുശ്രൂഷി വീണ്ടു ജീവിപ്പിച്ചിട്ടുണ്ടു.
ഒരുത്തൻ നല്ല കുമ്പസാരത്തിന്നു ഇടയാകാ
തെ മരിച്ചതിന്റെശെഷം പരിശുദ്ധ പീലി

പ്പൊസുനെരി അവൻെറ പെർമ്മിളിച്ചുകൊ
ണ്ടു അവനെ ഉയപ്പിച്ചു നല്ലുണ്മസാരവും
കിഴിപ്പിച്ചു. ആയതിൻെറശെഷം ഇപ്പൊൾ
സന്തൊക്ഷത്തൊടെ മരിക്കാമൊ എന്നു ചൊ
ദിച്ചതിന്നു ആകാമെന്നു സമ്മതിച്ച പുണ്യവാ
നും അനുവദിച്ച സൂക്ഷിയൊടെ മരിക്കയും
ചെയ്തു.

ഇരുവലിയ ദൈവദാനങ്ങളും പുണ്യപൂ
ൎണ്ണതയും ഉണ്ടായിരുന്നെങ്കിലും താൻ ലൊ
കത്തിൽ ഉള്ളവരിൽ എല്ലാറ്റായിലും വലിയ
പാപിയായിരിക്കുന്നു എന്നു വിശ്വസിക്കയും
പറകയും ചെയ്തിരുന്നു. ആയതിനാൽ ദിവ
സന്തൊറും "കൎത്താവെ! നീതന്നെ എന്നെ
കാത്തുകൊള്ളണമെ! നീ എന്നെ കാത്തു ര
ക്ഷിക്കയില്ലായെങ്കിൽ ഇപ്പൊൾത്തന്നെ ഞാ
ൻ യൂദായെപ്പൊലെ നിന്നെ വിറ്റുകൊട്ടു
ക്കയും, ലൊകത്തിലുള്ള സകല തിന്മകളിലും
ഉൾപ്പെട്ടുകയുംചെയ്യുമെ,, എന്നു പറഞ്ഞു അ
പെക്ഷിച്ചിരുന്നു. ചെറുപ്രായംമുതൽ ലൊ
കനിന്ദ, ശരീരനിഗ്രഹം, നിത്യജപധ്യാനം, ക
ഠിന ഉപവാസം, ആത്മശരീരശുദ്ധത, ക്ഷ
മ, കീഴ്വഴക്കം എന്നീ പുണ്യങ്ങളിൽ മനുഷ്യ

രാൽ കഴിയുന്നിടത്തൊളമുള്ള സാംഗോപാം
ഗത്തോടെ അഭ്യസിച്ചിരുന്നിട്ടും തന്നെത്താൻ
മഹാപാപി എന്നല്ലാതെ മറ്റു യാതൊരു
വിചാരവും മതിപ്പും ഉണ്ടായിട്ടില്ല. ഇപ്രകാ
രം എല്ലാംകൊണ്ടു പൂർണ്ണപൂർണ്ണത പ്രാപിച്ചു
കൊണ്ടു പരലൊകവാഴ്വുമാത്രം ആഗ്രഹിച്ചു
പെക്ഷിച്ചിരുന്നു. മരിക്കുന്നതിന്നുമുമ്പിൽ പല
പ്പോഴും ഉണ്ടായ കഠിനദിനങ്ങൾകൊണ്ടു
നാലുപ്രാവശ്യം ഒട്ടുക്കത്തെരപ്പുശ്ശാ എത്തിച്ചു.
ഒട്ടുക്കത്തെ ദിനം ൧൭൯൭-ാംകാലം മീനമാ
സത്തിന്റെ അന്ത്യത്തോടെ ആരംഭിച്ചു. അ
പ്പോൾ എണ്പതുവയസ്സു നടക്കയായിരുന്നു.
൧൦ അന്ത്യദിനം പനി ആയിരുന്നു. ൧൦ പ
നി മെടമാസം മുഴുവനും നീളിച്ചു. മരണ
ത്തിന്റെ ആണ്ടും മാസവും തിയ്യതിയും നാ
ഴികയുംക്രൂടെ മുൻക്രൂട്ടി വിവരമായി അറി
ഞ്ഞ പലരൊടും പറഞ്ഞിട്ടുണ്ടായിരുന്നു. ഇട
വം ൧-ാംന- ശുക്ലപക്ഷിപ്പൊസും യാക്കൊ
ബും എന്ന ശ്ലീഹന്മാരുടെ തിരുനാളിൽ കു
ബ്പാനചൊല്ലുണമെന്നു വളരെ ആഗ്രഹമു
ണ്ടായിരുന്നതിനാൽ ൧൦ മനൊഹരണം ദൈ
വത്തൊടപെക്ഷിക്കയും അപെക്ഷപൊലെ

തന്നെ ൧-ാംനു- ഉക്കുകാലത്തു നല്ല സൌ
ഖ്യമായി കുബ്ബാനചൊല്ലുകയുംചെയ്തു. ൧൨ാം
നു- ബഹുശക്തിയായ ചൊരമഴ്ത്തിയുണ്ടായി.
അപ്പൊൾതന്നെ മരിക്കുമെന്നു തൊന്നിയ
തിനാൽ വെഗത്തിൽ അന്ത്യക്രുതാശകളെകൊ
ടുത്തു. പിറെദിവസം കാലത്തു പല സഭ
ക്കാരരായ സന്ന്യാസികളും ഇളെഹത്തിന്നുവെ
ണ്ടി കുബ്ബാനചൊല്ലെണമെന്നു പറഞ്ഞയച്ചു.
അന്നുതന്നെ പെട്ടെന്നു സൌഖ്യമാകയുംചെ
യ്തു. അന്നുമുതൽ ഇടവം ൨൭-ാംനു-വരെ ന
ല്ല സുഖമായിരുന്നു. ദിവസന്തൊറും കുബ്ബാന
ചൊല്ലുകയും കുമ്പസാരിപ്പിക്കയും മറുകാഴ്ച
ങ്ങളെ നടത്തുകയുംചെയ്തിരുന്നു. ആയാണ്ടി
ൽ ശ്രീമ: കുബ്ബാനയുടെ തിരുനാളായ ഇട
വം ൨൭-ാംനു- കാലത്തെതന്നെ പലരെ കു
മ്പസാരിപ്പിക്കയും അതുകഴിഞ്ഞശെഷം കാ
നൊനാനമനുസ്കാരവും എത്തിച്ച കുബ്ബാനയും
ആരംഭിച്ചു. ആ കുബ്ബാനയുടെ Gloria ഗ്ലൊരി
യാഎന്ന സംഗീതം ചൊല്ലെണ്ടുന്ന സമയമാ
യപ്പൊൾ പരവശമായി എന്തുചെയ്യുന്നുയെ
ന്നു ഓൎക്കാത്തതുപൊലെയുള്ള സന്തൊഷത്തൊ
ടെ൪ം സംഗീതംമുഴുവനും പാടിക്കഴിച്ചു. ശെ

ക്ഷമൊക്കയും ചട്ടപ്രകാരമുള്ള സ്വരത്തൊടെ
ചൊല്ലി കുബ്ബാനയും ഉപകാരസ്മരണയും കഴിച്ചശെഷം ആ ദിവസം മുഴുവനും പുണ്യാഭ്യാസങ്ങൾക്കും പുണ്യവാന്മാരുടെ ചരിത്രങ്ങളെ വായിപ്പിച്ചു കെൾക്കുന്നതിനും ചിലവഴിച്ചു. പാതിരാകഴിഞ്ഞ മൂന്നുമണി ആയതില്പിന്നെമാത്രമെ നിദ്രയുണ്ടായി കിടന്നുള്ളു. അതുവരെ യാതൊരു സുഖക്കെടുമില്ലാഞ്ഞു. എന്നാൽ ഒരു ലൊക ജീവിതം അവസാനിപ്പിച്ച നിത്യായുസ്സിലെക്ക പൊകുന്നതിനുള്ള നെരം അടുത്തിരിക്കുന്നു എന്നറിഞ്ഞിരുന്ന പരിശുദ്ധ പീലിപ്പൊസുനെരി കിടന്ന ഉടനെതന്നെ "കടശിയായിട്ടു നാം മരിക്കെണം" എന്നു പറഞ്ഞതിനൊടെ എത്ര മണിയായി? എന്നു ചൊദിച്ചു. അരിനു പാതിരാ കഴിഞ്ഞു മൂന്നുമണിയായി, എന്നു ഉത്തരം പ്രാപിച്ചപ്പൊൾ "മൂന്നും മൂന്നും ആറു, അപ്പൊൾ നമുക്കുപൊകാം" എന്നു തന്നെത്താൻ പറഞ്ഞു. അപ്രകാരംതന്നെ അഞ്ചുമണിയായപ്പൊൾ യാത്രക്കു ആയത്തമായിതുടങ്ങി. പെട്ടെന്നു തെ ഹമൊക്കയിലും വലിയ പകപ്പും കഫംകെട്ടലും ഉണ്ടായി. പട്ടക്കാരും മറും ഓ

ടിക്കൂടി, വന്നവരൊക്കയും ആപ്പോഴത്തെസ്ഥിതി കണ്ടപ്പോൾ ഇനി താമസമില്ലായെന്നുഗ്രഹിച്ച ചുറ്റും മൂടുകത്തിനിന്നകരച്ചിൽതുടങ്ങി. ബൊനിയൂസ എന്നദ്ദേഹം അന്ത്യനമസ്കാരങ്ങളെ ചൊല്ലിത്തുടങ്ങി. അവസാനക്ഷണം ആകാറായി എന്നുകണ്ടപ്പോൾ ഒരാ ദേഹം പ്രലാപസ്വരത്തോടെ "പിതാവെ! നീ ഞങ്ങളെ ഓട്ടയാതൊന്നും പറയാതെ പിരിഞ്ഞുപൊകുന്നൊ? പിതാവിന്റെ ആശീർവ്വാദമെങ്കിലും ഞങ്ങൾക്കു തന്നുകൊണ്ടു പൊകെണമെ!" എന്നു അപേക്ഷിച്ചു. ഇതു കെട്ട ഉടനെ പരിശുദ്ധ പീലിപ്പൊസ കൈപൊക്കി പരലൊകത്തിലൊട്ടു കണ്ണുതിരിച്ചു കുറെനെരം ആ സ്ഥിതിയിൽ താമസിച്ചതിന്റെശെഷം ഒരാ തന്റെ മക്കൾക്കു പരലൊകത്തിൽനിന്നു നിത്യവാഴ്വു ലഭിച്ചതുപൊലെ കൈതാഴ്ത്തി, സുഖമായി നിദ്രചെയ്യുന്നതുപൊലെയാതൊരു ആനക്കവും പകച്ചയും കൂടാതെ പരലൊകവാഴ്വുള്ളു പൊകയുംചെയ്തു. ആയതു മിന്നൽ-൩൦കാലം ഇടവം ഒന്നു-൩൦നു വ്യാ വയസ്സു നടക്കയിൽ ആയിരുന്നു.

മരിച്ച ഉടനെ ഒരാ പൊതു പ്രലാപത്തൊ

തി എല്ലായിടത്തിലും പരന്നു. കെട്ടവരൊ
ക്കെയും മറുകാഴ്ചങ്ങൾ സകലവും മറന്നു ഒരു
പുണ്യവാന്റെ ആശ്രമത്തിലൊട്ടു ഓടിക്കൂടി.
തിരുശരീരം പള്ളിയിൽ പ്രസിദ്ധമായി സ്ഥാ
പിച്ചിരുന്നു. അതിൽനിന്നു വീശിയിരുന്നതു
ത്തമായ സുഗന്ധവും, മുഖത്തിൽ ശൊഭിച്ചി
രുന്ന മനൊഹരഭാവവും, രക്തവണ്ണവുംകൊ
ണ്ടുതന്നെ ഒരു ശരീരത്തിൽ വസിച്ചിരുന്ന
ആത്മാവിന്റെ പുണ്യപൂർണ്ണത സ്പഷ്ടമായിരു
ന്നു. ഒരു തിരുശരീരത്തെ മുഞ്ഞാനും കൊ
ന്ത, വെന്തീഞ്ഞ, സചരുപങ്ങൾ മുതലായവ
കളെ തൊടീച്ചെടുപ്പാനുമായി കൂടിയിരുന്ന
പുരുഷാരപ്പെരുപ്പം എത്രമാത്രമെന്നു കണക്കി
ല്ല. രണ്ടുദിവസം മുഴുവനും പ്രസിദ്ധമായി
വെച്ചിരുന്നു. ഒരു നെരമൊക്കയിലും ഇടവി
ടാതെ ജനപ്പെരുപ്പവും ഉണ്ടായിരുന്നു. എ
ല്ലാവക്കും ഒരു തിരുമെനിയെ തൊട്ട വല്ല
വസ്തുവും കിട്ടുന്നതിനുവെണ്ടി, പലതര പു
ക്കുങ്ങളെ ഒരു തിരു ശരീരത്തിൽ മിതെവാ
രി ഇട്ടുകൊണ്ടു അവകളെ ഓരൊരുത്തൻ
തിരുവസ്തുവായി കൊണ്ടുപൊകയും ചെയ്തി
രുന്നു. പട്ടക്കാരും, മെത്രാന്മാരും, കുട്ടിനാൽ

മാരും, സകലരും ഒരു തിരുശ്ശരീരത്തെ വണങ്ങുവാൻ വന്നിരുന്നു. ഒരു നേരത്തിൽ സംഭവിച്ചിരുന്ന അത്ഭുതങ്ങൾക്കും കണക്കില്ല. മരിച്ച ഉടനെതന്നെ പലർക്കും അത്ഭുതശൊഭയൊടെ കാണപ്പെട്ടു. മാമ്മൊദീസാമുക്കുന്നതിന്നു മുടയാകാതെ മരിച്ച ഒരു പൈതലിന്റെ മെൽ ഒരു പുണ്യവാന്റെ തലമുടിതൊടിച്ച ഉടനെ വീണ്ടു ജീവിച്ച മാമ്മൊദീസാമുങ്ങുന്നതിന്നു മുടയായി.

ഇങ്ങനെയുള്ള അത്ഭുതങ്ങൾ കാരണത്താൽ ഒരു പുണ്യവാൻ മരിച്ചിട്ടു നാലാംമാസത്തിൽതന്നെ ഒരു മഹാരമാവിന്നു "പുണ്യവാൻ,, എന്നുള്ളഒന്നാന്നത്യനാമം നൽകുന്നതിന്നുവെണ്ടിയ ആരംഭപരിശൊധനയും, വിസ്താരവും തുടങ്ങി. ഫനുവരി-൨൦കാലം ഇടവം ൨൩-൨൦നു-൩൦പൌലൊസ എന്ന ശ്ലൂഹ:മാപ്പാപ്പാ "ഭാഗ്യവാൻ,, എന്നും, ഫെബ്രുവരി൨൦കാലം മീനം ൧൨നു- മാർച്ച ൨൩-൨൦ ഗ്രെഗൊരിയൂസ എന്ന ശ്ലൂഹ: മാപ്പാപ്പാ "പുണ്യവാൻ,, എന്നുമുള്ള ഒന്നാന്നത്യനാമം നൽകുകയുംചെയ്തു. ഒരു പുണ്യവാന്റെ തിരുശെഷാത്മങ്ങൾകൊണ്ടു സംഭവിക്കുന്ന അത്ഭുതങ്ങളും അനവധിയായിരിക്ക

ന്ന. സ്നേഹസ്വരൂപ എന്ന ഒരുത്തൻ, മാംസത്തി
ന്നടുത്ത ഒരു കഠിന പരീക്ഷയിൽ ഉൾപ്പെ
ട്ടു ചഞ്ചലപ്പെടുകയിൽ, ആയാളുടെ കൂടത്തി
ൽ ഉണ്ടായിരുന്ന ഒരു പുണ്യവാന്റെ തിരു
ശേഷാത്മം ആയാളുടെ മാവ്വിൽ അടിച്ചു
ധൈര്യപ്പെടുത്തുകയും, ആ യോഗ്യസ്ഥലത്തി
ൽനിന്നു വേഗം മാറിക്കൊണ്ടു, പാപത്തിൽ
വീഴാതിരിപ്പാൻ സൂക്ഷിക്ക, എന്നു ആയാളു
ടെ ഉള്ളിൽ ഒരു സ്വരം കേൾപ്പിച്ചു രക്ഷി
ക്കയുംചെയ്തു. ഇപ്രകാരമുള്ള പരീക്ഷയിൽ
തന്നെ ഉൾപ്പെട്ടിരുന്ന മറൊരുത്തൻ ഒരു
ചരിത്രം വായിച്ചു ഇതുകണ്ടതിനൊടെ "ആ
പിതാവെ! എന്തെ ഇനിക്കും ഒരു മനൊഹ
രണം ഇപ്പൊൾ നീ ചെയ്യുന്നില്ല,, എന്നു ആ
പെക്ഷിച്ചുടനെ ആ പരീക്ഷ നീങ്ങി ര
ക്ഷ പ്രാപിക്കയുംചെയ്തു. ആകയാൽ തിന്മയി
ൽനിന്ന രക്ഷപെടുവാനും, നന്മയിൽ വർദ്ധി
ച്ചു നിത്യായുസ്സു പ്രാപിപ്പാനും ആഗ്രഹിക്കുന്ന
വർ, ഒരു പരിശുദ്ധ പിതാവിനെ നെരിയു
ടെ ദിക്കാന്തങ്ങളെ പിഞ്ചെന്നുകൊണ്ടു ഒരു പു
ണ്യവാന്റെ പട്ടാങ്ങയുള്ള ഭക്തിക്കാരരാകു
ന്നതിന്നു ഉത്സാഹിക്കണം.

തിരു ചരിത്ര മഞ്ജരി

൧൧-ാം കുസുമം.

പരിശുദ്ധ അദ്രിയാനൂസിന്റെയും മറ്റു ഇരുപത്തുമൂന്നു വേദസാക്ഷികളുടെയും ചരിത്രം.

മക്സിമിയാനൂസെന്ന ക്രൂര ചക്രവർത്തിയുടെകാലത്തിൽ ക്രിസ്ത്യാനവൈദത്തിനുണ്ടായ പീഡ വിവരിക്കാവതല്ല. സകലരും വിഗ്രഹങ്ങളെ ആരാധിച്ചുകൊള്ളണമെന്നും, ആരെങ്കിലും ഇതിനു ലംഘനംചെയ്തു മിശിഹായെ ആരാധിക്കയെന്നുവന്നാൽ കഠിനബാധയെറ്റു മരിക്കേണ്ടിവരുമെന്നും, പ്രസിദ്ധമായി അറിയിച്ചിരുന്നതുകൂടാതെ ഒരു ക്രിസ്ത്യാനിയെയെങ്കിലും അന്വേഷിച്ചു കൊയിമ്മയിൽ ഏല്പിക്കുന്നവക്ക വലിയ സമ്മാനവും, മറവുചെയ്യുന്നവക്കു കഠിനശിക്ഷയുംകൂടെ നിശ്ചയിച്ചിരുന്നു. ഇതുമുഖാന്തരത്താൽ സമ്മാനം മോഹിച്ചും, ശിക്ഷയെപ്പേടി

ച്ചും ക്രിസ്തുവനായ മകനെ കാവ്യനായ അപ്പനും, ക്രിസ്തുവനായ അപ്പനെ കാവ്യനായ മകനും, അയല്ക്കാരനെ അയല്ക്കാരനും മരണത്തിനു ഏല്പിപ്പാൻ മടിച്ചിരുന്നില്ല. ഒരു വണ്ണമുള്ള കഠിന പ്രൊപദ്രവം നടന്നുവരികയിൽ, പെട്ടനായ്ക്കളെപ്പോലെ വീടും, കാടും, മറയും, ഗുഹയും സകലവും ചുറിത്തിരക്കിനടന്നിരുന്നതുകൂടാതെ പ്രധാനപ്രധാനികൾ, ഒരു ഗുഹയിൽ ഒളിച്ചിരുന്ന ഏതാനും ക്രിസ്ത്യാനികളെ കണ്ടെത്തി കൊയിമ്മയിൽ അറിയിക്കയും, അപ്പോൾ തന്നെ ക്രൂരചെന്നായ്ക്കൾ കുഞ്ഞാടുകളുടെമേൽ പാഞ്ഞുപിടിച്ചു ഹിംസിക്കുന്നതുപോലെ, ദുഷ്ടസേവകർ ഓടി എത്തി, അവരെ പിടിച്ചു ഇരിമ്പുതുടൽകൊണ്ടു സർവ്വാംഗം ബന്ധിച്ചു, ദുഷ്ടചക്രവർത്തിയുടെ മുമ്പാകെ കൊണ്ടുവന്നു. മക്സിമിയാനുസ ഇവരെ കണ്ടഉടനെ "നിങ്ങൾ എവിടത്തുകാർ?" എന്നുചൊദിച്ചു. അപ്പോൾ അവർ "ഞങ്ങൾ ഇവിടത്തുകാർതന്നെ എന്നാൽ ക്രിസ്ത്യാനികൾആയിരിക്കുന്നു" എന്നുത്തരിച്ചു. "ക്രിസ്ത്യാനിവെദത്തെ അനുസരിക്കുന്നവക്കു കല്പിക്കപ്പെട്ടിരിക്കുന്ന ശിക്ഷകളെ നിങ്ങൾ അ

റിഞ്ഞിട്ടില്ലേയൊ?» എന്ന മക്സിമിയാന്യസ ചൊദിച്ചു. «ഞങ്ങൾഅറിഞ്ഞിട്ടുണ്ടു. എന്നാൽ നിന്റെ മൂഢതപങ്ങളെയും, പിശാചിന്റെ പ്രഭവായ നിവഴിയായി പിശാചുക്കൽ നടത്തുന്ന ക്രൂരതകളെയും, ഞങ്ങൾ നിന്ദിച്ചിരിക്കുന്നു,, എന്നുത്തരിച്ചു. «നമ്മുടെ കല്പനകളും നിയമങ്ങളും ശ്രെഷ്ഠതപമെന്നു നിങ്ങൾ പറയുന്നൊ? കൊള്ളാം ഇവരെകെട്ടിഅടിപ്പിൻ,, എന്നു ചക്രവർത്തികല്പിച്ചു. ഉടനെ മൂന്നുസെവകന്മാർവന്നു ഇവരെ കെട്ടി, മൃഗങ്ങളുടെ ഞരമ്പുകൾകൊണ്ടു അടിപ്പാൻതുടങ്ങി. അപ്പൊൾ ആ വെദസാക്ഷികൾ «ഇനി മൂന്നു പെരെക്കൂടെയും കൂട്ടികൊൾക. അടിക്കുന്നവർ കൂടുന്തൊറും ഞങ്ങളുടെ സമ്മാനവും, കിരീടവും കൂടുകയുംചെയ്യും,, എന്നു പറഞ്ഞു.

അപ്പൊൾ മക്സിമിയാന്യസ ഏറ്റം കൊപിച്ചു «ആനിഭാഗ്യരെ നാം നിങ്ങളുടെ തല വെട്ടിപ്പാൻ പൊകുമ്പൊൾ നിങ്ങൾ മുടിയരിപ്പാൻ പൊകുന്നെന്നാണൊ വിചാരിക്കുന്നതു? വ്യഥാനശിക്കെണ്ടാ, ഒരും നിങ്ങളുടെ മൂഢമതത്തെവിട്ടുപെകുവിച്ചുകൊൾവിൻ,, എന്നുപറഞ്ഞു. അപ്പൊൾ അവർ «ആ! പ്രാക്കുപെട്ടവ

നെ ഞങ്ങളല്ല, നീയും നിൻെറ കുടുംബവും, നിൻെറ അനുഗാമികളുമാണ ദൈവകൊപാഗ്നിയാൽനിത്യവുംനശിപ്പാനിരിക്കുന്നതു,, എന്നുപറഞ്ഞു. മക്സ്മിയാന്തസ ഇതുകെട്ട കരികല്ലുകൊണ്ടു ഇവരുടെ കുരട്ടുകത്തികളെ തകർപ്പാൻ കല്പിച്ചു. ഒരും ശിക്ഷചെയ്യുയിൽ രക്തസാക്ഷികൾ ചക്രവർത്തിയെനൊക്കി ''ആ! പിശാചിൻെറ പുത്രനായ ക്രൂരനെയാതൊരു അതിക്രമംചെയ്യാത്ത ഞങ്ങളൊടു, ഞങ്ങളും നിന്നെപ്പൊലെ മാനുഷരായിരിക്കുന്ന എന്നുക്രൂടെയും ഓർക്കാതെ, ഇതുചെയ്കുന്ന നിനക്ക വരുവാനിരിക്കുന്നതു നീ അറിയുന്നില്ല. നിശ്ചയമായിട്ടു നീ ഞങ്ങളെ അനുഭവിപ്പിക്കുന്നവ നിനക്ക വരുവാനിരിക്കുന്നതിൻെറനിഴൽപൊലുമാകയില്ല,, എന്നു പറഞ്ഞു. അപ്പൊൾ മക്സ്മിയാന്തസ ''എതു ശിക്ഷ ഇനിക്കവരും?,, എന്നു ചൊദിച്ചു. അതിന്നു വെദസാക്ഷികൾ ''പിശാചിന്നും അവൻെറ ദൂതന്മാക്കും അയത്തമായിരിക്കുന്ന നിത്യനരകശിക്ഷതന്നെ നിനക്കുവരും,, എന്നുത്തരിച്ചു. ഉടനെ ചക്രവർത്തി ഇതുകെട്ട കൊപംപെരികൊണ്ടു ''ഞാൻ നിങ്ങളുടെ നാവു

അറുപ്പിച്ചുകളയും,, എന്നുപറഞ്ഞു. അപ്പോൾ ക്രിസ്ത്യാനികൾ "ആ ഭോഷാ! ഞങ്ങളുടെ നാവു നി എടുത്താലും ദൈവത്തെ സ്തുതിക്കയും, നീതിയെ അപേക്ഷിക്കയും ചെയ്യുന്ന ഹൃദയം ഞങ്ങൾക്കുപൊയ്പോകയില്ലെന്നു നീ അറിയുന്നില്ലേ?,, എന്നുചൊദിച്ചു.

മക്സിമിയാനുസ ഇതുകെട്ടു സഹിക്കരുതാത്ത കൊപംകൊണ്ടു ഉടനെതന്നെ "ഇവരുടെ പാമൊഴികളൊക്കയും എഴുതി ഇവരെ സർവ്വാംഗം തുടൽകൊണ്ടു ബന്ധിച്ചു പാറാവിലാക്കികൊൾവിൻ.ഇവരൊടുനാം ചെയ്യുന്നതുഎല്ലാവക്കും ഒരു പഠിനമാകുന്നതിന്നുവെണ്ടി തക്കവണ്ണം ഇവരൊടു നാം പ്രവൃത്തിക്കും,, എന്നു കല്പിച്ചുകൊണ്ടു അവിടെനിന്നു പൊയി. ഉടനെ ഇവരുടെ ംരം ഉത്തരം സൂക്ഷിച്ചുകൊൾക്കയും, ഇവരുടെ ധൈര്യവും, പാട്ടുപൊടുന്നതിന്നുള്ള ആഗ്രഹവും, എല്ലാവക്കുമുള്ള ഏകമനസ്സും കാൺകയുംചെയ്തിരുന്ന പ്രധാന ഉദ്യോഗസ്ഥനായ അദ്രിയാനുസ എന്നദ്ദെഹം ഇവരുടെ അടുക്കൽവന്നു "നിങ്ങൾ ംരം ഇത്രമഹാ പീഡകളൊക്കയും സഹിച്ചിട്ടു ഇതിന്നു പ്രതിയായി നിങ്ങൾ പാത്തിരി

ക്കുന്ന സമ്മാനവും, ഭാഗ്യവും എന്താകുന്നു എ
ന്നു നിങ്ങളുടെ ദൈവത്തെക്കുറിച്ചു എന്നൊ
ടുപറഞ്ഞറിയിക്കേണമെന്നു ഞാൻ അപേ
ക്ഷിക്കുന്നു,, എന്നുപറഞ്ഞു. അതിന്നു ''ഞ
ങ്ങളുടെ ആശ്രയവും, ഞങ്ങളുടെ ആഗ്രഹ
ത്തിൻറെയും, ശരണത്തിൻറെയും വിഷയവും
സകലനന്മസമ്പൂർണ്ണിയായ ദൈവം തന്നെ
ആയിരിക്കുന്നു. അങ്ങിനെ ഞങ്ങൾക്കു വാഗ്ദ
ത്തംചെയ്തു ആയത്തമാക്കിയിരിക്കുന്ന മഹത്വ
വും, സമ്മാനവും, എന്തെന്നും, എങ്ങനെയുള്ള
തെന്നും മനുഷ്യകണ്ണുകൾ കണ്ടിട്ടുമില്ല മനുഷ്യ
ചെവികേട്ടിട്ടുമില്ല, മനുഷ്യഹൃദയത്തിൽ അവ
പ്രവേശിച്ചിട്ടുമില്ല. ഓരോ ജീവിതത്തിൽ ഇരി
ക്കുമ്പോൾ മനുഷ്യർ തവയെ പൂർണ്ണമായി ഗ്ര
ഹിപ്പാൻ പാടാകയുമില്ല. ദൈവം എന്താകു
ന്നു എന്നു അറിഞ്ഞു വിശ്വസിക്കുന്നവക്കു ഓരോ
സത്യദൈവത്തിൻറെ തിരുവചനങ്ങളിലുള്ള
ആശ്രയം സകലത്തിനും മതിയായിരിക്കു
ന്നു,,എന്നുപറഞ്ഞു. അദ്രിയാനുസ ഇതുകേട്ട
ഉടനെ ദൈവികവെളിവാൽ സത്യംഗ്രഹി
ച്ചു ഓരോ രക്തസാക്ഷികളുടെ ക്രൂത്തിലൊട്ടു
ചെന്നുനിന്നുകൊണ്ടു ശെക്ഷപ്പെരൊട്ടു ''എ

ന്റെവാമൊഴികളെയുംഎഴുതിക്കൊൾവിൻ:
ഞാനുംക്രീസ്തുവനായിരിക്കുന്നംരും സത്യമൈ
വത്തിന്റെ ശുശ്രൂക്ഷികളൊട്ടും സെവകരൊ
ടുംകൂടെ ഞാനും ആയുസ്സിനെ ഉപെക്ഷിപ്പാ
ൻ ഹാജരായിരിക്കുന്നു,, എന്നുപറഞ്ഞു. മക്സി
മിയാനുസ ഇതു അറിഞ്ഞതിനൊടെ ദുഃഖെ
വും, കൊപവുംകൊണ്ടു ഭ്രാന്തനെപ്പൊലെ
ആയി, അദ്രിയാനുസിനെ മുമ്പാകെചെ
ന്നു "ഒ! അദ്രിയാനെ നിനക്ക സുബൊധം
പൊയ്പ്പൊയൊ? നിയും നിന്റെ പ്രാണനെ
നശിപ്പിപ്പാൻഭാവിക്കുന്നൊ?,, എന്നുചൊദിച്ചു
അപ്പൊൾ അദ്രിയാനുസ "അല്ല ചക്രവർത്തി
യെ, ഇനിക്ക സുബൊധംപൊയ്പ്പൊകയല്ല, ഇ
പ്പൊൾ ഉണ്ടാകയാണ ചെയ്യിരിക്കുന്നതു.
എന്റെ ആരമാവും ഇപ്പൊൾ നിത്യായുസ്സി
ന്റെ വഴിയിൽ ആയിരിക്കുന്നു,, എന്നരുളി
ച്ചു. മക്സിമിയാനുസ ഇതുകെട്ടു "നീ ഏറെപ
റയെണമെന്നില്ല കാര്യം നിനക്ക തിരിയുമ
ല്ലൊ? വെഗംപൊറുതിയപെക്ഷിച്ച നി
ന്റെ ംരും അബദ്ധത്തിന്നുതക്ക പരിഹാരം
ചെയ്പ്പാൻ നൊക്ക,, എന്നുപറഞ്ഞു. അപ്പൊ
ൾ പരിശുദ്ധ അദ്രിയാനുസ "ഞാൻ ഇതു

വരെ അറിയാതെ നിന്നിച്ചിരുന്ന സത്യത്തെ
വത്തൊട്ടുമാരുമെ ഇനിപൊറുതി അപേക്ഷി
പ്പാനുള്ളൂ. ഇനി പരിഹരിപ്പാനുള്ളതും എ
ന്റെ മൂഢജീവിതത്തിന്റെ തെറ്റുകളായി
രിക്കുന്നു,, എന്നുത്തരിച്ചു. ഉടൻ ഉത്തരത്താൽ
മക്സ്മിമിയാനുസ സഹിക്കാവതല്ലാത്തവണ്ണം
കോപിച്ച പരിശുദ്ധ അദ്രിയാനുസിനെ
ശേഷം വേദസാക്ഷികളൊടുക്രൂടെ വിലങ്ങി
ട്ടുതടവിലാക്കുവാൻ കല്പിച്ചു. ഇതൊക്കയുംകേ
ണ്ടുനിന്ന അദ്രിയാനുസിന്റെ ശുശ്രൂക്ഷിക
ളിൽ ഒരുത്തൻ ഓടിച്ചെന്ന ഇദ്ദേഹത്തി
ന്റെ ഭാര്യയായ നത്താലിയ എന്നവരൊ
ട്ടു, അപരുടെ ഭർത്താവിനെ രാജാവു വില
ങ്ങിൽ ഇടുവിച്ചു എന്നുപറഞ്ഞു. ആ സ്ത്രീ ഇ
തുകേട്ട ഉടനെ പ്രലാപിച്ച നെഞ്ചിൽ ഇടി
ച്ചുകൊണ്ടു അയ്യോ! എന്തുകുറ്റംകൊണ്ടു എ
ന്റെ ഭർത്താവിനെ പാറാവിലാക്കി എന്നു
ചൊദിച്ചു. എന്നാൽ സത്യവെദത്തിൽചെന്നാ
തുതന്നെ ഇയാളുടെ കുറ്റം, എന്നു അറിഞ്ഞ
പ്പൊൾ മഹാ സന്തൊഷം പ്രാപിച്ചു, പാറാ
വിൽ ഓടിച്ചെന്നു, ഭർത്താവിനെ ബന്ധിച്ചിരു
ന്ന വിലങ്ങുകളെ മുത്തി "ആ എന്റെ ഭാ

ഗ്യവാനായ ഭർത്താവെ ഇപ്പോൾമാത്രമെ നീ എന്റെ പട്ടാങ്ങയുള്ള ഭർത്താവായുള്ളു. ഇപ്പോൾ പട്ടാങ്ങയായ നിക്ഷേപവും, നിത്യ ഭാഗ്യവും നീ കണ്ടെത്തി. ഇപ്പോൾ സത്യത്തിന്റെ ശോഭയെകണ്ടു. ഇനി കണ്ണുടച്ച പുറകൊട്ടരിരിയല്ലെ! അവസാനത്തോളംധൈര്യത്തോടെ യുദ്ധംചെയ്യുന്നവക്കു സർവ്വേശ്വരൻ ആയത്തമാക്കിയിരിക്കുന്ന നിത്യാനന്ദ ഭാഗ്യം ലഭിപ്പാൻമാത്രം വിചാരിക്കെണമെ! എന്നുപറഞ്ഞു. പരിശുദ്ധ അദ്രിയാനുസിനെ സത്യവഴിയിൽ ധൈര്യപ്പെടുത്തുവാൻ തുടങ്ങി. ബാല്യപ്രായക്കാരത്തിയായ ഒരു സ്ത്രീ ഇത്തമക്രിസ്തുവൽ ആയിരുന്നെങ്കിലും വെടഞ്ഞെരുക്കം പെടിച്ചു അത്രുവരെ പ്രസിദ്ധമാക്കീട്ടില്ലായിരുന്നു. പരിശുദ്ധ അദ്രിയാനുസ ഭാര്യയുടെ ഒരു ഉത്തമഗുണത്തൊക്ഷംകെട്ടവളെരെ സന്തൊക്ഷവും ധൈര്യവും പ്രാപിച്ചു "എന്റെ പ്രിയപ്പെട്ടവളെ നീ ഇപ്പോൾ വീട്ടിൽ പൊക,, ഇനി ചക്രവർത്തിയുടെ മുമ്പാകെ വിസ്താരത്തിന്നു എന്നെ വിളിക്കുമ്പോൾ നീയുംക്രൂടെ എന്റെ അവസാനം കാണുന്നതിന്നായി ഞാൻ നിന്നെയും വിളിപ്പി

ക്കാം, ഇനി ഇവിടെ താമസിക്കേണ്ട നേരം സമയക്കേടായി,, എന്നുപറഞ്ഞു. ആയതിനാൽ നത്താലിയ വീണ്ടും ഭർത്താവിന്റെ പാദത്തുങ്കൽ വീണു, അയാളുടെ വിലങ്ങുകളെയും ശേഷം ക്രൂടെയുണ്ടായിരുന്ന ഇരുപത്തുമൂന്നുപേരുടെ വിലങ്ങുകളെയും പലപ്രാവശ്യം മുത്തി, പുതുക്രീസ്തുവനായ ഭർത്താവിന്റെകായ്യും മുഴുവനും മറവരെക്കുടെ എല്പിച്ചു പിന്നെയും പല ഗുണദൊക്ഷങ്ങളെ പറഞ്ഞതിന്റെശേഷം വീട്ടിലൊട്ടുപൊയി.

ഏതാനും ദിവസംകഴിഞ്ഞപ്പൊൾ പാറാവിലാക്കിയിരിക്കുന്നവരെ എല്ലാവരെയും വിസ്താരത്തിന്നു വിളിപ്പാൻപൊകുന്ന എന്നകെൽവിയുണ്ടായതിനാൽ, പരിശുദ്ധ അദ്രിയാന്തൂസ രും വിവരം ഭാര്യയൊട്ട അറിയിക്കുന്നതിന്നായി പാറാവു കാവല്ലാരുടെ അനുവാദത്തൊടുക്കുടെ വീട്ടിലൊട്ടുചെന്നു. എന്നാൽ അദ്രിയാന്തൂസ വരുന്ന എന്നിവത്തമാനം ഭാര്യയൊടു അറിയിച്ചപ്പൊൾ ആദ്യംതന്നെ അവർ വിശ്വസിച്ചില്ല. പിന്നീടു വരുന്ന എന്നു സൂക്ഷമായപ്പൊൾ ഒന്നുകിൽ വെടം ഉപെക്ഷിച്ചു, അല്ലെങ്കിൽ ഒളിച്ചു

പൊരുന്നു, എന്നുള്ള വിചാരത്താൽ വീട്ടി
ന്റെ വാതിൽ അടെച്ചു വലിയ പ്രലാപ
ത്തൊടെ "ഒ! ഞാൻ നിർഭാഗ്യപ്പെട്ടവൾഞാൻ
ഒരു പെരുസാക്ഷിടെ ഭാഗ്യം എന്നി സന്തൊ
ഷവും, ഭാഗ്യവും ഇനിക്കുണ്ടാകുമെന്നു വിചാ
രിച്ചിരുന്നു. എന്നാൽ ഇതാ എന്റെ ശരണം
നിഷ്ഫലമായിപ്പോയി. ദൈവത്തെ ഉപെ
ക്ഷിച്ചവനൊടു ഇനി ഇനിക്കു സംസർഗ്ഗംവെ
ണ്ടു, ഇങ്ങനെയുള്ളവനെ ഞാൻ കാണെണ്ടു,,
എന്നുപറഞ്ഞു വലിയ സ്വരത്തിൽ നിലവി
ച്ചു. എങ്കിലും പരിശുദ്ധ അദ്രിയന്നുസ വ
ന്ന മഹാ സ്നെഹത്തൊടും, വിശ്വാസ സ്ഥിരത
യൊടുംക്രുടെ കാര്യമൊക്കയും അറിയിച്ച സ
ന്തുഷ്ടിയാക്കിയതിന്റെശെഷം ഇനി നമ്മുടെ
വസ്തുക്കളെകൊണ്ടു എന്തുചെയ്യെണ്ടു എന്നു
ചൊദിച്ചപ്പൊൾ "എന്റെ ഭർത്താവെ! ഇനി
ദൈവത്തെയും പരലൊക കാര്യങ്ങളെയും
മാത്രമല്ലാതെ മറ്റുയാതൊന്നും വിചാരി
ക്കെണ്ടു. ശെഷമൊക്കയും ദൈവതിരുമനസ്സു
പൊലെ ആയിക്കൊള്ളട്ടെ! എന്നുപറഞ്ഞ
പുരുഷനൊടൊന്നിച്ചു വീട്ടിൽനിന്നുപുറപ്പെ
ട്ടു പാറാവിൽവന്നു. അവിടെ മറ്റു ഇരുപ

ത്തുമൂന്നു രക്തസാക്ഷികളുടെ ശരീരം മുഴുവനും കഠിന അടികളാലുണ്ടായ മുറിവുകൊണ്ടു പഴുത്തുചീഞ്ഞ കൃമികൾ നിറഞ്ഞിരിക്കുന്നു എന്നും, അവരെ എല്ലാവരെയുംകൂടെ ഒരുതുടൽകൊണ്ടു ചുറ്റി ചുറ്റി കെട്ടിയിരിക്കുന്നു എന്നുംകണ്ടപ്പോൾ, ഒരു ഉത്തമസ്ത്രീതന്നെ മുട്ടുകുത്തി അവരുടെ വിലങ്ങായ ആ തുടലിനെയും, അവരുടെ മുറിവുകളെയും മുത്തി സ്വന്ത വീട്ടിൽനിന്നു നല്ലശീലകളെ വരുത്തി മുറിവുകളെല്ലാക്കയും തുടച്ചു, കെട്ടിയിരുന്ന തുടലിന്റെ ഭാരംകൊണ്ടു തളർന്നുകിടന്നിരുന്ന കൈകാലുകളെ താങ്ങി ഇളക്കി ചൊവ്വെ കിടത്തികൊണ്ടു ഏഴുദിവസം അവിടെത്തന്നെ താമസിച്ചു. ഏഴാംപക്കം മക്സിമിയാനുസിന്റെ കല്പനപ്രകാരം ഇവരെ വിസ്താരത്തിന്നു കൊണ്ടുപൊകുന്നതിന്നായി സൈവകർവന്നപ്പോൾ, പരിശുദ്ധ അദ്രിയാനുസ ഒഴികെ മറാരും നടപ്പാൻ പാടുള്ളവരല്ലാഞ്ഞതുകൊണ്ടു, അദ്രിയാനുസിനെ കൈപൂറകൊട്ടുകെട്ടി നടത്തിയും, ശെഷമ്പെരെ യാതൊരു ഭയക്രൂടാതെ എടുത്തും വലിച്ചും ന്യായാസനത്തിൻമുമ്പാകെ കൊണ്ടുചെന്നു.

അപ്പോൾ പ്രധാന ഉദ്യോഗസ്ഥരിൽ ഒരുത്തൻവന്നു ഇവരെ നൊക്കിക്കണ്ടുകൊണ്ടു മക്സ്മിമിയാന്നൂസിന്റെപക്കൽചെന്നു ഒരുകൂറക്കാരിൽ അദ്രിയാന്നൂസ ഒഴികെ മറ്റെല്ലാവരും ജീവൻവിടത്തക്ക സ്ഥിതിയിലിരിക്കുന്നു; ദെഹമൊക്കെയും പഴുത്തുചീഞ്ഞ മാംസമില്ലാതെ വാരി എല്ലുകൾ പുറമെ കാണപ്പെട്ടിരിക്കുന്നു; നില്പാൻക്രൂടെയും അവരിലാക്കും ശെഷിയില്ല; ആയതുകൊണ്ടു തല്ക്കാലത്തെക്കു അദ്രിയാന്നൂസിനെമാത്രം വിസ്താരത്തിന്നു നിറുത്തിക്കൊണ്ടു ശെഷമ്പെരുടെതു മാറ്റിവെക്കയില്ലായെങ്കിൽ അവർ ഇപ്പോൾ തന്നെ മരിച്ചുപൊകാവുന്നതായിരിക്കയാൽ തക്കവണ്ണം അവരെ ശിക്ഷിപ്പാൻപാടാകയില്ല എന്നുപറഞ്ഞു. ആകയാൽ അദ്രിയാന്നൂസിനെമാത്രം മക്സ്മിമിയാന്നൂസിന്റെ മുമ്പിലൊട്ടുവിളിപ്പിച്ചു. അപ്പൊൾ ശെഷമെല്ലാവരും ഇയാളൊടു "സഹൊദരാ ഇതാ ഇപ്പോൾ നിനക്കു ഒരുശൊമിശിഹായുടെ കുരിശ്ശുചുമപ്പാൻ ഭാഗ്യംകിട്ടിയിരിക്കുന്നു. ധൈര്യപ്പെടുക, ഇപ്പോൾ നി ഒരുശൊമിശിഹായുടെ സെവകനാകുന്നു എന്നു കാണിക്കുക" എന്നുപറഞ്ഞയ

ച്ചു. മക്സ്സിമിയാന്യസിന്റെ മുമ്പാകെവന്ന പ്പോൾ അവൻ "അദ്രിയാനെ നീ ഇത്രവ രെയും നിന്റെ ബുദ്ധിഹീനതയിൽസ്ഥിരമാ യിനിന്ന ജീവനെ കളവാൻ മനസ്സായിരി ക്കുന്നോ?" എന്നുചൊദിച്ചു. അതിന്ന പരി ശുദ്ധ അദ്രിയാന്യസ "ഇനിക്ക ഇപ്പോൾമാ ത്രമെ പട്ടാങ്ങയുള്ള ബുദ്ധിയുണ്ടായുള്ളു; അ തുകൊണ്ടു ംരം എന്റെ ജീവനെ മൈവ ത്തെക്കുറിച്ച ഉപെക്ഷിപ്പാൻ ഞാൻ മനസ്സാ യിരിക്കുന്നു" എന്നുത്തരിച്ചു. "എന്നിരിക്കയി ൽ നി നന്മുടെ മൈവന്മാരെ ആരാധിക്ക യില്ലയൊ?" എന്ന മക്സ്സിമിയാന്യസ ചൊ ദിച്ചു. അപ്പൊൾ "അബദ്ധത്തിൽ മുഴുകിയി രിക്കുന്ന നീ എന്തെ ശെക്ഷംപരും സത്യമൈ വത്തെ രെപ്പിച്ചു, കല്ലിനെയും മരത്തെയും ആരാധിക്കെണമെന്നു നിബ്ബന്ധിക്കുന്നു?" എ ന്ന മക്സ്സിമിയാന്യസിനൊടുചൊദിച്ചു. അ ദ്ദുഷ്ടചക്രവത്തി ംരം ഉത്തരംകെട്ടു വള രെ കൊപിച്ചു, മൈവന്മാരെ ദുഷിക്കാതിരിക്കെ ണമെന്നുപറഞ്ഞുകൊണ്ടു പരിശുദ്ധ അദ്രിയാ ന്യസിനെ വലിയ വടികളാൽ അടിപ്പാൻ കല്പിച്ചു. ംരം അടിതുടങ്ങിയപ്പോൾ പരിശു

ഭ്യ അന്ത്രിയാന്തൂസിന്റെ ഭാഗ്യ ശേഷം രക്ത സാക്ഷികളെ നൊക്കി "ഇതാ എന്റെ ഭർത്താവും വെദസാക്ഷിയാകുവാൻ തുടങ്ങി" എന്നു പറകയും, അവരെല്ലാവരുംകൂടെ സാക്ഷാംഗമായി ംരം മഹാരമാവിന്നവെണ്ടി അപെക്ഷിപ്പാൻതുടങ്ങുകയുംചെയ്തു. പരിശുദ്ധ അന്ത്രിയാന്തൂസ ംരം അടികൊണ്ടിരുന്നനെരത്തിൽ മക്സ്സിമിയാന്തൂസിനെ നൊക്കി "ദൈവന്മാരല്ലാത്ത കല്ലിനെയും മരത്തെയും ഭക്ഷിക്കുന്ന ഞാൻ ംരം ശിക്ഷിക്കുയൊഗ്യനാണെങ്കിൽ, ത്രിലൊകത്തിന്റെ ഉടയവനായ സത്യദൈവത്തെ ഭക്ഷിക്കയും, ംരം ദൈവത്തെ അറിഞ്ഞു സ്നെഹിക്കുന്നവരെ ദ്രൊഹികളെന്നു പിളിച്ചു പീഡിപ്പിക്കയുംചെയ്യുന്ന ദൈവദ്രൊഹിയായ നിനക്കു വരുവാനിരിക്കുന്ന ശിക്ഷകൾ എന്തായിരിക്കും?"

ഇങ്ങനെയുള്ള ചൊദ്യവും ഉത്തരവുംകൊണ്ടു മക്സ്സിമിയാന്തൂസിന്നു സഹിക്കരുതാത്ത കൊപമായി പരിശുദ്ധ അന്ത്രിയാന്തൂസിനെ നാലുസെവകർസിന്നു കഠിനമായി അടിപ്പാൻ കല്പിച്ചു. അപ്പൊൾ ംരം മഹാരമാവു "ആ ഭക്ഷ്യചക്രവർത്തിയെ നീ ഇനിക്കു ശിക്ഷകു

ളെ ക്രൂശിക്കുന്നതിനും കിരീടങ്ങളെയും ഇനിക്ക വഴിപ്പിക്കുന്നു,, എന്നുപറഞ്ഞു. ഇപ്രകാരം ഏറെനേരത്തെ അടികഴിഞ്ഞശേഷം മക്സിമിയാനുസ പരിശുദ്ധ രക്തസാക്ഷിയോടു "ഇനിയെങ്കിലും നീ നമ്മുടെ ദൈവന്മാരെ ആരാധിച്ചു നമസ്കരിക്ക. ഞാൻ നിന്നെ അനുഗ്രഹിച്ചിട്ടുപറയുന്നു. നല്ലപ്രായക്കാരനും ഇരുനല്ല തറവാട്ടുകാരനുമായ നീ വൃഥാ പ്രാണൻകളയെണ്ടാ. നിന്നൊടുക്രൂടെയുള്ള ശെക്ഷമ്പർ ഹീനന്മാരായിരിക്കുന്നു, നി അവരൊടുചെരുകയും, ആ പൈശാചത്തെ അനുസരിക്കയുംചെയ്യുന്നതു വലിയ നിചത്വമായിരിക്കുന്നു,, എന്നുപറഞ്ഞു. അപ്പോൾ പരിശുദ്ധ അദ്രിയാനുസ "നീ എന്റെ കുലശ്രേഷ്ഠതയെ അറിഞ്ഞിട്ടുണ്ടെന്നതു നെരുതന്നെ, എന്നാൽ നീ ഹീനരെന്നു പറഞ്ഞ ഓരൊ ക്രിസ്തുവരുടെതു അറിഞ്ഞിരുന്നെങ്കിൽ, ഇപ്പൊൾ തന്നെ അവരുടെ മുമ്പാകെ സാഷ്ടാംഗമായിവീണു അവരുടെ സഹായം അപെക്ഷിക്കയും, നിന്റെ ദൈവന്മാരെ ഭസ്മമാക്കി എറിഞ്ഞുകളകയുംചെയ്യുമെ!,, എന്നു മറുമൊഴി പറഞ്ഞു. ഇതുകെട്ടു മക്സിമിയാനുസ വീണ്ടും

അതികൊപംകൊണ്ടു പരിശുദ്ധ അദ്രിയാ
ന്തൂസിന്റെ വയറിന്മെൽത്തന്നെ നാലുപെ
ർ അടിപ്പാൻകല്പിച്ചു. ൦രം അടിയാൽ ഉദ
രം വിളറ്റ കുടലുകൾ പുറപ്പെട്ടുന്ന എന്നു
കണ്ടപ്പോൾമാരും നിത്തുവാൻകല്പിച്ചുകൊണ്ടു
"അയ്യൊ! അദ്രിയാനെ നിനക്കിപ്പൊൾ ഇരുപ
ത്തെട്ടുവയസ്സെയുള്ളു, നിന്റെമെൽ! ഇനിക്ക
വളരെ ദയയായിരിക്കുന്നു. ഇനിയെങ്കിലും
നി ദൈവന്മാരെ ആരാധിക്കാമെന്നുണ്ടെങ്കി
ൽ, ഇപ്പൊൾത്തന്നെ വൈദ്യന്മാരെവരുത്തി
നിന്റെ മുറിവു പൊറുപ്പിക്കാം. നമ്മുടെ അ
രമനയിൽതന്നെ നിന്നെ പാർപ്പിക്കയുംചെ
യ്യാം" എന്നുപറഞ്ഞു. "കൊള്ളാം നിന്റെ ദൈ
വന്മാർ ഇനിക്ക എതുപകാരംചെയ്യുമെന്നു
അവർതന്നെ എന്നൊടു പറഞ്ഞാൽ നി പ
റയുന്നതുപൊലെ ഞാൻ അവരെ ആരാധി
ക്കാം" എന്നു പരിശുദ്ധ അദ്രിയാന്തൂസ ഉ
ത്തരിച്ചു. മക്സ്സിമിയാന്തൂസ ഇതുകെട്ടപ്പൊൾ
"അവക്കു പറവാൻപാടില്ല" എന്നുപറഞ്ഞു.
"അങ്ങനെയാണെങ്കിൽ ഒന്നിനും കൊള്ളരു
താത്ത ബിംബങ്ങൾക്ക ഞാൻ എന്തെ ആരാ
ധനയും, ബലിയും കഴിക്കെണമെന്നു നിൎബ്ബ

ന്ധിക്കുന്നു? എന്നു ചോദിച്ചു.

ദുഷ്ടചക്രവർത്തി ഇതുകെട്ട കോപം സഹിപ്പാൻമെലാതെയും, അപ്പോൾത്തന്നെ വീണ്ടും ശിക്ഷിപ്പാൻ വഹിയാതെയും, പല്ലുകടിച്ച പരിശുദ്ധ വെരോക്ഷിയെ തുടൽകൊണ്ടു ബന്ധിച്ച മറവരൊട്ടുകൂടെ പാറാവിൽ ആക്കുവാൻകല്പിച്ചു. അപ്രകാരംതന്നെ സെവകർ ംരും മഹാരുമാവിനെ നിക്ഷുരമായി ബന്ധിച്ച മറവരുടെക്രൂട്ടത്തിൽ ചെർത്തിൻെറശെഷം, ചിലരെ പാറാവുവരെ വലിച്ചും, വലിച്ചാൽ മരിച്ചുപൊകുമെന്നു തൊന്നിയവരെ എടുത്തും, ഇങ്ങനെ എല്ലാവരെയും കാരാഗൃഹത്തിൽ ആക്കുകയും ചെയ്തു. ഇതിന്നിടയ്ക്കു പരിശുദ്ധ അദ്രിയാന്നൂസിൻെറ ഭാര്യയായ നത്താലിയ എന്നവർ ംരും വ്യവഹാരവും, ശിക്ഷയും ഒക്കയും കണ്ടുംകെട്ടും നിന്നു ആനന്ദിക്കയും, പരിശുദ്ധ അദ്രിയാന്നൂസിനൊട്ടു "ആ എൻെറ ഭർത്താവെ! നിൻെറ ഭാഗ്യവും മഹത്വവും പറഞ്ഞൊപ്പിക്കാവതല്ല, നിന്നെക്കുറിച്ചു മരിച്ച ംരുംശൊമിശിഹായെക്കുറിച്ചു ഇപ്പൊൾ നീ മരിപ്പാൻ ഉറച്ചിരിക്കയിൽ നിൻെറ ഭാഗ്യം മാനുഷബുദ്ധിയിൽ

അടഞ്ഞുന്നതല്ല്യൂ എന്നപറഞ്ഞ രഹസ്യമായി പുറകെചെന്ന ഭത്താവിനെ ആശ്വസിപ്പിക്കയും, ധൈര്യപ്പെടുത്തുകയുംചെയ്തിരുന്നു. പാറാവിൽ ആയതിന്റെശേഷം മറ്റു രക്ഷസാക്ഷികളിൽ നടപ്പാൻ പാടുള്ളവരൊക്കയും നടന്നും, നടപ്പാൻമെലാത്തവർ നിരങ്ങിയും പരിശുദ്ധ അദ്രിയാന്നുസിന്റെ അടുക്കൽവന്ന രഴുകിമുത്തി "ഭ! എത്രയും സ്നേഹിക്കപ്പെട്ടവനെ പൂർണ്ണസന്തോഷവും ധൈര്യമായിരിക്ക. ഇരാ നിന്റെ നാമവും ഠരം ശൊമിശിഹായുടെ ഉത്തമപടയാളികളുടെ കൂട്ടത്തിൽ എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ നീ മാനുക്ഷസ്വഭാവത്തെ ജയിച്ചിരിക്കയിൽ ദൈവത്തിൽ ആശ്രയിച്ച പൂർണ്ണസന്തുഷ്ടിയായിരിക്കൂ, എന്നപറഞ്ഞിരുന്നു. പരിശുദ്ധ നത്താലിയ പാറാവിൽവന്ന എല്ലാവരുടെ മുറിവുകളെയും, രക്തങ്ങളെയും തുടെക്കയും, പ്രത്യേകമായി തന്റെ ഭത്താവിന്റെ ദേഹത്തിൽനിന്നു ഠരംശൊമിശിഹായുടെ വെളത്തെക്കുറിച്ചു രഴുകിയിരുന്ന തിരുരക്തത്തെത്തുടെച്ചു മഹാസ്നേഹത്തോടും, ഭക്തിയോടുംകൂടെ തന്റെമെൽതന്നെ പൂശുകയും

ചെയ്തിരുന്നു. മറ്റുപലഭക്തിയുള്ള സ്ത്രീജനങ്ങളും ഒരും പാറാവിൽവന്നു താമസിച്ചു ഇവക്കു വളരെ സ്നേഹത്തോടും താല്പര്യത്തോടും കൂടെ ശുശ്രൂഷചെയ്തിരുന്നു. മക്ദലിനിയാന്തുസ ഇതു അറിഞ്ഞ ഉടനെ സ്ത്രീകളിൽ യാതൊരുത്തരും പാറാവിൽപ്പോയി ഒരും മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവക്കു യാതൊരു സഹായവും ചെയ്യുകൂടായെന്നുവിലക്കി. പരിശുദ്ധ നത്താലിയ ഇതു അറിഞ്ഞപ്പോൾ തലമുടിയും വെട്ടി, പുരുഷന്മാരുടെ വസ്ത്രവും ധരിച്ചു, പാറാവിൽവന്ന വെദസാക്ഷികൾക്കു ശുശ്രൂഷചെയ്തുയും, പ്രത്യേകമായി പരിശുദ്ധ അദ്രിയാന്തുസിനെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തുകയും, "എന്റെ പ്രിയപ്പെട്ട ഭർത്താവെ! ഒരും നിർഭാഗ്യജീവിതത്തിൽ നമ്മൾ ഇരുവരും ഒന്നിച്ചുചെരുവാൻ ഇടയായതുപൊലെ നിത്യായുസ്സിലും തമ്മിൽ വെർപിരിയാതെ ഒന്നിച്ചു സർവ്വേശ്വരനെ സ്തുതിച്ചു ഭാഗ്യപ്പെടുന്നതിനു ഇടയാകുവാൻ ഇനിക്കുവെണ്ടിക്കൂടെയും ദൈവത്തോടു പ്രത്യേകമായി അപെക്ഷിച്ചുകൊള്ളണമെന്നു എന്നുപറകയുംചെയ്തിരുന്നു. നത്താലിയ ഇപ്പ്ര

കാരം വെക്കം മാറി എന്നു അറിഞ്ഞപ്പോൾ മറ്റുപല ഭക്തിയുള്ള സ്ത്രീകളും ഇവരെ അനുകരിച്ചു വിലങ്ങിടത്തിൽവന്നു വെടസാക്ഷികൾക്കു ശുശ്രൂഷചെയ്യുവന്നു.

പാറാവിൽ കിടക്കുന്ന ഒരുശൊമിശിഹായുടെ പടയാളികൾക്കു ഇങ്ങനെയുള്ള സഹായംകിട്ടുന്നു എന്നും, അവർ ഒരു സ്ഥിരിയിൽ തന്നെ കിടന്നു മരിച്ചവായിരിക്കുന്നു എന്നും, ദുഷ്ടമക്സിമിയാനുസു അറിഞ്ഞപ്പോൾ ഇവരുടെ എല്ലാവരുടെയും കയ്യും, കാലും കരികല്ലിന്മേൽവെച്ചു വലിയ ഇരിമ്പു ചുറികൊണ്ടു അടിച്ചു തകൎത്തുകൊല്ലുവാൻ കല്പിച്ചു. ഒരു കല്പനനിറവെറുന്നതിന്നായി സൈവകർ പാറാവിൽ വന്നപ്പോൾ പരിശുദ്ധാനത്താലിയ ഓടിചെന്നു ഒന്നാമത്തെതായിട്ടു പരിശുദ്ധ അദ്രിയാനുസിന്റെ കയ്യും, കാലും തകൎക്കുന്നതുമെന്നു അപേക്ഷിച്ചു. ആയതു തന്റെ ഭൎത്താവു ശെക്ഷമ്പെരുടെ വ്യാകുലവും, മരണവുംകണ്ടു ഭയപ്പെട്ടു ഇളകിപ്പോകാതെ ഇരിക്കുന്നതിന്നും, ഏറെറം സ്വൎഗത്തിൽ നിത്യായുസ്സിൽ ചെന്നു ചെരുന്നതിന്നുമുള്ള ആഗ്രഹാധിക്യത്താലത്രെ ചെയ്തതു. ഒരു

അപ്പെക്ഷപ്പോലെതന്നെ സേവകർ ഒന്നാമത്തെതായിട്ടു പരിശുദ്ധ അദ്രിയാന്നുസിന്റെ അടുക്കൽചെന്നപ്പോൾ അതിശയിക്കത്തക്ക സ്ത്രീയായ നത്താലിയ തന്നെ തന്റെ സ്നേഹഭർത്താവിന്റെ കാലുകളെ പിടിച്ചു കല്ലിന്മേൽവച്ചുകൊടുത്തു. ഉടനെ ക്രൂരസേവകർ ചുറ്റികകൊണ്ടു അടിച്ചുതകർത്തു ഉടലിൽനിന്നു വെർതിരിച്ചിട്ടു. അതിന്റെശേഷം പരിശുദ്ധ നത്താലിയ "ംരംശൊമിശിഹായുടെ ശുശ്രൂഷിയായ എന്റെ ഭർത്താവെ! ശെക്കമ്പേർ മൈവത്തെക്കുറിച്ചു സഹിച്ചവകളൊട്ടു നിന്റെ പീഡകളെ ഒപ്പിച്ചുനൊക്കുമ്പോൾ അരുയും ആയിട്ടില്ല; ആയതുകൊണ്ടു കൈക്രുടെയും നീട്ടിക്കൊടുക്ക" എന്നുപറഞ്ഞു. ഉടനെ കൈകളെയും നീട്ടിക്കൊടുത്തു. അതും പരിശുദ്ധഭാവത്തുതന്നെ കല്ലിന്മെൽവെച്ചുകൊടുക്കയും, സേവകർ അടിച്ചുതകർത്തുവെർതിരിക്കയുംചെയ്തു. അപ്പൊൾതന്നെ ആത്മാവും ശരീരത്തിൽനിന്നു പിരിഞ്ഞു നിത്യായുസ്സിൽചെന്നു.

ഇതിന്റെശേഷം മറെല്ലാവരും പൂണ്ട സന്തൊഷത്തൊടെ ംരംശൊയെ ഞങ്ങളുടെ

ആത്മാവിനെ നീ കൈക്കൊള്ളേണമെ! എ
ന്നുചൊല്ലിക്കൊണ്ടു കാലും, കയ്യും നീട്ടിക്കൊ
ട്ടുകയും, സേവകർ അടിച്ചുതകൎത്തു കൊല്ലുക
യുംചെയ്തു. ഇതിൻെറശേഷം ക്രിസ്ത്യാനികൾ
ഒരു രക്തസാക്ഷികളുടെ ശരീരങ്ങളെ തി
രു ശേഷാൎത്ഥങ്ങളായി എടുക്കാതിരിക്കുന്നതി
ന്നുവെണ്ടി തീയിലിട്ടു ദഹിപ്പിപ്പാൻ കല്പിച്ചു.
ഉടനെ പരിശുദ്ധ നത്താലിയ തൻെറ ഭ
ൎത്താവായ പരിശുദ്ധ അദ്രിയാനൂസിൻെറ
ഒരു കൈത്തണ്ട രഹസ്യമായി എടുത്തു ഒളി
ച്ചുവെക്കയും, തിരുശ്ശരീരങ്ങളെ ദഹിപ്പിപ്പാ
ൻകൊണ്ടുപൊകയിൽ ഒരു പുണ്യവതിയും മ
റുപല ഭക്തിയുള്ള സ്ത്രീകളും പുറകെചെ
ന്ന ആ തിരുശ്ശരീരങ്ങളിൽനിന്നു മുഴുകിയി
രുന്ന തിരുരക്തത്തെ മഹാ പൂജ്യത്തൊടെ
തുടെച്ചെടുക്കയും, "ദൈവശുശ്രൂഷികളെ! നി
ത്യാനന്ദത്തിൽ ഞങ്ങളെയും ഓൎത്തുകൊള്ളെ
ണമെ!,, എന്നു അപെക്ഷിക്കയുംചെയ്തിരുന്നു.
ഒരു തിരുപ്രേതങ്ങളെ തീയിലിട്ട ഉടനെ
ഭൊരമായ ഇടിമുഴക്കവും, പെരുമഴയും, ഭൂ
കമ്പവും, കൽമഴയും ഉണ്ടായതിനാൽ
ആ ദുഷ്ടന്മാരൊക്കയും ഭയപ്പെട്ടൊടിപ്പൊക

യും, പലർ അവിടെത്തന്നെ കവിഴ്ന്നുവീണു ചാകയുംചെയ്തു. പെയ്തമഴയുടെ ആധിക്യത്താൽ തീച്ചൂള കെട്ടതുകൂടാതെ പട്ടണം മുഴുവനും മൂടത്തക്ക ജലപ്രളയവും ഉണ്ടായി. ഇപ്രകാരം ഒരു തിരുശ്ശരീരങ്ങൾ യാതൊരു ലയംകൂടാതെ ദൈവത്താൽ കാക്കപ്പെട്ടതിൻെറശേഷം, ഇതൊക്കയും സംഭവിച്ച സ്ഥലമായ നിക്കൊമെദിയാ എന്ന പട്ടണത്തിൽനിന്നു വെളഞ്ഞെരുക്കുംപെടിച്ചു പുറപ്പെട്ടുപൊയിരുന്ന ക്രിസ്ത്യാനികൾ രഹസ്യമായി എടുത്തു ബിസാന്ത്യാ എന്ന പട്ടണത്തിൽകൊണ്ടുപൊയി.

പുണ്യവതിയായ നത്താലിയ വെളസാക്ഷിയായ തൻെറ ഭർത്താവിൻെറ കൈത്തണ്ടിനെ സ്വന്ത മുറിയിൽതന്നെ രഹസ്യമായി സ്ഥാപിച്ചുകൊണ്ടു വീട്ടിൽ പാർത്തുവന്നു. എന്നാൽ ഒരു പുണ്യവതി വലിയ കുലശ്രേഷ്ഠതയും, ബഹുസമ്പത്തുമുള്ളവളായിരുന്നതിനെകൊണ്ടു ആ പട്ടണത്തിൻെറ മെലധികാരി ഇവരൊടു വിവാഹം കഴിക്കെണമെന്നു നിശ്ചയിച്ചു, തക്ക ആളുകൾവഴിയായി ഒരു പുണ്യവതിയൊടു ഒരു കാര്യം അറിയിച്ചു. ആ

യതിനു പരിശുദ്ധ നത്താലിയ, ഞാൻ ഇങ്ങ
നെ ഒരുകാര്യം ഇതുവരെ വിചാരിച്ചിട്ടില്ലാ
ഞ്ഞു. ഇപ്പോൾ ഒരു ഭാഗ്യ അറിയിപ്പുകെട്ടതു
കൊണ്ടു വളരെ സന്തോഷംതന്നെ. എങ്കിലും
ഞാൻ തക്കവണ്ണം ആയത്തമാകുന്നതിനു മു
ണ്ടിവസത്തെ താമസം വെണ്ടിയിരിക്കുന്നു
എന്നുപറഞ്ഞയച്ചു. എന്നാൽ ഒരുവണ്ണം പറ
ഞ്ഞതു അവർ പൊയതിൽപിശെക്കം ഒളിച്ചു
പൊകുവാൻ കരുതിക്കൊണ്ടായിരുന്നു. ആകു
യാൽ ഒരുവന്ന അറിയിപ്പുകാർ പൊയ ഉട
നെ ഒരു പുണ്യവതി പരിശുദ്ധ അദ്രിയാ
നൂസിന്റെ തിരു കൈത്തണ്ടിൽമുമ്പാകെ സാ
ഷ്ടാംഗമായിവീണു ഒരു കരുതിയ കാര്യത്തി
നുവെണ്ടുന്ന ദൈവസഹായം അപെക്ഷിക്ക
യിൽ, ആനെരത്തുണ്ടായ ഹൃദയ ഇളക്കവും,
മുഖവുംകൊണ്ടു തല്ലുന്ന ഒരു മരംപൊലെ
ആയിരിക്കയിൽ മരിച്ച വെദസാക്ഷികളി
ൽ ഒരുത്തൻ കാണപ്പെട്ട "മിശിഹായുടെ അ
ടിയാട്ടിയായ നത്താലിയായെ ധൈര്യമാ
യിരിക്ക, ദൈവം നിന്നെ ഉപെക്ഷിക്കയി
ല്ല. നി ഞങ്ങൾക്കുചെയ്ത സഹായങ്ങളെയും,
ശുശ്രൂക്കളെയും ഞങ്ങൾ മറന്നിട്ടുമില്ല. ഞ

ങ്ങൾ ദൈവത്തിനുമുമ്പാകെചെന്ന ഉടനെ നീയുംക്രൂടെ വെഗത്തിൽ ഞങ്ങളൊടൊന്നിച്ചു ചെരുന്നതിന്നാണു ഞങ്ങൾ ദൈവത്തൊടു അപെക്ഷിച്ചതു,, എന്നുപറഞ്ഞു. അപ്പൊൾ രോം പുണ്യവതി "പരിശുദ്ധ ദൈവസാക്ഷിയെ! എന്റെ ഭർത്താവായ അഗ്രിയാന്തൂസ നിങ്ങളൊടൊന്നിച്ചു ദൈവസന്നിധിയിൽ ചെന്നൊ?,, എന്നു ചൊദിച്ചു. "ദൈവസന്നിധിയിൽ ചെന്നു. ഞങ്ങളെക്കായിൽ മുമ്പു മരിച്ചതുപൊലെ ഞങ്ങളെക്കായിൽമുമ്പു നിത്യഭാഗ്യം അനുഭവിപ്പാനുംതുടങ്ങി. എന്നാൽ നീ വെഗം ഞങ്ങളുടെ ശരീരം ഇരിക്കുന്ന സ്ഥലമായ ബിസാന്റ്യൊ എന്ന ദെശത്തിൽ പൊകെണം; അവിടെവെച്ചു നീയും ഞങ്ങളൊടു ചെരുന്നതിന്നു ഇടയാകും,, എന്നുപറഞ്ഞു. ഇതുകെട്ട രോം പുണ്യവതി വളരെ ആശ്വാസംപ്രാപിച്ച കപ്പൽകെറി പ്രയാണം ആരംഭിച്ചു. രോം പുണ്യവതിയൊടു വിവാഹംകഴിപ്പാൻ കരുതിയിരുന്ന നാട്ടധികാരി ഇതുകെട്ടു, മറ്റു കപ്പലിൽ കെറി ഇവരെ പിടിപ്പാനായി പിന്നെന്നു. എങ്കിലും വഴിമദ്ധ്യെ ഉണ്ടായ കൊടുങ്കാറ്റും ദൈവകൊ

പറഞ്ഞുകൊണ്ടു ഏതാനുപേർ മരിക്കയും, മറ
വർ മുന്നോട്ടുപോരുവാൻമെലാതെ പിന്തി
രികയുംചെയ്തു. ഒരു പുണ്യവതി കെറിയിരു
ന്ന കപ്പലിൽ പരിശുദ്ധ അദ്രിയാനുസ കാ
ണപ്പെട്ട ഇവരെ ആശ്വസിപ്പിക്കയും, ഇവർ
സുഖമായി ബിസാന്റ്യാ എന്ന ദെശത്തിൽ
ചെന്ന് പരിശുദ്ധ നത്താലിയ വെദസാക്ഷി
കളുടെ തിരുശ്ശരീരങ്ങളെ സ്ഥാപിച്ചിരുന്ന
വീട്ടിൽ ചെല്ലുകയുംചെയ്തു. അവിടെ വെദ
പീഡപെടിച്ച ഓടി ഒളിച്ചു പാർത്തിരുന്നവ
ർ അനെകരുണ്ടായിരുന്നു. ഇവർ തമ്മിൽ മ
ഹാ സന്തൊക്ഷത്തൊടെ പിടിച്ചുതഴുകി, അ
തിരുശ്ശരീരങ്ങളുടെപക്കൽ ഏറനെരത്തെ ന
മസ്കാരവുംകഴിച്ചതിന്റെശെഷം, പരിശുദ്ധ
നത്താലിയ അല്പനെരത്തെക്കു നിദ്രചെയ്തു
യിൽ പരിശുദ്ധ അദ്രിയാനുസ പ്രത്യക്ഷദ
ർശനമായി "മിശിഹായുടെ അടിയാട്ടിയും, ര
ക്തസാക്ഷികളുടെ മകളുമായ എന്റെ പ്രി
യപ്പെട്ടവളെ, സർവ്വെശ്വരൻ നിനക്കു ആ
യത്തമാക്കിയിരിക്കുന്ന ഭാഗ്യത്തെ ഞങ്ങളൊ
ടുക്കുടെ അനുഭവിക്കുന്നതിന്നായി വെഗം വ
രിക" എന്നുപറഞ്ഞു ക്ഷണിച്ചുകൊണ്ടു മറ

യപ്പെട്ടുപൊയി. ഒരു പുണ്യവതി ഉണ്ടാ
ക്കിയ ഒരു ഉണ്ടായ കാഴ്ചയെ ശെഷമ്പെരൊട്ട
അറിയിച്ചതിൻെറശെഷം വീണ്ടും കിട്ടുന്ന
ആ ഉറക്കത്തൊടെതന്നെ നിത്യാനുക്രൂലം
പ്രാപിക്കയുംചെയ്തു. ഇപ്രകാരം ഭാഗ്യമായ
മരണം പ്രാപിച്ചതിൻെറ ശെഷം അവിടെ
ദൈവ ശുശ്രൂഷികളായി ജീവിച്ചുവന്നവർ
പരിശുദ്ധ വെദസാക്ഷികളുടെ തിരുശ്ശരീര
ത്തൊടൊന്നിച്ചു ഒരു പുണ്യവതിയുടെ തിരു
ശരീരത്തെയും അടക്കംചെയ്തു.

തിരു ചരിത്ര മഞ്ജരി

ഏറാം കുമ്പം.

കൊസ്മാസും ദമിയാനൊസും
എന്ന വെദസാക്ഷികളുടെ
ചരിത്രം.

ഇരട്ടപെറാ സഹൊദരരായ കൊസ്മാ
സും, ദമിയാനൊസും എന്നിരുവരെ, ബഹുപു

ണ്യവതിയായ ഇവരുടെ തള്ള, ചെറുപ്പംമു
തൽ സത്യങ്ങറിവുകളെയും, സുകൃത വ്യാപാ
രത്തെയും പഠിപ്പിച്ചു ദൈവഭക്തരായി വ
ളർത്തിവന്നതുകാരണത്താൽ വലിയ പുണ്യപൂ
ർണ്ണത പ്രാപിക്കയും, പുണ്യത്തിന്റെ സന്താ
നമായി ഓരോലോകത്തിൽ ദൈവം കൊടു
ത്തരുളുമാറാകുന്ന അത്ഭുതങ്ങളെ ചെയ്യുന്ന
തിനുള്ള വരത്തെ ലഭിക്കയുംചെയ്തു. ഇവർ
വൈദ്യശാസ്ത്രംകൊണ്ടും, അതിനെക്കാൾ അ
ധികമായി, അത്ഭുതങ്ങളെ ചെയ്യുന്നതിനുള്ള
വരംകൊണ്ടും ബഹു കീർത്തിപെട്ട വൈദ്യ
ന്മാരായി എല്ലാവക ദീനങ്ങളെയും പൊറു
ത്തിപോന്നിരുന്നു. കുരുടന്മാക്ക കാഴ്ചയും, ഊ
മകൾക്ക വാക്കും, ചെകിടക്ക കേൾവിയും ഇ
വമുതലായ അനേക അത്ഭുതങ്ങളെ സാധാ
രണയായി ചെയ്തിരുന്നു. പള്ളാടിയാ എ
ന്നൊരു സ്ത്രീ ഏറെനാൾ കഠിന ദീനത്താൽ
കഷ്ടപ്പെട്ട, ഉണ്ടായിരുന്ന ധനമൊക്കയും
കൊടുത്ത പലരെക്കൊണ്ടും ചികിത്സചെയ്തി
ച്ചിട്ടും യാതൊരു ഗുണവും ലഭിച്ചില്ല. കടശി
രം രണ്ടു വിശ്രുത വൈദ്യന്മാരുടെ കീർത്തി
കെട്ട, ഇവരുടെ സഹായം പാട്ടാങ്ങയുള്ളവി

ശ്വാസത്തോടെ അപേക്ഷിച്ചു. ഇവർ ഒരു നിർഭാഗ്യപ്പെട്ടവളുടെ വിശ്വാസസ്ഥിരത കണ്ടു, സന്തോഷത്തോടെ വെഗത്തിൽ പൂർണ്ണ സൌഖ്യം വരുത്തുകയുംചെയ്തു. എന്നാൽ ഇവർ അതിക്കൊക്കെ ഉപകാരം ചെയ്കയും, സുഖം വരുത്തുകയും ചെയ്താലും, അതൊട്ടും യാതൊരുനും വാങ്ങിക്കയില്ലായിരുന്നു. ഒരു പള്ളാടിയാ എന്ന സ്ത്രീ ഇതു അറിഞ്ഞിരുന്നെങ്കിലും, ഇതു ഉപകാരംചെയ്ത ഒരു വൈദ്യന്മാക്കു വാഴ്ത്തെങ്കിലും കൊടുക്കേണമെന്നു കരുതി ചില സമ്മാനങ്ങളെ പരിശുദ്ധ ദമിയാനൂസിന്റെ പക്കൽ കൊണ്ടുചെന്നു അതു കൈക്കൊണ്ടെന്നതിയാവു എന്ന വളരെ ദാസ്യമായിട്ടും, ദൈവത്തെക്കുറിച്ചും അപേക്ഷിച്ചതുകൊണ്ടു ഒരു ദാനക്കാരത്തിയെ സകടത്തോടെ പിടിയക്കാതെയിരിപ്പാൻ വെണ്ടിയും, ദൈവത്തെക്കുറിച്ചപേക്ഷിച്ചതുകൊണ്ടും അതാനം കൈക്കൊണ്ടു. എന്നാൽ പരിശുദ്ധ കൊസ്മാസ ഇതു അറിഞ്ഞപ്പോൾവളരെ സകടവും, രസക്കെടുമായി "ഇനിഞാൻ മരിച്ചാൽ എന്റെ ശരീരം ഇയാളുടെ ശരീരത്തോടു ചെർത്ത അടക്കുകകൂടെ ചെയ്യു

രുത,, എന്നും പറഞ്ഞു. അന്ന രാത്രിതന്നെ ഒരംശൊമിശിഹാ ശ്ലൂഹ: കൊസ്മാസിന്ന കാണപ്പെട്ട "ദമിയാന്നുസ ആദാനത്തെ എന്റെ നാമത്തെക്കുറിച്ചല്ലാതെ യാതൊരു ക്രൂഡിയായിട്ടു കൈക്കൊണ്ടതല്ല എന്നിരിക്കയിൽ നീ എന്തെ അവനൊടീവണ്ണം പറഞ്ഞു?,, എന്ന ചൊദിച്ചുകൊണ്ട മറഞ്ഞുപൊയി.

ഒരൊ പുണ്യവാന്മാർ മനുഷ്യദീനങ്ങൾമാത്രമല്ല മൃഗങ്ങളുടെ ഏതെതുവിധ ദീനങ്ങളെയും പൊറുപ്പിച്ചിരുന്ന. പ്രധാനമായി മനുഷ്യക്കും മൃഗങ്ങൾക്കും വാഴുക്കുടപത്രമൊ, പിശാചിന്റെ ആവെശമൊ കൊണ്ടുണ്ടാകുന്ന ഉപദ്രവങ്ങളെല്ലാക്കയും ഇവർ സവ്വശക്തരെപൊലെ നീക്കി രക്ഷിച്ചിരുന്ന. ഇപ്രകാരം ഇവർ കീർത്തിപെട്ട വൈദ്യന്മാരെന്നും, ഒരൊ ശൊമിശിഹായുടെ നാമത്തിൽ അനെക അത്ഭുതങ്ങളെ ചെയ്തുകൊണ്ടു ബഹു ജനങ്ങളെ സത്യവെദത്തിൽ കൂട്ടുന്നുവെന്നും, ആ നാളിൽ എജ്ജെയ എന്നപട്ടണത്തിലെ ക്രിസ്ത്യാനികളെ ഞെരുക്കിവന്നിരുന്ന ലീസിയാസ എന്ന മെലധികാരി കെട്ടപ്പൊൾ, സെവകരെ അയച്ച ഇവരെ തന്റെ മുമ്പാകെ വിളിച്ചുവരു

ത്തി. ഇവർ ബഹു മുഖപ്രസാദത്തോടെ മെല
ധികാരിയുടെപക്കൽ ചെന്നപ്പോൾ, ആ ദുഷ്ട
ബിംബസെവകൻ ഇവരൊട്ട "നിങ്ങൾ എ
ന്തെ ംരം ജനങ്ങൾക്കു ദുർബുദ്ധി പറഞ്ഞുകൊ
ടുത്തുകൊണ്ട നമ്മുടെ ദെവന്മാരുടെ ആരാ
ധനയ്ക്ക വിഘ്നംചെയ്യുന്നു? മെലാൽ നമ്മുടെ
കല്പനപൊലെയല്ലാതെ മറെറങ്കിലുംചെ
യ്യുവെന്നുവരികയൊ, ഇപ്പൊൾ നമ്മുടെ ക
ല്പനയ്ക്കുവഴങ്ങാതെയിരിക്കയൊചെയ്യാൽ ക
ഠിന ശിക്ഷകളെ നിങ്ങൾ ഏറ്റുകൊണ്ടിവ
രും. നിങ്ങൾ എവിടത്തുകാർ? നിങ്ങളുടെപെ
രു എന്ത്?" എന്നുചൊദിച്ചു. ംരംചൊദ്യത്തിന്നു
പരിശുദ്ധ കൊസ്മാസ "ഞങ്ങൾ അറബിക്കാ
ർ ആയിരിക്കുന്നു. എന്റെ പെർ കൊസ്മാ
സ എന്നു, ംരം എന്റെ സഹൊദരന്റെറത്ത
ദമിയാനുസ എന്നു, ഇനി മറു മൂന്നു സ
ഹൊദരർക്കുടെയും ഞങ്ങൾക്കുണ്ടു," എന്നു
പറഞ്ഞു. കൊള്ളാം നിങ്ങൾ പൊയി അവ
രെയും വിളിച്ചുകൊണ്ടുവാ, ഒന്നുംഭയപ്പെടെ
ണ്ട" എന്നു മെലധികാരി പറഞ്ഞു. അപ്രകാ
രംതന്നെ ംരം രണ്ടു പുണ്യവാന്മാരും കൊ
യിമ്മസെവകരൊടൊന്നിച്ചു പൊയി മറു

മൂന്നു സഹൊദരരെയും ക്രുട്ടിക്കൊണ്ടു വന്നു. അപ്പൊൾ മെലധികാരിയായ ലീസിയാസു "നിങ്ങൾ സുബൂദ്ധിയുള്ളവരായി വെഗം ദെവന്മാരെ ആരാധിച്ചുകൊൾവിൻ; അല്ലെങ്കിൽ കഠിന പീഡകളെ സഹിച്ചു മരിക്കെണ്ടി വരും" എന്നു പറഞ്ഞു. അയവിന്നു ൧൦൦ പുണ്യാരമാക്കൾ ഏക സ്വരത്താലെ "നിന്റെ ശിക്ഷകളെ ഞങ്ങൾ ഭയപ്പെടുന്നില്ല, ഞങ്ങൾ ഏക സത്യദൈവത്തെയല്ലാതെ മണ്ണും, മരവുംകൊണ്ടുള്ള വിഗ്രഹങ്ങളെ ദെവന്മാരായി വന്ദിക്കയുമില്ല, ഞങ്ങളൊടു നിന്റെ മനസ്സുപൊലെ ചെയ്കയെവെണ്ടു" എന്നു പ്രത്യുത്തരമായി പറഞ്ഞു. ലീസിയാസു ഇതുകെട്ടുടനെ ഇവരുടെ കാലും കയ്യും കെട്ടി, അടി മുതലായ പല വിധ ശിക്ഷകൾകൊണ്ടു ഇവരെ ബാധിപ്പാൻ കല്പിച്ചു. ഉപ്രകാരംഞെരുക്കുകയിൽ "കർത്താവെ! ഞങ്ങളുടെ ആശ്രയം നീയായിരിക്കുന്നു. നിന്റെ തിരുനാമത്തെക്കുറിച്ചു ഞങ്ങൾ പാടുപെടുന്നു. നീ ഞങ്ങളെ അനുഗ്രഹിച്ചു, നിന്റെ തിരുനാമത്തിന്റെ ശത്രുവും, പിശാചിന്റെ ദൂതനുമായ ൧൦൦ുഷ്ടന്റെ കയ്യിൽനിന്നു ഞങ്ങളെ ര

ക്ഷിക്കു എന്ന അപേക്ഷിച്ചുകൊണ്ടു മെല
ധികാരിയെ നോക്കി "ദൈവസഹായത്താ
ലെ ഇതൊന്നും ഞങ്ങൾക്കു സാരമില്ല. ഇനി
അധികം ക്രൂരമായ കരുക്കളെ പ്രയോഗി
ച്ചുനോക്കുക" എന്നുപറഞ്ഞു: ഇതുകേട്ടു ലീസി
യാസു വളരെ കോപിച്ചു "ഞാൻ ഒരു ശി
ക്ഷകൾകൊണ്ടു നിങ്ങൾക്കു നല്ല ബുദ്ധിവരു
ത്താമെന്നാണു വിചാരിച്ചതു. എന്നാൽ നി
ങ്ങൾ നിങ്ങളുടെ മനോമൂർക്ഖതയിൽ സ്ഥി
രമായി നില്ക്കുകാരണത്താൽ നിങ്ങളെ കു
ടലിൽ താഴ്ത്തുവാൻ ന്യായമായിരിക്കുന്നു"
എന്നു പറഞ്ഞു അപ്പോൾതന്നെ ഇരുമ്പു ച
ങ്ങലകൊണ്ടു ഇവരെ ബന്ധിച്ചു സമുദ്രത്തി
ൽ കൊണ്ടുപോയി താഴ്ത്തുവാനും കല്പിച്ചു.
ഒരു കല്പനപോലെ ഒരു പരിശുദ്ധ ദൈവ
ശുശ്രൂഷികളെ ബന്ധിച്ചുകൊണ്ടുപോകയി
ൽ ഇവർ മേലധികാരിയോടു "നീ അല്പം
പാർത്തിരിക്ക ദൈവശക്തിയെ ഞങ്ങളിൽ
നീ കാണും" എന്നുപറഞ്ഞു "കർത്താവെ! മര
ണത്തിന്റെ നിഴലിൽ ഞങ്ങൾ നടന്നാലും
ഞങ്ങൾ ഭയപ്പെടുകയില്ല; അതെന്തെ നീ
ഞങ്ങളോടുകൂടെയുണ്ടായിരിക്കുന്നു" എന്നു

സംകീർത്തനം പാടിക്കൊണ്ടു സമുദ്രത്തിലൊ ട്ടു പുറപ്പെട്ടു. നിശ്ചയിക്കപ്പെട്ട സ്ഥലത്തിൽ എത്തിയപ്പോൾ സേവകർ ഇവരെ എടുത്തു സമുദ്രത്തിലൊട്ടു ഇട്ടു. ആ ക്ഷണത്തിൽതന്നെ ഒരു ദൈവദൂതൻ കാണപ്പെട്ടു ഇവരെ കെട്ടിയിരുന്ന തുടലുംപൊട്ടിച്ചു, അല്പ നനവുപൊലുമില്ലാതെ കരയിൽ കൊണ്ടുവന്നു നിർത്തി.

ലീസിയാസു ഇതു കെട്ടപ്പോൾ വീണ്ടും ഇവരെ തന്റെ മുമ്പാകെ വിളിപ്പിച്ചു "നിശ്ചയമായിട്ടു നിങ്ങൾ വലിയ ക്രൂടപുരുക്കാർതന്നെ ആയിരിക്കുന്നു, ശിക്ഷകൾഒന്നും നിങ്ങൾക്കു സാരമില്ല, കടൽക്രൂടെയും നിങ്ങളെ തൊടുന്നില്ല, എന്നാൽ ഞാൻ ക്രൂടെയും നിങ്ങളെപൊലെ ആകുന്നതിന്നുവെണ്ടി എന്നെക്രൂടെയും നിങ്ങളുടെ ക്രൂടപുരും പഠിപ്പിപ്പിൻ,, എന്നുപറഞ്ഞു. പരിശുദ്ധ കൊസ്മാനും, ദമിയാന്നുസും ഇതു കെട്ടപ്പോൾ, ഞങ്ങൾ ക്രിസ്ത്യാനികൾ ആയിരിക്കുന്നു; ഞങ്ങൾക്കു യാതൊരു ക്രൂടപുരുമില്ല, ഒരുശൊമിശിഹായുടെ തിരുനാമംകൊണ്ടു സകല ക്രൂടപുരുവും നിർമ്മൂലമായിപൊകും. നീയും ക്രിസ്ത്യാ

നിയായാൽ ഒരം തിരുനാമത്തിന്റെ ശക്തി
യെ അറിവാനിടയാകും,, എന്നു പറഞ്ഞു.
അപ്പോൾ ലീസിയാസ "ഞാൻ അപ്പോ
ല്ലോ എന്ന ദൈവനെ ഉപെക്ഷിക്കാതെ നി
ങ്ങളെ പിഞ്ചെല്ലാം,, എന്നു പറഞ്ഞു. ഇതു
പറഞ്ഞുടനെ ഭയങ്കര രൂപമായി രണ്ടു
പിശാചുക്കൾ വന്ന ഒരം മെലധികാരിയുടെ
മുഖത്തിൽ നിർത്താതെ അടിതുടങ്ങി. മെലധി
കാരി ഒരം അടികൊണ്ട സഹിയല്ലാതെ "മി
ശിഹായുടെ ശുശ്രൂഷികളെ! നിങ്ങളുടെ ദൈ
വത്തൊടു പ്രാർത്ഥിച്ച ഒരം പിശാചുക്കളിൽ
നിന്ന എന്നെ രക്ഷിക്കെണമെ!,, എന്നു ഒരം
പുണ്യവാന്മാരൊടപെക്ഷിച്ചു. ഇപ്രകാരംത
ന്നെ ഒരം പരിശുദ്ധ വെദസാക്ഷികൾ സ
ർവ്വേശ്വരനൊടു പ്രാർത്ഥിച്ച ഉടനെ ആ പി
ശാചുക്കൾ കാണാതെയായിപൊകയും ചെ
യ്തു. അപ്പോൾ ആ ദുഷ്ടൻ ഒരം പുണ്യവാ
ന്മാരൊടു "ഇതാ ഞാൻ ദൈവന്മാരെ ഉ
പെക്ഷിപ്പാൻ വിചാരിച്ചതു കാരണത്താൽ
അവർ എന്നൊടു കൊപിച്ചു എന്ന നിങ്ങൾ
കണ്ടില്ലെയൊ?,, എന്നു ചൊദിച്ചു. അപ്പൊ
ൾ പരിശുദ്ധ വെദസാക്ഷികൾ "ആ! ബു

ഭിഹീനനെ! ഞങ്ങൾ ആരാധിക്കുന്ന സത്യ
ദൈവം എങ്ങനെ നിന്നെ അനുഗ്രഹിച്ചു എ
ന്ന നീ കണ്ടില്ലയോ? ഇനിയും നിൻറെ
കല്പകളെയും, മരങ്ങളെയുംദൈവന്മാരെന്നു
വിളിക്കുമെന്നോ? നിന്നെ കൊല്ലാതെ ജീവിപ്പി
ച്ച സത്യദൈവത്തെ നീങ്ങറിഞ്ഞുസെഹിക്ക,,
എന്നു പറഞ്ഞു. മെലധികാരി ഇതുകെട്ട വ
ലിയ കൊപവെറികൊണ്ടു ''നമ്മുടെ ദൈവ
ന്മാരെ ദുഷിക്കുന്നതു ഇനി നാം കെട്ട സഹി
ക്കയില്ല, ഇപ്പൊൾതന്നെ ഇവരെ പാറാവി
ലാക്കുവിൻ തക്ക ശിക്ഷയെ നാം നല്ലവണ്ണം
വിചാരിച്ചു അനുഭവിപ്പിക്കാം,, എന്നു പറ
ഞ്ഞു താമസിയാതെ പാറാവിൽ ആക്കിച്ചു.

൦രം മിശിഹായുടെ പടയാളികൾ അവി
ടെ പൂൎണ്ണസന്തുഷ്ടിയൊടെ രാപകൽ ദൈവ
സ്തുതി പാടിക്കൊണ്ടു കഴിച്ചു. പിറെദിവ
സം ലീസിയാസ ഇവരെ തൻറെ മുമ്പാകെ
വരുത്തി ''നിങ്ങളുടെ കാൎയ്യം നിങ്ങൾ ന
ന്നായിട്ട വിചാരിച്ചൊ? ഇതുവരെയും നി
ങ്ങൾ ദുർവ്വാശിയിലും, മൈന്ധ്യതയിലുംതന്നെ
സ്ഥിരമായി നില്ക്കുകയാണൊ?,, എന്നുചൊ
ദിച്ചു. അപ്പൊൾ പരിശുദ്ധ ദൈവ ശുശ്രൂ

ക്കികൾ "ആ സത്യ ദൈവത്തെ! ഞങ്ങൾ ക്രിസ്ത്യാനികളായിരിക്കുന്നു; ഞങ്ങളുടെ മരണംവരെ യുദ്ധം ചെയ്യും. ഞങ്ങളുടെയും, സകലത്തിന്റെയും സൃഷ്ടിതാവും, രക്ഷിതാവുമായിരിക്കുന്ന സത്യ ദൈവത്തെ ഞങ്ങൾ ഒരു നാളും ഉപേക്ഷിക്കയില്ല; ഞങ്ങളോടു നിന്റെ മനസ്സുപോലെ ചെയ്തുകൊൾക,, എന്നു പറഞ്ഞു. ഒരും ഉത്തരംകൊണ്ടു ലീസിയാസ തന്റെ ശാസനകളെയും, ശിക്ഷകളെയും ഒരും മഹാരമാക്കൽ തെല്ലും കൂട്ടാക്കുന്നില്ലായെന്നുകണ്ടപ്പോൾ ഒടുക്കത്തെ ശിക്ഷയായിട്ട ഇവരെ ജീവനൊടെ തീയിലിട്ടു ദഹിപ്പിപ്പാൻ കല്പിച്ചു: ഉടനെ സേവകർ വലിയ ക്രമ്പാരമായി വിറകു കൂട്ടി, ഒരും ഇരുവെദസാക്ഷികളെയും അതിന്റെ നടുവിൽ നിത്തി തീയുംകൊടുത്തു. ആ വിറകുക്രമ്പാരം മുഴുവനും ഒരു ചൂളപോലെ ജ്വലിച്ചുപൊങ്ങുകയിൽ പരിശുദ്ധ കൊന്മാന്മും, ദമിയാനുസും നല്ല വെണ്ണെങ്കിന്നിടയിൽ സഞ്ചരിക്കുന്നതുപോലെ ദൈവസ്തുതികളെ പാടികൊണ്ടു ആ തീയഗ്നിക്കുണ്ഡലത്തിൽ നടന്നിരുന്നു. ഇങ്ങനെ ഒരും പുണ്യവാന്മാർ അഗ്നിയു

ടെ നടുവിൽനിന്ന സർവ്വേശ്വരനെ സ്തുതിക്കയും, വലിയ ജനപുരുഷാരം ഇതുകണ്ട വിസ്മയിച്ചുനിൽക്കയുംചെയ്യുന്നനേരത്തിൽ, പെട്ടെന്ന വലിയ കാറ്റു വീശുന്നതുപൊലെ ആയഗ്നി നാലുഭാഗത്തൊട്ടും പാളി, കണ്ടുനിന്നവരിൽ അനെകരെ ദഹിപ്പിച്ചു. പരിശുദ്ധ രക്തസാക്ഷികൾ യാതൊരു ഭൊമത്തിന്നുക്രുടെയും അല്പ ലയംക്രുടാതെ ആരീക്ഷ്മയിൽനിന്ന പുറപ്പെട്ടു.

മെലധികാരി ഇതുകണ്ട ഭ്രമിച്ചുയെങ്കിലും ംരം അത്ഭുതങ്ങളൊക്കയും ക്ഷുദ്രപ്രയൊഗം കൊണ്ടുണ്ടാക്കുന്നതത്രെയെന്നു പറഞ്ഞ പരിശുദ്ധ വെദസാക്ഷികളെ ശാസിച്ചു, ദെവന്മാരെ ആരാധിച്ച അവരുടെ കൃപയെ ലഭിക്കുന്നതിന്നു ശ്രമിപ്പാൻ കല്പിച്ചു. അപ്പൊൾ പരിശുദ്ധ വെദസാക്ഷികൾ "ആ! മഹാ ദുഷ്ടനായ ദൈവദ്രൊഹിയെ! ഇനിയും നീ ദൈവ വല്പ്രഭത്തെ ക്ഷുദ്രപ്രയൊഗമെന്നു പറഞ്ഞുകൊണ്ട നിൻെറ കല്ലും മരവുംകൊണ്ടുള്ള ബിംബങ്ങളെ വണങ്ങി അവയുടെ കൃപ ലഭിപ്പാൻ ഞങ്ങളൊട്ട പറയുന്നൊ? ഞങ്ങൾ സർവ്വ വല്പ്രഭനായ സത്യദൈവത്തെ മാ

രുമെ ആരാധിക്കുന്നുള്ളു. ഒരും മൂഢതപ്പെ
ട്ടെ ഞങ്ങൾ ദ്വേഷിച്ചു ശപിക്കുന്നു എന്നു
പറഞ്ഞു. മെലധികാരി ഇതുകെട്ട മഹാകോ
പംകൊണ്ടു ഒരും പരിശുദ്ധ ദൈവശുശ്രൂഷി
കളെ നിലത്തു തൊടാതെ പൊക്കി നാലു
കുറിമെൽ കയ്യും കാലും നാലുഭാഗത്തൊട്ടും
വലിച്ചുകെട്ടി അടിക്കയും, ഇരിമ്പുചീപ്പുകൾ
കൊണ്ട മാംസം കീറുകയും, കീഴെ തീയിട്ടു
ചുടുകയും ചെയ്യാൻ കല്പിച്ചു. ഒരും ശിക്ഷചെ
യ്യാൻ തുടങ്ങിയപ്പോൾ ഒരു ദൈവ ദൂതൻ
വന്നു ഇതുകൊണ്ടു ഇവക്കു യാതൊരു പീ
ഡയും ഉണ്ടാകാതെ ഭദ്രമായി കാത്തുരക്ഷി
ച്ചു. ഒരും ശിക്ഷ ചെയ്യുവർ ക്ഷീണിച്ചു തള
ർന്നിട്ടും പുണ്യവാന്മാരുടെ ദേഹത്തിന്നു യാ
തൊരു പീഡയുമുണ്ടായില്ല. ഇതുകണ്ട ആ
ശിക്ഷയും നിർത്തിയെങ്കിലും ഇതൊക്കെ ക്രൂട
പരുംകൊണ്ടു നടത്തുന്നതല്ലയെന്നു പറ
ഞ്ഞു ഇനിയെങ്കിലും ഏറ്റവും കഠിനമായ
ശിക്ഷകളെ അനുഭവിക്കുന്നതിന്നു മുമ്പിൽ
ദൈവന്മാക്കു ആരാധന ചെയ്യാൻ കല്പിച്ചു.
അപ്പോൾ ഒരും മിശിഹായുടെ ധീരപടയാ
ളികൾ "ഞങ്ങൾ കള്ളദൈവന്മാരെ വന്ദി

ക്കയില്ലായെന്നുപറഞ്ഞു. നിന്റെ ശിക്ഷക
ളെ ഞങ്ങൾ ഭയപ്പെടുന്നില്ലായെന്നു നീ കാ
ണുകയുംചെയ്തു. ഇനി എന്തിനു ഇപ്രകാരം
പറയുന്നു?,, എന്നുചൊദിച്ചു. ഇപ്രകാരമുള്ള
ചൊദ്യവും ഉത്തരവുംകൊണ്ടു ലീസിയാസ
സഹിക്കുതാത്ത കൊപവും, ലജ്ജയുംപൂണ്ട
പരിശുദ്ധ കൊസ്മാസിനെയും, ദമിയാനു
സിനെയും കുരിശിന്മെൽ തറെച്ചിട്ടകല്ലുകൊ
ണ്ടു എറിഞ്ഞുകൊല്ലുവാനും, മറു മൂന്നുപെ
രെയും വിലങ്ങിട്ടു പാറാവിലാക്കുവാനും കല്പി
ച്ചു. ഒരും കല്പനപ്രകാരം ഇവരെ സെവകർ
കുരിശിന്മെൽ തറെച്ചു നാട്ടിയശിഷ്ടശെ
ഷം കല്ലുകൊണ്ടു എറിവാൻ തുടങ്ങി. എന്നാ
ൽ എറിഞ്ഞ കല്ലുകളൊക്കയും പുറകൊട്ടു
തന്നെ തിരിച്ചുവന്നു എറിഞ്ഞവരെത്തന്നെ മു
റിപ്പെടുത്തിയതല്ലാതെ പരിശുദ്ധ വെദസാ
ക്ഷികൾക്കു ഇതുകൊണ്ടു യാതൊരു മുറിവും
നൊമ്പരവും ഉണ്ടായില്ല. ഒരും ശിക്ഷയുംഫ
ലിക്കുന്നില്ലായെന്നും, ശിക്ഷിപ്പാൻ ഭാവിച്ച
വക്കല്ലാതെ മറവക്കു യാതൊരു പീഡയും
ഇതുകൊണ്ടുണ്ടായില്ലെന്നും ദുഷ്ടമെലധികാ
രി കണ്ടപ്പൊൾ നാലു സെന വകുപ്പുകൾ വ

ന്ന ഇവരെ ആസ്ത്രം കൊണ്ട് എയ്യാനും, പാ
റാഹിലാക്കിയിരുന്ന മൂന്ന സഹൊദരരും ഇ
വരുടെ മുമ്പാകെ വന്നുനിന്ന ഇതുകാണ്മൊന്നും
കല്പിച്ചു. ഇപ്രകാരം നാലു സെനകൾവന്ന
നിരന്നുനിന്നുകൊണ്ടൊരും മഹാരമാക്കളെ ആ
സ്ത്രത്താൽ എയ്യുപ്പൊൾ, ആയസ്ത്രങ്ങളൊക്ക
യും പുറകൊട്ടുതന്നെ തിരിച്ചുവന്ന പുറംനി
ന്നവരിൽ അനെകരെ മുറിപ്പെട്ടുത്തുകയും പ
ലരെ കൊല്ലുകയും ചെയ്തു. ഉടനെ മെലധികാ
രി തന്റെ ശാസനകളൊന്നും തെല്ലുപൊ
ലും ഫലിക്കുന്നില്ലായെന്നും, ശിക്ഷകളൊ
ക്കയും വിറൊടങ്ങളും, ശിക്ഷ ചെയ്യുന്നവ
ക്കുതന്നെ നാശവും, പീഡയുമായി തീരുന്ന
എന്നുംകണ്ട, സഹിക്കുരുതാത്ത ലജ്ജയും, കൊ
പവുംകൊണ്ടൊരും മഹാരമാക്കളെ തലവെ
ട്ടി കൊല്ലുന്നതിന്നുകല്പിച്ചു. ആകയാൽ സെ
വകർ ഇവരെ കുലക്കളത്തിലൊട്ടു കൂട്ടി
ക്കൊണ്ടു പുറപ്പെട്ടപ്പൊൾ, ഇവർ ആനന്ദ
സാഗരത്തിൽ മുഴുകിയതുപൊലെയുള്ള മു
ഖപ്രസാദത്തൊടും, ശീഘ്രത്തൊടുംകൂടെ മൈ
വസ്തുതികളെ ഒന്നിച്ചുപാടിക്കൊണ്ട നടന്നി
രുന്നു. കുലക്കളത്തിൽ എത്തിയപ്പൊൾ കി

ഴക്കൊട്ടു തിരിഞ്ഞു സ്വർഗ്ഗത്തിലൊട്ടു കണ്ണുകളെ ഉയർത്തി, കൈവിരിച്ചു ദൈവത്തോടു പ്രാർത്ഥിച്ചതിൻെറശേഷം എല്ലാവരും ഒന്നിച്ചു "ആമ്മേൻ,, എന്നു പറഞ്ഞു. അപ്പോൾത്തന്നെ കുലക്കാർ വാളുകൊണ്ടു തലവെട്ടി നിലത്തിൽ വീഴിക്കയുംചെയ്തു. ഇതുവരെ മരിക്കുന്നതിനുപല ശിക്ഷകളെ ചെയ്തിട്ടും ഒന്നും ഫലിക്കാതിരുന്നവർക്കു ഒരുവെട്ടും മുറിയാതെ ഇരിക്കേണമെന്നോ, വെട്ടിയവർക്കു തന്നെ ഫലിക്കേണമെന്നോ അപേക്ഷയായിരുന്നെങ്കിൽ അങ്ങനെയും സംഭവിച്ചേനെയെന്നും; എങ്കിലും ഇതിനുകൾ മരിപ്പാൻതന്നെ മനസ്സായിരിക്കുന്നു എന്നും, തങ്ങളുടെ ജീവിതത്തെ അവസാനിപ്പിച്ചിരിക്കുന്നു എന്നും കാണിപ്പാൻവേണ്ടി "ആമ്മേൻ,, എന്നു ചൊല്ലി തലവെട്ടപ്പെട്ടു രക്തസാക്ഷികൾക്കുള്ള മഹത്പകിരീടത്തെയും ജയവിരുതിനെയും പ്രാപിക്കയുംചെയ്തു.

ഒരുപ്പണ്ടു ഒരു മഹാരമാക്കൾ മരണംപ്രാപിച്ചതിൻെറശേഷം ഭക്തിയുള്ള ക്രിസ്തുവർ ഒരു തിരുശ്ശരീരങ്ങളെ രഹസ്യമായി എടുത്തു അടക്കുവാൻ ഭാവിച്ചപ്പോൾ പരിശുദ്ധ

കൊസ്മാസ തന്റെ ശരീരത്തെ പരിശുദ്ധ മറിയാന്നാസ്സിന്റെ ശരീരത്തൊടൊന്നിച്ചു അടക്കരുതെന്നു പറഞ്ഞിരുന്നതു ഓർത്തു എന്തുവെണ്ടു എന്നു വിചാരിച്ചിരുന്നു. ഇങ്ങനെ സന്ദേഹിച്ചിരിക്കയിൽ, ഒരു ഒട്ടകം ദൂരെനിന്നു ഓടിവന്ന മനുഷ്യസ്വരമായി പറഞ്ഞതു എന്തെന്നാൽ: "ദൈവശുശ്രൂഷികളായവരെ മനുഷ്യരായ നിങ്ങൾമാത്രമല്ല, മൃഗങ്ങളായ ഞങ്ങൾക്കുടെയും ഒരു പരിശുദ്ധ ദൈവശുശ്രൂഷികൾ വഴിയായി അനേക ഉപകാരങ്ങളെ കൈക്കൊണ്ടിരിക്കയാൽ ഞങ്ങളും ശേഷമ്പരൊടുകൂടെ ദൈവത്തെ സ്തുതിപ്പാൻ ന്യായമായിരിക്കുന്നു. ആയതു കൊണ്ടു ഞാനും സന്തോഷിച്ചു ഓടിവന്നിരിക്കുന്നു. ഒരു പരിശുദ്ധ വെടസാക്ഷികളുടെ ശരീരങ്ങളെ തമ്മിൽ വെർതിരിക്കാതെ ഒന്നിച്ചുതന്നെ അടക്കെണമെന്നു ഞാൻ അറിയിക്കുന്നു." അവിടെ കൂടിയവരൊക്കയും ഇതുകെട്ട മഹാ സന്തുഷ്ടിപ്രാപിച്ചു സർവ്വേശ്വരനെ സ്തുതിക്കയും, ശേഷം കർമ്മങ്ങളൊക്കയും മുറപ്രകാരംകഴിച്ചു ഒരു തിരുശ്ശരീരങ്ങളെ അടക്കുകയുംചെയ്തു.

ഒരാം രക്തസാക്ഷികൾ മരിച്ചിട്ടു ഏഴെ
ന്നാൾ കഴിയും മുമ്പിൽ ഒരു കൃഷിക്കാരൻ ഒ
രുദിവസം കൊയിത്തുംകഴിച്ചു ക്ഷീണത്തോ
ടെ കിടന്ന ഉറങ്ങുകയിൽ അസംഗതിയാ
ലെ വാതുറന്നുകിടന്നിരുന്ന. ഇങ്ങനെ സു
ഖമായി നിദ്രചെയ്കയിൽ ഒരു സർപ്പം ഇവ
ന്റെ വായിൽക്കൂടെ വയറ്റിൽ ഇഴഞ്ഞു
കേറി. ഉറങ്ങിക്കിടന്നിരുന്നവൻ ഇതൊന്നും
മുഴുവനായി ഗ്രഹിക്കാതെ ഉണർന്ന എഴു
ന്നേറ്റ വീണ്ടും വെലയെടുത്ത, അസുമന
സമയമായപ്പോൾ വയറ്റിൽ കിടന്ന സർപ്പി
ക്കുരുതാത്ത ഇളക്കവും, നൊമ്പരവും തുട
ങ്ങി കാഴ്ചയും തിരിയാതെ വ്യസനിച്ചും നൊമ്പ
രം സഹിക്കാതെയും നിലവിളിതുടങ്ങി. കു
ടശി ഒരാം പരിശുദ്ധ വെദസാക്ഷികളുടെ
കാഴ്ചയും ഓർത്തു "കൊസ്മാനും, ദമിയാനുസും
എന്ന വെദസാക്ഷികളുടെ ദൈവമെ! എ
ന്നെ സഹായിക്കണമെ,, എന്ന അപെക്ഷി
ച്ചുകൊണ്ടു ഒരാം പുണ്യവാന്മാരുടെ തിരുശ്ശരീ
രങ്ങളെ അടക്കിയിരുന്ന സ്ഥലത്തിൽചെ
ന്ന സാഷ്ടാംഗമായി വീണു പ്രലാപിച്ചിരു
ന്ന. അവിടെവെച്ചുതന്നെ ഒരാം മഹാരമാക

ളുടെ അനുഗ്രഹത്താൽ ഒരു പീഡ അല്പം ശമിച്ചു ഉറങ്ങുന്നതിനു പാടായി. ഇങ്ങനെ ഉറക്കംപിടിച്ചതിനൊടെ വയറ്റിൽ ഉണ്ടായിരുന്ന സപ്പം വായിൽക്കൂടെതന്നെ പുറത്തൊട്ടുവരികയും, മുഴുവനും പുറത്തായപ്പോൾ ആ കൃഷിക്കാരൻ ഉണരുകയുംചെയ്തു. എന്നാൽ ഉണർന്ന ഉടനെതന്നെ ദൈവികവെളിവാൽ ഇതിന്റെ രഹസ്യം ഗ്രഹിച്ചു "ഒരു സപ്പത്തെ ആരും ഉപദ്രവിച്ചുപൊകല്ലെ; ഇതിനു ഇപ്പോൾത്തന്നെ നരകാഗ്നിയിൽ പൊകുവാൻ കല്പനയായിരിക്കുന്നു,, എന്നുപറഞ്ഞു. ഇതുപറഞ്ഞ ഉടനെതന്നെ ആ സപ്പം മറയപ്പെട്ടുപൊകയും ചെയ്തു.

മാൽക്കുസ എന്ന ഒരുത്തൻ ഒരു ദീർഘപ്രയാണംകഴിപ്പാൻ പൊകയിൽ തന്റെ ഭാര്യയെയുംകുട്ടികൊണ്ടു പരിശുദ്ധ കൊസ്മാസും, ദമിയാനുസും എന്ന വൈദ്യസാക്ഷികളുടെ പാലയത്തിൽചെന്നു, ഒരു രക്തസാക്ഷികൽക്കു ഏല്പിച്ചുകയാൽപിന്തിരിയുംവരെവിട്ടുകാത്തും വിചാരിച്ചുനടത്തിക്കൊള്ളെണമെന്നുംപറഞ്ഞു, ആരെയെങ്കിലും ഒരു സ്ത്രീയുടെപക്ക

ലൊട്ടു അയച്ചാൽ ഇന്ന അടയാളത്തൊ
ടെ അയക്കുമെന്നുംപറഞ്ഞ യാരുചൊല്ലി
പിരികയുംചെയ്തു. ഒരു മാൽക്രുസപൊയി കു
ന്നൊൽകഴിഞ്ഞപ്പൊൾ ഒരു പിശാച മനു
ഷ്യരൂപം ധരിച്ചു, ഇയാൾ പറഞ്ഞിരുന്ന അ
ടയാളവുംകൊണ്ടു സ്ത്രീയുടെ അടുക്കൽവന്ന
നിന്റെ പുരുഷൻ ഇന്ന സ്ഥലത്തിൽ താമ
സിച്ചുവരുന്നു; നിന്നെയുംക്രുടെ അഞ്ഞൊട്ടുക്രു
ട്ടിക്കൊണ്ടുചെല്ലുന്നതിന്നായിട്ട എന്നെ പറ
ഞ്ഞയച്ചു എന്നുപറഞ്ഞു. ഒരു അടയാളവും
കാണിച്ചു. ആ സ്ത്രീ ഇതുകണ്ടപ്പൊൾ "ഒരു
അടയാളം എന്റെ ഭർത്താവു പറഞ്ഞിരുന്ന
തുതന്നെയാണു. എങ്കിലും എന്നെ കൊന്നാ
നും, ഭമിയാന്തനും എന്ന പരിശുദ്ധ വെദ
സാക്ഷികൾക്ക ഏല്പിച്ചുംകൊണ്ടുപൊയിരി
ക്കയാൽ ഇപ്പൊൾ ഞാനുംക്രുടെ പൊരുണ
മെങ്കിൽ ആ ദെവാലയത്തിൽതന്നെവന്നു,
എന്നെ യാതൊരു മൊശവുംക്രുടാതെ എ
ന്റെ ഭർത്താവിന്റെപക്കൽ എത്തിക്കാമെന്നു
യിരു പീഠത്തിന്മെൽ തൊട്ടു ആണ്ണയിടെണം"
എന്നുപറഞ്ഞു. അങ്ങനെതന്നെ ആകാമെ
ന്നു പിശാചും സമ്മതിച്ചു, ദെവാലയത്തിൽ

വന്ന പീഠത്തെതൊട്ടു അവന്റെ സ്വഭാവ
ത്തിന്നുതക്ക സത്യത്തൊടെ ഒരു സ്ത്രീ പറഞ്ഞ
തിൻവണ്ണം ആണയുമിട്ടു. ഇതിന്റെശേഷം
സ്ത്രീ യാത്രയുടെവെണ്ടുന്നതൊക്കെ ആയത്ത
മാക്കി കുതിരപ്പുറത്തുകെറി യാത്രപുറപ്പെട്ടു.
എന്നാൽ ആൾസഞ്ചാരമില്ലാത്ത ഒരു സ്ഥല
ത്തിൽ ചെന്നപ്പൊൾ വിശ്വസ്ഥനായി പീഠം
തൊട്ടു ആണയിട്ട ദുഷ്ടപിശാച കുതിരപ്പുറ
ത്തുനിന്നു ഉരുട്ടിട്ടുകൊല്ലുവാൻ ഭാവിച്ചു വി
ധമൊക്കയും മാറി. സ്ത്രീ ഇതുകണ്ടു ഉടനെ
ഖ്യസനിച്ചു പരിശുദ്ധ കൊന്മാസിന്റെയും,
ദമിയാനൂസിന്റെയും ദൈവമെ! എന്നെ
സഹായിക്കെണമെ! പുണ്യവാന്മാരെ! നി
ങ്ങളിൽ ആശ്രയിച്ചിരിക്കുന്ന ഇനിക്കു ഇ
പ്പൊൾ തുണയായിവരെണമെ! എന്നു നി
ലവിളിച്ചു. ആ ക്ഷണത്തിൽതന്നെ വെള്ള
വസ്ത്രം ധരിച്ച വലിയൊരു സൈന്യത്തൊ
ടെ രണ്ടുകുതിരപ്പടയാളികളുടെ ഭാഷയിൽ
ഒരു പരിശുദ്ധ വെദസാക്ഷികൾ അവിടെ
കാണപ്പെട്ടു. അപ്പൊൾതന്നെ ദുഷ്ടപിശാച
ഒരു പുകപൊലെ മാഞ്ഞുപൊകയും, ഒരു ര
ണ്ടു പുണ്യവാന്മാർ ഒരു സ്ത്രീയൊടു "കൊന്മാ

നും, ദമിയാന്നസും ഞങ്ങൾ ആയിരിക്കുന്നു; നി ഞങ്ങളുടെ ആദരവിൽ ഏല്പിക്കപ്പെട്ടവ ളായിരിക്കയാൽ നിന്നെ സഹായിപ്പാനാ യി ഞങ്ങൾ വന്നിരിക്കുന്നു, എന്നുപറഞ്ഞ ഒരു സ്ത്രീയെ ഭർത്താവായി വീട്ടിൽ കൊണ്ടുവന്നുആ ക്കുകയുംചെയ്തു.

ഒരു വെദസാക്ഷികളുടെ തിരു ശെഷാ ത്ഥങ്ങൾ റൊമ്മയിൽ ഇവരുടെ നാമധെയ ത്തിൽ പണിയിച്ചിട്ടുള്ള ദെവാലയത്തിൽ കാ ക്കപ്പെട്ടുവരുന്നു. ലുത്തനിയകളിലും, കുബ്പാന യിലും ഇവരുടെ നാമം പൂർവ്വകാലംമുതൽ ചെൎത്തുവരുന്നതുകൊണ്ടും മറ്റും ഒരു വെദ സാക്ഷികളുടെനെരെയുള്ള ഭക്തിയും വണ ക്കവും തിരുസ്സഭയിൽ ബഹു പ്രബലപ്പെട്ടതാ യിരിക്കുന്നു.



ഇതിൽ അടങ്ങിയിരിക്കുന്ന
പുണ്യവാന്മാരുടെനാമങ്ങളും തിരുനാളുകളും
ചരിത്രാരംഭ പക്ഷവും.

പക്ഷം.

ക. പരിശുദ്ധ ഇല്ലാരിയൊൻ തിരുനാൾ.
തുലാം ഛ. .... ക

ഛ. പരിശുദ്ധ അന്തൊനീസ ബാ
വാ മകരം കഉ. .... വ

ങ. പരിശുദ്ധ പൌലൊസ വ
നവാസി മകരം കമ. .... ഛക

ഞ. പരിശുദ്ധ ക്ലാര ചിങ്ങം കഛ. ങഞ

ട. പരിശുദ്ധ അൽഫൊൻസ
ചിങ്ങം ഒ. ണ൦

ണ. പരിശുദ്ധ ആഗസ്ത കുംഭം ട. ഒങ

ത. പരിശുദ്ധ മഗ്ദലീന മകരം
ഛണ. .... ണഞ

വ. പരിശുദ്ധ സിമെയൻ സ്തിലീ
തെ മകരം ട. .... കങക

ങ. പരിശുദ്ധ അന്തൊനീസ ദെ
പാദുവാ മിഥുനം കങ. കങ൦

൦. പരിശുദ്ധ ഫിലിപ്പൊസനെ

ശ്രീ ഇടവം. ൨൯. .... ൯൬൫

൬൮. പരിശുദ്ധ അദ്രിയാന്തൂസ

കന്നി വ്യ. ൨൯൦

൬൯. പരിശുദ്ധ കൊസ്മാനും ദമി

യാന്തൂസുംകന്നി ൨൫. .... ൨൩൫

DC Archives
00051904
L M32